# അഭിവൃദ്ധി പ്രാപിക്കണമോ?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# അഭിവൃദ്ധി പ്രാപിക്കണമോ?


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Binu Varghese
Dentcare Dental Lab Pvt. Ltd., Muvattupuzha

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

'ഒരു നല്ല നാളെ' ഏതൊരാളുടെയും മോഹനസ്വപ്നമാണ്. ഇന്നത്തേതിൽ നിന്ന് ഭേദപ്പെട്ട നാളെയ്ക്കു വേണ്ടിയാണ് നാം അദ്ധ്വാനിക്കുന്നത്. നിത്യനായ ദൈവവും നമ്മെക്കുറിച്ചാഗ്രഹിക്കുന്നത് നമുക്ക് ഒരു ശോഭനഭാവി വേണമെന്നാണ്.

എന്നാൽ പലപ്പോഴും മനസ്സിൽ താലോലിക്കുന്ന നല്ല നാളെയെക്കുറിച്ചുള്ള മധുരക്കിനാക്കൾ കൂമ്പടഞ്ഞു പോകാറാണ് പതിവ്. അതിന് കാരണം നാം ദാതാവിനെ നോക്കാതെ ദാനങ്ങളെ നോക്കുന്നു എന്നതാണ്. ദാതാവില്ലെങ്കിൽ ദാനമില്ല. ദാതാവ് കർത്താവായ യേശുക്രിസ്തുവാണ്. നമുക്ക് എല്ലാവർക്കും നൽകുവാൻ തക്കവണ്ണം ക്രിസ്തു സർവ്വസമ്പന്നനാണ്. ക്രിസ്തുവിന്റെ തിരുവചനം വ്യക്തമായും സാക്ഷിക്കുന്നു:

> *"നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു."*
>
> *2 കൊരിന്ത്യർ 9 : 8*

അഭിവൃദ്ധിയും അനുഗ്രഹവും നമുക്ക് നൽകാൻ കർത്താവ് ആഗ്രഹിച്ചുകൊണ്ട് മുമ്പിൽ വന്ന് നമ്മുടെ ഹൃദയവാതിൽക്കൽ മുട്ടുന്നു. ക്രിസ്തു വരുന്നത് നമ്മിൽ നിന്ന് എന്തെങ്കിലും വാങ്ങാനല്ല നമുക്ക് തന്നെത്തന്നെ തരാനാണ്.

ഏറ്റവും വലിയ ദാനം യേശുക്രിസ്തു തന്നെയാണ്.

ഏറ്റവും വലിയ സ്വത്തും യേശുക്രിസ്തു തന്നെയാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുവെങ്കിൽ സകല ഐശ്വര്യവും നന്മയും നമുക്ക് ലഭിക്കും.

എന്നാൽ അനുഗ്രഹത്തിന് തടസ്സം നമ്മുടെ പാപങ്ങളാണെന്ന് യെശയ്യാ പ്രവാചകൻ പറയുന്നു.

> *"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്"*
>
> *യെശയ്യാവ് 59 : 1*

മനുഷ്യർ എല്ലാവരും ദുരിതപൂരിതമായ ജീവിതമാണ് നയിക്കുന്നത്. നിരാശമുറ്റിയ മനുഷ്യൻ ചിലപ്പോൾ ആത്മഹത്യയിൽ അഭയം തേടാറുണ്ട്. അവരുടെ ഹൃദയത്തിൽ പ്രത്യാശയുടെ ഒരു കണികയുമില്ല. 'The Prodigal World' എന്ന ഗ്രന്ഥത്തിൽ 'ഫുൽട്ടൻ ഷീൻ' പ്രലപിക്കുന്നു. കുഞ്ഞായിരുന്നപ്പോൾ നിറഞ്ഞു തുളുമ്പി നിന്ന ഹൃദയം, ക്രമേണ വറ്റി വരണ്ടുണങ്ങി, വളർന്നു വരുന്തോറും അത് വർദ്ധിച്ചു വരുന്നു. ആ ശൂന്യത എവിടെയും പ്രകടമായി കാണുന്നു എന്നതാണ് ഏറെ ദയനീയം!

'The Desert of the Mind' (മനസ്സിലെ മരുഭൂമി), എന്ന പേരിൽ ഓസ്ട്രേലിയായിലെ മെൽബൺകാരനായ ആർബി ക്ലേ, മനോഹരമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ മരുപ്രദേശങ്ങൾ പോലെയാണ് പലരുടെയും ഉള്ളറകൾ എന്ന് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. എല്ലാം ഉണങ്ങി വരണ്ട് മനുഷ്യത്വം നഷ്ടപ്പെട്ടുപോയ അനുഭവമാണ് അനേകർക്കും. സദ്ചിന്തകളോ പ്രത്യാശയുടെ നറുനാമ്പുകളോ അവിടെ വിരിയുന്നില്ല.

ആംഗലേയ സാഹിത്യകാരനായ J. B. Priestley-യുടെ സുന്ദരമായ ഗ്രന്ഥമാണ് 'Midnight on the Desert.' അദ്ദേഹം ഈസ്റ്റർ അടുത്തു വരുന്ന ഒരു ദിവസം തന്റെ സുഹൃത്തായ ആർനോൾഡ് ബെന്നറ്റുമായി സുപ്രസിദ്ധ ഗാനരചയിതാവായ ബീഥോവന്റെ ഗാനങ്ങൾ ആസ്വദിക്കയായിരുന്നു. അവാച്യ മായ ആനന്ദാനുഭൂതിയുടെ വിയൻമണ്ഡലത്തിലേക്ക് പറന്നു യരുന്ന അനുഭൂതിയിൽ അവർ രണ്ടുപേരും ലയിച്ചിരുന്നു. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തുവിനെ നമുക്ക് ലഭി ച്ചാൽ അതാണ് സാക്ഷാത്തായ 'മിസ്റ്റിക്ക്' അനുഭൂതി.

യോഗാത്മകത്വത്തിന്റെ മികവാർന്ന ഭാവം ലഭിക്കുക യാണ് പരമമായ മോക്ഷം. അവിടെ ചിന്താഭാരങ്ങളോ ആകുല ങ്ങളോ ആവലാതികളോ നമ്മെ സ്പർശിക്കുകയില്ല. ക്രിസ്തു ഹൃദയത്തിൽ വസിക്കുമ്പോൾ ലഭിക്കുന്ന നിർവൃതിയിൽ ഭാവിയുടെ മോഹനവാഗ്ദാനങ്ങളിലേക്ക് നാം പറന്നടു ക്കുന്നു. പാപക്ഷമയും വിശുദ്ധ ജീവിതവും ക്രിസ്തു തരുന്ന സൗഭാഗ്യങ്ങളാണ്.

ആ വർണ്ണനാതീതമായ അനുഭവത്തിലേക്ക് നാം എല്ലാ വരും കടന്നു വരണം എന്ന അഗാധമായ ആഗ്രഹമാണ് ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് പ്രേരകമായത്. എന്റെ അനുവാച കർ ഏവരും ക്രിസ്തു തരുന്ന അഭിവൃദ്ധി പ്രാപിക്കും, പ്രാപി ക്കണം എന്ന എന്റെ ലക്ഷ്യം പൂവണിയട്ടെ, ഫലപ്രാപ്തിയിൽ എത്തട്ടെ എന്ന് ഞാൻ ആശിക്കുന്നു.

ഈ പുസ്തകത്തിന്റെ രചനയിൽ മാത്രമല്ല DTP, Cover Page മുതലായ കാര്യങ്ങളിൽ എന്നെ സഹായിച്ച അനേകം ആത്മീയ സഹോദരങ്ങൾ ഉണ്ട്. അവരോടുള്ള എന്റെ അകമ ഴിഞ്ഞ കൃതജ്ഞത ഞാൻ ഇവിടെ പ്രകാശിപ്പിക്കുകയാണ്.

ഏവർക്കും ശുഭഭാവി നേർന്നുകൊണ്ട്,

നിങ്ങളുടെ പ്രിയ സഹോദരൻ,

**എം.വൈ. യോഹന്നാൻ സാർ**

# ഒന്ന്

*"സർവ്വശക്തങ്കലേയ്ക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." അതാണ് നമ്മുടെ ചിന്താവിഷയം. നിങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാം. ഇന്നത്തേക്കാൾ ഭേദപ്പെട്ട നാളെ. അല്പത്തിൽ വിശ്വസ്തനാണോ അധികത്തിന് വിചാരകനാക്കും. ഉറപ്പാണ്. അല്പത്തിൽ നാം വിശ്വസ്തരാണ് എങ്കിൽ അധികത്തിലേക്ക് ദൈവം നമ്മെ നടത്തും, സംശയമില്ല.

യേശുക്രിസ്തുവിനെ മുൻനിറുത്തി ദൈവഭയത്തോടെ, വിശ്വസ്തതയോടെ, ഉത്തരവാദിത്വബോധത്തോടെ നാം ജോലി ചെയ്താൽ മനുഷ്യർ കണ്ടില്ലെങ്കിലും ദൈവം കാണും; മനുഷ്യർ പ്രതിഫലം തന്നില്ലെങ്കിലും ദൈവം തരും. മനുഷ്യർ തരുന്നതിലും പത്തുമടങ്ങോ നൂറുമടങ്ങോ ആയിട്ട് ദൈവം പ്രതിഫലം തരും; ഉറപ്പാണ്. ദൈവത്തിനായി നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക.

ദൈവത്തിനു നിങ്ങളെ പിടിച്ചുയർത്തണമെന്നുണ്ട്. പക്ഷേ, ദൈവത്തിനു നിങ്ങളെ പിടിക്കാൻ കഴിയാതവണ്ണം തടുക്കുന്ന ഒരു കൈ, ഒരു ദുഷ്ടശക്തി അവിടെ ഉണ്ട്. ദൈവം നിങ്ങളെ ഉയർത്താനായിട്ട് പിടിക്കുമ്പോഴേക്കും പിശാച് തടുക്കും.

ദൈവത്തിന്റെ കൈ പിശാചിന് തടുക്കാൻ പറ്റുമോ? പറ്റും. കാരണം നമ്മിൽ പാപമുണ്ടെങ്കിൽ ആ പാപത്തിന്റെ മേൽ പിശാചിനവകാശമുണ്ട്. പിശാച് തടുക്കും: ദൈവമേ, നീ

നീതിമാനല്ലേ? ഇവൻ എന്റെ വകയാണ്. ഇവനിൽ ഇന്നകാര്യം കൊണ്ട് എനിക്കവകാശമുണ്ട്. അവൻ, അവനെ എനിക്കു തന്നിരിക്കുകയാണ്. എന്റെ വകയായ പാപംമൂലം അവനെ എനിക്ക് വിറ്റിരിക്കുകയാണ്. അതുകൊണ്ട് നിനക്കവനെ തൊടാൻ പറ്റില്ല. പിശാച് വാദിക്കും. അപ്പോൾ ദൈവം വേദന യോടെ നോക്കി നിൽക്കും.

ദൈവത്തിനു സഹായിക്കണമെന്നുണ്ട്; നമ്മെ ഉയർത്തണമെന്നുണ്ട്; ശോഭനമായ ഭാവിതരണമെന്നുണ്ട്. പക്ഷേ, പിശാച് തടുക്കുന്നതുകൊണ്ട് ദൈവം വേദനയോടെ നോക്കി നിൽക്കും. അവിടെ നമുക്ക് പിശാചിനെ തോൽപ്പിക്കാം, ദൈവത്തെ സഹായിക്കാം. എങ്ങനെ ദൈവത്തെ സഹായിക്കാം? എന്നിൽ ഏതെല്ലാം കാര്യങ്ങളിൽ പിശാചിനിടം ഉണ്ടോ, അതൊക്കെ ഞാനങ്ങ് മാറ്റുന്നു.

എന്റെ വാക്കിൽ ഉണ്ടാകുന്ന പാപം, എന്റെ ചിന്താഗതി യിൽ വരുന്ന പാപങ്ങൾ, എന്റെ ഓരോ പ്രവൃത്തിയിലും - അത് എന്റെ കൈ കൊണ്ടാകട്ടെ, കണ്ണുകൊണ്ടാകട്ടെ, ചിന്ത കൊണ്ടാകട്ടെ, ശരീരത്തിലെ അവയവങ്ങൾ കൊണ്ടാകട്ടെ - എന്തൊക്കെ പാപം എന്നിലുണ്ടോ അതെല്ലാം ഞാൻ മാറ്റുന്നു. മാറ്റിക്കഴിയുമ്പോൾ പിശാചിനവിടെ വന്നു നിൽക്കാൻ പറ്റുക യില്ല. പാപം ഉണ്ടെങ്കിലേ പിശാചിനവിടെ നിൽക്കാൻ പറ്റുക യുള്ളൂ. പിശാച് ലജ്ജയോടെ പിന്മാറും. അപ്പോൾ കർത്താ വിന് നമ്മെ പിടിച്ചുയർത്താൻ പറ്റും.

എനിക്കു കിട്ടിയ ഭാഗ്യം അതാണ്. ചെറുപ്പത്തിലേ തന്നെ ഒരു തീരുമാനമെടുത്തു. ബാല്യംമുതലേ കറപുരളാതെയാണ് ജീവിച്ചത്. മനസ്സറിഞ്ഞൊരു തെറ്റും വന്നിട്ടില്ല. പ്രവൃത്തിയിൽ ഒരു പാപത്തിലേക്കും പോയിട്ടില്ല; മദ്യപിച്ചിട്ടില്ല, പുകവലിച്ചി ട്ടില്ല, ചീട്ടുകളിച്ചിട്ടില്ല, കൂട്ടുകെട്ടില്ല, അരുതാത്ത കാര്യങ്ങളില്ല.

ഞാൻ തികഞ്ഞവനാണെന്നല്ല; പക്ഷേ, പ്രകടമായി ഒരു തെറ്റും വരാതെയാണ് ജീവിച്ചത്. ഇതെല്ലാമായിരുന്നു

എങ്കിലും ക്രിസ്തു ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. കാരണം, അകത്ത് എല്ലാ തിന്മയും ഉണ്ടായിരുന്നു. ചീത്ത ചിന്തകളുണ്ട്; പുറത്തു പറയാൻ ലജ്ജിക്കുന്ന ആഗ്രഹങ്ങളുണ്ട്; മോഹങ്ങ ളുണ്ട്, വൈരാഗ്യമുണ്ട്. നല്ല വിദ്വേഷമുണ്ടായിരുന്നു; ചില രോട് നല്ല പകയുണ്ടായിരുന്നു; കോപംകൊണ്ട് വിറയ്ക്കുന്ന മനുഷ്യനായിരുന്നു. ദൈവം കൃപ ചെയ്ത് പതിനേഴാമത്തെ വയസ്സിൽ എന്റെ ഹൃദയത്തിലേക്ക് കർത്താവ് കടന്നുവന്നു.

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ അങ്ങനെ ഒരു ഭാഗ്യം വേണം. നിങ്ങളുടെ ഹൃദയത്തിൽ യേശു വരണം. യേശു നിങ്ങളുടെ അടുത്ത് നിൽക്കുന്നുണ്ട്. നിങ്ങളുടെ ഉള്ളിലേക്ക് വരാൻ യേശുവിനാഗ്രഹമാണ്. നിങ്ങളുടെ ജീവിതം ഭാസുരമാ ക്കാൻ യേശുവിനാഗ്രഹമാണ്; നിങ്ങൾക്ക് നല്ലൊരു ഭാവി തരാൻ യേശുവിനാഗ്രഹമാണ്. ഇന്നത്തേക്കാൾ ഭേദമായ ഒരു നാളെ!

ഏതെല്ലാം കാര്യങ്ങളിൽ നിങ്ങൾക്ക് പോരായ്മയുണ്ടോ, ഏതെല്ലാം കാര്യങ്ങളിൽ നിങ്ങൾക്ക് കുറവുണ്ടോ അതെല്ലാം നികത്തിത്തരാൻ യേശുവിന് കഴിയും. എവിടെയെല്ലാം പ്രശ്നമുണ്ടോ അവിടെ പരിഹാരമുണ്ട്. രോഗമാണോ? ദൈവ ത്തോട് പറയണം: കർത്താവേ, എനിക്ക് നീ കണ്ടിട്ടുള്ളേട ത്തോളം കാലം ജീവിക്കാൻ ആരോഗ്യം തരണം. കർത്താവേ, എന്റെ വേല തികയ്ക്കാനുള്ള ആരോഗ്യം തരണം. എന്റെ ജീവിതത്തിൽ വിശുദ്ധി തികയ്ക്കാനുള്ള ആരോഗ്യവും ആയുസ്സും തരണം. എന്റെ കർത്താവിന്റെ സ്തുതിയെ പൂർത്തീകരിക്കാൻ ആവശ്യമുള്ളേടത്തോളം ആയുസ്സ് നീ തരണം.

ഇത് നിങ്ങളുടെ ലക്ഷ്യമായിരിക്കണം. അപ്പോൾ നിങ്ങൾക്കാവശ്യമുള്ള ആരോഗ്യം ലഭിക്കും. നിങ്ങൾക്ക് അനു ഗ്രഹിക്കപ്പെട്ട കുടുംബം ലഭിക്കും. ഭാഗ്യമുള്ള, ബുദ്ധിയുള്ള, ആരോഗ്യമുള്ള കുഞ്ഞുങ്ങളെ തരും. എല്ലാം ദാനമല്ലേ? ആരോഗ്യമുള്ള, ബുദ്ധിയുള്ള കുഞ്ഞിനെ കിട്ടുന്നത് ഭാഗ്യ

മാണ്. സ്വഭാവശുദ്ധിയുള്ള ഒരു പെൺകുട്ടിയെ ഭാര്യയായി കിട്ടുന്നത് ഭാഗ്യമാണ്. അനുഗൃഹീതമായ ഒരു കുടുംബജീവിതം കിട്ടുന്നത് ഭാഗ്യമാണ്.

കർത്താവ് തന്നാലേ ഉള്ളൂ. അല്ലെങ്കിൽ എന്നും ദുരിതമായിരിക്കും. എല്ലാം ദൈവത്തോട് ചോദിച്ചു വാങ്ങിക്കണം.

ദൈവം കഠിനനല്ല; ദൈവം സ്നേഹമാണ്. സ്നേഹവാനായ ദൈവം നമ്മുടെ ബലഹീനതകളിൽ സഹതാപമുള്ളവനാണ്. നമുക്ക് ഒരു തെറ്റുപറ്റുമ്പോഴേക്കും നമ്മെ ശപിച്ചു തള്ളുന്നവനല്ല, ആ തെറ്റ് തിരുത്തിത്തരാൻവേണ്ടി അദ്ധ്വാനിക്കുന്നവനാണ് ദൈവം. ആ തെറ്റ് മൂലം നമുക്ക് വരാവുന്ന അപകടം മുൻകൂട്ടി കാണുന്നതുകൊണ്ട് തെറ്റിലേക്കും അതുകൊണ്ടു വരാവുന്ന അപകടത്തിലേക്കും നാം പോകരുത് എന്നാഗ്രഹിക്കുന്നവനാണ് ദൈവം. ദൈവത്തെ കാണുക, അങ്ങനെ നിങ്ങൾ അഭിവൃദ്ധി പ്രാപിക്കുക.

*"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും; നീതികേട് നിന്റെ കൂടാരങ്ങളിൽനിന്ന് അകറ്റിക്കളയും."* *ഇയ്യോബ് 22 : 23*

കൂടാരം എന്നത് ശരീരമാണ്. നീതികേട് നിന്റെ ശരീരത്തിൽനിന്ന് അകറ്റിക്കളയണം. പാപം വിട്ട് വ്യക്തമായി തീരുമാനമെടുത്താൽ നിങ്ങൾക്ക് എല്ലാവിധത്തിലും അഭിവൃദ്ധിയായിരിക്കും. എല്ലാ കാര്യങ്ങളിലും അഭിവൃദ്ധിയായിരിക്കും. പഠിത്തം അഭിവൃദ്ധിപ്പെടും; വിവാഹജീവിതം, കുടുംബജീവിതം, മക്കൾ, മക്കളുടെ മക്കൾ എല്ലാം അനുഗ്രഹത്തിന്റെ സമൃദ്ധിയായിത്തീരും.

*"അവന്റെ വായിൽനിന്ന് ഉപദേശം കൈക്കൊൾക; അവന്റെ വചനങ്ങളെ നിന്റെ ഹൃദയത്തിൽ സംഗ്രഹിക്ക."* *ഇയ്യോബ് 22 : 22*

വചനം സംഗ്രഹിക്കുക! വചനം ഉള്ളിലാക്കണം. വചനത്തെ മാനിക്കുക എന്നുപറയുന്നത് അതാണ്. വചനം ആത്മാ

വിന്റെ ഭോജനമാണ്, ആത്മാവിന്റെ മന്നയാണ്. ഈ വചനമാണ് നമ്മെ നന്മയിലേക്ക് നയിക്കുന്നത്. വചനം ക്രിസ്തുവിന്റെ ശബ്ദമാണ്, വചനം ക്രിസ്തു തന്നെയാണ്.

"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു" വചനമാകുന്ന ക്രിസ്തുവിനെയാണ് നാം കേൾക്കുന്നത്, കാണുന്നത്. കൂട്ടായ്മയിൽ വന്ന് വചനം കേൾക്കണം. വചനത്തിൽക്കൂടി മാത്രമേ അഭിവൃദ്ധി കിട്ടൂ. വചനം കേൾക്കാനുള്ള അവസരങ്ങൾ നാം മുടക്കിയാൽ വലിയ നഷ്ടമായിരിക്കും. അത് നമ്മുടെ ജീവിതത്തിൽ സംഭവിക്കരുത്.

വചനം കേൾക്കുന്നതിൽനിന്ന് ഒരിക്കലും പുറകോട്ട് മാറരുത്. ചിലർക്ക് തോന്നും എന്നും ഇതുതന്നെയല്ലേ കേൾക്കുന്നത്? എന്നും കേൾക്കുന്നത് ഒരേ ശബ്ദമോ വാക്കുകളോ തന്നെയാണെങ്കിലും ആ വാക്ക് ദൈവത്തിന്റെ വചനമാണ്; പരിശുദ്ധാത്മാവാണ് സംസാരിക്കുന്നത്.

വചനം കേൾക്കാനുള്ള അവസരങ്ങൾ നാം കളയരുത്. അവന്റെ വചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കണം. ഒറ്റ യോഗം പോലും മുടക്കരുത്. സ്ഥിരമായിട്ട് യോഗങ്ങളിൽ സംബന്ധിക്കണം. നിങ്ങൾക്കറിയാവുന്നവരെ സ്നേഹത്തോടെ നിർബ്ബന്ധിക്കണം.

നിങ്ങളിൽ ചിലർ കടംകൊണ്ടു വിഷമിക്കുന്നവരുണ്ട്. പൈസ തികയാത്തവരുണ്ട്. കുടുംബജീവിതം തുടങ്ങുന്നതുവരെ പൈസയ്ക്ക് അത്ര ഞെരുക്കം ഉണ്ടാവുകയില്ല. എന്നാൽ ഭാര്യയും കുഞ്ഞും ഒക്കെ ആയപ്പോഴേക്കും ഒന്നുമാറി, ഒന്നുമാറി ചിലവ് കൂടിവരുന്നു. എങ്ങനെ കാര്യങ്ങൾ മുമ്പോട്ട് കൊണ്ടുപോകും? അങ്ങനെ വിഷമിക്കുന്നവരുണ്ട്.

എന്നാൽ നിങ്ങൾ താഴ്മയിലും യഹോവാഭക്തിയിലും ഉറച്ചു നിൽക്കൂ. നിങ്ങളുടെ കടങ്ങൾ മാറും, ഉറപ്പാണ്. എത്രവലിയ കടമുണ്ടെങ്കിലും മാറും. "താഴ്മയ്ക്കും യഹോവാഭക്തിക്കും

ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു."

എന്താണ് ജീവൻ? മരിച്ച്, ജീർണ്ണിച്ച്പോയ നമ്മുടെ ആത്മാവിന് ജീവൻ വയ്ക്കും. പാപത്തിന്റെ ശമ്പളം മരണമാണ്. നമ്മുടെ ആത്മാവ് മരിച്ചിരിക്കുന്നു. ഈ മരിച്ച ആത്മാവ് ജീവൻ വയ്ക്കും. പുതുചൈതന്യം, ജീവന്റെ അനുഭവം, ജീവന്റെ തുടിപ്പ് നമുക്ക് ലഭിക്കും.

തളർന്നിരിക്കുന്നവർക്ക് ചൈതന്യം കിട്ടും. നിങ്ങൾക്ക് ചില കാര്യങ്ങളിൽ തളർച്ച വരാറില്ലേ? മനസ്സ് ഇടിഞ്ഞുപോകാറില്ലേ? നിരാശ വരാറില്ലേ? ജീവിതം എന്നും ദുരിതം! നിങ്ങൾക്ക് മടുപ്പ് തോന്നാറില്ലേ? എല്ലാം മാറും. നിങ്ങൾക്ക് ജീവന്റെ തുടിപ്പ്, ജീവന്റെ സ്പന്ദനം ലഭിക്കും. ജീവന്റെ ചലനവും ചൈതന്യവും ലഭിക്കും.

*"നിന്റെ ഹൃദയം പാപികളോട് അസൂയപ്പെടരുത്; നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടിരിക്ക. ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം; നിന്റെ പ്രത്യാശക്ക് ഭംഗം വരികയുമില്ല."*

*സദൃശവാക്യങ്ങൾ 23 : 17, 18*

എല്ലായ്പ്പോഴും യഹോവാഭക്തിയോടെയിരിക്കുക. ഒരു പ്രതിഫലമുണ്ടാകും. എത്ര വൈകിയാലും പ്രതിഫലമുണ്ടാകും, ഉറപ്പാണ്. ഈ മൂന്നു വാക്യങ്ങളെ ആസ്പദമാക്കിയാണ് നാം ചിന്തിച്ചു വന്നത്. സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും. യാക്കോബിന്റെ ജീവിതം കണ്ടു. യോസേഫിന്റെ ജീവിതത്തെക്കുറിച്ച് നാം ചിന്തിച്ചുവരികയായിരുന്നു.

യോസേഫ് അഭിവൃദ്ധിയിലേക്ക് കുതിച്ചു. യോസേഫ് എല്ലാ രംഗങ്ങളിലും വലിയ അഭിവൃദ്ധി പ്രാപിച്ചു.

*"ഫറവോൻ തന്റെ ഭൃത്യന്മാരോട്: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ എന്ന് പറഞ്ഞു. പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്ക്*

*വെളിപ്പെടുത്തിത്തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ച് നടക്കും; സിംഹാസനം കൊണ്ട് മാത്രം ഞാൻ നിന്നേക്കാൾ വലിയവൻ ആയിരിക്കും എന്ന് പറഞ്ഞു. ഇതാ, മിസ്രയീം ദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു എന്നും ഫറ വോൻ യോസേഫിനോട് പറഞ്ഞു. ഫറവോൻ തന്റെ കൈയിൽനിന്ന് മുദ്രാമോതിരം ഊരി, യോസേഫിന്റെ കൈക്ക് ഇട്ടു, അവനെ നേർമ്മ യുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പ ളിയും അവന്റെ കഴുത്തിലിട്ടു. തന്റെ രണ്ടാം രഥ ത്തിൽ അവനെ കയറ്റി: മുട്ടു കുത്തുവിൻ എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീം ദേശത്തിനൊക്കെയും മേലധി കാരി ആക്കി." ഉല്പത്തി 41 : 38 – 43*

ഒന്നോർത്തുനോക്കൂ. രാജാവ് മേലധികാരിയാക്കുന്ന തിന് പതിമൂന്നുകൊല്ലം മുമ്പ് യോസേഫിന്റെ സ്ഥിതി എന്താ യിരുന്നു? അപമാനം സഹിച്ച്, പരിഹാസമേറ്റ്, യാതനയേറ്റ് വെറും തറയിൽ പൊടിമണ്ണിൽ മലമൂത്രവിസർജ്ജനവും കഴിച്ച് നാറുന്ന സാഹചര്യത്തിൽ പതിമൂന്ന് കൊല്ലം ജയിലിൽ കിടന്നു. മറ്റു തടവുകാരൊക്കെ കളിയാക്കും: ചെറുപ്പമല്ലേ? നീ എന്തിനാണ് പോത്തീഫറിന്റെ ഭാര്യയെ കയറി പിടിക്കാൻ പോയത്? ഇതു കേൾക്കുമ്പോൾ യോസേഫ് നാണിക്കും, ചൂളും. കാരണം, അവൻ ചെയ്യാത്ത കുറ്റമാണ് പറയുന്നത്. അവൻ വേണ്ടാതനത്തിനു കൂട്ടുകൂടിയില്ല. പക്ഷേ, ആളുകൾ പറയുന്നു അവൻ വേണ്ടാതനം ചെയ്തു എന്ന്.

പോത്തീഫറിന്റെ ഭാര്യ യോസേഫിനെ പാപം ചെയ്യാൻ വിളിച്ചു. പാപം ചെയ്യാൻ പ്രലോഭിപ്പിച്ചു. യോസേഫിനെ തന്ത്ര

പൂർവ്വം കിടപ്പുമുറിയിലേക്ക് വിളിച്ചു. അടിമയല്ലേ? യജമാനത്തി എന്തുപറഞ്ഞാലും അനുസരിക്കണ്ടേ? പാവം ചെറുപ്പക്കാരൻ അങ്ങോട്ട് കടന്നുചെന്നു. അവൾ അവനെ പാപത്തിനായിട്ടു പ്രേരിപ്പിച്ചു.

പാപത്തിന്റെ പ്രലോഭനം വന്നപ്പോൾ യോസേഫ് പറഞ്ഞു: ഞാൻ ഈ മഹാദോഷം ചെയ്യുകയില്ല. എന്റെ ദൈവം കാണുന്നു. എന്റെ ദൈവം ദുഃഖിക്കാൻ ഞാൻ ഇടവരുത്തുകയില്ല. എന്നെ കാണുന്ന, ഇത്രയുംകാലം എന്നെ വളർത്തിയ ഒരു ദൈവമുണ്ട്. പൊട്ടക്കിണറ്റിൽ ഇട്ടപ്പോൾ തീർന്നുപോകേണ്ട ജീവിതമായിരുന്നു. എന്നാൽ ഞാൻ ഇത്രയുംകാലം ജീവിച്ചത് ദൈവത്തിന്റെ കരുണകൊണ്ടാണ്. ഞാൻ ഈ മഹാദോഷം ചെയ്ത് എന്റെ ദൈവത്തെ വേദനിപ്പിക്കുന്നതെങ്ങനെ? ഇല്ല, ഒരിക്കലും ഇല്ല.

അവൻ അവിടെനിന്ന് ഓടാൻ തുടങ്ങി. അവൾ അവന്റെ വസ്ത്രത്തിൽ കയറിപ്പിടിച്ചു. അവന്റെ വസ്ത്രം അഴിഞ്ഞുപോയി. അഴിഞ്ഞുപോയ വസ്ത്രം ഉപേക്ഷിച്ച് അവൻ അവിടെനിന്നു രക്ഷപ്പെട്ടോടി. എന്നാലും പാപം ചെയ്യുകയില്ല. പക്ഷേ, അവന്റെ വസ്ത്രം ആ സ്ത്രീയുടെ കിടപ്പറയിൽ! പോത്തീഫർ വന്നപ്പോൾ അവൾ പറഞ്ഞു: ദേ കണ്ടോ. നിങ്ങൾ കൊണ്ടുവന്ന ദാസൻ എന്നെ അപമാനിക്കുവാൻ മുറിയിൽ കയറിവന്നു. ഇത് കേട്ടപ്പോൾ അവന് ദേഷ്യം വന്നു. യോസേഫിനെ ഒട്ടും ചെയ്യാത്ത കാര്യത്തിന് പതിമൂന്നു കൊല്ലം കാരാഗൃഹത്തിലിട്ടു.

കാരാഗൃഹത്തിലെ യാതനയും മറ്റുള്ളവരുടെ കളിയാക്കലും! ഇങ്ങനെ മനസ്സുകൊണ്ടും ശരീരംകൊണ്ടും വിഷമിച്ചു വലഞ്ഞ് പതിമൂന്നുകൊല്ലം! പക്ഷേ, സത്യത്തെ എന്നും മൂടിവയ്ക്കാൻ പറ്റില്ല. സത്യം ഉയിർത്തെഴുന്നേൽക്കും. സത്യത്തെ ക്രൂശിക്കാൻ പറ്റിയേക്കാം. പക്ഷേ, സത്യം ഉയിർത്തെഴുന്നേൽക്കും. ആത്മാർത്ഥതയെ എന്നും മൂടി വയ്ക്കാൻ ഒക്കുകയില്ല; ആത്മാർത്ഥതയുണ്ടെങ്കിൽ, വിശ്വസ്തതയുണ്ടെങ്കിൽ,

സത്യസന്ധതയുണ്ടെങ്കിൽ അതെപ്പോഴെങ്കിലും ഉയർന്നുവരും, സംശയമില്ല.

ഈ ചെറുപ്പക്കാരന്റെ പതിമൂന്നു കൊല്ലത്തെ കാരാഗൃഹ വാസത്തിനുശേഷം അവന്റെ വസ്ത്രം മാറ്റി കുളിപ്പിച്ച് അവനെ രാജാവിന്റെ മുമ്പിൽ കൊണ്ടുപോയി നിറുത്തി. രാജാവ് പറഞ്ഞു: നിന്നെ ഈജിപ്റ്റ് രാജ്യത്തിനൊക്കെയും ഭര ണാധികാരിയാക്കി വച്ചിരിക്കുന്നു. "യഹോവയിങ്കലേക്ക് തിരി ഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." അവന്റെ ജീവിതത്തിൽ പാപം വരരുത്, ഒരു തെറ്റും സംഭവിക്കരുത് എന്ന നിർബ്ബന്ധമുണ്ടാ യിരുന്നു.

മനുഷ്യർ കണ്ടില്ലെങ്കിലും എന്നെ കാണുന്ന ദൈവമുണ്ട് എന്ന ദൈവഭയം! ദൈവം, പാപം ചെയ്യുന്നതും കാണും, നന്മ പ്രവർത്തിക്കുന്നതും കാണും. പാപം ചെയ്താൽ ശിക്ഷ വരും. നന്മചെയ്താൽ അതിനുള്ള പ്രതിഫലം കിട്ടുകയും ചെയ്യും. ദൈവം, എന്നെ വാലല്ല തലയാക്കും ഉറപ്പാണ്. "സർവ്വശക്തങ്ക ലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."

യോസേഫിന്റെ ജീവിതം പിന്നീട് വളർച്ചയുടെ ജീവിതമായിരുന്നു, ജയത്തിന്റെ ജീവിതമായിരുന്നു. അനേ കർക്കാശ്വാസം പകരുന്ന ജീവിതമായിരുന്നു. സ്നേഹം നിറഞ്ഞുനിന്ന ജീവിതമായിരുന്നു. തന്നെ ഉപദ്രവിച്ച സഹോദ രന്മാർക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ജീവിതമായിരുന്നു. ഒരു കാലത്ത് തന്നെ നശിപ്പിക്കാൻ നോക്കിയവർക്കുവേണ്ടി നന്മ മാത്രം ചെയ്ത ജീവിതമായി രുന്നു. ഇതെല്ലാം സാധിക്കുന്നതെന്തുകൊണ്ട്? ദൈവത്തിന്റെ പരിശുദ്ധാത്മാവ് യോസേഫിന്റെ ഉള്ളിലുണ്ടായിരുന്നു. ദൈവ ത്തിന്റെ സ്നേഹം യോസേഫിന്റെ ഉള്ളിലുണ്ടായിരുന്നു. ദൈവത്തോടുള്ള ഭയഭക്തി യോസേഫിനുണ്ടായിരുന്നു.

നിങ്ങളുടെ ജീവിതത്തിൽ ദൈവഭയം ഉണ്ടായിരിക്കണം. നാലാം സങ്കീർത്തനത്തിൽ ദാവീദ് പറയും:

*"നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ."* *സങ്കീർത്തനങ്ങൾ 4 : 4*

നടുങ്ങുവിൻ, വിറയലോടെ നിൽപ്പിൻ. പാപം എന്ന് കേൾക്കുമ്പോൾ നടുക്കം വരണം. അയ്യോ ഇല്ല, ഞാനില്ല.

തിന്മയിലേക്ക് പോകാനുള്ള സാഹചര്യങ്ങൾ എനിക്ക് വന്നതാണ്. എന്നാൽ ഒരു കാരണവശാലും പാപം തൊടരുത് എന്ന നിർബ്ബന്ധം എനിക്കുണ്ടായിരുന്നു. ഒരു തെറ്റും ചെയ്യരുത് എന്ന നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് ദൈവം എന്നെ കാത്തു, എന്നെ സംരക്ഷിച്ചു. തിരുവചനം പറയും: "ഞാൻ ഇന്ന് പലർക്കും ഒരത്ഭുതമായിരിക്കുന്നു." ദൈവം കാത്തു, പരിപാലിച്ചു, വളർത്തി, ഉയർത്തി.

ദൈവം നിങ്ങളേയും ഉയർത്തും. നിങ്ങളേയും വളർത്തും. നിങ്ങൾക്കും ശോഭനമായ ഭാവി തരും.

യോസേഫിനെപ്പോലെയായിരുന്നു ദാനിയേലും. ഒരടിമ യുവാവ്. പക്ഷേ, പാപം വരരുത് എന്ന നിർബ്ബന്ധമുണ്ടായിരുന്നു. ഒരു കാരണവശാലും തന്നെത്തന്നെ അശുദ്ധമാക്കുകയില്ല എന്ന് ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. ദാനിയേലിന്റെ പുസ്തകം 1-ാം അദ്ധ്യായത്തിലാണ് ആ തീരുമാനം. ആറാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ, അഹശ്വരേശ് രാജാവിന്റെ, 127 സംസ്ഥാനങ്ങളുള്ള പേർഷ്യൻ സാമ്രാജ്യത്തിലെ മൂന്ന് പ്രസിഡന്റുമാരിൽ ഒന്നാമനായി ദാനിയേൽ വിളങ്ങി! മൂന്ന് പ്രസിഡന്റ്, നൂറ്റി ഇരുപത് ഗവർണ്ണേഴ്സ്! അതിൽ ഒന്നാമനായി ദാനിയേൽ വിളങ്ങി!

*"രാജ്യം ഒക്കെയും ഭരിക്കേണ്ടതിന്നു രാജ്യത്തിന്മേൽ നൂറ്റിരുപത് പ്രധാന ദേശാധിപതികളെയും അവരുടെമേൽ മൂന്ന് അദ്ധ്യക്ഷന്മാരെയും നിയമിപ്പാൻ ദാര്യാവേശിന് ഇഷ്ടം തോന്നി; ഈ മൂവരിൽ ദാനിയേൽ ഒരുവനായിരുന്നു. രാജാവിന്*

*നഷ്ടം വരാതിരിക്കേണ്ടതിന്നു പ്രധാനദേശാധിപതികൾ ഇവർക്ക് കണക്ക് ബോധിപ്പിക്കേണ്ടതായിരുന്നു. ” ദാനിയേൽ 6 : 1*

ഈ മൂവരിൽ ദാനിയേൽ ഒരുവനായിരുന്നു. ഇംഗ്ലീഷ് വേദപുസ്തകത്തിൽ He was the first among the three എന്നാണ് കാണുന്നത്. ഈ മൂന്നു പ്രസിഡന്റുമാർക്കും എല്ലാ ഗവർണ്ണേഴ്സും കണക്കുബോധിപ്പിക്കേണ്ടിയിരുന്നു. അത്രയും ഉയർന്ന പദവിയുള്ള സ്ഥാനത്ത് ദാനിയേൽ വന്നു. എന്തുകൊണ്ട്? യാതൊരു കാരണവശാലും തന്നെത്തന്നെ അശുദ്ധമാക്കുകയില്ല എന്ന് ഹൃദയത്തിൽ നിശ്ചയിച്ചു.

നിങ്ങൾക്കും ഇത് പ്രാപിക്കാം. വന്നതെല്ലാം കർത്താവ് ക്ഷമിച്ചുതരും. അതിനാണ് കർത്താവ് തിരുരക്തം ചിന്തിയത്. അത് നിങ്ങൾ ഇപ്പോൾ ഉറപ്പാക്കണം. മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല എന്ന് നിങ്ങൾ ഉറയ്ക്കണം. നിങ്ങൾക്ക് അഭിവൃദ്ധിപ്പെടാം. നിങ്ങളുടെ കുടുംബജീവിതം അഭിവൃദ്ധിപ്പെടും. നിങ്ങളുടെ വിവാഹജീവിതം ശോഭനമാകും. നിങ്ങൾക്ക് നല്ല ഭാര്യയെ കിട്ടും, നല്ല കുഞ്ഞുങ്ങളെ കിട്ടും. ഇന്നത്തെ കെടുതികൾ മാറും. പ്രശ്നങ്ങൾ മാറും. നിങ്ങൾക്ക് സമാധാനകാലങ്ങൾ ലഭിക്കും. ഇനിയും നിങ്ങൾ ഉയരും, നിങ്ങൾ വളരും.

സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും, ഉറപ്പാണ്. “താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു.”

“നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടെ ഇരിക്ക, ഒരു പ്രതിഫലമുണ്ടാകും നിശ്ചയം.”

മറക്കരുത്. ഇന്നുമുതൽ പാപം തൊടാത്ത ഒരു ജീവിതം നയിക്കുക. അത് ആരെയും കാണിക്കാനല്ല. രഹസ്യങ്ങൾ കാണുന്ന ദൈവം കാണട്ടെ. ദൈവം നിങ്ങൾക്ക് പ്രതിഫലം തരും. അങ്ങനെ നിങ്ങൾ തുടങ്ങുക. നിങ്ങളുടെ കുടുംബത്തിൽ സമാധാനമുണ്ടാകും. ഓഫീസിൽ സമാധാനമുണ്ടാ

കും. ജോലി ചെയ്യുന്നിടത്ത് നിങ്ങളുടെ ജോലിയെല്ലാം മികവുള്ളതായിത്തീരും.

നിങ്ങളുടെ ജോലിയിലുള്ള പാകപ്പിഴകളെല്ലാം മാറിക്കിട്ടും. നിങ്ങൾ പൂർണ്ണ വിശ്വസ്തരായിരിക്കും. അല്പത്തിൽ വിശ്വസ്തനെ ദൈവം അധികത്തിന് വിചാരകനാക്കും. നിങ്ങൾ ഉയർന്ന് പറക്കുന്നവരായിത്തീരും. ഇത് വെറും വാക്കുകളായിട്ട് എടുക്കരുത്. നിങ്ങൾക്കുയരാം. വളരെ ഉയരെ പറക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹം നിറഞ്ഞ ഞങ്ങളുടെ വാഴ്ത്തപ്പെട്ട കർത്താവേ, വിശുദ്ധിയുടെ ദീപശിഖ ഉയർത്തിപ്പിടിച്ചുകൊണ്ട് പോകുവാൻ ഞങ്ങൾക്കു തന്ന ആഹ്വാനത്തിനായി നിന്നെ സ്തുതിക്കുന്നു. കറപറ്റാത്ത ജീവിതം നയിക്കുവാൻ അവിടുന്നു ഞങ്ങളെ പ്രബോധിപ്പിച്ചതിനായി സ്തോത്രം. ഞങ്ങളുടെ നാഥൻ പരിശുദ്ധനായിരിക്കുന്നതുപോലെ ഞങ്ങളും പരിശുദ്ധരാകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

കർത്താവേ, വിശുദ്ധിയെ തികച്ച് ഞങ്ങളുടെ ജീവിതം കർത്തൃസന്നിധിയിൽ ശോഭനമായ മാതൃകയായി കാഴ്ചവയ്ക്കുവാൻ ഞങ്ങൾക്ക് ഭാഗ്യം തരണമേ. അതിനായി നിന്റെ പരിശുദ്ധാത്മാവ് തുടർന്ന് ഞങ്ങളിൽ പ്രവർത്തിക്കണമേ. നിന്റെ പ്രിയമക്കളോട് മനസ്സലിയണമേ. അവരുടെ ജീവിതം ശോഭനമാക്കണമേ. അങ്ങനെ നിന്റെ മക്കൾ അനുഗൃഹീതരായിത്തീരുവാൻ, തലമുറകൾക്ക് അനുഗ്രഹത്തിന്റെ ശോഭനമായ മാതൃക കാഴ്ചവയ്ക്കുന്നവരായിത്തീരാൻ ഇടവരുത്തണമേ, ആമ്മേൻ.

# രണ്ട്

നമ്മുടെ ചിന്താവിഷയം, 'അഭിവൃദ്ധി പ്രാപിക്കുക' എന്നതാണല്ലോ. 'From Pit to Prison, from Prison to Palace, and from Palace to Paradise.'

കുഴിയിൽ നിന്ന് ജയിലിലേയ്ക്ക് - From Pit to Prison. യോസേഫിന്റെ ജീവിതം കുഴിയിൽ ആയി. യോസേഫിനെ അസൂയാലുക്കൾ കുഴിയിൽ ആക്കി; അത് നമ്മുടെ ജീവിതത്തിലും വരാം. അസൂയാലുക്കൾ നിങ്ങളെ കുഴിയിലാക്കാൻ നോക്കും, ഒരു സംശയവുമില്ല. പക്ഷേ, നമ്മൾ ദൈവത്തെ മറക്കരുത്.

കുഴിയിലേക്ക് പോയപ്പോഴും, കുഴിയിൽ കിടന്നപ്പോഴും യോസേഫ് ദൈവത്തെ മറന്നില്ല! അബ്രാഹാമിന്റെ മകനായ, യിസ്ഹാക്കിന്റെ മകനായ, യാക്കോബിന്റെ മകനായ, യോസേഫ്! യോസേഫിന്റെ ജീവിതത്തിൽ ഒരിക്കലും ദൈവത്തെ മറക്കാത്ത ഒരനുഭവമാണുള്ളത്. എന്നും ദൈവത്തെ മാനിച്ചിരുന്നു, ദൈവത്തെ ആദരിച്ചിരുന്നു, ദൈവത്തെ ഭയന്നിരുന്നു.

എങ്കിലും എന്റെ സഹോദരന്മാർ എന്നോട് ഈ കൊടും ചതി ചെയ്തല്ലോ എന്ന് ചിന്തിച്ചില്ല; അവർ എന്തിനെന്നെ ഉപദ്രവിച്ചു എന്ന് ചിന്തിച്ചില്ല. സ്വന്തം സഹോദരന്മാർ, അവർക്ക് ആഹാരവുമായി വന്ന സഹോദരനെ പിടിച്ച് വസ്ത്രം പറിച്ചു രിഞ്ഞിട്ട് പൊട്ടക്കിണറ്റിലേക്ക് തള്ളിയിട്ടു എന്നത് സങ്കടകരമായ കാര്യമാണ്. സ്വന്തസഹോദരന്മാർ പത്തുപേർ കൂടി പതിനേഴ് വയസ്സുള്ള കൊച്ചനെ പിടിച്ചു തള്ളിയിട്ടാൽ

രക്ഷപ്പെടാൻ സാധിക്കുമോ?

യോസേഫിന് പതിനേഴ് വയസ്സാണ്. യാക്കോബിന്റെ മൂത്ത മക്കൾ പത്തുപേർ കൂടി യോസേഫിനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. കാര്യം മറ്റൊന്നുമല്ല, "സ്വപ്നക്കാരൻ വരുന്നു!" നാം ദൈവപക്ഷത്തു നിന്നാൽ ആളുകൾ നമ്മെ പരിഹസിക്കും; "സ്വപ്നക്കാരൻ" എന്നു പറയും, "സ്തോത്രക്കാരൻ" എന്നു പറയും. യേശുവിന്റെ പക്ഷത്തു നിന്നാൽ ആളുകൾ പരിഹസിക്കും, തെറ്റിദ്ധരിക്കും. നിഷ്ക്കളങ്കരായ, നല്ല ആളുകൾ പോലും നാം യേശുവിന്റെ പക്ഷത്തു നിന്നാൽ തെറ്റിദ്ധരിക്കും. പിന്നെ ദുഷ്ടരായ ആളുകളുടെ കാര്യം പറയാനുണ്ടോ? സകലരും നമ്മെ തെറ്റിദ്ധരിക്കും.

സത്യത്തെ ആരും കണ്ടു എന്ന് വരികയില്ല. പക്ഷേ, നാം പതറരുത്. ഒരിക്കലും വാടരുത്. ഞാൻ എന്തുമാത്രം ആക്ഷേപം സഹിച്ചു! എന്തുമാത്രം പരിഹാസം! ഒട്ടും ചിന്തിക്കാത്ത കാര്യങ്ങളുടെ ആരോപണം എന്റെമേൽ വന്നിട്ടുണ്ട്. എന്നെ ഒറ്റപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾക്കും തൊഴുത്തിൽകുത്ത് ഉണ്ടായി എന്നു വരും; പ്രതിസന്ധികൾ ഉണ്ടായി എന്നുവരും. കൂടെ നിൽക്കുന്നവർ നിങ്ങളെ തെറ്റിദ്ധരിച്ചു എന്നു വരും. പക്ഷേ നിങ്ങൾ പതറരുത്. നിങ്ങൾ ഉയരങ്ങളിലേയ്ക്ക് നോക്കണം.

> *''ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്കു സഹായം എവിടെ നിന്ന് വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്ന് വരുന്നു.''* *സങ്കീർത്തനങ്ങൾ 121 : 1, 2*

പലരും നമ്മളെ കാലുവാരും. പലതരത്തിൽ ഉപദ്രവിക്കാൻ വരും. 'ഗ്രൂപ്പിസം' ഉണ്ടാക്കും. ഞങ്ങളുടെ കോളേജിൽ രണ്ട് അദ്ധ്യാപക സംഘടനകൾ ഉണ്ടായിരുന്നു. ഞാൻ രണ്ടിലും അംഗമായിരുന്നില്ല. അതുകൊണ്ട് രണ്ട് കൂട്ടരും എന്നെ

വെറുത്തു. ഈ വെറുപ്പെല്ലാമുണ്ടായപ്പോഴും പിടിച്ചുനിൽക്കാൻ പറ്റിയത് ഉയരത്തിലേക്ക് നോക്കിയതുകൊണ്ടാണ്. ഓർത്തു കൊള്ളണം, ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചാൽ നിങ്ങൾക്ക് കാതലായ എതിർപ്പുകൾ നേരിടേണ്ടിവരും; പ്രശ്നങ്ങൾ ഉണ്ടാകും.

സഹോദരന്മാർ യോസേഫിനെ പൊട്ടക്കിണറ്റിലേക്ക് തള്ളിയിട്ടു. ഒരുതെറ്റും ചെയ്തതു കണ്ടിട്ടല്ല: “സ്വപ്നക്കാരൻ വരുന്നു, അവന് വലിയ സ്വപ്നമുള്ളവനാണ്, വലിയ നേതാവാകാം എന്ന് സ്വപ്നം കണ്ടുകൊണ്ട് നടക്കുകയാണ്.” ഇങ്ങനെയെല്ലാമുള്ള അസൂയ! അവൻ വലിയ ഉയർന്ന സ്ഥാനത്തെത്തും എന്ന് സ്വപ്നം കണ്ടു നടക്കുന്നവനാണ് എന്നുള്ള ഒരൊറ്റ കാര്യം കൊണ്ട് യോസേഫിനെ അവർ പകച്ചു. അസൂയ പൂണ്ടു. യോസേഫിനെ അവർ ഉപദ്രവിച്ചു. പൊട്ടക്കിണറ്റിൽ തള്ളിയിട്ടു.

പക്ഷേ, ദൈവം യോസേഫിനെ സഹായിച്ചു. നമുക്ക് ആത്യന്തിക സഹായം ദൈവത്തിൽ നിന്നേ ഉണ്ടാവുകയുള്ളൂ, മറക്കരുത്. ആരെല്ലാം നമ്മെ വെറുത്താലും പകച്ചാലും ഉപദ്രവിച്ചാലും ദൈവം നമുക്ക് അനുകൂലമാണെങ്കിൽ പേടിക്കാനില്ല. പാപം വരാതിരുന്നാൽ മതി, ദൈവം നമുക്ക് അനുകൂലമായിരിക്കും.

> *“ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടൂ? ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ?”* *റോമർ 8 : 31, 32*

സ്വന്തപുത്രനായ കർത്താവായ യേശുക്രിസ്തുവിനെ ആദരിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ക്രൂശിൽ ഏല്പിച്ചു തന്നവനായ നിത്യനായ ദൈവം അവനോടുകൂടെ സകലവും

നമുക്ക് നൽകാതിരിക്കുമോ? “ദൈവം തിരഞ്ഞെടുത്തവനെ ആര് കുറ്റം വിധിക്കും? ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആര്?” യോസേഫിന് ദൈവം അനുകൂലമായിരുന്നു. നിങ്ങൾ എപ്പോഴും ഓർത്തുകൊള്ളണം, ആരെല്ലാം പ്രതികൂല മായാലും ഓർത്തുകൊള്ളണം, ദൈവം എനിക്ക് അനുകൂല മായിരിക്കും. ദൈവം എനിക്ക് പ്രതികൂലമാകാൻ പാടില്ല, അത് ഉറപ്പാണ്. ക്രിസ്തുവിനെ പിടിച്ചുകൊള്ളണം. ഏതു സാഹചര്യത്തിലും ദൈവം എനിക്ക് അനുകൂലമാണ് എന്ന ഉറപ്പോടെ നിൽക്കണം.

യോസേഫിന് ദൈവം അനുകൂലമായിരുന്നു. കാരണം, അവൻ ഒരു തെറ്റും ചെയ്തില്ല. നിരപരാധിയായിരുന്നു. അവർ യോസേഫിനെ കിണറ്റിൽനിന്നും പൊക്കി എടുത്തു. ഇവനെ കിണറ്റിൽ തള്ളിയിട്ടു കൊന്നാൽ എന്താ പ്രയോജനം? പട്ടിണി കിടന്നു ചാകും. അതുകൊണ്ടെന്താണ് ഗുണം? ഇവനെ പിടിച്ചു വിറ്റാൽ കിട്ടിയ പൈസ കൈയിൽ ഇരിക്കും. കിട്ടുന്ന കാശ് കളയുന്നതെന്തിനാണ്? അവനെ പിടിച്ചു വിറ്റാൽ മതിയല്ലോ. ഇവനെക്കൊണ്ടുള്ള ശല്യം, ഈ സ്വപ്നക്കാരനെ ക്കുറിച്ചുള്ള ശല്യം തീരുമല്ലോ. വിറ്റുകളയാം!

അവർ അവനെ പൊക്കിയെടുത്തു. ഞാൻ ഇങ്ങനെ ഭാവനയിൽ കാണും. വേദപുസ്തകത്തിൽ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. അവന്റെ ദേഹം ആസകലം കീറി പ്പറിഞ്ഞിരിക്കു കയായിരിക്കും. പൊട്ടക്കിണറ്റിലേക്ക് തള്ളി ഇട്ടപ്പോൾ, മുള്ളും മലിനമായ വസ്തുക്കളും നിറഞ്ഞ കുഴിക്കകത്തേയ്ക്ക് വീണപ്പോൾ എന്തൊക്കെ കുഴപ്പങ്ങൾ പറ്റിക്കാണും? വല്ല കല്ലിൽ മുട്ടിക്കാണുമോ? ശരീരം ആസകലം വൃത്തികേടായി, ശരീരം കീറിമുറിഞ്ഞ് പാവം കൊച്ചൻ! സഹോദരന്മാർ അവനെ പിടിച്ച് കച്ചവടക്കാർക്ക് കൊടുത്തു. ഇരുപത് വെള്ളിക്കാശ് എണ്ണി മേടിച്ചു! കിട്ടിയതായി. ഇരുപത് വെള്ളിക്കാശ്!

യേശുക്രിസ്തുവിനെ മുപ്പത് വെള്ളിക്കാശിന് വിറ്റു.

യോസേഫിനെ ഇരുപത് വെള്ളിക്കാശിന് വിറ്റു. അവർക്ക് സ്വാർത്ഥലാഭമേ ഉള്ളൂ. പൈസയുടെ കാര്യം വരുമ്പോൾ ആളുകൾ ആത്മീയമൂല്യം മറക്കും! ധാർമ്മിക മൂല്യങ്ങൾ മറക്കും! കിട്ടിയ കാശ്! സ്വന്തസഹോദരനെ കൊല്ലുന്നതോ, വേദനിക്കുന്നതോ, പിടയുന്നതോ, അമ്മയില്ലാത്ത മകൻ അപ്പനേയും സഹോദരങ്ങളെയും വിട്ട് അന്യദേശത്തേക്ക് പോകേണ്ടി വരുമല്ലോ എന്നുള്ളതൊന്നും അവർക്ക് ചിന്താവിഷയമല്ല. സഹോദരസ്നേഹമില്ലാതെ അവർ നിഷ്ഠൂരമായി ഉപദ്രവിച്ചു. അവർ കാശ് വാങ്ങി അവനെ വിറ്റു.

അങ്ങനെ പൊട്ടക്കിണറ്റിൽ നിന്നും രക്ഷപ്പെട്ടു. പിന്നീട് കാരാഗൃഹത്തിലേക്കാണ് പോകേണ്ടി വന്നത്. ദൈവം അവനോട് എന്താണിങ്ങനെ ചെയ്തത് എന്ന് നമുക്കു തോന്നും. ഒരു തെറ്റും പറ്റാതെ നിന്നവന് പിന്നെ എന്താ അടിക്കടി ഉപദ്രവം വന്നത്? ഒരു തെറ്റും വരാതെ നിന്നവനല്ലേ? ഒരു ദോഷവും പറയാനില്ല. മനസ്സറിഞ്ഞ് യോസേഫ് ഒരു തെറ്റും ചെയ്തിട്ടില്ല. സ്നേഹം മാത്രമേ ഉള്ളൂ. പിന്നെ എന്തുകൊണ്ട് ദൈവം അവനെ സംരക്ഷിച്ചില്ല? പിന്നെ എന്തുകൊണ്ട് ദൈവം അവനെ കാത്തില്ല? നിഷ്ക്കളങ്കനായി രുന്നു. നിരപരാധിയായിരുന്നു. പിന്നെ എന്തുകൊണ്ട് ദൈവം അവനെ കരുതിയില്ല? സംരക്ഷിച്ചില്ല? ചിന്തിക്കാം. ദൈവത്തിന്റെ വഴി ആർക്കറിയാം?

> *"ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ? അവനു മന്ത്രി ആയിരുന്നവൻ ആര്? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം, ആമേൻ."* 
> *റോമർ 11 : 33 – 36*

ദൈവത്തിന്റെ വഴികൾ അഗോചരമാണ്. അത് ആർക്കും മനസ്സിലാവുകയില്ല. എന്തുകൊണ്ടാണ് ഈ മഹാരോഗം വരുന്നത്? എന്തുകൊണ്ടാണ് ഈ ആക്സിഡന്റ് വരുന്നത്? എന്തുകൊണ്ടാണ് വിവാഹം കഴിഞ്ഞ് ഇത്രയും നാളായിട്ടും കുഞ്ഞുണ്ടാകാത്തത്? എന്തുകൊണ്ടാണ് തുടരെത്തുടരെ ഗർഭഛിദ്രം വരുന്നത്? ഒരു കുഞ്ഞിനെ കിട്ടാത്തതെന്താണ്? എന്തുകൊണ്ടാണ് ഇത്രയും വലിയ മഹാവ്യാധി വരുന്നത്? എന്തുകൊണ്ടാണ് ഇത്രയും കടം വന്നു കയറിയത്? എന്തുകൊണ്ടാണ് ഇത്രയും വലിയ നഷ്ടം വന്നത്? എനിക്കെന്താണ് ഇങ്ങനെ വന്നത്? നമുക്ക് മറുപടി ഇല്ല.

ആ ദുഷ്ടസ്ത്രീ അവനെ ദുഷ്ട ലാക്കോടുകൂടി വശീകരിക്കാൻ ശ്രമിച്ചു. അരുതാത്ത വഴിയിലേക്ക് അവനെ പ്രേരിപ്പിച്ചു. ദിനംപ്രതി പ്രലോഭിപ്പിച്ചു. ഒരു ദിവസത്തെ പ്രലോഭനം മാത്രമാണെങ്കിൽ സഹിച്ചു നിൽക്കാം. ദിനംപ്രതി പ്രലോഭനം!

> *‘‘അവൾ ദിനംപ്രതിയും യോസേഫിനോടു പറഞ്ഞിട്ടും അവളോടു കൂടെ ശയിപ്പാനോ അവളുടെ അരികെ ഇരിപ്പാനോ അവൻ അവളെ അനുസരിച്ചില്ല.” ഉല്പത്തി 39 : 10*

യജമാനത്തിയാണ്, അനുസരിക്കേണ്ടതാണ്. പക്ഷേ, അനുസരിച്ചില്ല. അവളുടെകൂടെ ഇരിപ്പാൻ, ശയിപ്പാൻ അവൻ സമ്മതിച്ചില്ല. അവൻ അവന്റെ വിശുദ്ധി കാത്തു. പൊട്ടക്കിണറ്റിൽ പോയപ്പോൾ അവൻ ദൈവത്തെ കണ്ടുകൊണ്ടിരുന്നു. സ്ത്രീയുടെ പ്രലോഭനം വന്നപ്പോഴും അവൻ ദൈവമുഖം കണ്ടുകൊണ്ടിരുന്നു. “ഇല്ല, ഞാനില്ല.”

എന്തുവന്നാലും ശരി, തെറ്റിനു ഞാനില്ല. അരുതാത്തതിനു ഞാനില്ല. ആ ഒരു നിഷ്ഠ! ആ ഒരു പ്രതിഷ്ഠ! ആ ഒരു വ്യക്തമായ കാഴ്ചപ്പാട്, തീരുമാനം അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതു കൊണ്ട് ദൈവത്തിന്റെ കൃപ അവനെ പൊതിഞ്ഞു നിന്നിരുന്നു. ഈ വലിയ പ്രതിസന്ധി വന്നപ്പോഴും ദൈവം അവനെ കാത്തു

കൊണ്ടിരുന്നു.

യോസേഫിന്റെ ഹൃദയത്തിൽ അപ്പോഴും ആ സ്വപ്നം നിറഞ്ഞുനിന്നിരുന്നു. എന്റെ ദൈവം എന്നെ ഉയർത്തും! ദൈവത്തിന്റെ പദ്ധതി ഞാൻ പൊളിക്കില്ല. എന്നെ ഉയർത്താനുള്ള ദൈവത്തിന്റെ പദ്ധതി ഞാൻ നശിപ്പിക്കില്ല. എന്നെ വളർത്തിയെടുക്കാനുള്ള ദൈവത്തിന്റെ പദ്ധതിയെ ഞാൻ തുരങ്കം വയ്ക്കില്ല. അവൻ നല്ല ധൈര്യത്തോടെ നിന്നു. ആ സ്ത്രീ ദിനംപ്രതി അവനെ പ്രേരിപ്പിച്ചിട്ടും അവൻ അവളുടെ ഇംഗിതത്തിന് വഴിപ്പെട്ടില്ല.

ഒരു ദിവസം ഇവൻ അവളുടെ വിളികേട്ട് അവളുടെ മുറിയിൽ ചെല്ലേണ്ടി വന്നു. വേലക്കാരനല്ലേ? അടിമയല്ലേ? ചെല്ലാതിരിക്കാൻ പറ്റില്ലല്ലോ. മുറിയിൽ ചെന്നു. അവൾ അവനെ നിർബ്ബന്ധമായും പാപത്തിനുവേണ്ടി പ്രേരിപ്പിച്ചു. പോത്തീഫർ ഇല്ലാത്ത സമയം! പാപം ചെയ്യാനുള്ള കാര്യങ്ങളെല്ലാം ഇണങ്ങിയ സമയം! പക്ഷേ യോസേഫ് പറഞ്ഞു:

> *"അതുകൊണ്ട് ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നത് എങ്ങനെ എന്ന് പറഞ്ഞു."* *ഉല്പത്തി 39 : 9*

എനിക്കൊരു ദൈവമുണ്ട്. എന്നെ വളർത്താൻ പദ്ധതിയിട്ടിരിക്കുന്ന ദൈവം! എന്റെ ദൈവത്തെ ഞാൻ ദു:ഖിപ്പിക്കുകയില്ല. അവൻ ഒട്ടും വഴങ്ങുന്നില്ല എന്നു കണ്ടപ്പോൾ അവൾ അവന്റെ ഉടുമുണ്ടിൽ പിടിച്ചു. അവൻ ഓടി. പക്ഷേ, ഉടുമുണ്ട് ഉരിഞ്ഞുപോയി. പാപത്തിന് അവളുടെ മുറിയിൽ ചെന്നു എന്നതിന് വ്യക്തമായ തെളിവ്.

അവളുടെ ആഗ്രഹം സാധിച്ചില്ല എന്നു കണ്ടപ്പോൾ അവൾ ദൂഷണം പറഞ്ഞു: എന്നെ അവൻ പീഡിപ്പിക്കാൻ ശ്രമിച്ചു. എന്റെ കിടപ്പുമുറിയിൽ അവൻ വന്നു. ഇവനെ ഈ വീട്ടിൽ വച്ചുകൊണ്ടിരിക്കാൻ പറ്റില്ല. അവൾ അവളുടെ ഭർത്താവിനോട് നേരെ വിപരീതമായ കാര്യങ്ങൾ പറഞ്ഞു

കൊടുത്തു. പച്ചക്കള്ളം പറഞ്ഞു. പോത്തീഫർ അതെല്ലാം വിശ്വസിച്ച് അവനെ ജയിലിലാക്കി.

From Pit to Prison! കാരാഗൃഹത്തിൽ പതിമൂന്നു കൊല്ലം! കാരാഗൃഹത്തിൽ അത്രയുംകാലം യോസേഫ് എന്തുമാത്രം യാതന സഹിച്ചുകാണും? എന്തുമാത്രം വേദന സഹിച്ചുകാണും?

നിങ്ങളുടെ ജീവിതത്തിലും യാതനയുടെ കാലങ്ങൾ കാണും. ഇപ്പോൾ ഉണ്ടായിരിക്കും. ഉണ്ടായിട്ടില്ലെങ്കിൽ ഇനി ഉണ്ടായേക്കാം. യാതനയുടെ കാലങ്ങൾ! സഹനത്തിന്റെ കാലങ്ങൾ! യാതനകൾ സഹിക്കേണ്ട കുറെക്കാലം ആർക്കും ഉണ്ട്.

അന്ത:സംഘർഷങ്ങളുണ്ടാക്കുന്ന പല കാര്യങ്ങൾ കുടുംബത്തിൽ ഉണ്ടായി എന്നു വരാം. നിങ്ങളുടെ വീട്ടിൽ തന്നെ, നിങ്ങൾ വിവാഹം കഴിഞ്ഞവരാണെങ്കിൽ ചിലപ്പോൾ സ്വന്തം ഭാര്യയിൽ നിന്നോ, മക്കളിൽ നിന്നോ, അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കളിൽ നിന്നോ അല്ലെങ്കിൽ സഹോദരങ്ങളിൽ നിന്നോ, അന്ത:സംഘർഷത്തിനു കാരണമായിത്തീരാവുന്ന പല പല സാഹചര്യങ്ങൾ നിങ്ങൾക്കു നേരിട്ടു എന്നു വരാം, തളരരുത്.

യോസേഫ്, പതിമൂന്നുകൊല്ലം മൗനമായി ആക്ഷേപങ്ങൾ കേട്ട് ജയിലിൽ കിടന്നു. മറ്റു ജയിൽപുള്ളികൾ എല്ലാം കളിയാക്കും: ഈ ചെറുക്കൻ കാണിച്ച വൃത്തികേടുകൾ കണ്ടില്ലേ? യജമാനത്തിയെ കയറിപ്പിടിച്ചു. നമ്മളോ മാനം മര്യാദയായി ജീവിച്ചിട്ടാണ് ഇവിടെ വന്നത്. ഇവനോ തെറ്റ് ചെയ്തിട്ട് വന്നിരിക്കുകയല്ലേ? കൂട്ടുപ്രതികളും കൂട്ടു തടവുപുള്ളികളും അവനെ കളിയാക്കി. ഇതെല്ലാം സഹിച്ച് ചീത്തകേട്ട് മനം മടുത്ത് പതിമൂന്നുകൊല്ലം കാരാഗൃഹവാസം!

ഒരു ദിവസം രാജകൊട്ടാരത്തിൽനിന്ന് രണ്ട് പോലീസുകാർ വരുന്നു. യോസേഫ് എന്ന തടവുപുള്ളി എവിടെയാണ്? എല്ലാവരും പുച്ഛത്തോടെ അവനെ നോക്കി. തൂക്കിക്കൊല്ലാൻ

കൊണ്ടുപോവുകയാണ്. ആളുകൾ അങ്ങനെ വിചാരിച്ചു കാണും. കാരണം, കുറച്ചു ദിവസങ്ങൾക്കു മുൻപാണ് അപ്പക്കാരുടെ പ്രമാണിയെ തൂക്കിക്കൊന്നത്. ചിലർ സഹതാപത്തോടെ നോക്കി. ചിലർ പുച്ഛത്തോടെ നോക്കി.

തടവുപുള്ളികളെല്ലാം നോക്കിയിരുന്നപ്പോൾ അവനെ കൊണ്ടുപോകുകയാണ്. പോകുന്ന വഴിക്ക് അവനെ കുളിപ്പിക്കുന്നു, മുടി വെട്ടുന്നു, ഷേവ് ചെയ്യുന്നു. എന്തിനാണാവോ? പാവം യോസേഫിന് മനസ്സിലായില്ല. അവനെ വസ്ത്രം ധരിപ്പിച്ച്, ആടയാഭരണങ്ങൾ അണിയിച്ച് വളരെ ആഢംബരപൂർണ്ണമായ സംവിധാനങ്ങളോടു കൂടി രാജസന്നിധിയിൽ കൊണ്ടുവന്നു. അപ്പോഴാണ് രാജാവ് പറയുന്നത് ഇവനെ മിസ്രയീമിനൊക്കെയും മേലധികാരി ആക്കി വച്ചിരിക്കുന്നു എന്ന്. എന്തൊരു വളർച്ച! മിസ്രയീമിന് ഒക്കെയും മേലധികാരി ആക്കിയിരിക്കുന്നു! From Pit to Prison and Prison to Palace.

അവൻ പറയുന്നതൊക്കെയും അനുസരിക്കാൻ കിന്നരിത്തലപ്പാവുള്ള പടയാളികൾ! അവന് താമസിക്കാൻ കൊട്ടാരം! ജീവിക്കാനുള്ള സാഹചര്യങ്ങൾ! കൊട്ടാരത്തിലെ വണ്ടി! നിസ്സാരതയിൽ നിന്ന് സമൃദ്ധിയിലേക്കുള്ള വളർച്ച!

ഏതൊരു വിശ്വാസിക്കും വളർച്ചയുടെ ഒരു കാലമുണ്ട്; വിശ്വാസിയാണെങ്കിൽ വളർച്ചയുടെ ഒരു കാലമുണ്ട്. കണ്ണീര് തോരുന്ന ഒരു കാലമുണ്ട്. കഷ്ടതകൾ മാറി സമാധാനവും സന്തോഷവും കൈവരുന്ന ഒരു കാലമുണ്ട്. യാതനകളുടെ കാലം മാറി, സഹനം മാറി സന്തോഷത്തിന്റെ മികവാർന്ന അനുഭവത്തിലേക്കുയരുന്ന ഒരു കാലമുണ്ട്. From Prison to Palace.

ഈ കൊട്ടാരത്തിൽ നിന്ന് പിന്നീടുള്ള കാലം പറുദീസയി ലേക്കുള്ള വളർച്ചയാണ്. പറുദീസയിലേക്കുള്ള വളർച്ചയുടെ അടിസ്ഥാനം എന്താണെന്നറിയാമോ? യോസേഫ് എവിടെയും

അനുഗ്രഹിക്കുന്നവനാണ്, ശപിക്കുന്നവനല്ല. എവിടെയെല്ലാം യോസേഫിനെ കൊണ്ടുചെന്ന് നിർത്തുന്നുണ്ടോ അവിടെയെല്ലാം അവൻ അനുഗ്രഹമാണ്. അപ്പന്റെ ഹൃദയവേദന മാറ്റുന്നു, അപ്പന്റെ ഹൃദയത്തിനാശ്വാസം കൊടുക്കുന്നു, അപ്പന്റെ ഹൃദയത്തിനു തണുപ്പ് കൊടുക്കുന്നു, മിസ്രയീം കൊട്ടാരത്തിൽ അവൻമൂലം സമൃദ്ധി ഉണ്ടാകുന്നു, മിസ്രയീമിലെ ജനത്തിന് അവൻമൂലം സമൃദ്ധി ഉണ്ടാകുന്നു.

ധാരാളം ധാന്യം സംഭരിച്ചു വയ്ക്കുന്നു. അവന് ദൈവം കൊടുത്ത സ്വപ്നം മൂലം അവന് വളരെ വ്യക്തമായി മനസ്സിലായി വലിയോരു ക്ഷാമകാലം വരുന്നുണ്ട് എന്ന്. ഏഴുകൊല്ലം സമൃദ്ധിയുടെകാലം അവൻ എല്ലാം സംഭരിച്ചുവെച്ചു. അടുത്ത ഏഴുകൊല്ലം ക്ഷാമത്തിന്റെകാലം അവൻ ധാന്യം വിതരണം ചെയ്യുന്നവനായി തീർന്നു.

വിശന്നുപൊരിയുന്ന ജനലക്ഷങ്ങൾക്ക് ക്ഷാമം മാറ്റുന്നവനായിത്തീർന്നു. ഈജിപ്തിൽ ഉള്ളവർ മാത്രമല്ല, അങ്ങ് അയൽദേശങ്ങളിൽ നിന്നും അവന്റെ അടുക്കൽ ധാന്യം വാങ്ങുവാനായി ആളുകൾ വരുന്നു. അനേകർ അവന്റെ മുമ്പിൽ കൈനീട്ടി നിൽക്കുന്നു. എല്ലാവർക്കും നിറയെ ആഹാരം കൊടുത്തു വിടുന്നു. കുടുംബത്തിനുള്ള ആഹാരം കൊടുത്തു വിടുന്നു. അവൻ ക്ഷാമദേശത്ത് ക്ഷാമം മാറ്റുന്നവനായി തീർന്നു.

നമുക്കും അങ്ങനെയാകാം. മറ്റുള്ളവരുടെ ക്ഷാമം മാറ്റുന്നവരാകാം. മറ്റുള്ളവർക്ക് ശാന്തി കൊടുക്കുന്നവരാകാം. മറ്റുള്ളവർക്ക് അനുഗ്രഹം പകരുന്നവരാകാം. നമുക്ക് സാധിക്കും. ആർക്കെല്ലാം ഉപകാരം ചെയ്യാൻ സാധിക്കുമോ അതെല്ലാം നമ്മെക്കൊണ്ട് സാധിക്കും, എപ്പോൾ? നാം ദൈവത്തെ മറക്കാതെ നിൽക്കുമ്പോൾ.

എന്നെ പൊട്ടക്കിണറ്റിൽ നിന്ന് പൊക്കി എടുത്തവൻ, അവനെ എനിക്ക് മറക്കാൻ പറ്റുകയില്ല; എന്നെ തടവുപുള്ളി

യെപ്പോലെ കൊണ്ടുപോകുമ്പോൾ ആ കച്ചവടക്കാരുടെ കൈയിൽ നിന്ന് വിടുവിച്ചവൻ, അവനെ എനിക്ക് മറക്കാൻ പറ്റുകയില്ല; എന്നെ മിസ്രയീംകൊട്ടാരത്തിൽ അശുദ്ധി പറ്റാതെ കാത്ത ദൈവം, അവനെ എനിക്ക് മറക്കാൻ പറ്റില്ല; കാരാഗൃഹ ത്തിൽ നിരാശനാകാതെ കാത്ത ദൈവം, അവനെ എനിക്ക് മറക്കാൻ പറ്റില്ല. ആ ഒരു തീക്ഷ്ണമായ ദൈവസ്നേഹം, ദൈവത്തോടുള്ള ഭക്തി.

"Stand in awe and sin not" ഭയത്തോടും വിറയലോടും നിൽപ്പിൻ.

> *"നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരി പ്പിൻ."* *സങ്കീർത്തനങ്ങൾ 4 : 4*

യോസേഫിന് അവിടെയാണ് പിടുത്തം. ഒരു കാരണ വശാലും എനിക്ക് തെറ്റു വരാൻ പറ്റുകയില്ല. ഒരു പാപം വരാൻ പറ്റുകയില്ല. നിങ്ങളും അങ്ങനെ നിൽക്കൂ. അനേകർക്ക് തണുപ്പ് കൊടുക്കാൻ പറ്റും.

നിങ്ങൾ ജോലി കഴിഞ്ഞ് ക്ഷീണിച്ച് മടുത്തു ചെല്ലുകയാണ്. അപ്പോഴുണ്ട് ഭാര്യ കലമ്പിച്ച് ദേഷ്യപ്പെട്ട് അല്ലെങ്കിൽ പരിഭവിച്ച് മിണ്ടാട്ടമില്ലാതെ നിൽക്കുന്നു. കുട്ടികൾ വഴക്കുണ്ടാക്കുന്നു, അതല്ലെങ്കിൽ അപ്പനും അമ്മയും കൂടെ വഴക്ക് കൂടുന്നു. ഒരു മിണ്ടാട്ടവുമില്ല. ആകെ മൂടിക്കെട്ടിയ അന്തരീക്ഷം. ഇങ്ങനെയൊക്കെ വരുമ്പോൾ നിങ്ങളുടെ മനസ്സ് മടുക്കണ്ട. അപ്പോൾ നിങ്ങളുടെ ഒരു മൗനംകൊണ്ടായിരിക്കും അവിടുത്തെ പ്രയാസം മാറുന്നത്. ചിലപ്പോൾ നിങ്ങളുടെ മധുരവാക്കുകൊണ്ടായിരിക്കും പ്രശ്നം മാറുന്നത്. ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങൾക്ക് problem solvers ആയി മാറാം, problem makers ആകരുത്.

യോസേഫ് എവിടെയും പ്രശ്ന പരിഹാരകൻ (problem solver) ആയിരുന്നു. യോസേഫ് എല്ലായിടത്തും ഹൃദയം

തണുപ്പിക്കുന്നവനായിരുന്നു. ഹൃദയത്തിനു നല്ല ആശ്വാസം കൊടുക്കുന്നവനായിരുന്നു. യോസേഫ് എല്ലായിടത്തും ദൈവത്തിന് ഒന്നാംസ്ഥാനം കൊടുക്കുന്നവനായിരുന്നു. ദൈവമുഖം അന്വേഷിക്കുന്നവനായിരുന്നു.

നമ്മെ കർത്താവ് എങ്ങനെ കാണുന്നു? എന്നെ കാണുന്ന ദൈവം ഉണ്ട്. എന്റെ ദൈവം ദു:ഖിക്കരുത്. ഒരു ദിവസം ഞാൻ ആ ദൈവത്തിന്റെ മുമ്പാകെ കടന്നു ചെല്ലേണ്ടിവരും. അന്ന് ദൈവം, നീ പോകൂ, നിന്നെ ഞാൻ അറിയുന്നില്ല എന്നു പറയാൻ ഇടവരരുത്. ഒരു ദിവസം ഞാൻ ദൈവരാജ്യത്തിൽ ചെല്ലും. അന്ന്, “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും” എന്നു പറയുന്ന കർത്താവിന്റെ ശബ്ദം എനിക്ക് കേൾക്കണം.

നിസ്സഹായാവസ്ഥയിൽ ആയിപ്പോകുന്ന സമയമുണ്ട് നമുക്ക്. മരണത്തിന്റെ തണുത്ത കൈകൾ നമ്മെ തലോടുന്ന സമയമുണ്ട്. മരണം ഉള്ളംകാൽ മുതൽ അരിച്ചരിച്ച് നെറുകംതല വരെ മാറുന്ന ഒരു സമയമുണ്ട്. മരണം നമ്മെ പിടികൂടുന്ന സമയമുണ്ട്. നാം നിസ്സഹായരായിപ്പോകുന്ന, ആർക്കും സഹായിക്കാൻ കഴിയാത്ത ഒരു സമയമുണ്ട്. എല്ലാവരും അമ്പരപ്പോടെ നിൽക്കുന്ന സമയമുണ്ട്.

അഞ്ചു മരണം നടന്ന വീടാണ് എന്റേത്. അതുകൊണ്ടു തന്നെ മരണത്തിന്റെ ഒരു കറുത്ത മുഖമാണ് ഞാൻ കണ്ടിട്ടുള്ളത്. മരണം എക്കാലത്തും എന്റെ ചിന്തയിൽ ഒരു കറുത്ത അദ്ധ്യായം തന്നിരുന്നു. ചിന്തയിൽ കറുപ്പ് വ്യാപിച്ചിരുന്നു; ഒരു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ മരിക്കുന്നു; രണ്ടു വയസ്സുള്ളപ്പോൾ ചേട്ടൻ മരിക്കുന്നു; ഞാൻ ജനിക്കുന്നതിനു മുമ്പ് മൂന്ന് കുഞ്ഞുങ്ങൾ തുടരെത്തുടരെ മരിക്കുന്നു. അങ്ങനെ അഞ്ചു മരണം!

മരണം എനിക്ക് ചിന്താവിഷയമായിരുന്നു. അതുകൊണ്ടും

കൂടിയാണ് ഞാൻ മരണം സംബന്ധിച്ചുള്ള പുസ്തകം വായിക്കാൻ തുടങ്ങിയത്. അതാണ് 'മരണാനന്തരാവസ്ഥ', 'മരിക്കാത്ത മനുഷ്യനുണ്ടോ' എന്നീ പുസ്തകങ്ങൾ എഴുതാനിടയായത്. മരണത്തിന്റെ ഒരു ഭീകരമുഖം എന്നെ വേട്ടയാടിക്കൊണ്ടിരുന്നു.

മരണം പിടികൂടിക്കഴിഞ്ഞാൽ നിത്യതയിലേക്ക് നാം പ്രവേശിക്കുമല്ലോ. ആ നിത്യത സ്വർഗ്ഗത്തിലായില്ലെങ്കിൽ തീരാനഷ്ടമാണ്. ആ നിത്യത നരകത്തിന്റെ ഭീകരതയിലേക്ക് പോയാൽ തീരാനഷ്ടമാണ്. പിന്നെ തിരുത്താൻ ഒക്കുകയില്ല. ഇന്ന് നമുക്ക് ആരോഗ്യമുണ്ട്. ഇന്ന് നമുക്ക് കരുത്തുണ്ട്. ഇന്നു നമുക്ക് ജീവിക്കാൻ ചുറ്റുപാടുണ്ട്. അതുകൊണ്ട് മരണം നമുക്കൊരു പേടിസ്വപ്നമല്ല.

മരണത്തെ നാം നേരിട്ടു കാണുന്ന സമയമുണ്ട്. അപ്പോഴാണ് അയ്യോ, ഒരുങ്ങിയില്ലല്ലോ, അയ്യോ! ഞാൻ വേണ്ടതുപോലെ കരുതിയില്ലല്ലോ എന്ന് ഓർക്കുന്നത്. അപ്പോഴാണ് അമ്പരപ്പിലാകുന്നത്. അതുകൊണ്ട് ഇന്ന് നാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് ക്രിസ്തുവിന്റെ വകയായിത്തീരുക.

യേശുക്രിസ്തുവിന്റെ രക്തം ഇതുവരെ വന്ന തെറ്റെല്ലാം മായിച്ചുതരും. ഏതെല്ലാം തെറ്റുകൾ സംഭവിച്ചിട്ടുണ്ടോ അതെല്ലാം കഴുകിത്തരും. പക്ഷേ, ഒരു വ്യവസ്ഥ, "പോക ഇനി പാപം ചെയ്യരുത്''. കർത്താവെല്ലാം കഴുകിത്തരും. കർത്താവെല്ലാം ക്ഷമിച്ചുതരും.

## മൂന്ന്

യോസേഫിന്റെ ജീവിതത്തിൽ എല്ലാം കാണുന്ന ദൈവം! നിത്യത മുഴുവനും കാണുന്ന ദൈവം!

യോസേഫിനു കിട്ടിയതുപോലെ ഒരു അഭിവൃദ്ധി നമ്മുടെ ജീവിതത്തിൽ തരാൻ ദൈവം ആഗ്രഹിക്കുന്നു. യോസേഫ് ചെന്നേടത്തെല്ലാം ദൈവത്തിന്റെ ഇഷ്ടം നിവർത്തിച്ചു. ദൈവഭയത്തോടെ നിന്നു. എന്റെ രഹസ്യങ്ങൾ കാണുന്ന ഒരു ദൈവമുണ്ട്. എന്നെ എപ്പോഴും കാണുന്ന ഒരു ദൈവമുണ്ട്. ആ ഒരു ചിന്ത നിങ്ങളെ ഭരിച്ചാൽ നിങ്ങൾക്ക് രക്ഷപ്പെടാം. എന്നെ കാണുന്ന ദൈവം എന്നിൽ പ്രസാദിക്കണം എന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കണം.

യോസേഫിന് ഈ ചിന്ത ഉണ്ടായിരുന്നതുകൊണ്ടാണ് എല്ലായിടത്തും അനുഗ്രഹിക്കപ്പെട്ടവനായിരുന്നത്. യോസേഫ് മൂലം കാരാഗൃഹത്തിൽ അനുഗ്രഹമുണ്ടായി. യോസേഫിന്റെ വളരെ നല്ല പെരുമാറ്റം കണ്ടപ്പോൾ കാരാഗൃഹപ്രമാണി അവന് കാരാഗൃഹത്തിൽ പ്രത്യേക അനുഗ്രഹവും സഹായവും നൽകി. കാരാഗൃഹപ്രമാണിക്ക് അവനോട് കരുണ തോന്നി.

നാം ദൈവപക്ഷത്ത് നിന്നാൽ മനുഷ്യർ നമുക്ക് അനുകൂലമായിരിക്കും. നമ്മെ ഉപദ്രവിക്കാൻ ഒരുങ്ങിയിരിക്കുന്നവർപോലും അനുകൂലമായിത്തീരും. ദൈവപക്ഷത്ത് നില്ക്കുക; ദൈവത്തെ സ്നേഹിക്കുക, ദൈവത്തെ പ്രസാദിപ്പിക്കുക, ഇതായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം.

From pit to prison and prison to palace. Palace-

ലേയ്ക്കുള്ള വളർച്ച! യോസേഫ് എത്ര അത്ഭുതകരമായിട്ടാണ് കൊട്ടാരത്തിലേക്ക് വിളിക്കപ്പെട്ടത്! ഒട്ടും പ്രതീക്ഷയുണ്ടായിരുന്നില്ല. തന്നെ മോചിപ്പിക്കുമെന്നോ, താൻ കൊട്ടാരത്തിൽ എത്തുമെന്നോ, തന്റെ ജീവിതം മാറുമെന്നോ ഒന്നും യോസേഫ് പ്രതീക്ഷിച്ചില്ല.

നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്ക് ഇപ്പോൾ പല കാര്യങ്ങളിലും പ്രതീക്ഷയില്ല. നിങ്ങളുടെ സ്വപ്നങ്ങൾ നിറവേറുമെന്ന പ്രതീക്ഷയില്ല. നിങ്ങൾക്ക് ഒരത്ഭുതമോ അഭിവൃദ്ധിയോ കിട്ടുമെന്ന പ്രതീക്ഷയില്ല. എന്നെ ആരു സഹായിക്കാനാണ്? എനിക്കാരാണുള്ളത്? എനിക്കുവേണ്ടി ഒരു നല്ലവാക്ക് പറയാൻ ആരാണുള്ളത്? എനിക്കുവേണ്ടി എന്തെങ്കിലും ഒരു സഹായം ചെയ്യാൻ ആരാണുള്ളത്? എന്നോട് ഒരു കരുണ കാണിക്കാൻ ആരാണുള്ളത്? ഇത്രയും കാലത്തെ എന്റെ ജീവിതം ദുരിതമല്ലേ? എന്നാണ് ഒരു സമാധാനം കിട്ടിയിട്ടുള്ളത്? ഇങ്ങനെ ഓരോ നിരാശ പലരേയും ബാധിച്ചിട്ടുണ്ട്.

നിങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ ഒരു നിറഞ്ഞ സംതൃപ്തിയും സന്തോഷവുമാണോ ഉള്ളത്? എന്തെല്ലാമുണ്ടെങ്കിലും ആ നിറഞ്ഞ സംതൃപ്തി നിങ്ങൾക്കുണ്ടോ? നിങ്ങൾക്കുള്ളതിൽ, നിങ്ങൾക്കു ലഭിച്ചതിൽ, ഇന്നായിരിക്കുന്നതിൽ പൂർണ്ണ സംതൃപ്തിയാണോ?

ഇപ്പോഴുള്ളതിനേക്കാൾ ഉയരണം എന്നാഗ്രഹിക്കുന്നത് സംതൃപ്തിക്കുറവല്ല. ഒന്നുകൂടെ ഉയരണം. എനിക്ക് ഉയർച്ചകൾ വേണം. എനിക്ക് വളരണം, അഭിവൃദ്ധിപ്പെടണം. അതൊന്നും തെറ്റല്ല. അത് സ്വപ്നമാണ്, നല്ലതാണ്. പക്ഷേ, നമ്മുടെ ഹൃദയത്തിൽ നിറഞ്ഞ സമാധാനമുണ്ടോ? നിറഞ്ഞ സന്തോഷമുണ്ടോ?

ഏതെല്ലാം തരത്തിലുള്ള സന്തോഷമുള്ളവരാണെങ്കിലും എവിടെയോ ചില ശൂന്യതകളില്ലേ? എവിടെയോ ചില

അസംതൃപ്തികളില്ലേ? ഏതെല്ലാമോ കോണിൽ ചില നിരാശകൾ പതിയിരിക്കുന്നില്ലേ? എവിടെയോ ചില അസ്വസ്ഥതകൾ ഇല്ലേ? എന്തോ ഒരാന്തൽ നമ്മുടെ ഉള്ളിൽ ഇല്ലേ? അനേകരും ഇന്ന് അസംതൃപ്തരാണ്! പലരുടേയും ഉള്ളം ഒരു തീഗോളമാണ്.

ആവി ഉയരുന്നു! എല്ലാവരുടേയും തലയിൽനിന്ന് പുക ഉയരുകയാണ്; ചൂടുള്ള പുക! ഉള്ളിൽ ആധിയാണ്, ദു:ഖമാണ്. മക്കളെക്കുറിച്ചുള്ള ദു:ഖം. ഭാര്യയെക്കുറിച്ചുള്ള ദു:ഖം. അല്ലെങ്കിൽ രോഗത്തെക്കുറിച്ചുള്ള ദു:ഖം. മാതാപിതാക്കളുടെ സ്വഭാവത്തെക്കുറിച്ചുള്ള ദു:ഖം. അവരുടെ കഷ്ടപ്പാടിനെക്കുറിച്ചുള്ള ദു:ഖം. അല്ലെങ്കിൽ വീടുപണിയെക്കുറിച്ചുള്ള ദു:ഖം. മക്കൾ ഇല്ല എന്നതിന്റെ ദു:ഖം. വിവാഹം നടക്കുന്നില്ല എന്ന ദു:ഖം. നല്ല വിവാഹം ആയിരുന്നില്ലല്ലോ എന്ന ദു:ഖം. എല്ലാം കൂടെ ചുട്ടുപഴുത്ത ആവിയായി ഇങ്ങനെ പൊങ്ങുന്നു.

യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും യേശുക്രിസ്തുവിന്റെ സാമീപ്യവും നിങ്ങൾക്കനുഭവിക്കാൻ സാധിക്കുമെങ്കിൽ ആവിയെല്ലാം മാറുകയും വലിയോരു കുളിർമ്മ നിങ്ങളെ വലയം ചെയ്യുകയും ചെയ്യും. ഞാൻ അനുഭവിച്ചിട്ടുണ്ട്, യേശുക്രിസ്തുവിന്റെ കുളിർമ്മ. യേശുക്രിസ്തുവിന്റെ സമാധാനവും സന്തോഷവും തരുന്ന തൃക്കരത്തിന്റെ തലോടൽ! അതാണ് ക്രിസ്തീയജീവിതം!

യേശുക്രിസ്തു സമീപത്തുവന്ന് നിൽക്കുന്നു; ഞാൻ വിതുമ്പുമ്പോൾ കണ്ണുനീര് തുടച്ചുതരുന്നു. എന്റെ തലയിൽ കരംവച്ച് തലോടുന്നു. ഒരമ്മ കുഞ്ഞിനെ താലോലി ക്കുന്നതുപോലെ താലോലിക്കുന്നു. ഇതൊക്കെ അനുഭവി ക്കേണ്ടുന്ന കാര്യങ്ങളാണ്. കുറെ തത്വങ്ങളല്ല ഞാൻ പറയുന്നത്. നിങ്ങളുടെ ജീവിതത്തിൽ അങ്ങനെ ചില അനുഭവ ങ്ങൾ നിങ്ങൾ നേടണം.

യോസേഫ് കാരാഗൃഹത്തിൽ ആ അനുഭവം നേടി.

പോത്തീഫറിന്റെ ഭവനത്തിൽവച്ച് ആ അനുഭവം നേടി. അശുദ്ധിയുടെ സാഹചര്യത്തിൽ ആ അനുഭവം നേടി. കച്ചവടക്കാരുടെ പിടിയിൽ അമർന്നുപോകുമ്പോൾ ആ അനുഭവം നേടി. പൊട്ടക്കിണറ്റിൽ കിടക്കുമ്പോൾ ആ അനുഭവം നേടി. യോസേഫിന് എന്നും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു.

അപ്പോഴാണ് ഇതാ, അപ്രതീക്ഷിതമായ ഒരു നേട്ടം. ഒരിക്കലും പ്രതീക്ഷിക്കാത്ത അത്ഭുതകരമായ ഒരു നേട്ടം. എല്ലാ കെട്ടുകളും പൊട്ടി. ജയിലറയുടെ ഭിത്തികളിൽ നിന്ന് പുറമേ വന്നു. വിശാലമായ ലോകത്തിറങ്ങി. പതിമൂന്ന് കൊല്ലം വീർപ്പുമുട്ടിക്കിടന്ന അന്തരീക്ഷത്തിൽനിന്ന് വിശാലമായ ലോകത്തിലേക്ക്!.

വളരെ ബഹുമാനത്തോടുകൂടി പട്ടാളക്കാർ പിടിച്ചു കൊണ്ടുപോകുന്നു. കൊട്ടാരത്തിൽ എത്തി. ഈജിപ്തിലെ ഫറവോ ചക്രവർത്തി പറയുകയാണ്:

> *"ഫറവോൻ തന്റെ ഭൃത്യന്മാരോട്: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ എന്ന് പറഞ്ഞു."* *ഉല്പത്തി 41 : 38*

ഫറവോൻ പറയുകയാണ്: ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ? നിങ്ങൾ നില്ക്കുന്ന സ്ഥാപനത്തിൽ അങ്ങനെ ഒരു വാക്കു കേൾക്കത്തക്കവണ്ണം നിൽക്കണം. ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരാളെ കണ്ടു കിട്ടുമോ? ഞാൻ, ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ 'അസറ്റ്' ആയിരിക്കും. ഞാൻ ആ സ്ഥാപനത്തിൽ നിന്നു പോയാൽ അവിടെയുള്ളവർക്കെല്ലാവർക്കും അതിവ്യസനം വരത്തക്ക വണ്ണം ഞാൻ ഏറ്റവും യോഗ്യമായി നിൽക്കും.

എനിക്കുള്ള ആയുഷ്ക്കാലം മുഴുവൻ എന്റെ കർത്താവേ, നിന്നെ സ്നേഹിച്ചും നിന്നെ ഭയന്നും ഞാൻ നിൽക്കും. ഞാൻ ഏറ്റവും വിശ്വസ്തനായിരിക്കും. അത്

നിങ്ങളുടെ ഹൃദയത്തിൽ വരേണ്ട തീരുമാനമാണ്. നിങ്ങൾ അങ്ങനെയൊരു തീരുമാനം എടുത്താൽ അത് മറ്റ് ജോലിക്കാരെയെല്ലാം സ്വാധീനിക്കും.

നിങ്ങൾ അങ്ങനെ ഒരു വ്യക്തമായ തീരുമാനത്തിലേക്കു വന്നാൽ അതിന്റെ അത്ഭുതകരമായ സ്വാധീനശക്തി അനേകരിലേക്ക് പ്രസരിക്കുകയും എല്ലാവരും ധന്യരായിത്തീരുകയും ചെയ്യും. ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരാളെ കണ്ടു കിട്ടുമോ? രാജാവ് പറയുകയാണ്.

> *"പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തിത്തന്നതു കൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല."* *ഉല്പത്തി 41 : 39*

ഫറവോൻ ജനത്തോട്: "ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ" എന്ന് പറഞ്ഞിട്ട് യോസേഫിനോട് പറയുകയാണ്: ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെടുത്തിത്തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും - ഗൃഹം എന്നു പറഞ്ഞാൽ രാജാവിന്റെ രാജ്യമാണ് - നിന്റെ വാക്ക് ഈ ഈജിപ്തിലുള്ള ജനമെല്ലാം അനുസരിച്ച് നടക്കും. സിംഹാസനം കൊണ്ടുമാത്രം ഞാൻ നിന്നേക്കാൾ വലിയവൻ ആയിരിക്കും എന്ന് പറഞ്ഞു.

ഇതാ, ഞാൻ മിസ്രയീമിനൊക്കെയും നിന്നെ മേലധികാരിയാക്കിയിരിക്കുന്നു. മുദ്രാമോതിരം രാജാവിന്റെ അധികാരത്തിന്റെ മുദ്രയാണ്. ആ മുദ്രാമോതിരം വച്ചാണ് രാജാവിന്റെ കല്പനകൾ മുദ്ര വയ്ക്കുന്നത്. ആ മുദ്രാമോതിരം ഊരി യോസേഫിന്റെ കൈക്ക് ഇട്ടു. സകല കല്പനകളും പുറപ്പെടുവിക്കാൻ ഇനി യോസേഫിനാണ് അധികാരമുള്ളത്.

*"പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെടുത്തി തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന്നു മേലധികാരിയാകും; നിന്റെ വാക്ക് എന്റെ ജനമെല്ലാം അനുസരിച്ച് നടക്കും; സിംഹാസനം കൊണ്ടുമാത്രം ഞാൻ നിന്നേക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു. ഇതാ, മിസ്രയീം ദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു. ഫറവോൻ തന്റെ കൈയിൽ നിന്നു മുദ്രാമോതിരം ഊരി, യോസേഫിന്റെ കൈക്ക് ഇട്ടു, അവനെ നേർമയുള്ള വസ്ത്രം ധരിപ്പിച്ചു." ഉല്പത്തി 41 : 39 – 42*

അത്രമാത്രം രാജാവ് സന്തോഷിച്ചുപോയി. കാരണം, ദൈവം യോസേഫിന് രാജാവ് കണ്ട സ്വപ്നത്തിന്റെ അർത്ഥം വെളിപ്പെടുത്തിക്കൊടുത്തു. സ്വപ്നത്തിന്റെ രത്നച്ചുരുക്കം ഇതായിരുന്നു. "ഏഴു നല്ല കൊഴുത്ത പശുക്കൾ, അതിന്റെ പിന്നാലെ വന്ന ഏഴു മെലിഞ്ഞ പശുക്കൾ കൊഴുത്ത പശുക്കളെ തിന്നുകളഞ്ഞു." രാജാവിന് സ്വപ്നത്തിന്റെ അർത്ഥം മനസ്സിലായില്ല. വേറൊരു സ്വപ്നം കണ്ടു. "ഏഴ് നല്ല സമൃദ്ധിയായ കതിരുകൾ, പിന്നെ ഏഴു മെലിഞ്ഞ കതിരുകൾ. ഈ മെലിഞ്ഞ കതിരുകൾ സമൃദ്ധിയായ കതിരുകളെ തിന്നുകളഞ്ഞു."

രാജാവ് പരിഭ്രാന്തനായി. അന്വേഷിച്ചിട്ടാരെയും കിട്ടുന്നില്ല. അപ്പോഴാണ് രാജാവിന്റെ പാനപാത്രവാഹകൻ പറഞ്ഞത്: ഞാൻ കുറച്ചുകാലം കാരാഗൃഹത്തിൽ കിടന്നല്ലോ. അന്ന് അവിടെ ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. അവൻ സ്വപ്നവ്യാഖ്യാനത്തിന്റെ കൃപാവരം ഉള്ളവനാണ്. സ്വപ്നങ്ങളുടെ അർത്ഥം പറഞ്ഞുതരും. അങ്ങനെ യോസേ

ഫിനെ വേഗം ആളയച്ചു വരുത്തി. യോസേഫ് സ്വപ്നത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തു.

ഏഴ് സമൃദ്ധിയുടെ വർഷങ്ങൾ ഉണ്ടാകും. പിന്നെ ഏഴ് ക്ഷാമത്തിന്റെ വർഷങ്ങൾ വരും. ക്ഷാമത്തിന്റെ വർഷങ്ങൾ സമൃദ്ധിയുടെ വർഷങ്ങളെ തിന്നുകളയത്തക്കവണ്ണം അത്രമാത്രം വലിയ ക്ഷാമം ആയിരിക്കും ഈ ദേശത്തിനൊക്കെയും വരുന്നത്. ഈജിപ്തിൽ മാത്രമല്ല, ചുറ്റുപാടുമുള്ള അനേക ദേശങ്ങളിലേക്ക് ഈ ക്ഷാമം പടരും.

ഈ ഏഴു സമൃദ്ധിയുടെ കാലങ്ങളിൽ ധാരാളം ധാരാളമായി ധാന്യങ്ങൾ എല്ലാം സംഭരിച്ച് സംഭാരപ്പുരകളിൽ, ധാന്യപ്പുരകളിൽ, പാണ്ഡികശാലകളിൽ ഒക്കെ നിറയ്ക്കണം. അങ്ങനെ ചെയ്താൽ ക്ഷാമകാലത്ത് മിസ്രയീമിലുള്ളവർ പട്ടിണി കിടക്കേണ്ടി വരികയില്ല. ചുറ്റുപാടുമുള്ള അനേകർക്ക് ആഹാരം കൊടുക്കാൻ സാധിക്കും.

ഇത്രയും മഹത്തായ സ്വപ്നവ്യാഖ്യാനം ദൈവം വെളിപ്പെടുത്തിക്കൊടുത്തതാണ്. അതുകൊണ്ടാണ് രാജാവ് പറയുന്നത്: ദൈവം ഇതൊക്കെയും നിനക്ക് വെളിപ്പെ ടുത്തിത്തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന് മേലധികാരിയാകും. നിന്റെ വാക്ക് എന്റെ ജനങ്ങളെല്ലാം അനുസരിച്ച് നടക്കും. സിംഹാസനംകൊണ്ട് മാത്രം ഞാൻ നിന്നേക്കാൾ വലിയവൻ ആയിരിക്കും. മിസ്രയീം ദേശത്തിനൊക്കെയും ഞാൻ നിന്നെ മേലധികാരിയാക്കിയിരി ക്കുന്നു എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു.

ഫറവോൻ തന്റെ കൈയിൽ നിന്ന് മുദ്രാമോതിരം ഊരി യോസേഫിന്റെ കൈക്കിട്ടു. നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു. ഒരു സ്വർണ്ണസരപ്പളിയും അവന്റെ കൈക്കിട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി, 'മുട്ടുകുത്തുവിൻ' എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു. ഇങ്ങനെ അവനെ മിസ്രയീം

ദേശത്തിനൊക്കെയും മേലധികാരിയാക്കി.

എന്തുവലിയ പദവിയാണ് അവന് കിട്ടിയത്! യോസേഫിന്റെ ജീവിതത്തിൽ അവൻ കാത്തുസൂക്ഷിച്ചിരുന്ന സ്വപ്നം അങ്ങനെ സഫലീകൃതമാവുകയാണ്. കാത്തു കാത്തു സൂക്ഷിച്ചുകൊണ്ടിരുന്ന സ്വപ്നം! സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവന്റെ മുമ്പിൽ മുട്ടുകുത്തും എന്ന് സ്വപ്നം കണ്ടതായിരുന്നു. ആ സ്വപ്നം അവൻ താലോലിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവന്റെ ജീവിതത്തിൽ ഉയർന്ന പദവിയിൽ എത്തണം എന്ന സ്വപ്നം ഉണ്ടായിരുന്നു. അതെല്ലാം നിറവേറി. ഇനിയും ചിലത് നിറവേറാനുണ്ട്.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കണം. "സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."

നമ്മുടെ പഴയകാലങ്ങൾ മാറ്റിത്തരും. അഭിവൃദ്ധിയുടെ കാലങ്ങൾ ദൈവം നിങ്ങൾക്കു തരും. നിങ്ങൾ ഇന്നത്തെ സ്ഥിതിയിൽ ആയിരിക്കയില്ല. "യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും യിസ്രായേൽ ആനന്ദിക്കുകയും ചെയ്യും." സങ്കീർത്തനം 53 : 6, സങ്കീർത്തനം 14 : 7. സ്ഥിതി മാറ്റുന്ന ഒരു ദൈവം! നിങ്ങൾ ഓരോരുത്തരും അഭിവൃദ്ധിപ്പെടണം. നിങ്ങൾ ഓരോരുത്തരും ഐശ്വര്യം നേടണം.

നിങ്ങൾ ഓരോരുത്തരും ഇന്നത്തേക്കാൾ ഭേദമായ നല്ല നാളെയിലേക്ക് കുതിച്ചെത്തണം. എല്ലാ രംഗങ്ങളിലും പ്രശോഭിക്കണം. നിങ്ങളുടെ ജീവിതം വിലപ്പെട്ടതായിത്തീരണം; അർത്ഥവത്തായിത്തീരണം. ഇതൊന്നും ഭംഗിവാക്കല്ല; വീൺവാക്കല്ല. ഈ വാക്കുകളെല്ലാം അർത്ഥവത്താണ്. അതെല്ലാം ഹൃദയത്തിൽ തൊട്ട് ചാലിച്ചുതരുന്ന വാക്കുകളാണ്. നിങ്ങളുടെ ജീവിതത്തിൽ അതെല്ലാം സംഭവിക്കും.

നിങ്ങൾ ദൈവത്തിങ്കലേക്ക് തിരിയൂ. ക്രിസ്തുവിങ്കലേക്ക്

തിരിയൂ. നിങ്ങൾ നിൽക്കുന്നിടത്ത് ഏറ്റവും നന്നായി നിൽക്കൂ. നിങ്ങൾ നിങ്ങളുടെ സ്ഥാപനത്തിന്റെ വിലപ്പെട്ട നിധിയായി നിൽക്കൂ. നിങ്ങളെക്കണ്ട് അനേകർ അഭിമാനം കൊള്ളട്ടെ. നിങ്ങളെക്കൊണ്ട് അനേകർക്ക് അനുഗ്രഹം പ്രാപിക്കാൻ സാധിക്കട്ടെ. നല്ല കാലങ്ങൾ കർത്താവ് നിങ്ങൾക്ക് തരട്ടെ.

നാം ഒരു കുടുംബമാണ്. സ്നേഹത്തിന്റെ കുടുംബം. ഇവിടെ യാതൊരു വിധത്തിലുള്ള വലിപ്പച്ചെറുപ്പമില്ല. ഇവിടെ സ്നേഹം മാത്രം. ഇവിടെ സ്നേഹത്തിന്റെ സൗമനസ്യം മാത്രം. നിങ്ങൾ ക്രിസ്തുവിനായി ജീവിതം സമർപ്പിക്കൂ. നിങ്ങൾ ക്രിസ്തുവിന്റെ വകയായി തീരൂ. ക്രിസ്തുവിന്റെ ഐശ്വര്യവും സമൃദ്ധിയും കർത്താവ് നിങ്ങൾക്ക് തരും

1. Pit
2. Prison
3. Palace
4. Paradise

ഉള്ളുരുകി കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ ആ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയ അനുഭവങ്ങൾ നിങ്ങൾക്ക് പറയാൻ കാണും. പരീക്ഷ പാസ്സായത്, ജോലി കിട്ടിയത്, ജോലിയിൽ നിങ്ങൾക്ക് അഭിവൃദ്ധി കിട്ടിയത്, വശംകെട്ട് വലഞ്ഞ സമയങ്ങളിൽ നിങ്ങളുടെ ഹൃദയത്തിലെ ചിന്താക്കുഴപ്പങ്ങൾ മാറിയത്, കുടുംബത്തിലെ അസമാധാനങ്ങൾ മാറിയത്, ഇങ്ങനെ പല പല കാര്യങ്ങൾ നിങ്ങൾക്ക് പറയാൻ കാണും. അതുകൊണ്ട് എല്ലാം തികഞ്ഞു എന്നല്ല പറയുന്നത്. എങ്കിലും ഒരളവിൽ നിങ്ങൾക്കെല്ലാവർക്കും സർവ്വശക്തങ്കലേയ്ക്ക് തിരിഞ്ഞപ്പോൾ അഭിവൃദ്ധി കിട്ടിയിട്ടുണ്ട്.

ചിലപ്പോൾ നാം മറന്നുപോയിട്ടുണ്ട്. മനുഷ്യൻ മറവിയുള്ളവനാണ്. നടന്നു വന്ന വഴികൾ മറന്നുപോകും. നഷ്ടമാണ്. ഒരിക്കലും വരരുത്. പത്തോ ഇരുപതോ വർഷം

മുമ്പ് എന്റെ സ്ഥിതി എന്തായിരുന്നു? അത് ചിന്തിക്കണം. അപ്പോഴാണ് നടന്നു വന്ന വഴികളിലേക്ക് നോക്കി ദൈവത്തെ സ്തുതിക്കാൻ പറ്റുന്നത്. മുമ്പ് പോന്ന വഴികളിലേയ്ക്ക് നോക്കിയാൽ ദൈവത്തെ നന്ദിയോടെ സ്തുതിക്കുവാനേ വകയുള്ളൂ. കാരണം, ദൈവം സ്നേഹമാണ്.

*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക."* *യിരെമ്യാവ് 31 : 16*

കണ്ണുനീർ വാർത്തിരുന്ന ഒരു കാലമുണ്ട്. വഴിമുട്ടിപ്പോയ കാലമുണ്ട്. ആ രീതിയിലാണ് പോയിരുന്നതെങ്കിൽ ഇന്ന് എവിടെ ചെല്ലുമായിരുന്നു? ജീവിതത്തിൽ ഒരു പ്രത്യാശയില്ലാതെ, ലക്ഷ്യബോധമില്ലാതെ, ഒരിടത്തും എത്തുമെന്ന പ്രതീക്ഷയില്ലാതെ, എല്ലാ ആഗ്രഹങ്ങളും ആശകളും മങ്ങിമയങ്ങി തകർന്നു പോയ കാലങ്ങൾ! കൂമ്പടഞ്ഞുപോയ ജീവിതങ്ങൾ! മധുരക്കിനാക്കൾ എല്ലാം കരിഞ്ഞുണങ്ങിപ്പോയ കാലം! അങ്ങനെയൊരു കാലമുണ്ടായി രുന്നു.

പുറമെ കരയാത്തപ്പോൾപോലും ഉള്ള് കരഞ്ഞിരുന്ന കാലം! പക്ഷേ, ദൈവത്തിന്റെ ആത്മാവ് പറയുന്നു: "കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊള്ളുക." നിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരാത്ത കാലം വരുന്നുണ്ട്. എന്നും കരഞ്ഞുകൊണ്ടിരുന്നവന്റെ കരച്ചിൽ മാറ്റുന്നു. കണ്ണുനീർ തുടച്ചു തരുന്നു. നടന്നുവന്ന വഴികളിലേക്ക് തിരിഞ്ഞു നോക്കുക.

തിരിഞ്ഞുനോക്കുമ്പോൾ യോസേഫ് നടന്നുവന്ന വഴികൾ എങ്ങനെയായിരുന്നു? ശിശുപ്രായത്തിൽത്തന്നെ അമ്മ മരിച്ചുപോയത്, അതിനെത്തുടർന്ന് കുടുംബത്തിലു ണ്ടായ ക്ലേശങ്ങൾ, സഹോദരന്മാരിൽ നിന്നു വന്ന പീഡകൾ, സഹോദരന്മാർ കൊല്ലാൻ നോക്കിയത്, അവസാനം അവർ പിടിച്ച് വിറ്റത്, യിശ്മായേല്യ കച്ചവടക്കാരുടെ കൂടെ നടന്നത്,

പോത്തീഫറിന്റെ വീട്ടിൽ ചെന്നതും, അവിടെ അടിമവേല ചെയ്തതും. അവിടെയുണ്ടായ വലിയ പ്രലോഭനങ്ങളെ അതിജീവിച്ചത്, പാപം വരരുതെന്ന് ആഗ്രഹിച്ചയാൾക്ക് കിട്ടിയ കാരാഗൃഹവാസം. ഇങ്ങനെ തിരിഞ്ഞു നോക്കുമ്പോൾ സംഭവബഹുലമായ ജീവിതം! നമ്മുടെയെല്ലാം ജീവിതമങ്ങനെ യല്ലേ? ഓർത്തോർത്തു നോക്കിയാൽ നമുക്കു ദൈവത്തെ സ്തുതിക്കാനേ വകയുള്ളൂ.

എവിടെയാണ് ഞാൻ തുടങ്ങിയത്? ഞാൻ ഇത്രയും നാൾ നടന്ന വഴികളിൽ എന്റെ കാൽ ഇടറിയതെവിടെയെല്ലാ മാണ്? ഇടയ്ക്ക് ഞാൻ വീണുപോയതും പരിക്കുപറ്റിയതും എവിടെയെല്ലാമാണ്? എന്റെ ജീവിതത്തിൽ ഏതെല്ലാം ചതിക്കുഴികളിലാണ് വീണുപോയത്? അവിടെനിന്ന് ഇന്ന് ആയിരിക്കുന്ന സ്ഥാനത്തേക്ക് തിരിഞ്ഞു നോക്കണം. അപ്പോഴാണ് കണ്ണ് തുറക്കുന്നത്. എല്ലാറ്റിന്റേയും പിന്നിൽ കരംപിടിച്ചു നടത്തിയ ദൈവം!

എല്ലാം കണ്ട്, ഒരു തിടുക്കവും കൂടാതെ എന്റെ പിന്നാലെ എങ്ങനെ വളർത്തിയെടുക്കേണ്ടൂ എന്നു നോക്കിക്കൊണ്ടുവന്ന വാത്സല്യവാനായ ദൈവം! എന്നെ ഇത്രയിടംവരെ കൊണ്ടുവന്ന ദൈവം! ഇവിടെവരെ എന്നെ എങ്ങനെ എത്തിച്ചു! നമ്മുടെ ഹൃദയത്തിൽ നന്ദിയും സ്നേഹവും നിറയണം. അതാണ് സ്തുതി. അതാണ് ആരാധന.

നാം ദൈവത്തോടും മനുഷ്യരോടും നന്ദിയുള്ളവരായി രിക്കേണ്ടതാണ്. അപകടങ്ങളിൽനിന്ന് രക്ഷിച്ചതിന്, അത്യാഹിതം ഒഴിവാക്കിത്തന്നതിന്, മക്കൾ ഉണ്ടാകില്ല എന്നു പറഞ്ഞിടത്ത് മക്കളെ തന്നതിന്; ഓർത്തു നോക്കിയാൽ ദൈവത്തെ സ്തുതിക്കാനേ വകയുള്ളൂ.

പണ്ടൊക്കെ ആഹാരത്തിന് പഞ്ഞമുണ്ടായിരുന്നു. എന്റെ വീടിന്റെ അടുത്തുള്ള കോളനിയിൽനിന്ന് കുട്ടികൾ രാവിലെ ആഹാരത്തിനു വരുന്നതും എന്റെ അമ്മ സന്തോഷത്തോടെ

അവർക്ക് ആഹാരമെല്ലാം കൊടുക്കുന്നതും എനിക്ക് ഓർമ്മയുണ്ട്. അങ്ങനെയെല്ലാം ചെയ്തത് അനുഗ്രഹ മായിയെന്ന് ഞാൻ കരുതുന്നു. എന്റെ ചെറുപ്പത്തിൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഇരുന്നാണ് ഞാൻ പഠിച്ചത്. ആ കാലങ്ങൾ കഴിഞ്ഞ് ഇന്നായപ്പോൾ വെളിച്ചം, വെള്ളം എല്ലാ സൗകര്യങ്ങളും.

എത്ര പെട്ടെന്നാണ് ഈ മാറ്റങ്ങളെല്ലാം വന്നത്? ഇന്ന് നാം തിരിഞ്ഞുനോക്കുമ്പോൾ കർത്താവേ, ഇവിടംവരെയും എന്നെ എത്തിച്ചല്ലോ, ഈ കടവ് വരെയും എന്നെ എത്തിച്ചല്ലോ, ഈ പ്രായംവരെയും എന്നെ കൊണ്ടുവന്നല്ലോ, ദൈവമേ നിനക്ക് സ്തുതി. ദൈവത്തെ നാം സ്തുതിക്കണം. ദൈവത്തെ നാം വണങ്ങണം. ദൈവത്തിന് നാം മഹത്വം കരേറ്റണം.

# നാല്

*“യാക്കോബ് മിസ്രയീം ദേശത്തു വന്നിട്ടു പതിനേഴു സംവത്സരം ജീവിച്ചിരുന്നു; യാക്കോബിന്റെ ആയുഷ്ക്കാലം ആകെ നൂറ്റിനാല്പത്തേഴു സംവത്സരം ആയിരുന്നു. യിസ്രായേൽ മരിപ്പാനുള്ള കാലം അടുത്തപ്പോൾ അവൻ തന്റെ മകനായ യോസേഫിനെ വിളിപ്പിച്ചു അവനോട്: നിനക്ക് എന്നോടു കൃപയുണ്ടെങ്കിൽ നിന്റെ കൈ എന്റെ തുടയിൻ കീഴിൽ വയ്ക്കുക; എന്നോടു ദയയും വിശ്വസ്തതയും കാണിച്ചു എന്നെ മിസ്രയീമിൽ അടക്കാതെ, ഞാൻ എന്റെ പിതാക്കന്മാരെപ്പോലെ നിദ്ര കൊള്ളുമ്പോൾ എന്നെ മിസ്രയീമിൽ നിന്ന് എടുത്തു കൊണ്ടുപോയി അവരുടെ ശ്മശാനഭൂമിയിൽ അടക്കേണം എന്നു പറഞ്ഞു. നിന്റെ കല്പന പ്രകാരം ഞാൻ ചെയ്യാം എന്നു അവൻ പറഞ്ഞു. എന്നോടു സത്യം ചെയ്ക എന്നു അവൻ പറഞ്ഞു; അവൻ സത്യവും ചെയ്തു; അപ്പോൾ യിസ്രായേൽ കട്ടിലിന്റെ തലയ്ക്കൽ നമസ്ക്കരിച്ചു.”* *ഉല്പത്തി 47 : 28 – 31*

യാക്കോബിന്റെ വേറൊരു പേരാണ് യിസ്രായേൽ. യാക്കോബ് യോസേഫിനോട് അപേക്ഷിക്കുകയാണ്. അപ്പൻ മകനോട് അപേക്ഷിക്കുന്നു: എന്റെ മകനേ, എനിക്ക് നീ ഒരു കാര്യം ചെയ്തുതരണം. നിനക്കു എന്നോടു സ്നേഹമുണ്ടെങ്കിൽ നീ എന്നോടു സത്യം ചെയ്യണം. എന്നെ ഇവിടെ അടക്കരുത്.

ഈ ഈജിപ്തിൽ നിന്ന് എന്റെ മൃതശരീരം പാലസ്തീനിൽ കൊണ്ടുപോയി അടക്കണം. അറുനൂറ് നാഴിക പോകാൻ ബുദ്ധിമുട്ടാണ്. പക്ഷേ, മകനേ, നീ അത് ചെയ്യണം. അക്കാര്യം നീ വേണം നിവർത്തിക്കാൻ.

അപ്പൻ മകനെ ഒരു വലിയ കാര്യം ഏൽപ്പിക്കുന്നു. യോസേഫ്, "അങ്ങനെ ആകാം അപ്പാ" എന്നു പറയുന്നു. തുടർന്നുള്ള ഭാഗം വായിക്കുമ്പോൾ കാണാം യോസേഫിനെ യാക്കോബ് മതിമറന്ന് അനുഗ്രഹിക്കുന്നു. Paradise തുടങ്ങുന്നത് പൂർവ്വപിതാക്കന്മാരുടെ അനുഗ്രഹം വാങ്ങിക്കൊണ്ടാണ്, മറക്കരുത്. അപ്പൻ ചിലപ്പോൾ നിങ്ങളോട് ദേഷ്യപ്പെട്ടിട്ടുണ്ടാകാം, വഴക്കടിച്ചിട്ടുണ്ടാകാം, നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ടാകാം. പക്ഷേ, മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങിക്കൊള്ളണം.

എന്തു ത്യാഗം സഹിച്ചും മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങിക്കൊള്ളണം. യോസേഫ് അനുഗ്രഹം വാരിക്കോരി നേടുകയാണ്. യാക്കോബ് യോസേഫിനെ നിറപടിയായി അനുഗ്രഹിക്കുകയാണ്. യോസേഫിനെ അനുഗ്രഹിക്കുമ്പോൾ യാക്കോബ് വാചാലനായിത്തീരുന്നുണ്ട്. അനുഗ്രഹിച്ചിട്ടും അനുഗ്രഹിച്ചിട്ടും മതിയാകുന്നില്ല.

> *"യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായോരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു. വില്ലാളികൾ അവനെ വിഷമിപ്പിച്ചു; അവർ എയ്തു, അവനോടു പൊരുതു. അവന്റെ വില്ല് ഉറപ്പോടെ നിന്നു; അവന്റെ ഭുജം യാക്കോബിൻ വല്ലഭന്റെ കൈയാൽ ബലപ്പെട്ടു; യിസ്രായേലിന്റെ പാറയായ ഇടയന്റെ നാമത്താൽ തന്നേ. നിൻ പിതാവിന്റെ ദൈവത്താൽ-അവൻ നിന്നെ സഹായിക്കും - സർവ്വശക്തനാൽ തന്നേ -*

*അവൻ മീതെ ആകാശത്തിന്റെ അനുഗ്രഹങ്ങളാലും താഴെകിടക്കുന്ന ആഴത്തിന്റെ അനുഗ്രഹങ്ങളാലും മുലയുടെയും ഗർഭത്തിന്റെയും അനുഗ്രഹങ്ങളാലും നിന്നെ അനുഗ്രഹിക്കും. നിൻ പിതാവിന്റെ അനുഗ്രഹങ്ങൾ എൻ ജനകന്മാരുടെ അനുഗ്രഹ ങ്ങൾക്കുമീതെ ശാശ്വതഗിരികളുടെ അറ്റത്തോളം പ്രബലപ്പെട്ട് അവ യോസേഫിന്റെ തലയിലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകയിലും വരും." ഉല്പത്തി 49 : 22 – 26*

മകനേ, നീ അനുഗ്രഹിക്കപ്പെടും. നിന്റെ തലമുറകൾ അനുഗ്രഹിക്കപ്പെടും. ഇതെല്ലാം വായിക്കുമ്പോൾ നമ്മുടെ ഹൃദയം തരളിതമാകും. നമ്മുടെ ഹൃദയം ഉണരുകയും രോമാഞ്ചമണിയുകയും ചെയ്യും.

ഇപ്പോൾ നിങ്ങൾക്ക് ചിലർക്ക് ഓർക്കാൻ പറ്റും. അയ്യോ! ഞാൻ എന്റെ പിതാവിന്റെ അനുഗ്രഹം വാങ്ങിയില്ലല്ലോ. ഞാൻ അപ്പനെ വേദനിപ്പിച്ചിട്ടുണ്ടല്ലോ. അപ്പനെ ദു:ഖിപ്പിച്ചിട്ടുണ്ടല്ലോ. എന്റെ അമ്മയുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തിയിട്ടുണ്ടല്ലോ. നിങ്ങൾക്ക് ദൈവസന്നിധിയിൽ അനുതപിക്കുന്നതിനു വേണ്ടിയാണ് ഈ ഭാഗം എഴുതുന്നത്. അപ്പന് ഒരുപക്ഷേ തെറ്റ് പറ്റിയിട്ടുണ്ടാകാം. അമ്മ തെറ്റ് കാണിച്ചിട്ടുണ്ടായിരിക്കും. നിങ്ങളെ മുറിപ്പെടുത്തിയിട്ടുണ്ടാകാം. എങ്കിലും മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങിക്കൊള്ളണം.

ഈ ഭൂമിയിൽ പറുദീസ ആരംഭിക്കണം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ സ്വർഗ്ഗീയ അനുഗ്രഹം നാം നേടിയെടുക്കണം. ഒരിക്കൽപ്പോലും മാതാപിതാക്കളെ ഇനി നിങ്ങൾ വേദനിപ്പിക്കരുത്. ഞാൻ ഓർക്കുന്നു, എനിക്ക് എന്റെ അപ്പന്റെ അനുഗ്രഹം വാങ്ങാൻ കഴിഞ്ഞില്ല. കാരണം, എനിക്ക് ഒരു വയസ്സുള്ളപ്പോൾ അപ്പൻ മരിച്ചുപോയി. അപ്പനെ കണ്ട

ഓർമ്മ എനിക്കില്ല. അപ്പന്റെ ലാളനം ഏറെനാൾ ഏൽക്കാൻ പറ്റിയില്ല.

അപ്പന് എന്നെ വളരെ സ്നേഹമായിരുന്നു എന്ന് അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്. എന്നാൽ ഞാൻ പിന്നെ വളർന്നത് എന്റെ അമ്മയുടെ വേദന കണ്ടാണ്. കരച്ചിൽ കണ്ടാണ്. പുറത്ത് ഒരു കാൽപ്പെരുമാറ്റം കേൾക്കുമ്പോൾ പേടി. ഞാൻ ഇത് ആവർത്തിച്ചു പറയാൻ കാരണം എന്റെ അടുക്കൽ വരുന്ന അനേകംപേർ അപ്പനും അമ്മയും നഷ്ടപ്പെട്ടതിൽ നൊന്ത് കരയുന്നവരുണ്ട്. അപ്പനില്ല, അമ്മയില്ല. അമ്മയുടെയും അപ്പന്റെയും അനുഗ്രഹം കിട്ടിയില്ല. സങ്കടപ്പെട്ട് കരയുന്നവരുണ്ട്. വേദനിച്ചു കരയുന്നവരുണ്ട്. അവരുടെ വേദന കണ്ട് അവരോടൊപ്പം ഞാനും കരഞ്ഞിട്ടുണ്ട്.

നിങ്ങളുടെ ജീവിതത്തിൽ അപ്പൻ ഒരുപക്ഷേ മരിച്ചു പോയെങ്കിലും നിങ്ങൾ ദൈവത്തോടു പറഞ്ഞു കരയണം: കർത്താവേ, അക്കരെലോകത്ത് എന്റെ അപ്പന്റെ ആത്മാവ് കഴിയുന്നു. ഞാൻ ഇവിടെ ഈ ഭൂമിയിൽ ഇപ്പോൾ കഴിയുന്നു. ഈ ഭൂമിയിൽ വച്ച് എന്റെ അപ്പന്റെ ഹൃദയത്തെ നൊമ്പര പ്പെടുത്തിയതെല്ലാം നീ എനിക്ക് ക്ഷമിച്ചു തരണം.

എനിക്ക് മാപ്പ് ചോദിക്കാൻ നിർവ്വാഹമില്ല. എനിക്ക് അവസരമില്ല. കാരണം, അവർ ഈ ഭൂമിയിൽ നിന്ന് അക്കരയ്ക്ക് പോയിക്കഴിഞ്ഞു. അവരുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തിയത്, അവരുടെ ഹൃദയത്തിന് വേദന വരുത്തിയത് കർത്താവേ, എന്റെമേൽ കണക്കിടരുത്. നിങ്ങൾ പാപമോചനം പ്രാപിച്ചുകൊള്ളണം.

അപ്പന്റേയും അമ്മയുടേയും പഴയ തലമുറയാണ്. നിങ്ങളുടേത് പുതിയ തലമുറയാണ്. അപ്പന്റെ തലമുറയും നിങ്ങളുടെ തലമുറയും തമ്മിൽ വളരെ വ്യത്യാസങ്ങളുണ്ടാകാം. അതുകൊണ്ട് അവരുടെ ആശയഗതികൾ വച്ചുകൊണ്ടായി

രിക്കാം നിങ്ങളോട് പെരുമാറിയിട്ടുള്ളത്. അത് നിങ്ങൾ കണക്കിടരുത്.

നിങ്ങൾ ദൈവസന്നിധിയിൽ ഇരുന്ന് കരയണം: കർത്താവേ, എന്റെ മാതാപിതാക്കളുടെ അനുഗ്രഹം ഇപ്പോൾ അവർ ഈ ലോകത്തിലില്ലെങ്കിലും എനിക്കു തരണമേ. ഇന്നിന്ന സമയങ്ങളിൽ ഞാൻ അവരെ വേദനിപ്പിച്ചു. ഇന്നിന്ന കാര്യങ്ങളിൽ ഞാൻ അവരുടെ ഹൃദയത്തിന് നൊമ്പരം വരുത്തിപ്പോയി എന്നു പറഞ്ഞ് മാപ്പ് ചോദിച്ച് ആ ബന്ധനം അഴിഞ്ഞു കിട്ടുന്നതുവരെയും നിങ്ങൾ ദൈവസന്നിധിയിലിരുന്ന് കരയണം. അപ്പനും അമ്മയും ജീവിച്ചിരിക്കുന്ന കാലത്ത് അവരുടെ ഉള്ളത്തെ തണുപ്പിക്കണം. ഫിലേമോന്ന് എഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് ഫിലേമോനോട് പറയുന്നു:

> *"അതേ സഹോദരാ, നിന്നെക്കൊണ്ട് എനിക്ക് കർത്താവിൽ ഒരനുഭവം വേണ്ടിയിരിക്കുന്നു; ക്രിസ്തുവിൽ എന്റെ ഹൃദയം തണുപ്പിക്ക."*
>
> *ഫിലേമോൻ 20*

മാതാപിതാക്കളുടെ ഹൃദയം തണുപ്പിക്കണം, മറക്കരുത്. നിങ്ങളുടെ അമ്മ ഒരു പക്ഷേ വിധവയായിരിക്കാം. ആ പാവം സ്ത്രീയുടെ ഹൃദയം തണുപ്പിച്ചുകൊള്ളണം. അമ്മയുടെ ഹൃദയം വേദനിക്കാൻ സമ്മതിക്കരുത്. ഭർത്താവ് മരിച്ചുപോയി. തുണയറ്റവളായി, ഇണയറ്റവളായി ഇന്ന് ഒരാശ്വാസം തേടാൻ വേറെയാരുമില്ല. നിങ്ങൾ ഒരാളേ ആശ്വാസമുള്ളൂ.

ഞാൻ ഇന്നും ഓർക്കുന്നു, ഞാൻ എന്റെ അമ്മയുടെ ഹൃദയം തണുപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അമ്മ നല്ല ദേഷ്യമുള്ള ആളായിരുന്നു. ദേഷ്യം വരാൻ കാരണമുണ്ട്. അമ്മയുടെ മുപ്പതാമത്തെ വയസ്സിൽ അപ്പൻ മരിച്ചുപോയി. ഭർത്താവില്ലാത്ത സ്ത്രീയുടെ വേദന വേറെയാർക്കും

മനസ്സിലാവുകയില്ല. തുണയറ്റുപോയി. അതുകൊണ്ട് അമ്മ പരുക്കൻ പ്രകൃതം ആയിപ്പോയി. ഹൃദയം മരവിച്ചുപോയി. ഹൃദയം കല്ലിച്ചുപോയി.

സന്തോഷങ്ങൾ എല്ലാം തീർന്നു. പിന്നെ ആകെയുള്ള സന്തോഷം ഞാൻ വളർന്നുവരുന്നതാണ്. എന്നെ വളർത്താൻ വേണ്ടി അമ്മ ജീവിച്ചു. എനിക്കിത് നന്നായി അറിയാം. പക്ഷേ, ഞാൻ കല്യാണം കഴിച്ച് ആലീസ് എന്റെ വീട്ടിൽ വന്നപ്പോൾ അമ്മ പരുക്കനാകുമ്പോൾ ആലീസിന് മനസ്സിലാകില്ല.

ആലീസിന്റെ മനസ്സിലെ വേദനയുടേയും അമ്മയുടെ പരുക്കൻ പെരുമാറ്റത്തിന്റേയും ഇടയ്ക്ക് ഞാൻ നിന്നു വിങ്ങിയത് എനിക്കോർമ്മയുണ്ട്. എനിക്ക് ആകുന്നിടത്തോളം അമ്മയുടെ ഉള്ളം വേദനിക്കാതെ ഞാൻ നോക്കി. അമ്മയ്ക്ക് ഭാരം വരാതെ നോക്കി. എപ്പോഴും മാതാപിതാക്കളുടെ ഹൃദയം തണുപ്പിച്ചുകൊള്ളുക. അപ്പോഴാണ് അനുഗ്രഹം വരുന്നത്.

യാക്കോബ് യോസേഫിനെ അനുഗ്രഹിച്ചു. വിശാലമായ അനുഗ്രഹം. അപ്പൻ പറയുന്നു, എന്റെ മകൻ യോസേഫ് ഫലപ്രദമായോരു വൃക്ഷം. നിറയെ ഫലം കായ്ക്കുന്ന വൃക്ഷമാണ് യോസേഫ്. അനേകർ അവനിൽ നിന്ന് മധുരഫലം രുചിക്കുന്നു. അനേകർക്ക് അവൻ മധുരഫലം കൊടുക്കുന്നു. ഈ ഫലപ്രദമായ വൃക്ഷത്തിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു.

എന്റെ മകനായ യോസേഫിനെ പലരും ഉപദ്രവിക്കാൻ നോക്കി. അനേകം പ്രശ്നങ്ങൾ അവനു വന്നു. അനേകം ശത്രുക്കൾ അവനോടു പൊരുതു. അപ്പൻ എല്ലാം ഓർക്കുകയാണ്. എന്റെ മകനേ, നീ എന്തുമാത്രം വേദനകൾ സഹിച്ചവനാണ്? നിന്റെ ഹൃദയം മുറിപ്പെടുത്തുന്നതുപോലെ വില്ലാളികൾ അതിനെ എയ്തു. പക്ഷേ, മകനേ നിനക്ക് ഒരു കുലുക്കവും തട്ടുകയില്ല. കാരണം, നിന്റെ പിതാവിന്റെ ദൈവം

അഥവാ എന്റെ ദൈവം നിന്നെ അനുഗ്രഹിച്ചിരിക്കുകയാണ്. നിന്റെ ഭുജം നിത്യനായ ദൈവത്തിന്റെ കൈയാൽ ബലപ്പെട്ടു.

അതിമനോഹരമായ ഒരു എബ്രായ കവിതയാണിത്. യാക്കോബിന്റെ അനുഗ്രഹങ്ങൾ സുന്ദരമായ കവിതയാണ്. നിന്റെ പിതാവിന്റെ ദൈവം, എന്റെ ദൈവം നിന്നെ സഹായിക്കും. ആകാശത്തിന്റെ അനുഗ്രഹങ്ങൾ നിന്റെമേൽ വരും. താഴെ സമുദ്രത്തിന്റെ അനുഗ്രഹങ്ങൾ നിന്റെമേൽ വരും. എല്ലാറ്റിന്റേയുംമേൽ നിനക്ക് ആധിപത്യമുണ്ടാകും. നിനക്ക് സർവ്വ സമൃദ്ധിയും സർവ്വ ഐശ്വര്യവും ഉണ്ടാകും. ഈ പ്രകൃതി മുഴുവൻ നിന്നെ അനുഗ്രഹിക്കും. എല്ലാ അനുഗ്രഹങ്ങളും നിന്റെമേൽ വരും. തലമുറ തലമുറയായി, മക്കളും മക്കളുടെ മക്കളും അനുഗ്രഹിക്കപ്പെടും. യോസേഫിന്റെ ഗോത്രത്തിനെല്ലാം അനുഗ്രഹമുണ്ടാകും.

പന്ത്രണ്ടു മക്കൾ എനിക്കുണ്ട്. അവരെല്ലാവരിലും മീതെ പ്രഭുവായി ഞാൻ നിന്നെ കാണുകയാണ്. അവരുടെയെല്ലാ വരുടേയും നായകനായി ഞാൻ നിന്നെ കാണുകയാണ്. നീ ഇളയവനാണ്. പക്ഷേ, അവരുടെ നായകനായി ഞാൻ നിന്നെ കാണുന്നു. ഓരോ വാക്കും നാം എടുത്തു ധ്യാനിക്കുമ്പോൾ കാണാം എന്തു വലിയ അനുഗ്രഹമാണ് കിട്ടുന്നതെന്ന്. എന്തു വലിയ ശക്തിയാണ് പകരുന്നതെന്ന്.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ദൈവത്തിന്റെ അനുഗ്രഹം വാങ്ങണം. മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങണം. നിങ്ങളുടെ മുതിർന്നവരുടെ അനുഗ്രഹം വാങ്ങണം. തല നരച്ചവരുടെ, പ്രായമായവരുടെ അനുഗ്രഹം വാങ്ങണം. നിങ്ങളുടെ വീട്ടിൽത്തന്നെയുള്ള മറ്റുള്ളവരുടെ അനുഗ്രഹം വാങ്ങണം. യോസേഫിന് സമൃദ്ധിയായി അനുഗ്രഹം ലഭിക്കുകയാണ്. Paradise (പറുദീസ) ഈ ഭൂമിയിൽ തുടങ്ങണം.

നിങ്ങൾ ചിന്തിച്ചുനോക്കൂ, നിങ്ങളുടെ വീട്ടിൽ സഹോദരങ്ങളോടോ വീട്ടിലുള്ള മറ്റുള്ളവരോടോ നിങ്ങൾക്ക് അകൽച്ചയുണ്ടോ? ഏതെങ്കിലും തരത്തിൽ, എവിടെയെങ്കിലും ഭിന്നതകൾ കിടപ്പുണ്ടോ? നിങ്ങൾ ഇന്ന് അത് മുറിച്ചുകളയണം. ഭിന്നതകൾ മുറിച്ചുകളയണം. നിങ്ങൾക്ക് അനുഗ്രഹങ്ങൾ കിട്ടും. എല്ലായിടത്തും അനുഗ്രഹങ്ങൾ കിട്ടും. ഞാൻ അത്ഭുതത്തോടെ വായിക്കുന്ന ഒരു ഭാഗമുണ്ട്.

> *"അതിന്ന് അവർ: നീ ഞങ്ങളുടെ ജീവനെ രക്ഷിച്ചിരിക്കുന്നു; യജമാനനു ഞങ്ങളോടു ദയയുണ്ടായാൽ മതി; ഞങ്ങൾ ഫറവോന്നു അടിമകളായിക്കൊള്ളാം എന്നു പറഞ്ഞു."*
>
> *ഉല്പത്തി 47 : 25*

യോസേഫിന്റെ സഹോദരന്മാർ യോസേഫിനോട് പറയുന്നത്, 'യജമാന'നെന്നാണ്. ഒരിക്കൽ പതിനേഴ് വയസ്സുള്ള യോസേഫിനെ വിറ്റുകളഞ്ഞവരാണ്. കൊല്ലാൻ പൊട്ടക്കിണറ്റിൽ തള്ളിയിട്ടവരാണ്. സഹോദരന്മാർ എല്ലാവരും യോസേഫിനെ ഒരു പ്രഭുവായും യജമാനനായും കാണുകയാണ്. എന്തുകൊണ്ട്? അവനിൽ ദൈവത്തിന്റെ ആത്മാവുണ്ട്. അവന്റെ മനസ്സ് ദൈവത്തോട് ചേർന്നിരിക്കുന്നു. എന്നാൽ യോസേഫ് പറയുന്നു:

> *"ആകയാൽ നിങ്ങൾ ഭയപ്പെടേണ്ട; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി." ഉല്പത്തി 50 : 21*

യോസേഫിനെ പ്രഭുവായിട്ടാണ് സഹോദരന്മാർ കാണുന്നത്.

> *"യോസേഫ് അപ്പനെ അടക്കിയശേഷം അവനും സഹോദരന്മാരും അവന്റെ അപ്പനെ അടക്കുവാൻ*

*കൂടെ പോയിരുന്ന എല്ലാവരും മിസ്രയീമിലേക്ക് മടങ്ങിപ്പോന്നു. അപ്പൻ മരിച്ചുപോയി എന്നു യോസേഫിന്റെ സഹോദരന്മാർ കണ്ടിട്ട്: പക്ഷേ യോസേഫ് നമ്മെ ദ്വേഷിച്ചു, നാം അവനോടു ചെയ്ത സകല ദോഷത്തിന്നും നമ്മോടു പ്രതികാരം ചെയ്യുമെന്നു പറഞ്ഞു. അവർ യോസേഫിന്റെ അടുക്കൽ ആളയച്ചു: അപ്പൻ മരിക്കുംമുമ്പേ: നിന്റെ സഹോദരന്മാർ നിന്നോടു ദോഷം ചെയ്തു; അവർ ചെയ്ത അതിക്രമവും പാപവും നീ ക്ഷമിക്കേണം എന്നു യോസേഫിനോടു പറവിൻ എന്നു കല്പിച്ചിരിക്കുന്നു. ആകയാൽ അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കേണമേ എന്നു പറയിച്ചു. അവർ യോസേഫിനോടു സംസാരിക്കുമ്പോൾ അവൻ കരഞ്ഞു. അവന്റെ സഹോദരന്മാർ ചെന്നു അവന്റെ മുമ്പാകെ വീണു: ഇതാ, ഞങ്ങൾ നിനക്കു അടിമകൾ എന്നു പറഞ്ഞു. യോസേഫ് അവരോട്: നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ ദൈവത്തിന്റെ സ്ഥാനത്ത് ഇരിക്കുന്നുവോ? നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു. ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി."*

*ഉല്പത്തി 50 : 14 – 21*

യാക്കോബ് മരിച്ചു, അവനെ അടക്കി. അപ്പോൾ സഹോദരന്മാർ പരസ്പരം പറയുന്നു. നമ്മൾ ഈ യോസേഫിനെ

ദ്രോഹിച്ചതല്ലേ? അപ്പൻ മരിച്ചു. ഒരുപക്ഷേ ഇനി യോസേഫ് നമ്മോട് പ്രതികാരം ചെയ്താലോ? അപ്പൻ മരിക്കുംമുമ്പേ യോസേഫിനോട് പറയാൻ അപ്പൻ ആവശ്യപ്പെട്ടിട്ടുണ്ട്, യോസേഫ് ഞങ്ങളോട് എല്ലാം ക്ഷമിക്കണമെന്ന് പറയുവാൻ. അവർക്ക് പേടി. മുൻകൂർ ജാമ്യമെടുക്കുകയാണ്. അപ്പന്റെ ദൈവത്തിന്റെ ദാസന്മാർ, എന്നുവച്ചാൽ ഈ ഞങ്ങളുടെ ദ്രോഹം ക്ഷമിക്കണമേ എന്നു പറയിച്ചു.

ചേട്ടന്മാർ വന്ന് ഞങ്ങളോടു ക്ഷമിക്കണം എന്നു കെഞ്ചി പറയുമ്പോൾ യോസേഫ് കരഞ്ഞു. അവർക്കെന്റെ ഹൃദയം മനസ്സിലായില്ലല്ലോ, എനിക്ക് അവരോടുള്ള സ്നേഹം അവർ അറിയുന്നില്ലല്ലോ എന്നോർത്ത് കരഞ്ഞു. ഞാൻ എന്നേ ക്ഷമിച്ചതാണ്. എന്തിനു വീണ്ടും ക്ഷമിക്കണമേ എന്നു പറയുന്നു എന്നോർത്ത് യോസേഫ് ദു:ഖിക്കുകയാണ്. ഈ സഹോദരന്മാർ യോസേഫിന്റെ കാൽക്കൽ കുമ്പിട്ടു പറഞ്ഞു: ഞങ്ങൾ എല്ലാവരും നിനക്ക് അടിമകൾ. തുടർന്ന് യോസേഫ് പറയുന്നു: നിങ്ങൾ ഭയപ്പെടേണ്ട; ഞാൻ നിങ്ങളുടെ തലമുറകളെ പോറ്റി രക്ഷിക്കും.

പറുദീസ ഭൂമിയിൽ തുടങ്ങുകയാണ്. മറ്റുള്ളവരെ സ്നേഹിക്കുന്ന മനോഭാവം. നമ്മുടെ സ്വന്തം സഹോദരന്മാരോട് ഈർഷ്യയുണ്ടായിരിക്കരുത്. ഒരുപക്ഷേ ദ്രോഹം ചെയ്തെങ്കിലും ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും. യോസേഫിന്റെ മനസ്സ് അതാണ്. നിങ്ങൾ എന്റെ മുമ്പിൽ വീഴേണ്ടവരല്ല. നിങ്ങൾ എന്റെ സഹോദരന്മാരാണ്. നമ്മൾ തുല്യരാണ്. ഒരിക്കലും ഞാൻ നിങ്ങളേക്കാൾ വലിയവനാണെന്ന് തോന്നിയിട്ടില്ല.

നമ്മൾ ഒരുമിച്ചാണ് സന്തോഷിച്ച് ദൈവത്തെ സ്തുതിക്കേണ്ടത്. അപ്പൻ ഭരമേൽപ്പിച്ചില്ലെങ്കിൽപോലും ഞാൻ നിങ്ങളോടു പ്രതികാരം ചെയ്യുകയില്ല. അതെന്റെ സ്വഭാവമല്ല.

പറുദീസ ഭൂമിയിൽ തുടങ്ങണമെങ്കിൽ ക്രിസ്തുവിന്റെ മനസ്സുള്ളവരായിത്തീരണം. ക്രിസ്തുവിന്റെ സ്നേഹമുള്ളവ രായിത്തീരണം.

നിങ്ങൾക്ക് ഓർത്തോർത്ത് കരയാൻ വിഷയങ്ങളില്ലേ? ക്രിസ്തുവിന്റെ മനസ്സില്ലാതെ നാം പരുഷതയോടെ പെരുമാറി യിട്ടില്ലേ? നാം വഴക്കടിച്ചിട്ടില്ലേ? ഏതെങ്കിലും തരത്തിൽ നാം ആരോടെങ്കിലും വൈരാഗ്യം വച്ചുകൊണ്ടിരുന്നിട്ടുണ്ടോ? ആരോടെങ്കിലും പക വച്ചുകൊണ്ടിരുന്നിട്ടുണ്ടോ? ആരെയെ ങ്കിലും ഉപദ്രവിച്ചിട്ടുണ്ടോ? ചിന്തിക്കൂ. ഇന്ന് നിങ്ങളുടെ ജീവിതത്തിൽ പറുദീസ തുടങ്ങണം.

പറുദീസ തുടങ്ങണമെങ്കിൽ ക്രിസ്തുവിന്റെ മനസ്സുള്ള വരായിത്തീരണം. തന്റെ മുഖത്തേക്ക് തുപ്പിയവർക്കുവേണ്ടി പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനസ്സ്! തന്റെ കന്നത്തടി ച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനസ്സ്! കവിളിൽ നിന്ന് രോമങ്ങൾ പിഴുതെടുത്ത ദുഷ്ടന്മാർക്കുവേണ്ടി പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനസ്സ്! തന്നെ ആക്ഷേപിക്കുകയും പരിഹസിക്കുകയും നിന്ദിക്കുകയും നഗ്നനായി ആ കൊടിയ വെയിലത്ത് ക്രൂശിൽ തൂക്കുകയും ചെയ്തവർക്കുവേണ്ടി പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനസ്സ്! കർത്താവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ച ക്രിസ്തുവിന്റെ മനസ്സ്!

ആരോടും പകയില്ലാതെ, ആരോടും വിദ്വേഷമില്ലാതെ കഴിയാൻ പറ്റുമോ? വേണമെങ്കിൽ പറ്റും. നിങ്ങൾക്കു പുതിയ ജീവിതം തുടങ്ങാം. നിങ്ങൾക്ക് ഐശ്വര്യം തുടങ്ങാം. നിങ്ങൾക്കു പറുദീസ തുടങ്ങാം. സമാധാനം തുടങ്ങാം. സന്തോഷം തുടങ്ങാം. സ്വർഗ്ഗീയസൗഭാഗ്യം നിങ്ങൾക്കു തുടങ്ങാം. സ്വർഗ്ഗസന്തോഷം നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ഈ ഭൂമിയിൽ പറുദീസ തുടങ്ങണം.

നിങ്ങൾ ഓരോരുത്തരും സ്നേഹത്തിന്റെ പര്യായമായി തീരണം. ദിവ്യസ്നേഹത്താൽ നിറഞ്ഞവരായി, യേശു ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞവരായി, യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ചരടിൽ കോർത്തിണക്കിയ വരായി ഒറ്റഹൃദയമായി ഒരുമിച്ച് മുന്നേറാം. ഒരുമിച്ച് നമുക്ക് കർത്താവിന്റെ സ്നേഹത്തിന്റെ തണലിൽ മുന്നേറാം. കർത്താവായ യേശുക്രിസ്തുവിന്റെ കരത്തിൽ പിടിച്ചുകൊണ്ട് മുന്നേറാം. നമ്മുടെ ജീവിതത്തിൽ പറുദീസ തുടങ്ങാം. ഈ ഭൂമിയിൽ പറുദീസ തുടങ്ങിയിട്ടുവേണം അക്കരെദേശത്ത് പറുദീസയിലേക്ക് നമുക്കു പറന്നുചെല്ലുവാൻ.

ഒരു ദിവസം നാം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമല്ലോ. നമ്മുടെ പിതാക്കന്മാർ മാറ്റപ്പെടുമല്ലോ. എന്റെ കർത്താവേ, ഈ ഭൂമിയിൽ എന്റെ കണ്ണടയുമ്പോൾ സ്വർഗ്ഗരാജ്യത്തിലേക്ക് എനിക്ക് വരണം. പറുദീസായിലേക്ക് എനിക്ക് വരണം. അതിന് ഇവിടെ എനിക്ക് പറുദീസ തുടങ്ങണം. യേശുവിന്റെ സ്നേഹം എന്റെ ഹൃദയത്തിൽ വരണം. യേശുവിന്റെ സ്വഭാവം എനിക്കു വേണം.

യേശുവിന്റെ സ്വഭാവമുള്ളവനായി, ഒരു പത്തു പൈസയിൽപോലും ക്രമക്കേടില്ലാതെ, പത്തുപൈസയിൽ പോലും വ്യാജമില്ലാതെ, ഒരു പത്തുമിനിറ്റിൽപ്പോലും അലസത യില്ലാതെ, കർത്താവേ, എന്റെ ഹൃദയം നൂറുശതമാനം രഹസ്യങ്ങൾ കാണുന്ന സ്വർഗ്ഗത്തിലെ ദൈവം പ്രസാദിക്കുന്ന തായിത്തീരണം. തെറ്റുപറ്റിയെങ്കിൽ തിരുത്താൻ ഞാൻ തയ്യാറാണ്.

തെറ്റുകൾ പറ്റിയെങ്കിൽ തിരുത്തുക. തെറ്റുകൾ തിരുത്തി വിശുദ്ധി നേടി നിങ്ങൾ ദൈവത്തിന്റെ മക്കളായിത്തീരുക. ഇനി ഒരു പുതിയ ജീവിതമായിരിക്കണം. അത് സ്നേഹത്തിന്റെ ജീവിതമാണ്. അത് കറയറ്റ ജീവിതമാണ്. തിന്മയില്ലാത്ത

ജീവിതമാണ്. അത് കാരുണ്യമുള്ള ജീവിതമാണ്. എല്ലാവരേയും സ്നേഹിക്കുന്ന ജീവിതമാണ്. എല്ലാവരേയും കരുതുന്ന ജീവിതമാണ്. എല്ലാവരുടേയും നന്മ ആഗ്രഹിക്കുന്ന ജീവിതമാണ്. എല്ലാവരും ഒപ്പം കയറിവരാൻ ആഗ്രഹിക്കുന്ന ജീവിതമാണ്.

അങ്ങനെ ഒരു പുതിയ ജീവിതം നമുക്ക് കെട്ടിപ്പടുക്കാം. അതിന് കർത്താവ് നിങ്ങൾക്ക് കൃപതരും. എല്ലാ അനുഗ്രഹങ്ങളും എല്ലാ നന്മകളും നിങ്ങൾക്കു തരും. കർത്താവ് നിങ്ങളോടുകൂടെയിരിക്കും. കർത്താവിന്റെ കരം നിങ്ങളെ തലോടും. കർത്താവിന്റെ കരം നിങ്ങളെ അഭിവൃദ്ധിപ്പെടുത്തും. കർത്താവ് നിങ്ങളെ ഉയർത്തിയുയർത്തി കൊണ്ടുപോകും. ദൈവത്തിന്റെ കൃപ നിങ്ങളെ എല്ലാവിധത്തിലും അഭിവൃദ്ധിയിലേക്ക് നയിക്കുകയും നിങ്ങൾക്ക് എല്ലാ ഐശ്വര്യങ്ങളും തരികയും ചെയ്യും.

കുടുംബമായി നിങ്ങൾ അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ മക്കൾ അനുഗ്രഹിക്കപ്പെടും. തലമുറതലമുറയായി നിങ്ങൾ അനുഗ്രഹിക്കപ്പെടും. മാതാപിതാക്കളുടെ അനുഗ്രഹം നിങ്ങളുടെ തലമേൽ വരും. വന്നുപോയ തെറ്റുകളെ ഓർത്ത് നിങ്ങൾ പശ്ചാത്തപിക്കുക. മാനസാന്തരപ്പെടുക. വന്നുപോയ തെറ്റുകൾ ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുക.

കർത്താവേ, എന്റെ പൂർവ്വികന്മാരുടെ അനുഗ്രഹം, മാതാപിതാക്കളുടെ അനുഗ്രഹം, സഹോദരങ്ങളുടെ അനുഗ്രഹം എല്ലാം എനിക്കു വേണം. എന്റെ ഹൃദയത്തെ കഴുകിത്തരണം. എന്റെ ഉള്ളത്തെ കഴുകിത്തരണം. എന്റെ ബുദ്ധിയെ കഴുകിത്തരണം. എന്റെ മനസ്സിനെ കഴുകിത്തരണം. എന്റെ ആത്മാവിനെ കഴുകിത്തരണം. തിരുരക്തത്താൽ എന്നെ കഴുകിത്തരണം. കർത്താവായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു

ഞാൻ വിശ്വസിക്കുന്നു. കർത്താവേ. തിരുരക്തം ഇപ്പോൾ എന്നെ കഴുകണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ. നിങ്ങൾ സമർപ്പിക്കൂ. യേശുവേ, ഇന്നുമുതൽ ഞാൻ സ്നേഹത്തിന്റെ ഒരു പര്യായമായി ഈ ഭൂമിയിൽ ജീവിക്കും. ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പര്യായമായി ഞാൻ ഈ ഭൂമിയിൽ ജീവിക്കും. യേശുവിന്റെ ഛായയുള്ളവനായി ഞാൻ ജീവിക്കും. യേശുവിന്റെ താഴ്മ, യേശുവിന്റെ എളിമ, യേശുവിന്റെ സ്നേഹം, യേശുവിന്റെ സൗമ്യത, യേശുവിന്റെ ക്ഷമ ഞാൻ എന്റെ ജീവിതത്തിൽ പകർത്തിയെടുക്കുന്നു. യേശുവേ, എന്റെ ഹൃദയത്തിലേക്ക് നിന്നെ ഞാൻ സ്വീകരിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വരണമേ.

## അഞ്ച്

*"വിശ്വാസത്താൽ യാക്കോബ് മരണകാലത്തിങ്കൽ യോസേഫിന്റെ മക്കളെ ഇരുവരേയും അനുഗ്രഹിക്കയും തന്റെ വടിയുടെ അറ്റത്തു ചാരിക്കൊണ്ട് നമസ്ക്കരിക്കയും ചെയ്തു. വിശ്വാസത്താൽ യോസേഫ് താൻ മരിപ്പാറായപ്പോൾ യിസ്രായേൽ മക്കളുടെ പുറപ്പാടിന്റെ കാര്യം ഓർപ്പിച്ചു, തന്റെ അസ്ഥികളെക്കുറിച്ച് കല്പന കൊടുത്തു." എബ്രായർ 11 : 21, 22*

യോസേഫിന്റെ മക്കളായ മനശ്ശെയെയും എഫ്രയീമിനെയും യാക്കോബ് അനുഗ്രഹിച്ചു. രൂബേൻ മുതൽ ബെന്യാമീൻവരെ പന്ത്രണ്ട് മക്കളുണ്ട്. എന്നാൽ അതിൽ യോസേഫിന്റെ മക്കളെയാണ് പ്രത്യേകം അനുഗ്രഹിച്ചു എന്നുപറയുന്നത്. യോസേഫിന്റെ നിൽപ്പാണ് അതിനു കാരണം. പൈതൃകാനുഗ്രഹം വാങ്ങാൻ യോസേഫ് കാരണമായി നിന്നു.

നാം ദൈവാശ്രയമുള്ളവരാണെങ്കിൽ നമ്മുടെ മക്കൾക്ക് പൂർവ്വികാനുഗ്രഹങ്ങൾ കിട്ടും. നിങ്ങൾ ഒരാൾ ശരിയായി നിന്നാൽ നിങ്ങളുടെ മക്കൾക്കനുഗ്രഹം കിട്ടും. ദൈവത്തിന് അത് മറികടന്ന് പോകാൻ ഒക്കുകയില്ല. ഒരു ഭക്തന്റെ മക്കളെ നോക്കാതെ പോകാൻ ദൈവത്തിന് പറ്റുകയില്ല. ദൈവം നിങ്ങളുടെ തലമുറകളെ അനുഗ്രഹിക്കും.

*"അനന്തരം യോസേഫിന്: നിന്റെ അപ്പൻ ദീനമായി കിടക്കുന്നു എന്നു വർത്തമാനം വന്നു; ഉടനെ അവൻ മനശ്ശെ, എഫ്രയീം എന്ന രണ്ടു*

*പുത്രന്മാരെയും കൂട്ടിക്കൊണ്ടു ചെന്നു: നിന്റെ മകൻ യോസേഫ് ഇതാ വരുന്നു എന്ന് യാക്കോബിനെ അറിയിച്ചു; അപ്പോൾ യിസ്രാ യേൽ തന്നത്താൻ ഉറപ്പിച്ചു കട്ടിലിന്മേൽ ഇരുന്നു."*

*ഉല്പത്തി 48 : 1, 2*

തന്നെത്താൻ ഉറപ്പിച്ചു എന്നുപറയാൻ കാരണം യാക്കോബിന് കട്ടിലിൽ ഉറച്ചിരിക്കണമെങ്കിൽ ഒരു വടി വേണം. യാബ്ബോക്ക് കടവിൽ വച്ച് ദൈവവുമായി മല്ല് പിടിച്ചപ്പോൾ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. യാക്കോബിന്റെ self, ego ഉടയുന്നതിനുവേണ്ടി ദൈവം ചെയ്ത ഒരു കാര്യമാണ്. അന്ന് കിട്ടിയതാണ് വടി. വടി ഊന്നിയേ നടക്കാൻ പറ്റൂ.

മകൻ യോസേഫ് കൊച്ചുമക്കളോടു കൂടി വരുന്നു എന്നു പറഞ്ഞപ്പോൾ യാക്കോബ് പിടിച്ച് പിടിച്ച് എഴുന്നേറ്റ് കട്ടിലിൽ ഇരുന്നു. നല്ല മനോഹരമായ രംഗമാണ്. ഞാൻ അത് ഭാവനയിൽ കാണുകയാണ്. മക്കൾ എല്ലാവരും അടുത്തുണ്ട്. പക്ഷേ, യോസേഫ് വരുന്നു എന്നു പറഞ്ഞപ്പോൾ യാക്കോബ് തന്നത്താൻ ഉറപ്പിച്ച് കട്ടിലിന്മേൽ ഇരുന്നു.

*"യാക്കോബ് യോസേഫിനോടു പറഞ്ഞത്: സർവ്വശക്തിയുള്ള ദൈവം കനാൻ ദേശത്തിലെ ലൂസ്സിൽ വച്ച് എനിക്ക് പ്രത്യക്ഷനായി എന്നെ അനുഗ്രഹിച്ചു, എന്നോട്: ഞാൻ നിന്നെ സന്താനപുഷ്ടിയുള്ളവനാക്കി പെരുക്കി നിന്നെ ജനസമൂഹമാക്കുകയും നിന്റെ ശേഷം നിന്റെ സന്തതിക്ക് ഈ ദേശം ശാശ്വതാവകാശമായി കൊടുക്കുകയും ചെയ്യും എന്ന് അരുളിച്ചെയ്തു. മിസ്രയീമിൽ നിന്റെ അടുക്കൽ ഞാൻ വരുംമുമ്പെ നിനക്കു മിസ്രയീംദേശത്തുവച്ചു ജനിച്ച രണ്ടു പുത്രന്മാരായ മനശ്ശെയും എഫ്രയീമും എനിക്കുള്ളവർ ആയിരിക്കട്ടെ; രൂബേനും*

*ശിമെയോനും എന്നപോലെ അവർ എനിക്കുള്ള വരായിരിക്കട്ടെ.”* *ഉല്പത്തി 48 : 3 – 5*

യാക്കോബ് പറയുന്നു: ഈ മക്കൾ നിന്റെയാണ്. എന്നാൽ അവർ എനിക്കുള്ളവരായിരിക്കട്ടെ. എന്റെ മക്കളെ അനുഗ്രഹിക്കുന്നതുപോലെ ഞാൻ അവരെ അനുഗ്ര ഹിക്കുകയാണ്. എന്റെ യൗവ്വനാരംഭത്തിൽ ലൂസ്സിൽ വച്ച് പ്രത്യക്ഷനായി ദൈവം എന്നോടു പറഞ്ഞതാണ്, ഈ ദേശം നിനക്കും നിന്റെ സന്തതിക്കും തരാമെന്ന്. അത് ദൈവം നിറവേറ്റുകയാണ്.

മോനേ, എനിക്ക് അങ്ങനെയൊരു നല്ല കാലമുണ്ട്. ദൈവം എന്നെ വന്ന് കണ്ടുമുട്ടിയ ഒരു ചരിത്രമുണ്ട്. സ്വർഗ്ഗത്തിലെ ദൈവം നമ്മെ കണ്ടുമുട്ടിയ ഒരു ചരിത്രം!

നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ അങ്ങനെ ഒരുകാലം? ഞാൻ ദൈവത്തെ കണ്ടുമുട്ടി. ദൈവം എന്നെ കണ്ടുമുട്ടി. ദൈവം എന്നെ തൊട്ടു. എന്റെ കാര്യം ദൈവം ഏറ്റെടുത്തു. എന്റെ ഭാവിയെക്കുറിച്ചുള്ള നിർണ്ണയങ്ങൾ ദൈവം വെളിപ്പെടുത്തി എന്നു സാക്ഷിക്കാൻ പറ്റുമോ?

അങ്ങനെയൊരു അനുഭവം നിങ്ങൾക്കില്ലെങ്കിൽ ഇന്ന് അത് സമ്പാദിക്കണം. കർത്താവേ, ഇന്ന് നീ എന്നെ തൊടുന്ന ദിവസമാകട്ടെ. കർത്താവിന്റെ കരം എന്നെ പിടിച്ച് എന്നെ നിന്റേതാക്കുന്ന ദിവസമായിത്തീരട്ടെ. ഇന്ന് എന്റെ ജീവിതം ഞാൻ നിന്റെ കരങ്ങളിലേക്ക് ഭരമേൽപ്പിക്കുന്ന ദിവസമാകട്ടെ. എന്ത് പ്രാഗത്ഭ്യത്തോടെയാണ് യാക്കോബ് പറയുന്നത്: ദൈവം എനിക്കു പ്രത്യക്ഷനായി! ഞാൻ ഭാഗ്യശാലിയായി!

എന്റെ ജീവിതത്തിന്റെ മുഴുവൻ ഭാഗ്യവും അവിടെയാണ് തുടങ്ങിയത്. പതിനേഴാമത്തെ വയസ്സിൽ ദൈവം എന്നെ കണ്ടുമുട്ടി. നിർണ്ണായകമായ സംഭവമായിരുന്നു മാനസാന്തരം. ദൈവത്തിന്റെ വചനം എന്നെ ചേർത്തണച്ച സമയം. ഇന്നതൊക്കെ ഓർക്കുമ്പോൾ ഞാൻ രോമാഞ്ചംകൊള്ളും.

അന്ന് ഞാൻ വശംകെട്ടവനാണ്. ഒരാലോചന ചോദിക്കാൻ അപ്പനില്ല.

എന്നും, ഞാനും എന്റെ അമ്മയും പെങ്ങളും ഇരുന്ന് കരയുന്ന കുടുംബം. എന്റെ ഹൃദയത്തിൽ സമാധാനമില്ല. നല്ല രുചികരമായ ഭക്ഷണം ഉണ്ടായിരുന്നു. ഒരു കാര്യവും പറഞ്ഞുതരാൻ ആളില്ല. അങ്ങനെ വശംകെട്ടിരുന്ന സമയത്താണ് ദൈവത്തിന്റെ വചനം എന്നെ പിടിച്ചത്. വചനം എന്നെ തൊട്ടു. അതല്ലേ പിതാക്കന്മാർ പാടുന്നത്: "എന്നെ മയക്കീ നിൻ നൽ സൗന്ദര്യാശ്ചര്യങ്ങൾ." ഞാൻ ഇതെല്ലാം അനുഭവിച്ചുകൊണ്ടാണ് പാടുന്നത്.

"നിൻ മുറിവുകളിൽ നിന്നേറ്റേൻ മൂ-റോൻ
മണമെൻ നാഥാ!
നിന്നധരങ്ങളഹോ പട്ടിൻ-നൂലോടൊത്തുള്ളൂ
കാൺമാൻ വന്നോ-നെന്നെ ഭടർ ചുറ്റി
ഗോഗുൽത്തായി-ക്കവരേ വിട്ടോടി
നിൻ മാർവ്വുതുറന്നും, രക്തം-വാർന്നും കണ്ടേൻ ഞാൻ
കുരിശാലടിയാരേ കാക്കും-നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ-അട്ടഹസിക്കുന്നേൻ.

എന്നെ മയക്കീ നിൻ നൽസൗ-ന്ദര്യാ-ശ്ചര്യങ്ങൾ
നിൻസ്തുതി ദൈവസുതാ പാടാൻ-സ്വരമിവനില്ലൊന്നും
പിതൃവലമായ് നി-ന്നെക്കണ്ടേൻ മേലിൽ
കള്ളന്മാർ ത-ന്നിടയിലുമാഴത്തിൽ
നിൻ ശയ്യ മരിച്ചോർ മദ്ധ്യേ-സ്വർഗ്ഗം നിൻപീഠം
ഈറയർമേലും നരർകീഴും-നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ-അട്ടഹസിക്കുന്നു."

കർത്താവേ, നിന്നെ സ്തുതിക്കാൻ എനിക്കു സ്വരമില്ലല്ലോ. നിന്റെ സൗന്ദര്യം എന്നെ വശീകരിച്ചല്ലോ. എന്നെ സ്വാധീനപ്പെടുത്തിയല്ലോ. ദൈവത്തിന്റെ സ്നേഹമാണ് സൗന്ദര്യമെന്ന് പറയുന്നത്. ഇത് നിങ്ങൾ അനുഭവിക്കണം.

കർത്താവുമായുള്ള ബന്ധം. എന്റെ കാര്യം നോക്കാൻ എനിക്കൊരാളുണ്ട് എന്ന ധൈര്യം. എനിക്കെല്ലാം തുറന്നു പറയാൻ ഒരാളുണ്ട് എന്ന ധൈര്യം.

ഒരു ഭാര്യയും ഭർത്താവും എന്നെ കാണാൻ വന്നു. ഞാൻ അവരോടു പറഞ്ഞു: നിങ്ങൾ ഉള്ളുതുറന്ന് ഒന്നു സംസാരിക്ക്. ഭാര്യയ്ക്ക് ഒരുപിടി ഭാരങ്ങളുണ്ട്. ആരോടു പറയും? ഭർത്താവ് ജോലി കഴിഞ്ഞ് വരുമ്പോൾ വൈകും. ക്ഷീണിതനായി വരുന്നു. വല്ലതും കഴിച്ചിട്ടു കിടക്കും. ഒന്നും മിണ്ടാനും പറയാനും നേരമില്ല. ഞാൻ പറഞ്ഞു: നിങ്ങൾ ഉള്ളു തുറന്നു വർത്തമാനം പറഞ്ഞാൽ കുറെയേറെ ഭാരങ്ങൾ പോകും.

ഒന്നുകിൽ ഭാര്യ ഭർത്താവിനോട്, ഭർത്താവ് ഭാര്യയോട്, അല്ലെങ്കിൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു ദൈവദാസനോട് എല്ലാം തുറന്നു പറയണം. അങ്ങനെ എല്ലാം തുറന്ന് കളയണം. ഒന്നും അകത്ത് വച്ചുകൊണ്ടിരിക്കരുത്. തുറന്നുകളഞ്ഞാൽ നിങ്ങൾക്ക് സമാധാനം കിട്ടും. കർത്താവിന്റെ അടുത്തു തനിയേയിരുന്നു ഹൃദയം തുറന്നു പറയാം. മനുഷ്യരോടു പറയേണ്ടത് മനുഷ്യരോടു പറയുകയും വേണം. ഉള്ളിൽ സമ്മർദ്ദം വരരുത്. യാക്കോബ് യോസേഫിന്റെ മക്കളെ അനുഗ്രഹിക്കുന്നു.

> *‘‘ഇവരുടെ ശേഷം നിനക്കു ജനിക്കുന്ന സന്തതിയോ നിനക്കുള്ളവരായിരിക്കട്ടെ; അവർ തങ്ങളുടെ അവകാശത്തിൽ തങ്ങളുടെ സഹോദരന്മാരുടെ പേരിൻപ്രകാരം വിളിക്കപ്പെടട്ടെ. ഞാൻ പദ്ദനിൽ നിന്നു വരുമ്പോൾ, കനാൻ ദേശത്തു എഫ്രാത്തിൽ എത്തുവാൻ അല്പം ദൂരം മാത്രമുള്ളപ്പോൾ വഴിയിൽവച്ചു റാഹേൽ മരിച്ചു; ഞാൻ അവളെ അവിടെ ബേത്ത്ലഹേം എന്ന എഫ്രാത്തിന്നുള്ള വഴിയരികെ അടക്കം ചെയ്തു.’’*
>
> *ഉല്പത്തി 48 : 6, 7*

ഇതു പറഞ്ഞപ്പോൾ യാക്കോബ് ഏങ്ങലടിച്ചു എന്നാണ് ഞാൻ ചിന്തിക്കുന്നത്. പഴയകാര്യങ്ങൾ ഓർക്കുകയാണ്: മോനേ, നിനക്ക് ഓർമ്മ കാണില്ലായിരിക്കും. നീ അന്ന് കൊച്ചുകുട്ടിയാണ്. നിന്റെ അമ്മ മരിച്ചിട്ട്, നിന്നെ നടത്തിയും ചോരക്കുഞ്ഞായ ബെന്യാമീനെ കൈയിലെടുത്തും യാത്ര ചെയ്തത് നിനക്ക് ഓർമ്മയുണ്ടോ? അന്ന് നീ എന്റെ കൈയിൽ പിടിച്ചല്ലേ നടന്നത്? മരിക്കാറായിക്കിടക്കുന്ന അപ്പൻ പഴയകാലങ്ങൾ ഓർക്കുകയാണ്. കണ്ണു നിറയുന്നു. മനസ്സ് പതറുന്നു. തൊണ്ട ഇടറുന്നു. ഗദ്ഗദസ്വരത്തിൽ യോസേഫി നോടു പിന്നെയും പറയുകയാണ്:

*"യിസ്രായേൽ യോസേഫിന്റെ പുത്രന്മാരെ കണ്ടപ്പോൾ: ഇവർ ആരെന്നു ചോദിച്ചു. ദൈവം ഇവിടെ എനിക്കു തന്നിട്ടുള്ള പുത്രന്മാർ എന്നു യോസേഫ് അപ്പനോടു പറഞ്ഞു. അവരെ എന്റെ അടുക്കൽ കൊണ്ടു വരിക; ഞാൻ അവരെ അനുഗ്രഹിക്കും എന്നു അവൻ പറഞ്ഞു. എന്നാൽ യിസ്രായേലിന്റെ കണ്ണ് വയസ്സുകൊണ്ടു മങ്ങി കാണ്മാൻ വഹിയാതിരുന്നു; അവരെ അടുക്കൽ കൊണ്ടുചെന്നപ്പോൾ അവൻ അവരെ ചുംബിച്ചു ആലിംഗനം ചെയ്തു. യിസ്രായേൽ യോസേഫിനോട്: നിന്റെ മുഖം കാണുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല; എന്നാൽ നിന്റെ സന്തതിയെയും കാണ്മാൻ ദൈവം എനിക്കു സംഗതി വരുത്തിയല്ലോ എന്നു പറഞ്ഞു. യോസേഫ് അവരെ അവന്റെ മുഴങ്കാലുകൾ ക്കിടയിൽ നിന്നു മാറ്റി സാഷ്ടാംഗം നമസ്കരിച്ചു. പിന്നെ യോസേഫ് എഫ്രയീമിനെ വലങ്കൈകൊണ്ടു പിടിച്ചു യിസ്രായേലിന്റെ ഇടങ്കൈക്ക് നേരെയും മനശ്ശെയെ ഇടങ്കൈകൊണ്ടു പിടിച്ചു യിസ്രായേലിന്റെ വലങ്കൈക്കു നേരെയുമായി ഇങ്ങനെ രണ്ടു*

*പേരെയും അവന്റെ അടുക്കൽ കൊണ്ടുചെന്നു."*

*ഉല്പത്തി 48 : 8 – 13*

മനശ്ശെയാണ് ആദ്യം ഉണ്ടായത്. മനശ്ശെയെ അപ്പന്റെ വലങ്കൈകൊണ്ട് അനുഗ്രഹിക്കേണ്ടതിനു വലങ്കൈക്കു നേരെയും എഫ്രയീമിനെ ഇടങ്കൈക്കു നേരെയും നിർത്തി.

*"യിസ്രായേൽ വലങ്കൈ നീട്ടി ഇളയവനായ എഫ്രയീമിന്റെ തലയിലും ഇടങ്കൈ മൂത്തവനായ മനശ്ശെയുടെ തലയിലുമായി അങ്ങനെ തന്റെ കൈകളെ പിണച്ചുവെച്ചു. പിന്നെ അവൻ യോസേഫിനെ അനുഗ്രഹിച്ചു: എന്റെ പിതാക്കന്മാരായ അബ്രാഹാമും യിസ്ഹാക്കും ഭജിച്ചു പോന്ന ദൈവം, ഞാൻ ജനിച്ച നാൾമുതൽ ഇന്നുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം, എന്നെ സകലദോഷങ്ങളിൽനിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ അനുഗ്രഹിക്കുമാറാകട്ടെ; എന്റെ പേരും എന്റെ പിതാക്കന്മാരായ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും പേരും ഇവരിൽ നിലനില്ക്കുമാറാകട്ടെ; അവർ ഭൂമിയിൽ കൂട്ടമായി വർദ്ധിക്കട്ടെ എന്നു പറഞ്ഞു. അപ്പൻ വലങ്കൈ എഫ്രയീമിന്റെ തലയിൽ വെച്ചു എന്നു യോസേഫ് കണ്ടപ്പോൾ അവന്നു അനിഷ്ടം തോന്നി; അപ്പന്റെ കൈ എഫ്രയീമിന്റെ തലയിൽ നിന്നു മനശ്ശെയുടെ തലയിൽ മാറ്റിവെപ്പാൻ പിടിച്ചു. യോസേഫ് അപ്പനോടു: അങ്ങനെയല്ല, എന്റെ അപ്പാ; ഇവനല്ലോ ആദ്യജാതൻ; ഇവന്റെ തലയിൽ വലങ്കൈ വയ്ക്കേണം എന്നു പറഞ്ഞു. എന്നാൽ അവന്റെ അപ്പൻ സമ്മതിക്കാതെ എനിക്ക് അറിയാം; മകനേ, എനിക്ക് അറിയാം; ഇവനും ഒരു വലിയ ജനമായിത്തീരും, ഇവനും വർദ്ധിക്കും; എങ്കിലും അനുജൻ അവനെക്കാൾ അധികം*

*വർദ്ധിക്കും; അവന്റെ സന്തതി ജനസമൂഹമായ് തീരും എന്നു പറഞ്ഞു. അങ്ങനെ അവൻ അന്നു അവരെ അനുഗ്രഹിച്ചു: ദൈവം നിന്നെ എഫ്രയീമിനെയും മനശ്ശെയെയും പോലെ ആക്കുമാറാകട്ടെ എന്നു യിസ്രായേല്യർ നിന്റെ പേർ ചൊല്ലി അനുഗ്രഹിക്കും എന്നു പറഞ്ഞു എഫ്രയീമിനെ മനശ്ശെക്കു മുമ്പാക്കി."*

*ഉല്പത്തി 48 : 14 – 20*

നമുക്കും അനുഗ്രഹം കിട്ടണം. നമ്മുടെമേലുള്ള ദോഷങ്ങളെല്ലാം മാറിക്കിട്ടണം. ഏതെല്ലാം അവിവേകങ്ങൾ സംഭവിച്ചുപോയിട്ടുണ്ടോ, എന്തെല്ലാം കുറ്റങ്ങൾ സംഭവിച്ചു പോയിട്ടുണ്ടോ എല്ലാം കഴുകിക്കിട്ടണം. യേശു കഴുകിത്തരും. യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തം എല്ലാം കഴുകും. നമ്മെ ശുദ്ധീകരിക്കും. നമ്മെ നവീകരിക്കും. നമ്മെ പുതിയ സൃഷ്ടിയാക്കി മാറ്റും. പഴയതെല്ലാം കഴുകിത്തരും. ആ സ്നേഹം! യേശുവിന്റെ സ്നേഹത്തെക്കുറിച്ചു വർണ്ണിക്കാൻ തുടങ്ങുമ്പോൾ നമ്മുടെ ഹൃദയം സ്നേഹംകൊണ്ട് നിറയും.

നമ്മെ കഴുകുന്ന സ്നേഹം! നമ്മെ തഴുകുന്ന സ്നേഹം! നമ്മെ തലോടുന്ന സ്നേഹം! നമ്മെ കാക്കുന്ന സ്നേഹം! നമ്മുടെ കാര്യം അന്വേഷിക്കുന്ന സ്നേഹം! നമ്മുടെ ഭാവി കാണുന്ന സ്നേഹം! നമുക്കുവേണ്ടി ഏറ്റവും നല്ലതു കരുതുന്ന സ്നേഹം! നമ്മെ തലമുറതലമുറയായി അനുഗ്രഹിക്കുന്ന സ്നേഹം! ആ സ്നേഹത്തിനുവേണ്ടി നിങ്ങൾ കൊതിക്കൂ.

എന്റെ കർത്താവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. കുരിശിൽ നീ ചൊരിഞ്ഞ രക്തത്താൽ എന്നെ കഴുകണമേ. എന്നെ നീ അനുഗ്രഹിക്കണമേ. യോസേഫിന്റെ മക്കളെ അനുഗ്രഹിച്ച ജീവനുള്ള ദൈവമേ, അബ്രഹാമിനെയും യിസ്ഹാക്കിനെയും യാക്കോബിനെയും യോസേഫിനെയും യോസേഫിന്റെ മക്കളെയും തലമുറ തലമുറയായി അനുഗ്രഹിച്ച ജീവനുള്ള ദൈവമേ, എന്നെയും അനുഗ്രഹിക്കണമേ. ഇന്ന്

ഈ തലമുറയിൽ ഞാൻ ഇതാ, തിരുമുമ്പിൽ വന്നിരിക്കുന്നു. എന്റെമേൽ നിന്റെ തൃക്കരം വയ്ക്കണമേ. എന്റെമേൽ നിന്റെ ആണിപ്പാടുള്ള കരം വയ്ക്കണമേ. യാക്കോബ് അന്ന് കുഞ്ഞുങ്ങളുടെമേൽ കരംവച്ച് അനുഗ്രഹിച്ചതുപോലെ ഇപ്പോൾ എന്റെ മേൽ നിന്റെ കരംവച്ച് അനുഗ്രഹിക്കണമേ.

നാളിതുവരെ വന്ന എല്ലാ പാപങ്ങളും ക്ഷമിക്കണമേ. എല്ലാ പാപങ്ങളും കഴുകിത്തരണമേ. എന്റെ ഹൃദയത്തിന്റെ 'ടെൻഷൻ' അകറ്റണമേ. എന്റെ മനസ്സിന്റെ വിഷാദം മാറ്റണമേ. എനിക്കൊരു സമാധാനം തരണമേ. കർത്താവേ, എന്നോടു മനസ്സലിയണമേ. നിങ്ങൾ പ്രാർത്ഥിക്കൂ. അനുഗ്രഹം സമൃദ്ധിയായി ഒഴുകിവരട്ടെ. നിങ്ങളുടെ ജീവിതം ശോഭനമായിത്തീരട്ടെ. നിങ്ങളുടെ കുടുംബം അനുഗ്രഹമായിത്തീരട്ടെ. തലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ.

നിങ്ങളുടെ ജോലിസ്ഥലം അനുഗ്രഹിക്കപ്പെടട്ടെ. നിങ്ങൾ മൂലം നിങ്ങളുടെ ജോലിസ്ഥാപനത്തിന് അഭിവൃദ്ധിയും സൽപ്പേരും ഉണ്ടാകട്ടെ. നിങ്ങൾമൂലം ദേശങ്ങൾ അനുഗ്രഹിക്കപ്പെടട്ടെ. കർത്താവിന്റെ കരങ്ങളിലേയ്ക്ക് നിങ്ങളെ ഇപ്പോൾ കൊടുക്കുക. കർത്താവേ, നിന്റെ കരം എന്റെമേൽ വയ്ക്കണമേ. നിങ്ങൾ പ്രാർത്ഥിക്കുക, സമർപ്പിക്കുക.

ഞങ്ങളുടെ ജീവനുള്ള ദൈവമേ, ഈ മനോഹരമായ സമയം ഞങ്ങൾക്കു തന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവിടുത്തെ കരുണയ്ക്കായി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഞങ്ങളുടെ വേദനകളും സങ്കടങ്ങളും മാറ്റുവാൻ, ഞങ്ങളുടെ രോഗങ്ങൾ ശമിപ്പിക്കുവാൻ, ഞങ്ങളുടെ ബാധകൾ അകറ്റുവാൻ, ഞങ്ങളുടെ ബന്ധനങ്ങൾ അഴിക്കുവാൻ നാഥാ! അവിടുന്ന് ഞങ്ങളുടെ മദ്ധ്യത്തിലേയ്ക്ക് എഴുന്നള്ളി വന്നിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ഇപ്പോൾ കർത്താവേ, അവിടുത്തെ ആണിപ്പാടുള്ള

കരങ്ങളിലേക്ക് ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്നു. ഇന്ന് ഈ വചനം വായിക്കുന്ന എല്ലാവരേയും എന്റെ യേശുവിന്റെ സ്വന്തമാക്കിത്തീർക്കണമേ. യേശുവേ, അവിടുത്തെ രാജ്യത്തിനു യോഗ്യരാക്കിത്തീർക്കണമേ. എല്ലാവരേയും തലമുറതലമുറയായി അവിടുന്ന് അനുഗ്രഹിക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധ നാമത്തിൽത്തന്നേ, ആമ്മേൻ.

## ആറ്

*"അനന്തരം യാക്കോബ് തന്റെ പുത്രന്മാരെ വിളിച്ച് അവരോടു പറഞ്ഞത്: കൂടി വരുവിൻ, ഭാവികാലത്തു നിങ്ങൾക്കു സംഭവിപ്പാനുള്ളത് ഞാൻ നിങ്ങളെ അറിയിക്കും. യാക്കോബിന്റെ പുത്രന്മാരേ, കൂടിവന്നു കേൾപ്പിൻ; നിങ്ങളുടെ അപ്പനായ യിസ്രായേലിന്റെ മൊഴിക്കു ചെവിതരുവിൻ!"*

*ഉല്പത്തി 49 : 1, 2*

അതെന്താണ് അങ്ങനെ പറഞ്ഞത്? യാക്കോബിന്റെ പുത്രന്മാരേ, കൂടിവന്നു കേൾപ്പിൻ. യാക്കോബിന്റെ പഴയ അനുഭവം വച്ചുകൊണ്ടാണ് പറയുന്നത്. മക്കൾ ജനിക്കുമ്പോഴൊന്നും അപ്പൻ യിസ്രായേലായി മാറിയിട്ടില്ല. മക്കൾ ജനിക്കുന്ന കാലത്ത് ഈ അപ്പൻ പഴയ യാക്കോബാണ്. പക്ഷേ, മക്കളെല്ലാം ഉണ്ടായിക്കഴിഞ്ഞ് പിന്നെ യാക്കോബിന്റെ പേര് മാറി. യാക്കോബ് പഴയ മനുഷ്യനായിരുന്ന ഒരുകാലമുണ്ട്. എന്നാൽ യാക്കോബ് ഒരു ദൈവപുരുഷനായി മാറി, യാക്കോബ് യിസ്രായേലായി.

The Prince of God! യിസ്രായേൽ എന്ന വാക്കിന്റെ അർത്ഥമാണ്, ദൈവത്തിന്റെ രാജകുമാരൻ! ദൈവത്തിന്റെ പ്രഭുകുമാരൻ! അടുത്ത വാക്യം, നിങ്ങളുടെ അപ്പനായ യിസ്രായേലിന്റെ മൊഴിക്കു ചെവിതരുവിൻ എന്നാണ്. പഴയ യാക്കോബല്ല പറയുന്നത്. ഞാൻ ആത്മാവിൽ നിൽക്കുന്ന ഒരു പുരുഷനാണ്. ഞാൻ രൂപാന്തരപ്പെട്ട ഒരു മനുഷ്യനാണ്. ഞാൻ

യിസ്രായേലാണ്. ഞാൻ നിങ്ങൾക്ക് തരുന്നത് ദൈവത്തിന്റെ അരുളപ്പാടാണ്. ദൈവത്തിനു നിങ്ങളോട് പറയാനുള്ള ദൂതാണ്.

നമ്മുടെ ജീവിതത്തിലും ഈ ഒരു പ്രകടമായ മാറ്റം വന്നേ പറ്റുകയുള്ളൂ. എനിക്ക് മാനസാന്തരം സാധിക്കുകയില്ല എന്ന് നിങ്ങളൊരിക്കലും പറയരുത്, ചിന്തിക്കരുത്. മാനസാന്തരം കിട്ടിയേ ഒക്കൂ. സഭ മാറണ്ട, സമുദായം മാറണ്ട. നിങ്ങൾക്ക് രൂപാന്തരപ്പെടാം. നിങ്ങൾക്ക് മാനസാന്തരപ്പെടാം. എന്റെ ഹൃദയത്തിലുള്ള വളരെ വ്യക്തമായ ചിത്രമാണ് ഞാനീ പറയുന്നത്. നിങ്ങൾ നിൽക്കുന്നേടത്തു നിൽക്കൂ. ഭംഗിവാക്ക് പറയുന്നതല്ല. എന്റെ ഈ ആദർശം വളരെ കൃത്യമാണ്. സഭയൊന്നും മാറണ്ട. പക്ഷേ, ഹൃദയം മാറണം; മാറിയേ പറ്റൂ. മാറിയില്ലെങ്കിൽ തീരാനഷ്ടമാണ്.

യാക്കോബ് യിസ്രായേലായി മാറണം. ശൗൽ പൗലോസായി മാറണം. ശീമോൻ പത്രോസായി മാറണം. ശൗൽ ഉപദ്രവിയായിരുന്നു; നിഷ്ഠൂരനായിരുന്നു; സ്തെഫാനോസിനെ കല്ലെറിയുന്നതിന് നേതൃത്വം കൊടുത്തവനായിരുന്നു. ആ ശൗൽ പിന്നീട് പൗലോസ്ശ്ലീഹാ ആയി മാറി. ശീമോൻ ഭീരുവായിരുന്നു. ശീമോൻ എടുത്തുചാട്ടക്കാരനായിരുന്നു. ശീമോൻ കോപിഷ്ഠനായിരുന്നു. ശീമോൻ ചഞ്ചലഹൃദയനായിരുന്നു. ഒരു കെട്ടുറപ്പില്ലാത്തവനായിരുന്നു. പക്ഷേ, ശീമോൻ പാറപോലെ ഉറപ്പുള്ള പത്രോസ് ആയി മാറി.

ശമര്യായിലെ സ്ത്രീ! അവൾ അഞ്ച് വിവാഹം കഴിച്ചു! അഞ്ചു ഭർത്താക്കന്മാരെയും ഉപേക്ഷിച്ചു! അഞ്ചു വിവാഹമോചനം! പിന്നെ വിവാഹം കഴിച്ചില്ല. പക്ഷേ, ഒരാളുടെകൂടെ താമസിക്കുകയാണ്. "അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല." ഇങ്ങനത്തെ ഒരു സ്ത്രീ, സമൂഹത്തിൽ മനുഷ്യർ കൂടുന്നേടത്ത് വരാൻ അറയ്ക്കപ്പെടുന്ന ഒരു സ്ത്രീ, അവൾ ക്രിസ്തുവിന്റെ സാക്ഷി

യായിത്തീർന്നു. “ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ മനുഷ്യനെ വന്നുകാൺമിൻ” എന്ന് പറയുന്ന ഒരു സാക്ഷിയായിത്തീർന്നു.

യാക്കോബ് യിസ്രായേലായി മാറി. നിങ്ങൾ ചിന്തിയ്ക്കൂ. എന്റെ ജീവിതത്തിൽ മാറ്റം വന്നോ? നിങ്ങൾക്ക് പലകാര്യങ്ങളിലും ഒരളവിൽ മാറ്റം വന്നിട്ടുണ്ട്.

എന്നാൽ നിങ്ങളുടെ സ്വന്തം ജീവിതത്തിൽ മാറ്റം വന്നോ? ഒരിക്കലായിട്ട് ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുത്തു എന്നൊരു ഉറപ്പുണ്ടോ? ഈ ജീവിതം യേശുവിന് കൈമാറി എന്നൊരുറപ്പുണ്ടോ? ഈ ജീവിതം എന്നന്നേക്കുമായി യേശുവിന് കൊടുത്തു എന്നുള്ള ഒരുറപ്പുണ്ടോ? നിങ്ങൾക്ക് ഭാരങ്ങളുണ്ട്, കഷ്ടപ്പാടുകളുണ്ട്. പക്ഷേ, ഈ ജീവിതം യേശുവിന് കൊടുത്തു. എന്നാണ് കൊടുത്തത് എന്നറിയാൻ പാടില്ല. പക്ഷേ, ജീവിതം കൊടുത്തു.

വചനം കേട്ടു. പക്ഷേ, അപ്പോൾ ആവണമെന്നില്ല. വചനം കേൾക്കുമ്പോൾ ആകരുതെന്നുമില്ല. പക്ഷേ, ആ ഒരു അനുഭവം ഉണ്ടാകണം. എന്റെ ജീവിതം ഒരിക്കലായിട്ട് യേശുക്രിസ്തുവിന് കൊടുത്തു എന്നുള്ള ഒരുറപ്പ് നിങ്ങൾക്ക് വേണം. ഈ ജീവിതത്തിന്റെ അവകാശി യേശു ആണ്.

ഈ ലോകത്തിൽ കാണുന്ന ആർക്കും ആത്യന്തികമായി എന്നെ സഹായിക്കാൻ സാധ്യമല്ല. എന്റെ ഭാര്യയ്ക്ക് എന്നെ സ്നേഹമാണ്. പക്ഷേ, അവൾക്കും ഒരു അത്യാവശ്യഘട്ടത്തിൽ എന്നെ സഹായിക്കാൻ സാധ്യമല്ല. മരണത്തിന്റെ തണുപ്പ് എന്നെ ബാധിക്കുമ്പോൾ എനിക്ക് സഹായം ചെയ്യാൻ എന്റെ ഭാര്യയ്ക്കും സാധ്യമല്ല. അപ്പനും അമ്മയ്ക്കും സാധ്യമല്ല. അവരെല്ലാം നിസ്സഹായതയോടെ നോക്കും.

ആ സമയത്ത് സഹായിക്കാൻ യേശുക്രിസ്തു മാത്രമേ ഉള്ളൂ. നാം നിസ്സഹായരായിത്തീരുന്ന സമയങ്ങളുണ്ട്. രോഗം

ബാധിക്കുന്ന ചില സമയങ്ങളുണ്ട്. വേദനയിൽ പിടയുന്ന സമയങ്ങളുണ്ട്. മനസ്സ് നൊന്ത് വിങ്ങുന്ന ചില സമയങ്ങളുണ്ട്. ആവശ്യങ്ങളിൽപ്പെട്ട് നാം അഴലാർന്നു വേദനിക്കുന്ന ചില സമയങ്ങളുണ്ട്. എങ്ങനെ മുന്നോട്ട് പോകും എന്നറിയാതെ പതറിപ്പോകുന്ന സമയങ്ങളുണ്ട്. പരിഭ്രാന്തി നമ്മെ വലയം ചെയ്യുന്ന സമയങ്ങളുണ്ട്. സംഭ്രമിച്ചു വിഷമിച്ചു പോകുന്ന സമയങ്ങളുണ്ട്. ഒരു ചുവടുവയ്ക്കാൻ കഴിയാതെ അമ്പരപ്പിലാകുന്ന സമയങ്ങളുണ്ട്.

പക്ഷേ, അപ്പോഴെല്ലാം താങ്ങാൻ യേശു വരും. അതു നിങ്ങൾ വിശ്വസിക്കുക. യിസ്രായേലായി മാറണം. യിസ്രായേലായി മാറിയാൽ വചനം കൊടുക്കാൻ പറ്റും. അറിവിൽ നിന്ന് വചനം കൊടുക്കാം. നാം ആള് മാറിക്കഴിഞ്ഞാൽ മറ്റുള്ളവരിൽ ജീവനുത്പാദിപ്പിക്കുന്ന, മറ്റുള്ളവർക്ക് ആശ്വാസം കൊടുക്കുന്ന, മറ്റുള്ളവർക്ക് സമാധാനം കൊടുക്കുന്ന, മറ്റുള്ളവരുടെ രോഗം മാറ്റുന്ന, മറ്റുള്ളവരുടെ ഭൂതാത്മാക്കളെ പുറത്താക്കുന്ന ആത്മനിറവിന്റെ വചനം കൊടുക്കാൻ നമുക്ക് സാധിക്കും.

യാക്കോബിന്റെ നാവിൽക്കൂടി അനുഗ്രഹത്തിന്റെ വാക്കുകൾ ഒഴുകിയൊഴുകി വരികയാണ്. ഈ അനുഗ്രഹത്തിന്റെ വാക്കുകളെല്ലാം യോസേഫിന്റെ തലയിലേക്ക് വരികയാണ്. യോസേഫിനോട് ചേർന്ന് യോസേഫിന്റെ മക്കൾ രണ്ടുപേരും നിൽക്കുന്നുണ്ട്. ഈ കൊച്ചുമക്കളെ ചേർത്ത് പിടിച്ചുകൊണ്ടാണ് യോസേഫ് വന്ന് നിൽക്കുന്നത്.

അപ്പനായ യാക്കോബിന്റെ അടുക്കൽ യോസേഫ് മക്കൾ രണ്ടുപേരേയും ചേർത്തുകൊണ്ട് നിൽക്കുകയാണ്. ഈ മകനോട് അപ്പൻ പറയുകയാണ്: മോനേ, നീ ഫലപ്രദമായോരു വൃക്ഷം. ഫലം കായ്ക്കുന്നു. ഗലാത്യർ 5-ാം അദ്ധ്യായത്തിൽ 22-ാം വാക്യത്തിൽ ഏതെല്ലാം ഫലമാണ് നാം കായ്ക്കേണ്ടത് എന്ന് എഴുതിയിട്ടുണ്ട്.

*ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം,*

*സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വ സ്തത, സൗമ്യത, ഇന്ദ്രിയജയം.”     ഗലാത്യർ 5 : 22*

ആത്മാവിന്റെ ഫലം! ചക്ക ഒരു ഫലമാണ്. പക്ഷേ, ആ ചക്കയ്ക്കുള്ളിൽ അനേകം ഫലങ്ങളുണ്ട്. ഓരോ ചക്കക്കുരുവും ഓരോ ഫലമായിട്ട് ഉത്പാദിപ്പിക്കുകയാണ്. ചക്ക ഒരൊറ്റ ഫലമാണ്. അതിനകത്ത് അനേകം ചുളയുണ്ട്. അതുപോലെ ആത്മാവിന്റെ ഫലം എന്ന് പറഞ്ഞാൽ ഒന്നാണ്. പക്ഷേ, അതിനകത്ത് സ്നേഹമുണ്ട്, സന്തോഷമുണ്ട്, സമാധാനമുണ്ട്, ദീർഘക്ഷമയുണ്ട്, ദയയുണ്ട്, പരോപകാരമുണ്ട്, വിശ്വസ്തതയുണ്ട്, സൗമ്യതയുണ്ട്. ഇന്ദ്രിയജയമുണ്ട്. ആകെ ഒൻപത് ഫലങ്ങളുണ്ട്. ആത്മാവിന്റെ ഫലം ഉള്ള ഒരു ആളത്വത്തിന്റെ ഉടമയായി നാം മാറുന്നു. നമ്മുടെ ജീവിതത്തിൽ ആത്മാവിന്റെ ഫലം നമ്മിൽനിന്ന് മറ്റുള്ളവർക്ക് ഭക്ഷിക്കാൻ കിട്ടണം.

ഞാനൊരു വലിയ മർമ്മം പറഞ്ഞുതരാം. ഈ സുവിശേഷവേലയിൽ ഞാൻ ഒട്ടേറെ ആക്ഷേപം കേട്ടിട്ടുണ്ട്. എന്തുമാത്രം പരിഹാസം ഏറ്റു. എന്റെ സ്വന്തം വിദ്യാർത്ഥികൾ പോലും എന്നെ പരിഹസിച്ചു. പക്ഷേ, ഞാൻ തളരാതിരുന്നത് എന്തുകൊണ്ടാണെന്നറിയാമോ? കാരണം, കുറേയേറെപ്പേർക്ക് നല്ല ഫലങ്ങൾ ഭുജിക്കാൻ കിട്ടി. എത്രയോ പേർക്ക് അനുഗ്രഹം ലഭിച്ചു. ഒരു കോതമ്പുമണി നിലത്തുവീണു ചാകുന്നു എങ്കിൽ വളരെ വിളവുണ്ടാകും; അനേകം കോതമ്പുമണികൾ ഉത്പാദിപ്പിക്കപ്പെടും.

ഒരു കോതമ്പുമണി താഴെവീണ് ചെളിയിൽ പുതഞ്ഞ് കിടക്കുന്നു. കാളയോ പോത്തോ നടന്നുപോകുമ്പോൾ അതിന്മേൽ ചവിട്ടുന്നു. അതിന്റെ ഉമിയെല്ലാം പോയെന്ന് വരും. ഏതായാലും കുറച്ചുനാൾ കഴിയുമ്പോഴേക്കും ആ ചെറിയ വിത്ത് മുളച്ച് തൈയായി വളരുന്നു. കുറച്ചുകഴിയുമ്പോഴേക്കും കതിരായിത്തീരുന്നു. ഒരു കോതമ്പുമണിയിൽനിന്നും

അനേകം കതിരുകൾ ഉണ്ടാകുന്നു.

നിങ്ങൾ പറയണം: കർത്താവേ, എനിക്ക് മനസ്സാണ്. ഒരു കോതമ്പുമണി നിലത്തുവീണു ചാകുന്നതുപോലെ ചത്ത് അനേകർക്ക് ഫലം കൊടുക്കാൻ എനിക്ക് മനസ്സാണ്; എനിക്ക് ആഗ്രഹമാണ്. അതിനായി ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കുകയാണ്.

*"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: കോതമ്പു മണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും."* *യോഹന്നാൻ 12 : 24*

കോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കും. അത് പത്തായത്തിൽ കിടന്നാൽ ആ വിത്ത് അവിടെ ഇരിക്കും. നെൽവിത്ത് പത്തായത്തിൽ കിടക്കുകയാണോ അവിടെ ഇരിക്കും. ഒരു കേടും വരില്ല. ഒരു ദോഷവും ഇല്ല. പക്ഷേ, അത് പത്തായത്തിൽ നിന്നെടുത്ത് ചെളിയിലേക്ക് വാരിയെറിയുമ്പോഴോ അല്പം കഴിയുമ്പോൾ ആ ചെളിയിൽനിന്ന് വരുന്നു ഒരു ചെറിയ മുള.

പത്തായത്തിൽ കിടന്നാൽ കുഴപ്പമില്ല. നമ്മൾ രംഗത്തൊന്നും പോയില്ലെങ്കിൽ ഒരു ആക്ഷേപവുമില്ല. നമ്മൾ ആത്മീയരംഗത്ത് നിന്നില്ലെങ്കിൽ ഒരു കുഴപ്പവും ഇല്ല. നമ്മൾ കർത്താവിന്റെ വേലചെയ്തില്ലെങ്കിൽ ഒരു പരിഹാസവും ഉണ്ടാവുകയില്ല. 1964-ൽ ആണ് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് തുടങ്ങിയത്. തുടങ്ങിയ ദിവസം ഞാൻ കോളേജിൽ ചേർന്നു.

1964 മുതൽ 1973 വരെ ഞാൻ ബഹുമാന്യനായിരുന്നു. അത്ര സമ്മതനായിരുന്നു. എന്തിന്, അത്ര ചെറുപ്രായത്തിൽ പ്രിൻസിപ്പൽ അച്ചൻ എന്നെയാണ് വൈസ് പ്രിൻസിപ്പലായി വച്ചത്. എന്നെയാണ് കോളേജിന്റെ കാര്യങ്ങളെല്ലാം ഭര

മേൽപ്പിച്ചത്. എന്നേക്കാൾ സീനീയേഴ്സായിട്ട് പലരുമുണ്ടായിട്ടും.

ഞാൻ പറയട്ടെ. അത്ര ചെറുപ്രായത്തിൽ പിള്ളേരുടെ ഒരു ഹീറോ ആയിരുന്നു ഞാൻ. എന്തായിരുന്നു അന്നത്തെ കാലം! ഭൗതികമായി പറഞ്ഞാൽ വളരെ ശ്രേഷ്ഠതയേറിയ ഒരു കാലം! പക്ഷേ 1973-ൽ ഞാൻ വളരെ ആഴമേറിയ ഒരു സമർപ്പണം എടുത്തു. യേശുക്രിസ്തുവിന് ജീവിതം മുഴുവനായി കൈമാറി. അതിനുശേഷം പരിഹാസമായി, പുച്ഛമായി, കളിയാക്കലായി, എന്നെ ഒറ്റപ്പെടുത്തലായി; ഏതെങ്കിലും തരത്തിൽ വിഷമിപ്പിക്കലായി. എല്ലാം പ്രശ്നങ്ങളായി. അദ്ധ്യാപകർ ഒറ്റപ്പെടുത്തുന്നു. അദ്ധ്യാപകർ കുതികാൽ ചവിട്ടുന്നു. പിള്ളേര് കളിയാക്കുന്നു.

ഒരു ദിവസം കോളേജിൽ ചെന്നപ്പോൾ ചിലർ അടക്കം പറഞ്ഞ് ചിരിക്കുന്നു. എന്താണ് ചിരിക്കാൻ കാരണം? കോളേജിലെ ഒരു ഡിപ്പാർട്ട്മെന്റ് ഹെഡ് പറഞ്ഞു: "യോഹന്നാൻ സാർ വെള്ളം വീഞ്ഞാക്കാൻ ഒരു വ്യക്തിയോട് കിണറ്റിൽ ചാടാൻ പറഞ്ഞു. ആ വ്യക്തി കിണറ്റിൽ ചാടി. യോഹന്നാൻ സാർ അയാളെ വഞ്ചിച്ചു. എല്ലാവരും കൂടി അയാളെ കിണറ്റിൽനിന്നും വലിച്ചു കയറ്റി. ചുമ്മാ സാറിനുണ്ടായ ഒരു തമാശ." ഇങ്ങനെയെല്ലാം ആക്ഷേപങ്ങൾ ഉണ്ടായി. പക്ഷേ, ഞാൻ പറയട്ടെ, എനിക്കൊരു കൂസലും ഉണ്ടായില്ല. ഒരണുപോലും വിഷമമുണ്ടായില്ല.

കോളേജിൽ തന്നെ പലരും എന്നെ ആക്ഷേപിക്കുന്ന സമയത്തും പല കുട്ടികളും എന്റെ അടുക്കൽ വന്ന് ആശ്വാസം പ്രാപിച്ചിരുന്നു. പല കുട്ടികളും എന്റെ അടുക്കൽ വന്ന് അവരുടെ വിഷമങ്ങളും വേദനകളും പറയുമ്പോൾ അവർക്ക് ആവശ്യമുള്ള ഉപദേശം കൊടുക്കാനും ആവശ്യമുള്ള പ്രബോധനം കൊടുക്കാനുമൊക്കെ സാധിച്ചിരുന്നു. അനേകം പേർക്ക് ആശ്വാസം കൊടുക്കാൻ കർത്താവ് എന്നെ ഉപയോഗിച്ചി

രുന്നു.

മക്കളേ, നിങ്ങളുടെ ജീവിതം ഫലപ്രദമായ വൃക്ഷമായിരിക്കണം. മനുഷ്യർ മനസ്സിലാക്കില്ല. പക്ഷേ, നിങ്ങളുടെ വീട്ടിൽ നിങ്ങൾ ഫലപ്രദമായ വൃക്ഷമാണോ? നിങ്ങളുടെ മക്കൾക്ക് നിങ്ങൾ ഫലപ്രദമായ വൃക്ഷമാണോ? സഹോദരങ്ങൾക്ക് ഫലപ്രദമായ വൃക്ഷമാണോ? മാതാപിതാക്കൾക്ക് ഫലപ്രദമായ വൃക്ഷമാണോ? ഫലം കായ്ക്കുന്ന വൃക്ഷമാണോ? ഫലം കായ്ക്കുന്ന വൃക്ഷമായിരിക്കണം. ഇതുവരെ കായ്ച്ചിരുന്നത് ജഡത്തിന്റെ ഫലങ്ങളാണ്.

> *"ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു."     ഗലാത്യർ 5 : 19 – 21*

ജഡത്തിന്റെ പ്രവൃത്തികൾ പതിനഞ്ചെണ്ണമുണ്ട്. ജഡത്തിന്റെ പ്രവൃത്തികളാണ് നമ്മുടെ ജീവിതത്തിൽ കായ്ച്ചുകൊണ്ടിരുന്നത്. ജഡത്തിന്റെ പ്രവൃത്തികൾ എന്തെല്ലാം കായ്ച്ചുകൊണ്ടിരുന്നു? ദുർന്നടപ്പ് – Pre marital sex and extra marital sex.

ലൈംഗികത്വം പാപമൊന്നുമല്ല. അത് ഒരനുഗ്രഹമാണ്. ആരോഗ്യമുള്ള ഏതു പുരുഷനും ആരോഗ്യമുള്ള ഏത് സ്ത്രീക്കും ലൈംഗികതയുണ്ട്, തെറ്റില്ല. പക്ഷേ, അതിൽ pre marital sex പാടില്ല. വിവാഹത്തിനുമുമ്പ് ലൈംഗികമായ തെറ്റുകളിലേക്ക് പോകരുത്. അത് സ്വയമായിട്ട് ചെയ്യരുത്. മറ്റുള്ളവരോടും ചെയ്യരുത്. സ്വയമായിട്ട് മോഹിക്കരുത്. മറ്റുള്ളവരേയും മോഹിക്കരുത്. "സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി" എന്ന് കർത്താവ് ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞു.

ദുർന്നടപ്പ് - Extra marital sex. വിവാഹം കഴിഞ്ഞതിന് ശേഷം അന്യസ്ത്രീകളിലേക്ക് നോക്കരുത്. അന്യസ്ത്രീകളിലേക്ക് മോഹം പോകരുത്. സ്വന്തം ഭാര്യയല്ലാതെ വേറെ ബന്ധം പാടില്ല. ഏറ്റവും നല്ലത് കർത്താവ് എനിക്ക് തന്നിരിക്കുന്നു. എന്റെ ഭാര്യ ഏറ്റവും നല്ലത്, എല്ലാറ്റിലും നല്ലത്. എനിക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല ഭാര്യ. ആ ഒരു ചിന്ത ഉണ്ടായിരിക്കണം. ഒരിക്കലും മറ്റു സ്ത്രീകളുമായി സ്വന്തം ഭാര്യയെ താരതമ്യപ്പെടുത്തരുത്. ഒരിക്കലും സ്വന്തം ഭാര്യയിൽ അതൃപ്തി വരരുത്. Extra marital sex പാടില്ല. Pre marital sex and extra marital sex. ഇത് രണ്ടും ദുർന്നടപ്പ് ആകുന്നു.

അശുദ്ധി-ഹൃദയത്തിലുണ്ടാകുന്ന വൈരാഗ്യം അശുദ്ധിയാണ്. ഹൃദയത്തിലുണ്ടാകുന്ന കയ്പ്പ് അശുദ്ധിയാണ്. ഹൃദയത്തിലുണ്ടാകുന്ന വിരോധം അശുദ്ധിയാണ്. ഹൃദയത്തിലുണ്ടാകുന്ന പക അശുദ്ധിയാണ്. ഹൃദയത്തിലുണ്ടാകുന്ന മ്ലേച്ഛമായ ആഗ്രഹങ്ങൾ അശുദ്ധിയാണ്.

ദുഷ്കാമം-കാമം പാപമാണ്. ഷഡ്ദോഷങ്ങൾ എന്നാണ് പുരാണമഹർഷിമാർ പറയുന്നത്. കാമ ക്രോധ ലോഭ മോഹ മദ മാത്സര്യങ്ങൾ. ഷഡ്ദോഷങ്ങൾ! ആറ് ദോഷങ്ങൾ!

വിഗ്രഹാരാധന - നമ്മളാരും ഒരു ബിംബത്തെ എടുത്ത് നമസ്ക്കരിക്കുകയൊന്നും ചെയ്യുന്നില്ല. പക്ഷേ, വിഗ്രഹാരാധന എന്നു പറയുന്നത് ദ്രവ്യാഗ്രഹമാണ്. മാത്രമല്ല യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നാം പണത്തെ സ്നേഹിക്കുന്നുവെങ്കിൽ പണം വിഗ്രഹം. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ഭാര്യയെ സ്നേഹിക്കുന്നുവെങ്കിൽ ഭാര്യ വിഗ്രഹം. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ സ്വത്തിനെ സ്നേഹിക്കുന്നുവെങ്കിൽ സ്വത്തു വിഗ്രഹം.

യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ജോലിയെ സ്നേഹിക്കുന്നുവെങ്കിൽ ജോലി വിഗ്രഹം. യേശുക്രിസ്തുവി

നേക്കാൾ കൂടുതൽ വീടിനെ സ്നേഹിക്കുന്നുവെങ്കിൽ വീട് വിഗ്രഹം. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ മക്കളെ സ്നേഹിക്കുന്നുവെങ്കിൽ മക്കൾ വിഗ്രഹം. നമ്മളാരും ബിംബ ങ്ങൾ ഉണ്ടാക്കി നമസ്കരിക്കുകയോ വിഗ്രഹങ്ങളെ നമസ്ക്ക രിക്കുകയോ ഇല്ലല്ലോ. പക്ഷേ, ക്രിസ്തുവിനേക്കാൾ കൂടുതൽ എന്തിനെ സ്നേഹിക്കുന്നുവോ അത് നമ്മുടെ വിഗ്രഹമാണ്. വിഗ്രഹാരാധന!

ആഭിചാരം - രാഹുകാലനോട്ടം, ക്ഷുദ്രപ്രയോഗങ്ങൾ, കൂടോത്രങ്ങൾ, കവടിനിരത്തലുകൾ, ലക്ഷണം നോട്ടം, ജാത കമെഴുത്ത്, മഷിയിട്ട് നോട്ടം, ശകുനം നോട്ടം, കൈ രേഖ നോട്ടം, മാസഫലം നോട്ടം, വിഷുഫലം നോട്ടം! ആളുകൾ പറയും, ഇതൊക്കെ ജോത്സ്യമല്ലേ അതിൽ തെറ്റൊന്നുമില്ല എന്ന്. എല്ലാം മന്ത്രവാദമാണ്; ആഭിചാരമാണ്.

പക, പിണക്കം, ജാരശങ്ക - എന്നെ ഫോൺ ചെയ്യുന്ന ഒട്ടേറെ പേര് ജാരശങ്ക ഉള്ളവരാണ്. ഇന്ന് രാവിലെ ഒരാൾ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു: സാറേ, എനിക്ക് എന്റെ ഭാര്യയെക്കുറിച്ച് നല്ല സംശയമുണ്ട്. അവൾക്ക് വേറെ ആരോടോ സ്നേഹമുണ്ട്. എന്നോടുള്ള സ്നേഹത്തേക്കാൾ കൂടുതൽ അവൾക്കാരോടോ സ്നേഹമുണ്ട്. സാറേ, എന്റെയടുക്കൽ അതിന് തെളിവുണ്ട്.

ഞാൻ പറഞ്ഞു: നിങ്ങളീ പറയുന്നതെല്ലാം ഞാൻ കേട്ടു. പക്ഷേ, ഞാൻ ഒരു കാര്യം പറഞ്ഞുതരാം. നിങ്ങളുടെ ഭാര്യ നിരപരാധിയാണ്. ഞാൻ ഊഹിച്ചു പറയുന്നതല്ല. ദൈവ ത്തിന്റെ ആത്മാവ് തന്നതുകൊണ്ടാണ് പറയുന്നത്. ആ സ്ത്രീ നിങ്ങളെയല്ലാതെ ആരെയും സ്നേഹിക്കുന്നില്ല. നിങ്ങളുടെ വ്യർത്ഥസംശയമാണ്.

അങ്ങനെ അയാൾക്ക് തോന്നുകയാണ്. തോന്നുക മാത്ര മല്ല, ചിലപ്പോൾ അക്രമം ചെയ്യുകയും ചെയ്യും. ഒരു ചെറുപ്പ ക്കാരൻ രാത്രി ഉറങ്ങാൻ നേരത്ത് കാച്ചിയ വാക്കത്തി തലയി

ണക്കീഴിൽ വയ്ക്കും. കാരണം, അവനൊരു ധാരണ. രാത്രി ആരോ വരും. അവൾ അവന് വേണ്ടി മുറി തുറന്ന് കൊടുക്കും. അപ്പോൾ അവനെ കൊല്ലണം. അതിനുവേണ്ടി വാക്കത്തി കാച്ചിവച്ചിരിക്കുകയാണ്.

ഒരു ദിവസം അവൻ ഉറക്കത്തിൽ നിന്നും ചാടി എഴുന്നേറ്റു. പെട്ടെന്ന് ഭാര്യയെ വിളിച്ചു. നീ ഉറക്കം നടിച്ച് കിടക്കുകയാണല്ലേ? ആരാടീ ഇപ്പോൾ ഇവിടെ വന്നത്? അയ്യോ, നമ്മൾ ഉറങ്ങുകയായിരുന്നല്ലോ, ആരാണ് വന്നത്? "ഞാൻ കണ്ടതല്ലേ ഇവിടുന്ന് ഒരാൾ ഇറങ്ങിപ്പോകുന്നത്. നീ എന്നോട് നുണ പറയുന്നോ?" ആ പാവം പെണ്ണിനെ അയാൾ തല്ലി. ഇല്ലാത്തതെങ്ങനെയാണ് അവൾ പറയുന്നത്?

"അയ്യോ, ഇവിടെ ആരും വന്നില്ല." "ഞാൻ കണ്ടതാണ്, ഇപ്പോൾ നീ വാതിൽ തുറന്നുകൊടുത്തു. ഒരാൾ ഇറങ്ങിപ്പോകുന്നത് ഞാൻ കണ്ടതാണ്." ഇതൊരു മാനസികരോഗമാണ്. ഇങ്ങനെയുള്ള മാനസികവൈകൃതം മൂലം ഭാര്യയെയോ ഭർത്താവിനേയോ സംശയിക്കുന്നതിനാണ് ജാരശങ്ക എന്ന് പറയുന്നത്.

ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം - എന്നുവച്ചാൽ ഇരുപക്ഷം. കക്ഷി പിടിക്കുക, പക്ഷം പിടിക്കുക. ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് - യാതൊരു പ്രയോജനവുമില്ലാത്ത വെറുമയുള്ള രസങ്ങൾ. വെറുമയുള്ള കൂത്തുകൾ. ഇതെല്ലാം ജഡത്തിന്റെ പ്രവൃത്തികളാണ്. ഇതുവരെ, ഇതെല്ലാമാണ് കായ്ച്ചുകൊണ്ടിരുന്നത്.

യോസേഫ് ഫലപ്രദമായോരു വൃക്ഷം! നിങ്ങളുടെ ഇതുവരെയുള്ള ജീവിതത്തിൽ നല്ല ഫലം കായ്ക്കാൻ കഴിഞ്ഞില്ലായിരിക്കാം. സ്നേഹം പകരാൻ കഴിഞ്ഞില്ലായിരിക്കാം. താഴ്മ കാണിക്കാൻ കഴിഞ്ഞില്ലായിരിക്കാം. മറ്റുള്ളവരോട് അനുകമ്പയോടെ പെരുമാറാൻ കഴിഞ്ഞില്ലായിരിക്കാം. നിങ്ങളുടെ പെരുമാറ്റം ഏതെങ്കിലും തരത്തിൽ ദൈവത്തെ ദു:ഖിപ്പിക്കുന്നതായി

രിക്കാം.

എന്നാൽ ഇന്നുമുതൽ എന്റെ കർത്താവേ, ഞാൻ ആത്മാവിന്റെ ഫലം കായ്ക്കും. ആത്മാവിന്റെ ഫലം കായ്ച്ച് ഫലപ്രദമായോരു വൃക്ഷമായി ഞാൻ നിൽക്കും. എന്റെ ഭാര്യയ്ക്ക്, എന്റെ മക്കൾക്ക്, എന്റെ മാതാപിതാക്കൾക്ക്, ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിന്, എന്റെ കൂടെ ജോലി ചെയ്യുന്നവർക്ക് എല്ലാം ഞാനൊരു മാതൃകാപുരുഷനായി നിൽക്കും.

ഞാൻ ആത്മാർത്ഥമായി ജോലി ചെയ്യും. ഞാൻ ഉള്ളഴിഞ്ഞ് വിശ്വസ്തതയോടെ ജോലി ചെയ്യും. കർത്താവേ, പൂർണ്ണമായ വിശ്വസ്തതയും സത്യസന്ധതയും ഞാൻ പുലർത്തും. കർത്താവേ, ഈ ലോകജീവിതത്തിന്റെ അപ്പുറമുള്ള നിത്യരക്ഷ എനിക്കു വേണം. വന്നുപോയത് തിരുത്താൻ എനിക്ക് കഴിവില്ലല്ലോ. അതുകൊണ്ട് നാഥാ, ഞാൻ നിന്നോട് യാചിക്കുന്നു. നീ കുരിശിൽ ചൊരിഞ്ഞ തിരുരക്തത്താൽ എന്നെ കഴുകണമേ. എന്റെ പാപം കഴുകാനായിട്ടാണ് നീ കുരിശിൽ മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, നീ പാപം ചെയ്തിട്ടല്ല ശിക്ഷയേറ്റതെന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, നീ ഒരു തെറ്റും ചെയ്തിട്ടല്ല കുരിശിൽ പിടഞ്ഞ് മരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, നിന്റെ തിരുരക്തം നീ ചിന്തിയത് എന്റെ പാപക്കറകൾ കഴുകാനാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നാഥാ, നിന്റെ തിരുരക്തത്താൽ എന്നെ നീ കഴുകണമേ. എന്റെ പാപങ്ങൾ ഓർക്കല്ലേ. എന്റെ അകൃത്യങ്ങൾ കണക്കിടല്ലേ. എന്നോട് ക്ഷമിക്കണമേ, എനിക്ക് മാപ്പ് തരണമേ. ഇന്നുമുതൽ, ഈ നിമിഷം മുതൽ യേശുക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്ന് തിരുമുൻപാകെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

കർത്താവേ, എന്നെ ഞെരിച്ച് നശിപ്പിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടപ്പിശാചിനോട് ഞാൻ യാത്ര പറയുന്നു. എന്നെ

ബന്ധിച്ച് നരകാഗ്നിയിലേക്ക് തള്ളിക്കളയുവാനായി വലിച്ചിഴച്ച് കൊണ്ടുപോകുന്ന ദുഷ്ടപ്പിശാചിനോട് ഞാൻ യാത്ര പറയുന്നു. കർത്താവേ, എന്നെക്കൊണ്ട് പാപം ചെയ്യിപ്പിക്കുന്ന ദുഷ്ടനായ പിശാചിനോട് ഞാൻ യാത്രപറയുന്നു. കർത്താവേ, എന്നെ രക്ഷിപ്പാൻ ക്രൂശിൽ മരിച്ച യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാനിതാ സ്വീകരിക്കുന്നു. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ മാത്രം വക. എന്നെ നീ കൈക്കൊള്ളണമേ. എന്നെ നീ സ്വീകരിക്കണമേ.

# ഏഴ്

ഗോത്രപിതാവായ യാക്കോബ് മക്കളെ എല്ലാവരേയും മുമ്പിൽ നിറുത്തിക്കൊണ്ട് ഓരോരുത്തരെ അനുഗ്രഹിക്കുന്നു. അതൊരു വലിയ കൃപയാണ്. നാം ഈ ഭൂമിയിൽ നിന്നും കട ന്നുപോകുമ്പോൾ അടുത്ത തലമുറയ്ക്ക് അനുഗ്രഹം കൈമാ റിയിട്ട് കടന്നുപോകുക.

നിങ്ങളുടെ മക്കൾക്കും മക്കളുടെ മക്കൾക്കും കൈമാ റാൻ നിങ്ങളുടെ കൈവശം എന്തുണ്ട്? നിങ്ങൾ ജീവിച്ചത്, നിങ്ങൾ കഷ്ടപ്പെട്ടത്, നിങ്ങൾ സമ്പാദിച്ചത്, നിങ്ങൾ ജോലി ചെയ്തത്, നിങ്ങൾ പഠിച്ചത് എല്ലാം നിങ്ങളുടെ കുഞ്ഞു ങ്ങൾക്ക് വേണ്ടി. എന്നാൽ ആത്മീയമായി നിത്യതയ്ക്ക് വേണ്ടി നമ്മുടെ മക്കൾക്ക് നാം എന്ത് കൈമാറി? എന്റെ കാൽച്ചുവടുകൾ! ഞാൻ ജീവിച്ചതുപോലെ എന്റെ മക്കൾ ജീവിച്ചാൽ മതിയോ?

നിങ്ങൾ വീണ ചതിക്കുഴികളിൽ മക്കൾ വീഴാൻ നിങ്ങൾക്ക് ഇഷ്ടമുണ്ടോ? നിങ്ങൾ വീണ ചതിക്കുഴികളായ മദ്യം, കഞ്ചാവ്, സിനിമയോടുള്ള കമ്പം, ഉഴപ്പിക്കളഞ്ഞ ജീവിതം, പഠിക്കേണ്ട സമയത്ത് പഠിക്കാതിരുന്നത്, അതുമല്ലെ ങ്കിൽ ആരോടെങ്കിലും വഴക്കോ, വൈരാഗ്യമോ ഇഷ്ടക്കു റവോ വച്ചുകൊണ്ടിരുന്നത്, നിങ്ങളുടെ മക്കൾ ഇങ്ങനെ യെല്ലാം ജീവിക്കാൻ നിങ്ങൾക്ക് ഇഷ്ടമുണ്ടോ?

ഞാൻ എന്റെ ചെറുപ്പം മുതൽ ഇന്നുവരെ ജീവിച്ചതു പോലെ എന്റെ മക്കൾ വളർന്നുവന്നാൽ മതി എന്നു പറയത്ത ക്കവണ്ണം മാതൃകയായിട്ടാണോ നിങ്ങൾ ജീവിച്ചത്? അഭിമാന

കരമായി തോന്നുന്നതെല്ലാം മാറ്റിവയ്ക്കുക. ഞാൻ നന്നായി അദ്ധ്വാനിച്ചു, നന്നായി ജീവിച്ചു, അഹങ്കരിച്ചില്ല എന്നിങ്ങനെയുള്ള നല്ല നല്ല കാര്യങ്ങളെല്ലാം മാറ്റിവയ്ക്കുക. ചീത്ത കാര്യങ്ങളെല്ലാം ഓരോന്നോരോന്ന് പെറുക്കി എടുക്കുക.

ചെയ്തതും പറഞ്ഞതുമായ ചില അരുതാത്ത കാര്യങ്ങൾ! ചിലരോട് അഹങ്കാരത്തോടെ സംസാരിച്ചത്, ചിലരോട് ഉച്ചത്തിൽ സംസാരിച്ചത്, ചിലരെക്കുറിച്ച് പരദൂഷണം പറഞ്ഞത്, നമ്മുടെ ശരീരത്തെ അശുദ്ധമാക്കിയത്, മനസ്സിനെ അശുദ്ധമാക്കിയത്, ആത്മാവിനെ അശുദ്ധമാക്കിയത്, നാം മൂലം മറ്റുള്ളവർക്ക് ആത്മാവിൽ ക്ഷീണം വന്നുപോയത്, നാം മൂലം മറ്റുള്ളവർക്ക് ആത്മാവിൽ കരകയറ്റം കിട്ടാതെ പോയത്, നമ്മുടെ മക്കളെ നാം വേണ്ടവിധം നടത്താതിരുന്നത്, നിത്യതയ്ക്കുവേണ്ടി അവരെ ഒരുക്കാതിരുന്നത് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ഓരോന്നോരോന്ന് ചിന്തിക്കണം. നമ്മൾ അടുത്ത തലമുറയ്ക്ക് കൈമാറുന്നത് എന്ത്?

ഞാൻ കോളേജിൽ നിന്നും പോന്നശേഷം ഒരു പബ്ലിക് സ്റ്റാഫ് മീറ്റിംഗിൽ ഒരദ്ധ്യാപകൻ പറഞ്ഞു: "യോഹന്നാൻ സാറിന്റെ കാലത്ത് ഇങ്ങനെയൊന്നുമായിരുന്നില്ല. ആ കാലത്ത് കോളേജിൽ സമാധാനമുണ്ടായിരുന്നു. കോളേജിൽ ജോലിചെയ്യാൻ ഒരു സന്തോഷമുണ്ടായിരുന്നു. ആ കാലത്ത് ഇവിടെ ഒരു ഐശ്വര്യമുണ്ടായിരുന്നു, ഇതുപോലെ പഠിപ്പുമുടക്ക് ഉണ്ടായിരുന്നില്ല, ഇതുപോലെ സമരങ്ങൾ ഉണ്ടായിട്ടില്ല, ആ കാലം കോളേജിന്റെ സുവർണ്ണകാലമായിരുന്നു." ഇത് ഞാനൊരു പൊങ്ങച്ചം പറയുന്നതല്ല.

ഞാനവിടുന്ന് പോന്നെങ്കിലും എന്റെ കാൽച്ചുവടുകൾ അവിടെ ഉണ്ട്. ഞാനൊരു സംസ്ക്കാരം അവിടെ ഏൽപ്പിച്ചിട്ട് പോന്നു. ഞാനവിടെ പ്രിൻസിപ്പൽ ആയതുമുതൽ അവിടെ രാവിലെ പ്രാർത്ഥന തുടങ്ങി. ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുന്നു. പിന്നീട് പ്രിൻസിപ്പൽ ആയി വന്ന ഓരോരുത്തരും പ്രിൻസിപ്പൽ ആകുന്നതിനുമുമ്പ് എന്റെ അരികെ വന്ന്

സംസാരിച്ച്, സാർ അനുഗ്രഹിക്കണം എന്നു പറഞ്ഞാണ് പോയി അധികാരം ഏറ്റെടുത്തത്.

നിങ്ങളുടെ കാൽച്ചുവടുകൾ മക്കൾക്കു മാതൃകയായി വച്ചിട്ട് പോകണം. A hardworking boy! A hardworking man! നിഷ്ക്കളങ്കനായ ഒരു നല്ല സ്നേഹിതൻ! മേലധികാരികളെ അനുസരിക്കുന്ന ഒരു നല്ല ചെറുപ്പക്കാരൻ! ആത്മാർത്ഥത യോടെ സ്ഥാപനത്തിനുവേണ്ടി ജോലി ചെയ്യുന്ന ഒരു ചെറുപ്പ ക്കാരൻ! നിങ്ങളുടെ കൂടെ ജോലി ചെയ്തവർ പിന്നീട് പറ യാൻ ഇടയാകണം: 'ഞങ്ങളുടെ കൂടെ ജോലി ചെയ്ത ആദർശ ശുദ്ധിയുള്ള ഒരു വ്യക്തിയുണ്ടായിരുന്നു.' അങ്ങനെ നിങ്ങളെക്കുറിച്ച് മറ്റുള്ളവർ പറയുമോ? നിങ്ങളുടെ പോരായ്മ കളെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് നിങ്ങൾ ഞെട്ടുന്നത്?

യാക്കോബ് മക്കളെ എല്ലാവരേയും അടുക്കെ വിളിച്ചു വരുത്തി അനുഗ്രഹിച്ച് വരുമ്പോൾ യോസേഫിനോട് പറയു ന്നതാണ് നാം വായിച്ചു വരുന്നത്. വായിക്കുന്തോറും നമ്മുടെ ആത്മാവ് തുള്ളുന്ന വിധം മനോഹരമാണ് ആ ഭാഗം.

> *"യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവി നരികെ ഫലപ്രദമായോരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു."*
>
> *ഉൽപ്പത്തി 49 : 22*

ഫലപ്രദമായൊരു വൃക്ഷം! വൃക്ഷമുണ്ടായിട്ടും ഫലം കായ്ച്ചില്ലെങ്കിൽ എന്തു പ്രയോജനം? യേശുക്രിസ്തു ലൂക്കോ സിന്റെ സുവിശേഷത്തിൽ പറയുന്ന ഒരു ഉപമയുണ്ട്.

> *അവൻ ഈ ഉപമയും പറഞ്ഞു: "ഒരുത്തന് തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃ ക്ഷം ഉണ്ടായിരുന്നു; അവൻ അതിൽ ഫലം തിര ഞ്ഞു വന്നു, കണ്ടില്ലതാനും. അവൻ തോട്ടക്കാര നോട്: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു കാണുന്നില്ല*

*താനും; അതിനെ വെട്ടിക്കളക, അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന് എന്നു പറഞ്ഞു. അതിന് അവൻ: കർത്താവേ, ഞാൻ അതിനു ചുറ്റും കിളച്ചു വളം ഇടുവോളം ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ - ഇല്ലെങ്കിൽ വെട്ടിക്കളയാം എന്ന് ഉത്തരം പറഞ്ഞു."*

*ലൂക്കൊസ് 13 : 6 - 9*

വളരെ ലളിതമായ ഒരു ഉപമയാണ് കർത്താവ് പറഞ്ഞത്. ഈ ഉപമയിൽ വലിയ ആശയമുണ്ട്. മുന്തിരിത്തോട്ടം മുന്തിരി കൃഷിചെയ്യുന്നതിന് വേണ്ടിയുള്ളതാണ്. മുന്തിരിത്തോട്ട ത്തിൽ ഒരു അത്തിവൃക്ഷം നട്ടിരിക്കുന്നു. മുന്തിരിത്തോട്ട ത്തിൽ ഈ അത്തിവൃക്ഷം നടുവാൻ തോട്ടത്തിന്റെ ഉടമസ്ഥന് തോന്നിയത് തന്നെ എന്തൊരത്ഭുതം! മുന്തിരിച്ചെടിക്ക് കിട്ടി ക്കൊണ്ടിരുന്ന എല്ലാ വളവും ഈ അത്തിവൃക്ഷത്തിന് കിട്ടി ക്കൊണ്ടിരുന്നു.

അത്തി ഒരു മരമാണ്, മുന്തിരി ഒരു ചെടിയാണ്. മുന്തി രിച്ചെടിക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വളം എല്ലാഭാഗത്തു നിന്നും ഈ അത്തി വലിച്ചെടുത്തുകൊണ്ടിരിക്കയാണ്. മുന്തി രിക്ക് അത്രയും ക്ഷീണം സംഭവിച്ചുകൊണ്ടിരിക്കയാണ്. വള മെല്ലാം വലിച്ചെടുത്ത് അത്തി വളരുകയാണ്. ഉടമസ്ഥൻ ഫലം തിരഞ്ഞുവരുന്നു. അത്തിപ്പഴം കിട്ടുന്നതിനാണ് വന്നത്. പ്രതീ ക്ഷയോടെ ഫലം തിരഞ്ഞ് വന്നു.

നമ്മുടെ ജീവിതത്തിലും അങ്ങനെയാണ്. എന്നും കർത്താവ് നമ്മെ പ്രതീക്ഷയോടെ നോക്കുകയാണ്. എന്നും യേശുക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് പ്രതീക്ഷയോടെ നോക്കിക്കൊണ്ടിരിക്കുന്നു. നല്ല ഫലം കായ്ക്കുന്നുണ്ടോ? സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപ കാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം. ഈ ആത്മാ വിന്റെ ഫലം കായ്ക്കുന്നുണ്ടോ? ഫലം കണ്ടില്ലതാനും!

കഴിഞ്ഞ മൂന്നു വർഷമായിട്ട് വന്നപ്പോഴൊന്നും ഫലം

കാണുന്നില്ല. ഇക്കഴിഞ്ഞ മൂന്നു വർഷവും ഫലം ഇല്ല എന്നു കണ്ടിട്ടും ഒന്നും പറഞ്ഞില്ല. ദൈവം നമ്മുടെ ജീവിതത്തിൽ പലതും കണ്ടിട്ടും കാണാത്തവനെപ്പോലെ നിൽക്കുകയാണ്. പിന്നെയും നിലത്തെ വളമെല്ലാം വലിച്ചെടുക്കുകയാണ്. നമ്മുടെ വിചാരം ദൈവം ഇതൊന്നും കാണുന്നില്ല എന്നാണ്. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ, അത്യുന്നതൻ എങ്ങനെ അറിയുന്നു?

> *"എന്നാൽ ദുഷ്ടനോടു ദൈവം അരുളിച്ചെയ്യുന്നു: നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാര്യം? നീ ശാസനയെ വെറുത്ത് എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നുവല്ലോ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു; വ്യഭിചാരികളോട് നീ പങ്കുകൂടുന്നു. നിന്റെ വായ് നീ ദോഷത്തിന് വിട്ടുകൊടുക്കുന്നു; നിന്റെ നാവ് വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്ന് നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരുമുണ്ടാകയുമില്ല."*
>
> *സങ്കീർത്തനങ്ങൾ 50 : 16 – 22*

അവിശ്വാസിയോട് ദൈവം അരുളിച്ചെയ്യുന്നു: എന്റെ ചട്ടങ്ങളെ അറിയിപ്പാൻ നിനക്കെന്ത് കാര്യം? എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാൻ നിനക്കെന്ത് കാര്യം? നീ എന്റെ ശാസനയെ വെറുത്തു, നീ എന്റെ വചനങ്ങളെ പിറകിലേക്ക്

എറിഞ്ഞുകളഞ്ഞു. കള്ളനെക്കണ്ടാൽ കൂട്ടായ്മക്കാരനാണെ ങ്കിലും നീ അവന് അനുകൂലപ്പെടുന്നു. വ്യഭിചാരികളോട് നീ പങ്കുകൂടുന്നു. നിന്റെ വായിൽക്കൂടി ശാപവാക്കുകളും ചീത്ത വാക്കുകളും അസഭ്യവാക്കുകളും വന്നിട്ട് നിന്റെ വായ് നീ ദോഷത്തിന് വിട്ടുകൊടുക്കുന്നു.

നിന്റെ നാവ് കൊണ്ട് വഞ്ചിക്കുന്ന, ചതിക്കുന്ന വ്യാജവാ ക്കുകളും, ഉപായവും സൂത്രവും നിറഞ്ഞ പരദൂഷണവാക്കു കളും ഏഷണിവാക്കുകളും പറയുന്നു. നീ നിന്റെ കൂടെ ജോലി ചെയ്യുന്നവന് വിരോധമായി സംസാരിക്കുന്നു. നിന്റെ അമ്മയുടെ മകനെക്കുറിച്ച്, നിന്റെ സ്വന്തം സഹോദരനെക്കു റിച്ച് നീ അപവാദം പറയുന്നു.

ഇവ നീ ചെയ്തു. ഇതൊന്നും ഞാൻ കണ്ട മട്ട് കാണിക്കാതെ മിണ്ടാതെ ഇരിക്കയാൽ - ഇതാരും അറിഞ്ഞി ട്ടില്ല, ദൈവവും അറിഞ്ഞിട്ടില്ല, കണ്ടിട്ടില്ല എന്ന് നീ ചിന്തിച്ചു - ഞാൻ നിന്നെപ്പോലെയുള്ളവൻ എന്ന് നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിക്കുന്ന ഒരു കാലം വരുന്നു. നിന്റെ കണ്ണിൻമുമ്പിൽ ഇതെല്ലാം നിരത്തിവയ്ക്കുന്ന ഒരു സമയ മുണ്ട്. “ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ. അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും. വിടുവിപ്പാൻ ആരും ഉണ്ടാകയില്ല.”

എത്ര വ്യക്തമായിട്ടാണ് വചനം പറയുന്നത്! ദൈവം കണ്ടില്ല എന്ന് നാം വിചാരിക്കുന്നു. പക്ഷേ, ദൈവം എല്ലാം കാണുന്നു. കഴിഞ്ഞ മൂന്നു വർഷവും കർത്താവ് ഫലമുണ്ടോ എന്നു നോക്കിക്കൊണ്ടിരുന്നു. ഇല്ല, ഫലം കണ്ടില്ല പക്ഷേ, മിണ്ടിയില്ല. ഫലം കായ്ക്കുന്നില്ലല്ലോ എന്ന് തോട്ടക്കാരനോടോ മറ്റാരോടുമോ പറഞ്ഞ് ഒരു ധൃതിയും കൂട്ടിയില്ല. പിന്നെയും അവസരം കൊടുക്കുകയാണ്. അവസാനത്തെ വാക്കായിട്ട് പറയുകയാണ്, “വെട്ടിക്കളക, ഇനി വച്ചേക്കണ്ട.”

“ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി

തീയിലിട്ട് ചുട്ടുകളക." അതിനെ വെട്ടിക്കളക, നിലം നിഷ്ഫല മാക്കുന്നതെന്തിന്? മുന്തിരിക്ക് കിട്ടേണ്ട വളമെല്ലാം വലിച്ചെടു ത്തിട്ട് ഫലമൊന്നുമില്ലാതെ അത്തിവൃക്ഷം വളർന്നിട്ട് എന്ത് പ്രയോജനം? തോട്ടക്കാരൻ പറയുകയാണ്: കർത്താവേ, ഞാനൊരു കാര്യം ചെയ്യാം; ഒരു വർഷംകൂടി കിളച്ച് വളം ഇട്ട് നോക്കട്ടെ, ഒരു വർഷംകൂടി ശുശ്രൂഷിച്ച് നോക്കട്ടെ, മേലാൽ കായിച്ചെങ്കിലോ ഇല്ലെങ്കിൽ വെട്ടിക്കളയാം.

നിങ്ങളോർക്കണം, കർത്താവ് നമുക്ക് അവസരങ്ങൾ തരികയാണ്. നമ്മുടെ ജീവിതത്തിൽ നിഷ്ഠകൾ പാലിക്കാൻ അവസരങ്ങൾ തരുന്നു. നമ്മെത്തന്നെ സൂക്ഷിക്കാൻ അവ സരം തരുന്നു.

"മേലാൽ കായിച്ചെങ്കിലോ, ഇല്ലെങ്കിൽ വെട്ടിക്കളയാം." അതുകൊണ്ട് നല്ല ഫലം കായിച്ചുകൊള്ളൂ. ഫലം കായിക്കാൻ ഇനി വൈകിക്കരുത്. ഇന്നുവരെ നമുക്ക് അവസരം നീട്ടിത്ത ന്നിരിക്കയാണ്. നാളെ എന്തൊക്കെയാണ് സംഭവിക്കാനിരി ക്കുന്നത് എന്ന് നമുക്കറിഞ്ഞുകൂടാ. കർത്താവേ, കാത്തുകൊ ള്ളണമേ എന്ന് മാത്രം പ്രാർത്ഥിക്കാം.

പിശാച് എല്ലാവരേയും തള്ളിവീഴിക്കാൻ കൂടെയുണ്ട്. നാം കർത്താവിങ്കലേക്ക് തിരിയുന്നതിന് മുമ്പ് തട്ടി ക്കൊണ്ടുപോയാൽ പിശാചിന് അവന്റെ രാജ്യത്തിലാക്കാമല്ലോ. അതുകൊണ്ട് പിശാച് എപ്പോഴും നമ്മോടുകൂടെ ഉണ്ട്. മനം തിരിയുന്നതിനുമുമ്പേ റാഞ്ചിക്കൊണ്ടുപോകാൻ പിശാച് ശ്രമിക്കുന്നു. അതുകൊണ്ട് നാം ഫലം കായ്ക്കണം.

ഇതുപോലെ വചനം കിട്ടുന്ന ഒരു സമൂഹം വേറെ യുണ്ടോ? യേശുക്രിസ്തു നേരിട്ട് വന്ന് നമ്മോട് സംസാരി ക്കുന്നു. കൂലിത്തല്ലിന് നടന്ന അനീഷിനെക്കുറിച്ച് ഇവിടെ പറ യാറുണ്ട്. വാടകക്കൊലയ്ക്ക് നടന്നവരും ഇന്ന് കൂട്ടായ്മക്ക് വരുന്നുണ്ട്. എത്രയോ ഹീനമായ പാതകങ്ങൾ ചെയ്തവർ വരുന്നു! അവർക്കും മാറ്റങ്ങൾ വരുന്നു! അവരിലേക്ക് ദൈവ സ്നേഹം പകരുന്നത് കാണുമ്പോൾ നാം അത്ഭുതപ്പെടുന്നു.

കർത്താവ് അവരേയും സ്നേഹിക്കുന്നു.

മനുഷ്യജീവിതത്തിൽ ശരിയായി നിലനിൽക്കുന്ന ഒറ്റയ്ക്കൊരു കാര്യമേ ഉള്ളൂ, യേശുക്രിസ്തു മാത്രം. യേശു ദു:ഖിക്കുന്നതൊന്നും ജീവിതത്തിൽ വരാതെ സൂക്ഷിച്ചാൽ നമുക്ക് ജയിച്ച് മുന്നേറാം. എല്ലാരംഗത്തും ജയിക്കാം. അല്ലെങ്കിൽ താത്ക്കാലികമായി ജയം തോന്നിയാലും ആത്യന്തികമായി പരാജയമായിരിക്കും.

നമുക്ക് സുബോധം കിട്ടിയാൽ നാം പാപത്തിലേക്ക് പോകുകയില്ല. കാരണം, നശിപ്പിക്കുന്ന പിശാചാണ് നമ്മെക്കൊണ്ട് പാപം ചെയ്യിപ്പിക്കുന്നത് എന്ന് നമുക്ക് മനസ്സിലാകും. 'അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വരുന്നവൻ' എന്നാണ് വേദപുസ്തകത്തിൽ പിശാചിനെക്കുറിച്ച് പറയുന്നത്. അറുത്തുകളയുക, മുടിച്ച് കളയുക, മോഷ്ടിച്ചുകൊണ്ടു പോകുക. പിശാചിന്റെ പണി മനുഷ്യന്റെ ജീവിതത്തെ അധ:പതനത്തിലേക്ക് നയിക്കുക എന്നുള്ളതാണ്. മനുഷ്യന്റെ ജീവിതത്തിൽ എഴുന്നേൽക്കാൻ കഴിയാതവണ്ണം അവനെ തകർത്ത് കളയുക.

ബുദ്ധിപൂർവ്വം ചിന്തിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും നിങ്ങളുടെ ജീവിതത്തിൽ വേണ്ട എന്ന് നിങ്ങൾ വിചാരിച്ചിരുന്ന കാര്യങ്ങളിലേക്ക് നിർബ്ബന്ധമായി പിശാച് നിങ്ങളെ വലിച്ചുകൊണ്ടു പോകുന്നത്. നിങ്ങൾ വേണ്ട വേണ്ട എന്ന് ചിന്തിക്കുമ്പോഴും ഒരു അദൃശ്യശക്തി നിങ്ങളെ വലിച്ചുകൊണ്ടു പോകുന്നതുകാണാം. പിശാച് പാപം ചെയ്യിച്ച് നമ്മെ നിരാശയിലാക്കും. കാരണം, നിരാശയിലാഴ്ത്തിക്കഴിഞ്ഞാൽ പിന്നെ തലപൊക്കാൻ തോന്നുകയില്ല, സാധിക്കയുമില്ല.

വചനം നിരന്തരം കേട്ടുകൊണ്ടിരുന്നാൽ വചനം നമ്മെ പിടികൂടും. വചനത്തിന് ഒരത്ഭുത ശക്തിയുണ്ട്. ജീവനുള്ള ദൈവത്തിന്റെ വചനം നമ്മെ ഉണർത്തും. നമ്മെ ശക്തീകരിക്കും. നമ്മുടെ നിരാശ മാറ്റും, പ്രത്യാശ തരും, നമുക്ക് മുന്നോട്ടൊരു ഗതി തരും. അതുകൊണ്ട് വചനം കേൾക്കുന്നതിൽ

നിന്നും പിശാച് തടസ്സം ചെയ്തുകൊണ്ടിരിക്കുമ്പോഴും നാം മന:പൂർവ്വം, നിരന്തരം വചനം കേട്ടുകൊണ്ടിരിക്കുക.

രണ്ടാം ശനിയാഴ്ചയും മറ്റും നടക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗങ്ങളിൽ വാസ്തവമായും യേശുക്രിസ്തു എഴുന്നള്ളി വരികയാണ്. 2000 വർഷം മുമ്പ് ഗലീലാ നാട്ടിലൂടെ നടന്ന് കുഷ്ഠരോഗികളെ സുഖപ്പെടുത്തുകയും കണ്ണു കുരുടർക്ക് കാഴ്ചകൊടുക്കുകയും തളർവാത രോഗികളെ എഴുന്നേൽപ്പിച്ച് നടത്തുകയും പക്ഷവാതരോഗിക്ക് സൗഖ്യം കൊടുത്ത് എഴുന്നേൽപ്പിച്ച് നടത്തുകയും രക്തവാർച്ചക്കാരി സ്ത്രീയ്ക്ക് സൗഖ്യം കൊടുക്കുകയും ചെയ്ത അതേ ക്രിസ്തു നമ്മുടെ ഇടയിൽക്കൂടി നടക്കുകയാണ്.

എനിക്ക് നല്ല അനുഭവമാണ്. ചിലപ്പോൾ വചനം പറയാൻ നിൽക്കുമ്പോൾ ഞാൻ രംഗത്ത് ഇല്ലാതായിത്തീരുകയാണ്. അവിടെ വാസ്തവമായി യേശുക്രിസ്തു വന്ന് ജനങ്ങളോട് സംസാരിക്കുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്. അതൊരു സത്യമായ അനുഭൂതിയും യാഥാർത്ഥ്യവുമാണ്.

വചനം നിരന്തരം കേൾക്കുക. കാരണം, യേശുക്രിസ്തു നമ്മുടെ അവസ്ഥ അറിഞ്ഞു സംസാരിക്കുന്നു. അതുകൊണ്ട് വചനം കേൾക്കയും വചനപ്രകാരം ജീവിക്കാൻ നാം തീരുമാനമെടുക്കയും ചെയ്യുമ്പോൾ നമുക്ക് കൃപ കൂടുതൽ കൂടുതൽ ലഭിച്ചുകൊണ്ടേയിരിക്കും.

> *"നിന്റെ ഹൃദയം പാപികളോട് അസൂയപ്പെടരുത്; നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടിരിക്ക. ഒരു പ്രതിഫലം ഉണ്ടാകും നിശ്ചയം; നിന്റെ പ്രത്യാശക്ക് ഭംഗം വരികയുമില്ല."*
>
> *സദൃശവാക്യങ്ങൾ 23 : 17, 18*

നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടുകൂടെയിരിക്ക. ഒരു പ്രതിഫലമുണ്ടാകും നിശ്ചയം. നമ്മുടെ ചിന്താവിഷയം

അതാണ്. ഒരു പ്രതിഫലമുണ്ടാകും. ഒരു അഭിവൃദ്ധിയുണ്ടാകും.

*"താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു."*
*സദൃശവാക്യങ്ങൾ 22 : 4*

ധനം കിട്ടും, മാനം കിട്ടും, നിത്യജീവൻ കിട്ടും.

*"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

നമുക്കെല്ലാവർക്കും വേണ്ടത് അഭിവൃദ്ധിയാണ്. നാം ഇപ്പോൾ ഏത് സ്ഥാനത്ത് നിൽക്കുന്നുവോ അതിൽനിന്നും ഒരു അഭിവൃദ്ധി നമുക്ക് വേണം എന്നതാണ് നമ്മുടെ ആഗ്രഹം. പല കാര്യങ്ങളിലും വിഷമിക്കുന്നവരുണ്ട്. കടഭാരം ഉള്ളവരുണ്ട്. കുടുംബത്തിൽ ചില അലോഹ്യമുള്ളവരുണ്ട്. അപകർഷതാ ബോധമുള്ളവരുണ്ട്. ഇങ്ങനെ പല ആവശ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാണ് പലരും.

എന്നാൽ നീ യഹോവാഭക്തിയോടെ ഇരുന്നാൽ ഒരു പ്രതിഫലമുണ്ടാകും നിശ്ചയം. തന്നെയുമല്ല ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായ ഒരു അഭിവൃദ്ധി നാം പ്രാപിക്കും. "സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." ഇന്നത്തേതിൽ നിന്നും ഭേദപ്പെട്ട ഒരു നല്ല നാളെ നിനക്ക് ലഭിക്കും. സത്യമാണിത്.

നിങ്ങൾ ദൈവഭക്തിയോടെ ജീവിക്കാൻ തുടങ്ങിയാൽ തൊട്ടത്, തൊട്ടത് നിങ്ങൾക്ക് അഭിവൃദ്ധി ആയിരിക്കും. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരുന്നവരിൽ ബഹുഭൂരിപക്ഷം പേരും നല്ല തീരുമാനം എടുത്തവരാണ്. എത്രപെട്ടെന്നാണ് ഓരോ കാര്യങ്ങളിൽ അഭിവൃദ്ധിപ്പെട്ടത്. പത്തുകൊല്ലം മുമ്പുണ്ടായിരുന്ന സ്ഥിതിയാണോ ഇന്ന് നിങ്ങൾക്ക് എന്ന് നിങ്ങളെത്തന്നെ പരിശോധിക്കാം. സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും, ഉറപ്പാണ്.

ഏറ്റവും വലിയ കാര്യം, ഒരു മനസ്സമാധാനം കിട്ടും.

എല്ലാം ഏല്പിക്കാൻ യേശുക്രിസ്തു ഉണ്ടെന്ന് നമുക്ക് മനസ്സിലാകും. നാം വിഷമിച്ച് വലയുന്ന ഓരോ കാര്യങ്ങൾ വരുമ്പോഴേക്കും നമുക്കൊരാശ്വാസം തരാൻ ക്രിസ്തു ഉണ്ട്. ഇത് നാം അനുഭവിക്കുന്നതാണ് ക്രിസ്തീയജീവിതം.

താഴ്മയ്ക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു. ഇത് മനസ്സിൽ വച്ചുകൊണ്ട് നിങ്ങൾ ദൈവഭക്തിയിലേക്ക് തിരിയാൻ തീരുമാനിക്കണം. എന്റെ എല്ലാകാര്യങ്ങളും അറിയുന്ന, എല്ലാം കാണുന്ന, അതേ സമയം എന്നെ ഏറ്റവും അധികം സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് യേശു എന്ന് നിങ്ങൾ തിരിച്ചറിയുക.

കഴിഞ്ഞദിവസം ഒരാൾ ഇവിടെ പ്രാർത്ഥിക്കാൻ വന്നു. മുപ്പത് വർഷം മുമ്പ് നടന്ന ഒരു കാര്യം ഞാൻ അദ്ദേഹത്തോട്, ഇങ്ങനെ ഒരു കാര്യം നടന്നിട്ടുണ്ടോ എന്ന് ചോദിച്ചു. മുപ്പത് വർഷം മുമ്പ്, അദ്ദേഹത്തിന്റെ ജീവിതത്തിൽ നടന്ന കാര്യം കർത്താവിന്റെ പുസ്തകത്തിൽ എഴുതിവച്ചിരിക്കുന്നു. അത് മാഞ്ഞുപോയിട്ടില്ലാത്തതുകൊണ്ടാണ് കർത്താവ് എന്നെ അത് കാണിച്ചുതന്നത്. അത് കേട്ടപ്പോഴേക്കും അദ്ദേഹം പൊട്ടിക്കരഞ്ഞു.

കുറെ വർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം ഞാൻ പ്രാർത്ഥിക്കാനിരുന്ന സമയത്ത് ഞങ്ങളുടെ ആത്മീയപിതാവ് ഈ വീടിന്റെ പുറകുവശം കത്തുന്നതായിട്ട് ഒരു ദർശനം കണ്ടു. എന്താണ് ഈ ദർശനം എന്ന് അത് കണ്ട പപ്പയ്ക്ക് അറിയില്ല. പക്ഷേ, എനിക്ക് നല്ലപോലെ മനസ്സിലായി. കാരണം, ഒരിക്കൽ വീടിന്റെ പുറകുവശം കത്തിയിരുന്നു. പപ്പ ഈ ദർശനം പറയുന്നതിന് ഏഴുവർഷം മുമ്പ് ഞങ്ങളുടെ വീടിന്റെ പുറക് ഭാഗത്ത് ആദ്യം വൈക്കോലിന് തീ പിടിച്ചു. നെല്ല് പുഴുങ്ങാൻ അടുപ്പത്ത് തീ കൂട്ടിയിട്ടിരുന്നതിൽ നിന്നും പടർന്നതാണ്. ആളുകൾ ഓടിക്കൂടി. അമ്മ കുളിമുറിയിൽ പാത്രങ്ങളിൽ വച്ചിരുന്ന വെള്ളമൊഴിച്ച് തീ അണയ്ക്കാൻ ശ്രമിച്ചു.

കണ്ട ദർശനം, വീടിന്റെ പിറകിൽ തീ കത്തുന്നു. മാലാഖ

മാർ വന്ന് വെള്ളമൊഴിച്ച് തീ അണയ്ക്കുന്നു. പട്ടികയും കഴുക്കോലും കത്തുപിടിച്ച് തുടങ്ങിയിരുന്നു. ഓടുകൾ പൊട്ടിത്തെറിച്ചു. എത്ര കൃത്യമായിട്ടാണ് ദൈവാത്മാവ് പറയുന്നത്! പിടിച്ച് വച്ചിരുന്ന വെള്ളമെല്ലാം ഒഴിച്ചിട്ടും തീ അണയുന്നില്ല. എന്നാൽ അത്ഭുതമെന്നോണം ഒരു വലിയ മഴ പെയ്തു, തീ അണഞ്ഞു. ഞാനന്ന് പഴഞ്ഞിപള്ളിയിൽ പ്രസംഗിക്കാൻ പോയിരിക്കയായിരുന്നു. പിറ്റേന്ന് രാവിലെ വന്നപ്പോഴാണ് വിവരങ്ങൾ അറിയുന്നത്.

എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. നമ്മൾ നോക്കിയില്ലെങ്കിലും നമ്മുടെ കാര്യം നോക്കാൻ ഒരു ദൈവമുണ്ട്. ഒരു നാൾ നീതിന്യായാധിപതിയുടെ മുമ്പാകെ ചെല്ലുമ്പോഴാണ് നാം ചെയ്ത ഓരോ കാര്യവും വെളിവായി വരുന്നത്. ഓരോരുത്തരുടേയും പേരിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ തുറക്കും. ആ പുസ്തകത്തിന്റെ പേര് സ്മരണയുടെപുസ്തകം എന്നാണ്. അന്ന് ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറക്കും. ഇന്ന് ഇതൊന്നും നമുക്ക് മനസ്സിലാകില്ല.

നമുക്കാർക്കും - ശാസ്ത്രജ്ഞന്മാർക്കും അറിയില്ലാത്ത ഒരു രഹസ്യമുണ്ട്. ഒരു ന്യായവിധിയുണ്ട്, ഒരു മരണമുണ്ട് നിശ്ചയം. എല്ലാം പരസ്യമായി വായിക്കുന്ന ഒരു ദിവസമുണ്ട്. യേശുക്രിസ്തു ജീവിക്കുന്നു. എനിക്ക് വ്യക്തമായിട്ട് അനുഭവമാണ്. അതുകൊണ്ടാണ് ഞാൻ കർത്താവിന്റെ വേല ചെയ്യുന്നത്.

ഞാൻ കർത്താവിനായി ജീവിതം സമർപ്പിച്ചതുകൊണ്ട് ഭാഗ്യാനുഭവങ്ങൾ ഒട്ടേറെ കിട്ടി. ദൈവരാജ്യത്തെക്കുറിച്ചുള്ള ബോധം കിട്ടി. നിത്യത സ്വർഗ്ഗത്തിലായിരിക്കണമെങ്കിൽ ഇവിടെ എങ്ങനെ ജീവിക്കണമെന്നുള്ള ഒരു ബോധ്യം കിട്ടി. ഒരു സ്വർഗ്ഗമുണ്ട് എന്ന സത്യം മനസ്സിലായി. ഇവിടെ കാണുന്നതെല്ലാം ക്ഷണനേരംകൊണ്ട് തീർന്നുപോകും എന്ന് മനസ്സിലായി. ഇവിടെയുള്ള 100 വയസ്സ് ദൈവത്തിന്റെ സന്നിധിയിൽ ഒരു നിമിഷം പോലെയത്രേ.

ശാസ്ത്രജ്ഞന്മാർ പറഞ്ഞു: സൂര്യന്റെ രശ്മിയിൽ ഒരു കറുത്ത പൊട്ട് കാണുന്നു. അവരത് കമ്പ്യൂട്ടറിൽ വലുതാക്കി നോക്കിയപ്പോഴാണ് അത് ഭൂമിയാണെന്ന് മനസ്സിലായത്. കോടാനുകോടി മനുഷ്യരുള്ള ഭൂമിയിലെ ഒരാളായ എന്റെ തല യിൽ എത്ര മുടിയുണ്ടെന്ന് എനിക്കറിയില്ല. അതും കർത്താവ് എണ്ണിയിരിക്കുന്നു! ഇത്രമാത്രം യാഥാർത്ഥ്യമായ യേശു ക്രിസ്തു ഇന്നും ജീവിക്കുന്നു.

അവിടുന്ന് നമ്മുടെ ഓരോ കാര്യവും കാണുന്നു. നമ്മുടെ ചിന്താഗതികൾ കാണുന്നു. ഇവിടെ വച്ച് നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം കഴുകപ്പെടണം. ആ പുസ്തകത്തിൽനിന്നും എല്ലാം കഴുകപ്പെടണം, എല്ലാം മാഞ്ഞുകിട്ടണം. ഇല്ലെങ്കിൽ നാം നിത്യതയിൽ കടന്നുചെല്ലു മ്പോൾ ഭയാനകമായ യാതനയായിരിക്കും.

'Beyond Death's Door' എന്ന പുസ്തകത്തിൽ ഡോക്ടർ മൗറിസ് റൗലിംഗ്സ് എഴുതി: ആക്സിഡന്റിൽ മരിച്ച ഒരു പോലീസ് ഓഫീസറുടെ ആത്മാവ് സ്വന്തം ശരീരം കാണു ന്നുണ്ട്. ആത്മാവ് ആ ശരീരത്തിലേക്ക് തിരിച്ച് പ്രവേശിക്കാൻ നോക്കുന്നുണ്ട്. പക്ഷേ, സാധിക്കുന്നില്ല. ആളുകൾ വരുന്നതും ശരീരം ആശുപത്രിയിൽ എത്തിക്കാൻ ശ്രമിക്കുന്നതും എല്ലാം ആത്മാവ് കണ്ടുകൊണ്ടിരിക്കയാണ്. സ്വന്തം ശരീരമാണ് കൊണ്ടുപോകുന്നത് എന്ന് മനസ്സിലായി. അന്നേരമാണ് താൻ മരിച്ചു എന്നു മനസ്സിലാകുന്നത്.

ആശുപത്രിയിൽ ഡോക്ടർമാർ 'റിസസിറ്റേഷൻ' കൊടു ക്കാൻ ശ്രമിക്കുന്നതെല്ലാം ആത്മാവ് ആ മുറിയിൽ തന്നെ നിന്നുകൊണ്ട് കാണുകയാണ്. ആത്മാവ് മുറിയിലുണ്ടെന്ന് ആരും അറിയുന്നില്ല. കാരണം, ആർക്കും കാണാൻ പാടില്ല. ആത്മാവിനെ രണ്ട് സത്വങ്ങൾ വന്ന് കൂട്ടിക്കൊണ്ടുപോകുന്നു. ഏതോ ഒരു ഇരുണ്ട തുരങ്കത്തിൽക്കൂടിയാണ് പോകുന്നത്. ചുറ്റുപാടുനിന്നും ദീനദീനം കരച്ചിൽ കേൾക്കാം. ആക്രോശ ങ്ങൾ കേൾക്കാം.

അപ്പോൾ അങ്ങ് ദൂരെ ദൂരെ പ്രകാശത്തിന്റെ ഒരു ബിന്ദു കണ്ടു. ഈ ആയുസ്സൊന്ന് തിരിച്ച് കിട്ടിയിരുന്നെങ്കിൽ എനിക്ക് ജീവിക്കാമായിരുന്നല്ലോ, നല്ലകാലമെല്ലാം നഷ്ടപ്പെടുത്തിപ്പോയല്ലോ എന്ന് പറഞ്ഞ് ആ ഉന്നതനായ പോലീസുദ്യോഗസ്ഥന്റെ ആത്മാവ് കരഞ്ഞു.

ദൂരെക്കാണുന്ന വെളിച്ചം ക്രിസ്തുവാണെന്ന് മനസ്സിലാക്കിയതുകൊണ്ട് ആ ആത്മാവ് പറഞ്ഞു: കർത്താവേ, എനിക്ക് ജീവൻ തിരിച്ചുകിട്ടിയാൽ ഇനിയുള്ള കാലം ഞാൻ നന്നായി ജീവിച്ചുകൊള്ളാം. ഭാഗ്യവശാൽ റിസസിറ്റേഷൻ ഫലിച്ചു. വീണ്ടും അദ്ദേഹം കണ്ണ് തുറന്നു. ആത്മാവ് ശരീരത്തിലേക്ക് തിരിച്ചുവന്നു. എന്തൊരത്ഭുതം! അപ്പോൾ അദ്ദേഹം പറഞ്ഞതാണ് ഈ സംഭവം. ഇതുപോലത്തെ സംഭവങ്ങൾ വിവരിക്കുന്ന മറ്റൊരു പുസ്തകമാണ് 'Life after Life.' ഈ മനുഷ്യൻ ജീവൻ തിരിച്ചുകിട്ടിയപ്പോൾ ഉറക്കെ വിളിച്ചുപറഞ്ഞു: അയ്യോ, എന്നെ ഇനി അങ്ങോട്ട് വിടല്ലേ. കാരണം നരകത്തിന്റെ ഭീകരത ഞാൻ കണ്ടു. നരകത്തിന്റെ യാതന ഞാൻ കണ്ടു.

ഒരു ആത്മാവുണ്ട്. ഈ ആത്മാവ് നിത്യാഗ്നിയിലേക്ക് പോകരുത്. നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സകല കാര്യങ്ങളും രേഖപ്പെടുത്തുന്ന ഒരു പുസ്തകമുണ്ട് സ്വർഗ്ഗത്തിൽ. അതിനനുസരിച്ചാണ് ന്യായവിധി വരുന്നത്.

സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാം. ഈ ഭൂമിയിൽ നമുക്ക് അഭിവൃദ്ധി വേണം. നമ്മുടെ ആത്മാവിൽ നമുക്ക് അഭിവൃദ്ധിവേണം. നീ എപ്പോഴും യഹോവാഭക്തിയോടെ ഇരിക്ക, ഒരു പ്രതിഫലമുണ്ടാകും നിശ്ചയം. താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനും അത്രേ. ഈ ആശയങ്ങൾ ദൃഷ്ടാന്തവത്ക്കരിക്കുന്ന കാര്യങ്ങളാണ് അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും യോസേഫിന്റെയും കാര്യങ്ങൾ.

യേശുക്രിസ്തു സത്യമായും നമ്മുടെ കൂടെ ഉണ്ടെന്നുള്ളത് എനിക്ക് മറക്കാൻ വയ്യ. സത്യമായും യേശുക്രിസ്തു നമ്മെ വിളിക്കുകയും നമ്മെ രൂപാന്തരപ്പെടുത്താൻ അദ്ധ്വാനിക്കുകയും ചെയ്യുന്നു.

ചുട്ടുപഴുത്ത മണലാരണ്യത്തിൽക്കൂടി നടന്നുവരുന്ന മനുഷ്യന് നല്ല സുഖശീതളമായ ഇളംകാറ്റ് കിട്ടുന്ന അനുഗൃഹീതമായ കൂട്ടായ്മ. മനസ്സ് ചുട്ടുപൊള്ളിവരുമ്പോൾ, വചനം കേൾക്കുമ്പോൾ സമാധാനം കിട്ടുന്നു. ആര് തരുന്നു? ഉടയവനായ ക്രിസ്തു. വിശ്വസിക്കൂ. ഈ യേശുവിങ്കലേക്ക് നിങ്ങളുടെ ജീവിതം സമർപ്പിക്കാൻ വൈകരുത്. ക്രിസ്തുവിന്റെ കൈകളിലേക്ക് നിങ്ങളുടെ ജീവിതം ഇന്ന് കൈമാറുന്നു എങ്കിൽ, ക്രിസ്തുവിന്റെ രക്തം വന്ന് നിങ്ങളെ കഴുകും.

എന്തെല്ലാം കാര്യങ്ങളിൽ വാക്ക് പാലിക്കാൻ പറ്റാതെ പോയെങ്കിലും നന്ദികേട് കാണിച്ചു പോയെങ്കിലും എല്ലാം ക്ഷമിക്കുന്ന സ്നേഹം! ആ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു. അവൻ നമ്മുടെ നേരെ തന്റെ അരുമകരം നീട്ടിക്കൊണ്ട് നിൽക്കുകയാണ്. ആ കരം നമ്മെ മെനഞ്ഞ കരമാണ്. ഇന്നയോളം കൺമണിപോലെ കാത്ത കരമാണ്. ആ കരം നമ്മുടെ കണ്ണുനീർ തുടക്കുന്ന കരമാണ്. ആ കരം ജീവിക്കുന്ന കരമാണ്. യേശുവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ എന്ന് യാചിക്കൂ. നാഥാ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഈ സമർപ്പണം നീ സ്വീകരിക്കണമേ.

# എട്ട്

*“യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.”*

വ്യക്തമാണ്, ആ കാര്യം ഉറപ്പാണ്. പ്രശ്നങ്ങളുണ്ടാകില്ല എന്നല്ല. ഏത് പ്രശ്നങ്ങളുണ്ടെങ്കിലും അത് മറികടക്കാനുള്ള കൃപ കിട്ടിക്കൊണ്ടിരിക്കും. എന്തെല്ലാം പ്രതിസന്ധികൾ വന്നാലും അത് ജയിച്ച് മുന്നേറുവാനുള്ള കൃപ കിട്ടിക്കൊണ്ടിരിക്കും. അഥവാ ഏതെങ്കിലും പാപം വന്നാലും കർത്താവ് അതിൽ നിന്നും കോരിയെടുക്കും.

യാക്കോബ് മരിക്കാൻ കിടക്കുമ്പോൾ മക്കളെ എല്ലാവരേയും അനുഗ്രഹിച്ചു. വരുവാനുള്ള കാര്യങ്ങളെല്ലാം പ്രവചിച്ചു. യാക്കോബ് മരിച്ചു.

യാക്കോബ് ഓരോരുത്തർക്കും അർഹമായ അനുഗ്രഹം കൊടുത്തു. മാനുഷികമായ അനുഗ്രഹമല്ല യാക്കോബ് കൊടുത്തത്, ദൈവം എങ്ങനെ ഓരോരുത്തരെയും കാണുന്നു എന്നു നോക്കിക്കൊണ്ടാണ്. അനുഗ്രഹിച്ചതിനുശേഷം യാക്കോബ് തന്റെ മക്കളോട് പറഞ്ഞു.

> *“ഞാൻ എന്റെ ജനത്തോടുചേരുമ്പോൾ നിങ്ങൾ ഹിത്യനായ എഫ്രോന്റെ നിലത്തിലെ ഗുഹയിൽ എന്റെ പിതാക്കന്മാരുടെ അടുക്കൽ എന്നെ അടക്കേണം. കനാൻദേശത്ത് മമ്രേയ്ക്കു സമീപം, അബ്രാഹാം ഹിത്യനായ എഫ്രോനോടു നിലത്തോടുകൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ*

*മക്പേലാ എന്ന നിലത്തിലെ ഗുഹയിൽ തന്നെ. അവിടെ അവർ അബ്രാഹാമിനെയും അവന്റെ ഭാര്യയായ സാറായെയും യിസ്ഹാക്കിനെയും അവന്റെ ഭാര്യയായ റിബെക്കായെയും അടക്കി; അവിടെ ഞാൻ ലേയയെയും അടക്കി. ആ നിലവും അതിലെ ഗുഹയും ഹിത്യരോടു വിലയ്ക്കു വാങ്ങിയതാകുന്നു. യാക്കോബ് തന്റെ പുത്രന്മാരോട് ആജ്ഞാപിച്ചു തീർന്നശേഷം അവൻ കാൽ കട്ടിലിന്മേൽ എടുത്തു വച്ചിട്ട് പ്രാണനെ വിട്ടു തന്റെ ജനത്തോടു ചേർന്നു."*

*ഉല്പത്തി 49 : 29 – 33*

ഒരു ശുഭകരമായ അന്ത്യം! ഈ ലോകത്തിൽ നമുക്ക് അത്യാവശ്യം വേണ്ട സാഹചര്യങ്ങളെല്ലാം വേണം. എന്നാൽ അതുകൊണ്ടായില്ല. നമ്മൾ കടന്നുപോകുമ്പോൾ ശുഭകര മായ അന്ത്യമായിരിക്കണം. ഞാൻ ചെറുപ്പമാണല്ലോ, ഇപ്പോ ഴൊന്നും കടന്നുപോകില്ല എന്നു ചിന്തിക്കരുത്. നാം നിനച്ചിരി ക്കാത്ത സമയത്ത്, ഒരിക്കലും ചിന്തിക്കാത്ത സമയത്തായി രിക്കും മരണം വരുന്നത്. അത്യാഹിതം, രോഗം? ഏത് വിധ ത്തിൽ എന്ന് ആർക്കറിയാം. മരണം വരുമ്പോൾ ശുഭകരമായ ഒരു അന്ത്യം വേണം. എപ്പോൾ മരിച്ചാലും നിത്യസ്വർഗ്ഗരാജ്യ ത്തിൽ ഞാൻ എത്തുമെന്ന പ്രസന്നതയാടെ നാം മരിക്കണം.

ഡോക്ടർ മൗറിസ് റൗലിംഗ്സ് എന്ന പ്രശസ്തനായ കാർഡിയോളജിസ്റ്റ് എഴുതിയ പുസ്തകമാണ്, 'Before death comes.' അതിൽ ഭക്തനായ ഒരു മനുഷ്യൻ, ഹാർട്ട് അറ്റാക്ക് മൂലം മരിക്കാറായി ഡോക്ടറുടെ ക്ലിനിക്കിൽ കൊണ്ടുവന്നു. പക്ഷേ, 'റിസസിറ്റേഷൻ' കൊടുത്തതുമൂലം അദ്ദേഹം രക്ഷ പ്പെട്ടു. രക്ഷപ്പെട്ടതിനുശേഷം അദ്ദേഹം തനിക്കുണ്ടായ അനുഭ വങ്ങൾ പറയുകയാണ്: അതിലൊരു ഭാഗം വായിച്ചു കേൾക്കു മ്പോൾ നാം അമ്പരന്നുപോകും.

'The alarms went off and I feel myself fainting.' ഞാനങ്ങ്

ബോധം കെടുകയാണെന്ന് എനിക്ക് തോന്നി. I knew my heart has stopped. ഹൃദയം നിലച്ചുപോയി എന്നെനിക്ക് മനസ്സിലായി. ഒരു നഴ്സ് മുറിയിലേക്ക് കൃത്രിമ ശ്വാസോച്ഛ്വാസത്തിനുള്ള ഉപകരണവുംകൊണ്ട് ഓടിവരുന്നത് ഞാൻ കണ്ടു. അവർ പറഞ്ഞു: 499 എന്നയാൾ മരിച്ചു. ഞാൻ കരുതി ഞാൻ മരിച്ചിട്ടില്ലല്ലോ എന്ന്. കാരണം, ആത്മാവ് ശരീരത്തിൽനിന്നും പുറത്തുകടന്നെങ്കിലും മരിച്ചു എന്ന് മനസ്സിലായിട്ടില്ല.

നഴ്സ് വന്ന് എന്റെ വായിലേക്ക് ശക്തിയായി ഊതാൻ തുടങ്ങി. കറുത്ത ഒരു മാസ്ക് എന്റെ മുഖത്ത് വച്ചു. ഫുട്ബോൾ പോലുള്ള ഒരു കറുത്ത സാധനമാണ് വച്ചത്. അപ്പോൾ എന്റെ നെഞ്ച് പൊങ്ങുന്നപോലെ എനിക്ക് തോന്നി. ഇപ്പോൾ എനിക്ക് ശ്വാസം വലിക്കാൻ പറ്റുന്നുണ്ട്. വേറൊരു നഴ്സ് എന്റെ നെഞ്ചിലേക്ക് ശക്തിയായി അമർത്തുന്നു. ആ ബെഡ് മുഴുവനും കുലുങ്ങത്തക്കവണ്ണം ശക്തിയായിട്ടാണ് അമർത്തിയത്. അവൾ എന്തോ നമ്പറുകൾ അവളോട് തന്നെ പറയുന്നുണ്ടായിരുന്നു. ശ്വാസോച്ഛ്വാസത്തിന്റെ താളം ശരിയായി പോകാനായിരിക്കും അവർ ഇങ്ങനെ നമ്പറുകൾ പറഞ്ഞത്.

ഈ സമയത്ത് എന്റെ നെഞ്ചിലെ വേദന പോയിക്കഴിഞ്ഞു. എനിക്ക് സുഖം തോന്നി. ഞാൻ ആ മുറിയുടെ സീലിംഗിലേക്ക് പൊങ്ങിപ്പോകുന്നതുപോലെ എനിക്ക് തോന്നി. മുകളിൽനിന്നുകൊണ്ട് താഴെ നിൽക്കുന്ന നഴ്സുമാരെ ഞാൻ കണ്ടു. വെള്ളത്തിൽ ഒഴുകി നടക്കുന്നതുപോലെ ഞാനാമുറിയിൽ സഞ്ചരിച്ചു. എന്തോ ഒരത്ഭുതംപോലെ തോന്നി. കാരണം, എന്റെ ശരീരം ബെഡ്ഡിൽ കിടക്കുന്നു, ഞാൻ മുകളിൽക്കൂടി ഒഴുകി നടക്കുന്നു. ഞാൻ കാണുന്നത് എന്റെ മുഖം തന്നെ എന്ന് ഞാൻ തിരിച്ചറിഞ്ഞു. അതൊരു തമാശപോലെ എനിക്ക് തോന്നി. ഞാൻ മരിച്ചു എന്ന് മനസ്സിലായി. പക്ഷേ, അതിന്റെ പ്രയാസം തോന്നിയില്ല.

കാര്യങ്ങൾ പെട്ടെന്ന് മാറി. വലിയ ഒരു ഇരുട്ട് വന്നു.

ഞാൻ space – ലേക്ക് ചുറ്റിക്കറങ്ങി കയറിപ്പോകുന്നതുപോലെ തോന്നി. ഭയങ്കരവേഗത്തിലായിരുന്നു ആ യാത്ര. ഒരു ഇരുണ്ട തുരങ്കത്തിനകത്തേക്ക് ഞാൻ കടന്നു. അത് അവസാനിക്കാത്ത ഒരു ട്യൂബായിട്ട് തോന്നി. ഏതാണ്ടൊരു കറുത്ത ശൂന്യതയാണ് എനിക്ക് തോന്നിയത്. ഭയങ്കരമായി ചൂടുപിടിച്ചു കൊണ്ടിരിക്കുന്നു.

അപ്പോഴിതാ ഏതോ ഒരു വെളിച്ചം വരുന്നു. ആ വെളിച്ചമുള്ള ടണലിനകത്തേക്ക് ഞാൻ കയറി. അവിടെ ബഞ്ചുകളിൽ നീണ്ട നിരയായി ആളുകൾ ഇരിക്കുന്നത് കണ്ടു. ആ നീണ്ട ബഞ്ചിന്റെ അറ്റം ചെല്ലുന്നത് ഒരു ടണലിലേക്കാണ്. ആ ബഞ്ചിന്റെ അറ്റത്ത് എന്നെ ഇരുത്തി. എന്റെ അടുത്തിരുന്ന ആളോട് ഞാൻ ഇതിനെക്കുറിച്ചെല്ലാം ചോദിച്ചു. പക്ഷേ, അവന് അതൊന്നും അറിയില്ല. അവൻ അവന്റെ ഊഴം കാത്തിരിക്കുകയാണ്.

തുരങ്കത്തിന്റെ വാതിൽക്കൽ കുറുകെയായി ഒരു കാവൽക്കാരൻ നിൽക്കുന്നു. ഒരു ബാച്ച് ആളുകൾ ഈ മുറിയിൽനിന്നും അടുത്ത മുറിയിലേക്ക് കയറിപ്പോയി. ഒരു രൂപം വന്നിട്ട് ഞങ്ങളോട് അവിടെ നിന്നും പോകുവാൻ പറഞ്ഞു. ഹൈസ്കൂളിൽ എനിക്ക് പരിചയമുള്ള രണ്ടുപേർ ആ കൂട്ടത്തിലുണ്ടായിരുന്നു. അവിടെനിന്നും പോയിക്കൊണ്ടിരിക്കുമ്പോൾ അടുത്ത തുരങ്കം കാണാറായി. ഭയങ്കര തീയും ഇരുമ്പു ഷീറ്റുകളും ഉള്ള ഒരു സ്ഥലം! അടുപ്പിലെ തീജ്ജ്വാല പോലെയുള്ള അതിലേക്ക് അനേകരെ തള്ളിയിടുന്നത് ഞാൻ കണ്ടു.

ഓരോരുത്തരായിട്ട് ഇങ്ങനെ തീയിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു. ഞാൻ വീണ്ടും വീണ്ടും പ്രാർത്ഥിച്ചു: ദൈവമേ, രക്ഷിക്കണേ, എന്നെ സഹായിക്കണേ. അപ്പോഴാണ് ദൂരെ നിന്നും എന്റെ പേര് വിളിക്കുന്നു. ആ ഇടനാഴിയുടെ അറ്റത്തു നിന്നുമാണ് വിളി കേട്ടത്. ഞാനിരിക്കുന്നിടത്തേക്ക് ആ ശബ്ദം പ്രകമ്പനംകൊണ്ട് വന്നു: "ഞാൻ നിന്നെ തിരികെ

വിളിച്ചിരിക്കുന്നു, നിന്നെ എനിക്ക് ആവശ്യമുണ്ട്."

അപ്പോൾ എനിക്ക് മനസ്സിലായി എന്റെ ശരീരത്തിലേക്ക് ഞാൻ തിരികെ വന്നു എന്ന്. എന്റെ വാരിയെല്ല് ഒടിയത്തക്ക വിധം ഡോക്ടർ സമ്മർദ്ദം ചെലുത്തുന്നത് ഞാൻ കണ്ടു. എന്റെ വാരിയെല്ല് ഒടിച്ചാലും എനിക്കത് വിഷയമല്ല. തിരികെ വന്നതിൽ എനിക്ക് സന്തോഷമുണ്ട്. എന്റെ ഊഴം വരുമ്പോൾ ആ ഓവനിലേക്ക് പോകുക എന്നത് എനിക്ക് ചിന്തിക്കാൻ വയ്യ. അപ്പോഴാണ് ഇത്രനാളത്തെ എന്റെ ജീവിതം എന്തായിരുന്നു എന്ന് ഞാൻ ചിന്തിച്ചത്. അതിനുശേഷം എനിക്ക് വലിയ മാറ്റമുണ്ടായി. പിന്നീട് ഞാനൊരു വിശ്വാസിയായി മാറി. നരകത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന ഒരാളുടെ ചിത്രമാണിത്.

സ്വർഗ്ഗത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന ഒരാളുടെ ചിത്രം - ജീവൻ തിരിച്ചു കിട്ടിയപ്പോൾ അദ്ദേഹം പറയുകയാണ്: അയ്യോ കഷ്ടം! എനിക്ക് അവിടെത്തന്നെ ഇരുന്നാൽ മതിയായിരുന്നു. ഈ ഡോക്ടർ എന്നെ എന്തിനാ ഇങ്ങോട്ട് തിരികെ കൊണ്ടുവന്നത്? അവിടെ എന്തൊരു സുഖമായിരുന്നു! വേദനയില്ലാത്ത സ്ഥലം!

ഒരു ശുഭകരമായ അന്ത്യത്തിലേക്ക് യാക്കോബ് വന്നു. കാലെടുത്ത് കട്ടിലിൽ വച്ചു പ്രാണനെ വിട്ടു; തന്റെ ജനത്തോടു ചേർന്നു. ഒരു ശുഭകരമായ അന്ത്യം നമുക്ക് വേണം. നിങ്ങൾ സ്വർഗ്ഗീയകുടുംബത്തിലെ അംഗങ്ങളാണ്. എനിക്ക് നിങ്ങളോടൊരപേക്ഷയുണ്ട്. നിങ്ങൾ ദൈവത്തെ കണ്ടെത്തണം. യേശുവിന്റെ മക്കളായിത്തീരണം. യേശുവിന്റെ രാജ്യത്തിന്റെ അവകാശികളായിത്തീരണം.

ഇതുവരെ എന്തെല്ലാം തെറ്റുപറ്റിയോ സാരമില്ല. എല്ലാം ക്ഷമിച്ചുതരാൻ യേശുവിന്റെ ക്രൂശിലെ സ്നേഹം തയ്യാറാണ്. മറക്കുകയും പൊറുക്കുകയും ചെയ്യുന്ന ദൈവസ്നേഹം!

"യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." യാക്കോബിന്റെ മകനായ യോസേഫിന്റെ

ജീവിതത്തിൽ:

1. Pit
2. Prison
3. Palace
4. Paradise.

ശത്രുത്വത്തിന്റെ പൊട്ടക്കിണർ! സഹോദരന്മാർ നിരസിക്കുന്നതിന്റെ പൊട്ടക്കിണർ! ശരീരത്തിലേറ്റ വേദനയേക്കാൾ വലുതല്ലേ മനസ്സിനേറ്റ വേദന. സ്വന്തം സഹോദരന്മാർ പിടിച്ച് പൊട്ടക്കിണറ്റിൽ തള്ളിയിട്ടപ്പോൾ, എന്നെ ആർക്കും സ്നേഹമില്ലല്ലോ എന്ന ചിന്തയാണ്. വലിയൊരു യാതന! എനിക്കാരുമില്ല എന്ന ചിന്ത! കൊച്ചുകുട്ടിയായിരിക്കുമ്പോൾത്തന്നെ അമ്മ മരിച്ചു. ഇപ്പോൾ പതിനേഴ് വയസ്സായി. അമ്മയില്ലാതെ അപ്പന്റെ ഓമനപ്പുത്രനായി വളർന്നു. പക്ഷേ, എന്തുഫലം? എന്റെ സഹോദരന്മാരെ അങ്ങോട്ടു സ്നേഹിച്ചു പക്ഷേ, ഇങ്ങോട്ട് സ്നേഹമില്ല.

നിങ്ങൾ പ്രത്യേകം ഓർത്തുകൊള്ളുക. ആരിൽനിന്നും നാം വിചാരിക്കുന്ന പിന്തുണയോ പ്രതീക്ഷിക്കുന്ന സഹാനുഭൂതിയോ കിട്ടിയില്ല എന്നുവന്നേക്കാം. സ്വന്തം വീട്ടിൽ നിന്നുപോലും. അപ്പോഴും നാം തളരാതെയും പതറാതെയും ഇരിക്കണമെങ്കിൽ യേശുക്രിസ്തുവിനെ മുറുകെപ്പിടിച്ചുകൊള്ളണം. ഒരിക്കലും അപകർഷതാബോധം ആവശ്യമില്ല. ലോകപ്രകാരം പറഞ്ഞാൽ പല കാര്യത്തിലും അപകർഷതാബോധമുണ്ട്. ശരീരത്തിന് ആരോഗ്യമില്ല. കൈയിൽ പൈസയില്ല. വേണ്ടത്ര സൗന്ദര്യമില്ല. നാം പ്രതീക്ഷിക്കുന്ന ശമ്പളം കിട്ടുന്നില്ല. വേണ്ടത്ര വിദ്യാഭ്യാസം കിട്ടിയില്ല. ഇങ്ങനെ പലതിലും താഴ്ചയുണ്ട്.

ഒരു ദൈവപൈതലിന് ഒരിക്കലും ഈ അപകർഷതാബോധം വരരുത്. കാരണം, ഞാൻ വിലയേറിയവനാണ്. ഭൂമി

യിലാർക്കുമല്ല സ്വർഗ്ഗത്തിലെ ദൈവത്തിന് ഞാൻ മാന്യനാണ്, വിലയേറിയവനാണ്. ഞാൻ ദൈവത്തിന്റെ വകയാണ്. എന്റെ ഉടമസ്ഥാവകാശം യേശുവിന്റെ കൈകളിലാണ്.

യേശു എന്നെ സ്നേഹിക്കുന്നു. അതുകൊണ്ട് ഞാനും യേശുവിനെ സ്നേഹിക്കുന്നു. ഇങ്ങനെ യേശുവിനെ സ്വന്ത മായിക്കിട്ടിയ അനുഭവം നമുക്ക് കിട്ടുമ്പോൾ നമ്മുടെ അപ കർഷതാബോധം മാറിപ്പോകും. ഇവിടെ ഞാൻ താണവനാണ് എന്ന് ചിന്തിച്ചാൽ ഒരു ഗുണവും കിട്ടാനില്ല. നിത്യനായ ദൈവ ത്തിന്റെ മുൻപിൽ ഞാൻ വിലപ്പെട്ടവനാണെന്ന് മറക്കരുത്.

യോസേഫിന് ദൈവത്തിൽ ഒരു പിടുത്തമുണ്ടായിരുന്നു. അതുകൊണ്ടാണ് പതറാതെയിരുന്നത്. പൊട്ടക്കിണറിൽ കിടന്ന് ചാവാൻ പോകയാണോ? അവിടെ വെപ്രാളമില്ല. സ്വന്തം സഹോദരന്മാർ എന്റെ കൂലി വാങ്ങി അടിമക്കച്ചവടക്കാർക്ക് എന്നെ വിറ്റിരിക്കുന്നു. ആ സ്ഥിതിയിൽ പോകുമ്പോഴും യോസേഫ് പതറുന്നില്ല.

യേശു എന്റെ കൂടെ ഉണ്ട് എന്നത് ഒരിക്കലും നിങ്ങളുടെ ഹൃദയത്തിൽനിന്നും മാഞ്ഞുപോകരുത്. യേശുക്രിസ്തു കൂടെയില്ലാതാകുന്ന ഒരു സാഹചര്യം വരരുത്. എന്റെ ജീവിത ത്തിൽ പിശാച് അവകാശം പറഞ്ഞാൽ മാത്രമേ യേശുക്രിസ്തു വിട്ടു പോകുകയുള്ളൂ. എന്റെ ജീവിതത്തിൽ പാപം വരു മ്പോളാണ് യേശുക്രിസ്തു കൂടെയില്ലാതാകുന്നത്. പാപം വരു മ്പോൾ കർത്താവ് വിട്ടുപോകും. അതുകൊണ്ട് മനസ്സറിഞ്ഞ് എന്റെ ജീവിതത്തിൽ ഒരു പാപം വരാൻ പാടില്ല. കാരണം, യേശുവിനെ എനിക്ക് അത്യാവശ്യമാണ്.

എനിക്ക് യേശുവിനെക്കൂടാതെ സ്വന്തം നിലനിൽപ്പില്ല. ഞാൻ യേശുവിനെ കൂടാതെ നിന്നാൽ ഏതു സമയത്തും വീണുപോകാം. ഏതു സമയത്തും പിശാച് എന്നെ റാഞ്ചി ക്കൊണ്ടുപോകാം.

ഏതൊരപകടവും പിശാചിന് അവകാശം പറയുമ്പോൾ

പിശാച് കൊണ്ടുവരുന്നതാണ്. രോഗവും അങ്ങനെ തന്നെ. പിശാചിന് അവകാശമുള്ളത് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ നമ്മെ റാഞ്ചാനുള്ള അവന്റെ പരിശ്രമമാണ് അപകടങ്ങൾ. എന്നാൽ ഈ അപകടങ്ങൾ വരുമ്പോഴും നമ്മുടെ പിടുത്തം ക്രിസ്തുവിലാണെങ്കിൽ ക്രിസ്തു അത് നന്മയ്ക്കാക്കിമാറ്റും. “ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിയ്ക്കുന്നു.” പിശാച് തിന്മയ്ക്കായി ചെയ്തു. പക്ഷേ, യേശു അത് നന്മയ്ക്കാക്കി തീർത്തു.

ജീവിതാനുഭവങ്ങളിൽ നിന്നും ജീവിതം ഇത്രയ്ക്കേ ഉള്ളൂ എന്നു മനസ്സിലായി. ഏറ്റവും നല്ല പ്രതാപത്തിലിരുന്ന കാലത്താണ് എന്റെ അപ്പൻ കടന്നുപോയത്. അന്ന് ബിസിനസ്സും കൃഷിയും ഉണ്ടായിരുന്നു. പെട്ടെന്ന് എല്ലാം ഇല്ലാതെയായി. ആരും കയറി വരാത്ത, ആരും തിരിഞ്ഞുനോക്കാത്ത ഒരു വീടായി മാറി. ചിരിയില്ല, കളിയില്ല, വർത്തമാനമില്ല.

പെസഹായ്ക്ക് അപ്പം ചുടില്ല. കാരണം, സന്തോഷിക്കാൻ ഒന്നുമില്ല. അന്ന് വിശേഷദിവസങ്ങൾക്ക് ഒരു പ്രത്യേകതയുമില്ല. ചെറുപ്പത്തിലേതന്നെ ജീവിതം വിരസമായിപ്പോയ കാലം. ഇന്ന് നാം എത്ര പ്രതാപമുണ്ട് എന്ന് പറഞ്ഞാലും അതെല്ലാം മാഞ്ഞുപോകാൻ നിമിഷങ്ങൾ മതി. അതുകൊണ്ട് പിടിക്കേണ്ടവനെ പിടിച്ചു നിന്നുകൊള്ളണം.

യോസേഫ് ക്രിസ്തുവിനെ പിടിച്ചുനിന്നു, അതുകൊണ്ട് പതറിയില്ല. പൊട്ടക്കിണറ്റിൽനിന്നും രക്ഷപ്പെട്ട് പോത്തിഫറിന്റെ ഭവനത്തിലെത്തിയപ്പോൾ ആ ദുഷ്ടസ്ത്രീയുടെ പ്രലോഭനങ്ങൾ. അവിടെയെല്ലാം യോസേഫ് പിടിച്ചുനിന്നത് എന്തുകൊണ്ടാണ്?

ദൈവത്തിന്റെ കൃപ കൂടെയിരുന്നു. ഒരു തെറ്റ് വരാതെ കാത്തു. ഒരു തെറ്റും വരാത്തവനെ ഇതാ കാരാഗൃഹത്തിലേക്ക് വിടുന്നു. ഒരു തെറ്റും നാം ചെയ്തില്ലെങ്കിലും നാം കുറ്റവാളിക

ളായി ശിക്ഷിക്കപ്പെട്ടു എന്നു വരും. എന്തുകൊണ്ടാണ് ഇങ്ങനെ ദുരിതങ്ങൾ വരുന്നത് എന്ന ചിന്തകൾ വരാം. പക്ഷേ, യോസേഫിന് ചിന്ത വന്നില്ല; പതിമൂന്ന് കൊല്ലം ജയിലറയിൽ കിടന്നു. Pit to Prison. പക്ഷേ, ഇതിനെല്ലാം ഒരു അന്തമുണ്ട്. ഇന്നത്തെ ഈ കാരാഗൃഹവാസത്തിന്, അതിനുമുണ്ടൊരവ സാനം!

പെട്ടെന്നിതാ ഒരു ദിവസം യോസേഫിന്റെ അരികിൽ പട്ടാളക്കാർ വരുന്നു. അവനെ ക്ഷൗരം ചെയ്യിക്കുന്നു. പുതിയ വസ്ത്രം ഇടുവിക്കുന്നു. എന്തിനാണാവോ? കൊല്ലാൻ കൊണ്ടുപോകുകയാണോ? യോസേഫിന് മനസ്സിലായില്ല. ഫറ വോന്റെ അരികിലേക്കാണ് കൊണ്ടുപോയത്. ഫറവോരാജാവ് പറയുന്നു: ഇവൻ എന്റെ ഗൃഹത്തിനൊക്കെയും മേലധികാരി യായിരിക്കും! എത്ര പെട്ടെന്നാണ് ഈ മാറ്റം വരുന്നത്! നിത്യ നായ ദൈവത്തിന്റെ കരം!

നിങ്ങൾ വിശ്വസിക്കൂ. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്ന ഒരു ജീവനുള്ള ദൈവമുണ്ട്. അവന്റെ കരം നിങ്ങളിൽ നിന്നും മാറരുത്. ഒരു കാരണവശാലും കർത്താവിന്റെ കണ്ണിൽ കണ്ണീർ ഉറഞ്ഞുകൂ ടാൻ ഇടവരരുത്.

From Pit to Prison & Prison to Palace. കൊട്ടാരത്തിൽ വസിച്ചു എന്നുള്ളതുകൊണ്ടും കാര്യം തീരുന്നില്ല. From Palace to Paradise. കൊട്ടാരത്തിൽനിന്നും പറുദീസയിലേക്ക്. നിങ്ങളുടെ ലക്ഷ്യം Paradise ആയിരിക്കണം. ഇതൊരു വലിയ ഉയർച്ചയാണ്. കാരണം ഫറവോന്റെ ഏറ്റവും മുഖ്യ ഉപദേ ഷ്ടാവായിരുന്നിട്ടും യോസേഫിന് അതിലൊന്നുമല്ല ശ്രദ്ധ. നിത്യനായ ദൈവം, ദൈവത്തിലുള്ള ആശ്രയം. നിഗളിക്കാ നില്ല. പുകഴാനോ പ്രശംസിക്കാനോ ആശ്രയിക്കാനോ ഒന്നിലും അഭിമാനിക്കാനോ ഇല്ല.

അഭിമാനവിഷയം മുഴുവൻ യേശു. കുരിശിൽ കിടന്ന്

“എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവിട്ടതെന്ത്!” എന്ന് കരഞ്ഞ രക്ഷകനത്രേ നിങ്ങളുടെ രക്ഷ. അവനത്രേ നിങ്ങളുടെ അഭിമാനവിഷയം. ഈ യേശുവിനെ നിങ്ങളുടെ അഭിമാനവിഷയമാക്കാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ? യേശു, യേശുവിന്റെ വേല, യേശുവിന്റെ മക്കൾ. അതായി രിക്കണം നിങ്ങളുടെ അഭിമാനവിഷയം.

എന്റെ ജീവിതത്തിന്റെ ലക്ഷ്യം ദൈവവും ദൈവത്തിന്റെ മക്കളും ആണ്. അത് എന്നേ തീരുമാനിച്ചുകഴിഞ്ഞു. തികഞ്ഞ വനായി എന്നല്ല; എത്രയോ കാര്യങ്ങൾ ഇന്നും തിരുത്തുവാ നുണ്ട്. പക്ഷേ, വ്യക്തമായ ഒരു നിലപാട് എനിക്കുണ്ട്. യേശുവും യേശുവിന്റെ മക്കളും. ദൈവത്തിന്റെ മക്കൾക്ക് ആരാധനയ്ക്കോ മുന്നോട്ട് പോകുന്നതിനോ ഒരു തടസ്സവും വരരുത്. അവർക്കെന്നും സമാധാനമായി ജീവിക്കാൻ പറ്റണം. അവർക്കെന്നും സ്വതന്ത്രമായി ജീവിക്കാൻ പറ്റണം. നിങ്ങ ളുടെ ജീവിതത്തിലും യേശുവിനെ നിങ്ങൾ സ്നേഹിച്ചാൽ ദൈവമക്കളെ നിങ്ങൾ സ്നേഹിച്ചുപോകും. ദൈവത്തോട് സ്നേഹം വന്നാൽ നിങ്ങളുടെ ഹൃദയം ദൈവമക്കളിലേക്ക് വശീകരിക്കപ്പെടും.

ഞാൻ എം.എ. പാസ്സായ കാലത്ത് ഈ പ്രദേശത്ത് എം.എ. ഡിഗ്രി ഉള്ളത് എനിക്ക് മാത്രമായിരുന്നു. എന്നാൽ എന്റെ സ്നേഹിതന്മാരായി ഞാൻ കണ്ടിരുന്നത് നാല് ക്ലാസ്സ് പോലും വിദ്യാഭ്യാസമില്ലാത്തവരെയായിരുന്നു. കാരണം, അവരിൽ യേശു ഉണ്ടായിരുന്നു. ഞാൻ അവരിൽ ദൈവമക്ക ളാണെന്ന മഹത്വം കണ്ടു. എനിക്ക് അവരോട് വലിയ ആദരവാ യിരുന്നു.

ഞാൻ അവരുടെ പിറകെ ഒരു ദാസനെപ്പോലെ നടന്നു. അവരുടെ കൂടെ ഇരിക്കുന്നതും നടക്കുന്നതും സംസാരിക്കു ന്നതും എല്ലാം എനിക്ക് വലിയ പ്രമോദമായിരുന്നു. നാം ഏത് സ്ഥാനത്തായാലും ദൈവത്തെയും ദൈവമക്കളെയും മാനി ക്കുക. എവിടെയായാലും എളിയവരോടും താണവരോടും

ചേർന്നുകൊള്ളുക. അവരെ നാം മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുക.

യോസേഫിന്റെ ജീവിതത്തിൽ കിട്ടിയ ഗുണം അതാണ്. അവന് വലിയ സ്ഥാനമാനങ്ങൾ ലഭിച്ചെങ്കിലും അവൻ ആരാണെന്ന് മറന്നില്ല. ഈ ദൈവം എന്റെ കൂടെയില്ലായിരുന്നുവെങ്കിൽ എന്റെ അവസ്ഥ എന്താകുമായിരുന്നു എന്ന് അവൻ മറന്നില്ല. നമ്മളും മറക്കരുത്. ഞാനാരായിരുന്നു? ഞാനാരാകേണ്ടിയിരുന്നവനായിരുന്നു? എന്നാൽ എന്നെ ഇന്നത്തെ സ്ഥിതിയിലാക്കിയ ഒരു ദൈവമുണ്ട്. മനുഷ്യരാരുമല്ല എന്നെ ഉയർത്തിയത്. അവനാണ് എന്നെ ഇത്രത്തോളം കൊണ്ടുവന്നത്. എന്നെ ഒരു സത്യകൂട്ടായ്മയിലെത്തിച്ചത് ദൈവമാണ്.

പൗരോഹിത്യസ്ഥാനികളും അനേകമാളുകളും ഈ കൂട്ടായ്മയെ പേടിക്കുന്നു. കാരണം ഈ കൂട്ടായ്മയിൽ വന്നാൽ അവർ കൈവിട്ടുപോകുമെന്നാണ് ഭയം. ഇത്രമാത്രം എതിർക്കാൻ കാരണം ഇത് പൂർണ്ണ സത്യമാണ്, ഇവിടെ വേറെ യാതൊരു സ്ഥാപിത താത്പര്യവുമില്ല എന്നതാണ്. ഇവിടെ യേശുക്രിസ്തുവിനെ ഉയർത്തുക മാത്രമേ ചെയ്യുന്നുള്ളൂ.

യേശുക്രിസ്തുവിന്റെ സുവിശേഷം പരത്തുക മാത്രമാണ് ലക്ഷ്യം. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരു കൂട്ടം ജനത്തെ ഒരുക്കുക മാത്രമാണ് ലക്ഷ്യം. മരണത്തോളം കർത്താവിന്റെ വേല ചെയ്ത് തീർക്കണമെന്നാണ് എന്റെ ആഗ്രഹം. മൂക്കിൽ ജീവശ്വാസമുള്ളേടത്തോളം യേശുവിനെ സ്തുതിച്ചും യേശുവിനെ വന്ദിച്ചും ആരാധിച്ചും യേശുവിന്റെ വേല ചെയ്തും ഈ ആയുസ്സ് തീർക്കണം.

നിങ്ങൾ പൊട്ടക്കിണറ്റിൽ കിടന്നവരാണ്. നിങ്ങളെ അതിൽനിന്നും കയറ്റി ഒരു സത്യകൂട്ടായ്മയിൽ കൊണ്ടുവന്നു. നിങ്ങൾക്ക് ഒരു പക്ഷേ കാരാഗൃഹത്തിന്റെ ദുരനുഭവങ്ങൾ നേരിട്ടിട്ടുണ്ടാകും. പ്രയാസങ്ങളും പ്രശ്നങ്ങളും വന്നിട്ടുണ്ടാകും. പക്ഷേ, അതെല്ലാം മാറി ദൈവം നിങ്ങളെ കൊട്ടാര

ത്തിലേക്ക് കൊണ്ടുവരും. Pit to Prison & Prison to Palace.

പക്ഷേ, ഓട്ടം നിർത്തരുത്. ഇനി ഓടിയാൽ പോരാ, പറക്കണം പറുദീസയിലേക്ക്. From Palace to Paradise. ഇതെല്ലാം മായ എന്നോർത്തുകൊണ്ട് നിങ്ങൾ ആത്മാവിൽ കത്തി എരിയണം. ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്ന് പോകണം. ഇതിനുള്ള പ്രത്യാശയും ഉറപ്പും നിങ്ങൾക്ക് ഇവിടെവച്ച് കിട്ടും. ആ സ്വർഗ്ഗീയ അനുഭവമാണ് ഉല്പത്തി പുസ്തകം 49-ാം അദ്ധ്യായത്തിൽ നാം കാണുന്നത്.

> *"യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായോരു വൃക്ഷം തന്നെ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു. വില്ലാളികൾ അവനെ വിഷമിപ്പിച്ചു; അവർ എയ്തു, അവനോട് പൊരുതു. അവന്റെ വില്ല് ഉറപ്പോടെ നിന്നു; അവന്റെ ഭുജം യാക്കോബിൻ വല്ലഭന്റെ കൈയാൽ ബലപ്പെട്ടു; യിസ്രായേലിന്റെ പാറയായ ഇടയന്റെ നാമത്താൽ തന്നെ. നിൻപിതാവിന്റെ ദൈവത്താൽ അവൻ നിന്നെ സഹായിക്കും -സർവ്വശക്തനാൽ തന്നെ-അവൻ മീതെ ആകാശത്തിന്റെ അനുഗ്രഹങ്ങളാലും താഴെകിടക്കുന്ന ആഴത്തിന്റെ അനുഗ്രഹങ്ങളാലും മുലയുടെയും ഗർഭത്തിന്റെയും അനുഗ്രഹങ്ങളാലും നിന്നെ അനുഗ്രഹിക്കും. നിൻപിതാവിന്റെ അനുഗ്രഹങ്ങൾ എൻ ജനകന്മാരുടെ അനുഗ്രഹങ്ങൾക്കു മീതെ ശാശ്വതഗിരികളുടെ അറ്റത്തോളം പ്രബലപ്പെട്ട് അവ യോസേഫിന്റെ തലയിലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകയിലും വരും."*
>
> *ഉല്പത്തി 49 : 22 – 26*

എന്തെല്ലാം അനുഗ്രഹങ്ങളാണ് നമുക്കുവേണ്ടി വച്ചിരിക്കുന്നത് എന്ന് നിങ്ങൾ ഈ ഭാഗം വായിച്ച് ധ്യാനിക്കണം. തലമുറതലമുറയായി അനുഗ്രഹം പകരുന്നു. മോശ യോസേ

ഫിന്റെ ഭാവികാല അനുഭവങ്ങളെക്കുറിച്ച് പറയുന്നു.

> *"യോസേഫിനെക്കുറിച്ച് അവൻ പറഞ്ഞത്: ആകാശത്തിലെ വിശിഷ്ട വസ്തുവായ മഞ്ഞുകൊണ്ടും താഴെ കിടക്കുന്ന അഗാധജലം കൊണ്ടും സൂര്യനാൽ ഉളവാകുന്ന വിശേഷഫലം കൊണ്ടും പ്രതിമാസികചന്ദ്രനാൽ ഉളവാകും വിശിഷ്ടഫലം കൊണ്ടും പുരാതനപർവ്വതങ്ങളുടെ ശ്രേഷ്ഠസാധനങ്ങൾകൊണ്ടും ശാശ്വതശൈലങ്ങളുടെ വിശിഷ്ടവസ്തുക്കൾ കൊണ്ടും ഭൂമിയിലെ വിശേഷവസ്തുക്കളും സമൃദ്ധിയും കൊണ്ടും അവന്റെ ദേശം യഹോവയാൽ അനുഗ്രഹിക്കപ്പെടുമാറാകട്ടെ. മുൾപ്പടർപ്പിൽ വസിച്ചവന്റെ പ്രസാദം യോസേഫിന്റെ ശിരസ്സിന്മേലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകമേലും വരുമാറാകട്ടെ. അവന്റെ കടിഞ്ഞൂൽക്കൂറ്റൻ അവന്റെ പ്രതാപം; അവന്റെ കൊമ്പുകൾ കാട്ടുപോത്തിന്റെ കൊമ്പുകൾ; അവയാൽ അവൻ സകലജാതികളെയും ഭൂസീമാവാസികളേയും വെട്ടി ഓടിക്കും."*
>
> *ആവർത്തനപുസ്തകം 33 : 13 – 17*

മോശ യോസേഫിന്റെ ഭാവിയെക്കുറിച്ച് പറയുന്നത് എന്തൊരത്ഭുതം! യോസേഫിന്റെ ജീവിതത്തിലെ ഭാവികാല അനുഗ്രഹങ്ങൾ ഒറ്റക്കാര്യത്തിൽ അധിഷ്ഠിതമാണ്. യോസേഫിന്റെ ദൈവത്തിലുള്ള വിശ്വാസവും ദൈവത്തിലുള്ള ആശ്രയവും. Trust and Faith in Christ. അതായിരിക്കണം നമ്മുടെ മുതൽ. അത് നാം കൈവിട്ടുകളയരുത്. ക്രിസ്തുവിൽ വിശ്വാസം വരുമ്പോൾ ക്രിസ്തുവിന്റെ മക്കളിൽ വിശ്വാസം വരും. ക്രിസ്തുവിന്റെ സാക്ഷാൽ മക്കൾ ആരാണെന്ന് തിരിച്ചറിയും.

ക്രിസ്തുവിന്റെ കൃപയിലുള്ള വിശ്വാസം! ക്രിസ്തുവിലുള്ള വിശ്വാസവും പ്രത്യാശയും നിലനിർത്താൻ നമുക്കെന്തുവേണം? കർത്താവേ, ഇത്രനാളത്തെ ജീവിതം തിരിഞ്ഞ്

നോക്കുമ്പോൾ എനിക്ക് പശ്ചാത്തപിക്കുവാനേ ഉള്ളൂ. കർത്താവേ, അഭിമാനിക്കാവുന്ന ഒരു നല്ല ജീവിതം എനിക്ക് കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല. നീ എനിക്ക് തന്നതിനൊത്ത വണ്ണം, നീ എന്നെ അനുഗ്രഹിച്ചതിനൊത്തവണ്ണം എന്നെ നിനക്ക് സമർപ്പിച്ചിട്ടില്ല. നീ എന്റെ കാര്യം ശ്രദ്ധിച്ചതിനൊത്തവണ്ണം നിന്റെ കാര്യം ശ്രദ്ധിച്ചില്ല.

എന്റെ കുടുംബത്തിന്റെ എല്ലാ കാര്യങ്ങളും ദൈവം ശ്രദ്ധിച്ചു. എന്റെ ഭാവി നീ കരുതി. ഞാൻ അറിയാതിരുന്ന പ്പോഴും നീ എനിക്കുവേണ്ടി കരുതി. ഞാൻ നോക്കാതിരുന്ന പ്പോഴും നീ എനിക്കുവേണ്ടി നോക്കി. നീ എനിക്ക് നന്മയല്ലാ തൊന്നും തന്നില്ല. എനിക്ക് നിന്റെ മുമ്പാകെ കൊണ്ടുവന്ന് സമർപ്പിക്കാൻ തിന്മ മാത്രമേ ഉള്ളൂ. ഇന്ന് ഞാൻ കർത്താവേ, നന്ദിയുടെ പൂച്ചെണ്ടുമായി തിരുമുമ്പാകെ വരുന്നു. നന്ദിയുടെ സ്തോത്രങ്ങളുമായി ഞാനിതാ വരുന്നു. വേറൊന്നും എനിക്ക് കൊണ്ടുവരുവാൻ ഇല്ല.

തിരിഞ്ഞ് നോക്കുമ്പോൾ കർത്താവേ, എന്തെല്ലാം തെറ്റു കൾ വന്നു? ഏതെല്ലാം ഊരാക്കുടുക്കിൽ കുടുങ്ങി? ഏതെല്ലാം പാപവഴികളിലൂടെ നടന്നു? ചിന്തിക്കുമ്പോൾ ലജ്ജയാകു ന്നല്ലോ കർത്താവേ. എന്നാൽ ഇന്നിതാ തിരുമുമ്പാകെ ഞാൻ വരുന്നു. ഇവിടെ കാണുന്നതെല്ലാം മായ. മാറാത്തത് യേശു മാത്രം. യേശുവേ, എനിക്ക് നീ മാത്രം മതി.

ഇപ്പോൾ കർത്താവേ, നിന്റെ ചങ്ക് പിളർന്നൊഴുകിയ തിരുരക്തം എന്റെമേൽ ഒലിച്ചിറങ്ങി എന്നെ നീ കഴുകണമേ. ആ തിരുരക്തത്തിന്റെ മുദ്ര എനിക്ക് തരണമേ. നിന്റെ തിരുര ക്തത്താൽ എന്നെ നീ വീണ്ടെടുക്കണമേ. ദുഷ്ടനായ പൈശാ ചികന്റെ തലതകർത്ത് എനിക്ക് ശിക്ഷ ഒഴിവാക്കിത്തന്ന ക്രൂശിലെ സ്നേഹം ഇപ്പോൾ എന്റെ അരികെ വന്ന് ആ തിരുര ക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ.

നാഥാ, ക്രൂശിലെ സ്നേഹം എന്നോട് വാദിക്കുന്ന സമ

യത്ത്, ഞാനിതാ എന്റെ ഹൃദയം തുറക്കുന്നു. യേശുവേ, ഇനി എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം മാത്രം. എന്നെ ഞാൻ നിനക്ക് തരുന്നു. കർത്താവേ, മനസ്സലിഞ്ഞ് എന്റെ നേരെ ഒന്ന് നോക്കണമേ. മേലിൽ ഒരണുവിൽപോലും ഒരു പാപം വരികയില്ലെന്ന് ഞാൻ നിന്നോട് വാക്ക് പറയുന്നു.

കർത്താവേ, എന്റെ ഈ സമർപ്പണം സ്വീകരിച്ച് ഇപ്പോൾ സൗജന്യമായി എനിക്ക് രക്ഷ തരണമേ. സൗജന്യമായി എനിക്ക് പാപമോചനം തരണമേ. കർത്താവേ, നീ രണ്ടാമത് വരുമ്പോൾ നിന്റെ കാഹളനാദം കേട്ടുകൊണ്ട് പറന്നുയരുവാൻ എനിക്ക് ഭാഗ്യം തരണമേ. ഇന്ന് നീ എന്നോടുകൂടെ പറുദീസയിലിരിക്കുമെന്ന് ആ കള്ളനോട് പറഞ്ഞതുപോലെ എന്നോട് പറയുന്നത് കേൾക്കുവാൻ ഭാഗ്യം തരണമേ.

കർത്താവിന്റെ തിരുരക്തം വന്ന് നിങ്ങളെ കഴുകട്ടെ, ശുദ്ധീകരിക്കട്ടെ. കർത്താവിന്റെ തിരുരക്തം ശോഭനമായ ഭാവി നിങ്ങൾക്ക് തരട്ടെ. ശുഭകരമായ ഭാവിയിലേക്ക് നിങ്ങളെ നടത്തട്ടെ. കുടുംബമായി നിങ്ങളെയും നിങ്ങളുടെ മക്കളെയും അനുഗ്രഹിക്കട്ടെ. നിങ്ങളുടെമേലുള്ള ബന്ധനങ്ങളെ അഴിച്ച് കളയട്ടെ. നിങ്ങളുടെമേലുള്ള ശാപങ്ങൾ നീക്കിക്കളയട്ടെ. ദുരാത്മഭീതികളകറ്റട്ടെ.

## ഒൻപത്

നാം നമ്മുടെ മക്കൾക്ക് കൊടുക്കുന്ന പിതൃസ്വത്ത് അല്ലെങ്കിൽ പൈതൃകം എന്താണ്? നിങ്ങൾ നിങ്ങളുടെ മക്കൾക്ക് സ്വത്തും സ്ഥലവും ബാങ്ക് ഡെപ്പോസിറ്റും എല്ലാം കൊടുത്തിട്ടുണ്ട്. അതെല്ലാം വേണ്ടതുതന്നെ. എന്നാൽ സ്ഥായിയായി നിലനിൽക്കുന്ന, മരണത്തിന്നപ്പുറത്തേക്ക് നില നിൽക്കുന്ന എന്ത് സ്വത്താണ് നിങ്ങളുടെ മക്കളിലേക്ക് കൈമാറിയിരിക്കുന്നത്? ഒന്നു ചിന്തിക്കൂ. നിങ്ങളുടെ ജീവിതത്തിൽ വന്നുപോയ ചില അപാകതകൾ, ചില അവിവേകങ്ങൾ, ചില അശുദ്ധികൾ, ചില കോപാവേശങ്ങൾ, ഇതെല്ലാമല്ലേ നാം മക്കൾക്ക് കൊടുക്കുന്നത്? അതെല്ലാം നാം അറിയാതെ തന്നെ മക്കളിലേക്ക് പകരുകയാണ്.

നാം മക്കളെ സ്നേഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും കറതീർന്ന് നിൽക്കണം. ചെളിപറ്റാതെ നിൽക്കണം. അൽപ്പം പോലും തെറ്റുപറ്റാതെ നിൽക്കണം. ഇതുവരെ തെറ്റുപറ്റിയോ? സാരമില്ല. കർത്താവ് ക്ഷമിച്ചുതരും. പക്ഷേ, ഓരോ പ്രാവശ്യവും നാം തിരുവചനം കേൾക്കുമ്പോൾ വളരെ ശക്തമായ ചില തീരുമാനങ്ങൾ എടുക്കണം. ആ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കണം.

“യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്ക് പിന്മാറിക്കൂടാ” എന്നതായിരിക്കണം നിങ്ങളുടെ സമർപ്പണം. എന്റെ ആദ്യകാലങ്ങളിൽ ഞങ്ങളുടെ പള്ളിയിൽ ചെറിയൊരു കൂട്ടായ്മ, പത്ത്-പതിനൊന്ന് പേർ മാത്രം. അവരെല്ലാം ആത്മീയമായി എന്നേക്കാൾ ഉന്നത നിലവാരമുള്ളവരായിരുന്നു.

വചനം കേൾക്കുമ്പോൾ ഞാൻ തീരുമാനമെടുക്കും. പക്ഷേ, എടുത്ത തീരുമാനങ്ങളിൽ നിന്നും ഞാൻ ഒരു ചുവട് പിന്നോട്ട് വച്ചിട്ടില്ല. എന്നുപറഞ്ഞാൽ എടുത്ത തീരുമാനങ്ങൾ ഞാൻ ലംഘിച്ചിട്ടില്ല. സ്ഥിരമായിട്ട് മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു. ആ ഒരു തീരുമാനം നിർബ്ബന്ധമായും നിങ്ങൾക്കു വേണം.

വ്യക്തമായും കാതലായ ഒരു തീരുമാനം ഞാൻ എടുത്തു കഴിഞ്ഞെങ്കിൽ ആ തീരുമാനത്തിൽ പിടിച്ച് നിൽക്കണം. നിങ്ങൾ എടുത്ത തീരുമാനം നിങ്ങളുടെ ജീവിതത്തെ ആക മാനം അനുഗ്രഹിക്കുന്നതായിരിക്കും. ജീവിതത്തിന് തീർച്ച യായും മുന്നേറ്റം കിട്ടും. "യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും." "താഴ്മയ്ക്കും യഹോവാഭക്തി ക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു." ഒരു സംശയവുമില്ല, ദൈവത്തിങ്കലേക്ക് തിരിഞ്ഞപ്പോൾ കർത്താവ് എനിക്ക് അഭിവൃദ്ധി തന്നു.

സാക്ഷാത്തായ രീതിയിലാണോ നിങ്ങൾ തിരിയുന്നത്, എങ്കിൽ എല്ലാ രംഗത്തും അഭിവൃദ്ധിയായിരിക്കും. മനസ്സിന് കരുത്ത് കിട്ടും. ഉള്ളത്തിൽ സന്തോഷം കിട്ടും. സാമ്പത്തിക മായ നേട്ടങ്ങൾ കിട്ടും. ആരോഗ്യപരമായ നേട്ടങ്ങൾ കിട്ടും. കുടുംബപരമായ നേട്ടങ്ങൾ കിട്ടും. നിങ്ങളുടെ മക്കൾ അനുഗ്ര ഹിക്കപ്പെടും. നിങ്ങളുടെ തലമുറ അനുഗ്രഹിക്കപ്പെടും. ഒന്നേ എനിക്ക് പറയാനുള്ളൂ. നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ മുറുകെപ്പിടിച്ച് നിൽക്കുക. നിങ്ങൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരായിരിക്കണം.

നിങ്ങൾക്ക് ആദ്ധ്യാത്മികമായ ഒരു അടിത്തറയുണ്ട്. ആ അടിത്തറയ്ക്ക് ഇളക്കം വരരുത്. ആത്മീയമായ അടിത്ത റയ്ക്ക് ഇളക്കം തട്ടുന്നത് നിങ്ങളിൽ ആരിലെങ്കിലും സംഭ വിച്ചുപോയാൽ ദൈവം അധികംനേരം കണ്ടു നിൽക്കുകയില്ല. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ദൈവത്തോടു പറഞ്ഞ ചില വാക്കുകളുണ്ട്. ആ വാക്കുകളിൽ നിന്നും പിന്മാറിപ്പോ യാൽ നിങ്ങൾക്കുള്ള തിരിച്ചടി അധികം വിദൂരമല്ല.

അനേകം ആത്മീയമായ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഞാനിത് പറയുന്നത്. വചനം കേട്ടിട്ടില്ലാത്ത മറ്റുള്ള ആളുകൾ നിങ്ങളെയാണ് നോക്കുന്നത്. നിങ്ങൾ അവർക്ക് മാതൃകയായിരിക്കണം. അവർ നിങ്ങളെ വീക്ഷിക്കുമ്പോൾ ആത്മീയമായ അനുഭവം കാണാൻ പറ്റിയില്ലെങ്കിൽ അപമാനം ആർക്കാണ്? അപമാനം ക്രിസ്തുവിനാണ്.

"My Spirit must not ever be disgraced in men" എന്ന് നോഹയുടെ കാലത്തെ ജനത്തെ നോക്കി ദൈവം പറയുകയാണ്. എന്റെ ആത്മാവ് എന്നും അപമാനിക്കപ്പെടാൻ ഞാൻ സമ്മതിക്കയില്ല. ദൈവത്തിന്റെ ആത്മാവ് അപമാനിക്കപ്പെടുന്നത് അപകടമാണ്. നിങ്ങളുടെ തീരുമാനത്തിന്റെ കരുത്തിൽ നിന്നും നിങ്ങൾ മാറരുത്. നിങ്ങൾ യേശുവിനെ കണ്ടുകൊണ്ട് നിൽക്കണം. മനുഷ്യരെ ആരേയും നോക്കരുത്.

യേശുക്രിസ്തുവാണ് നിങ്ങളെ വീണ്ടെടുത്ത രക്ഷകൻ. നിങ്ങളുടെ കടപ്പാട് യേശുക്രിസ്തുവിനോടാണ്. മനുഷ്യരാരും കണ്ടില്ലെങ്കിലും സ്വർഗ്ഗത്തിലെ ദൈവം എല്ലാം കാണുന്നു. ദൈവം മുഖപക്ഷമില്ലാത്തവനാണ്. നമുക്ക് ദൈവം ഒരനുഗ്രഹം തന്നെങ്കിൽ അതിനുള്ള നന്ദിയോടെ നാം നിന്നില്ലെങ്കിൽ ശിക്ഷാവിധി വരും. ദാരിദ്ര്യവും പ്രയാസവും എല്ലാം മാറ്റി കർത്താവ് ജീവിക്കാനുള്ള മാർഗ്ഗം തന്നു.

എന്തനുഗ്രഹമുണ്ടെങ്കിലും ദൈവം തന്നതാണ്. ഏതെങ്കിലും കൂട്ടായ്മയോ മനുഷ്യരോ തന്നതല്ല. ദൈവം നമ്മെ സ്നേഹിച്ചതിന് തക്കവണ്ണം നാം നിന്നില്ലെങ്കിൽ ദൈവാത്മാവ് എക്കാലവും മനുഷ്യന്റെ മുമ്പിൽ കെഞ്ചി നിന്നിട്ട് അപമാനിക്കപ്പെട്ട് തിരിച്ചുവരുവാൻ ഇടവരുത്തുകയില്ല. മനുഷ്യരുടെ മുമ്പിൽ ആത്മാവ് കെഞ്ചിക്കെഞ്ചി നിൽക്കയാണ്. പലവട്ടം അവസരം തരികയാണ്.

എന്നാൽ മനുഷ്യനത് നിരസിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് സങ്കടത്തോടെ തിരിച്ചുപോരുന്നു. അപമാനിക്കപ്പെ

ടുന്നു. അതിന് ദൈവം സമ്മതിക്കുകയില്ല. മനുഷ്യന്റെ വഴിയെ നേരെയാക്കാൻ ഒരു നിശ്ചിത കാലയളവ് ദൈവം തന്നിരിക്കുകയാണ്. ആ കാലയളവിനകം നാം നേരെയായിക്കൊള്ളണം. ഇല്ലെങ്കിൽ നമുക്ക് തിരിച്ചടികൾ വരും. ആത്മീയമായും തിരിച്ചടികൾ വരും. ഞാനും ഭയത്തോടെയാണ് ഇത് പറയുന്നത്. ഞാൻ നിങ്ങളേക്കാൾ അനുഭവങ്ങൾ കിട്ടിയ ആളാണ്. അതിനനുസരിച്ച് ഞാൻ നിന്നില്ലെങ്കിൽ അതിന് തക്ക ശിക്ഷ എനിക്ക് വരും.

ഒട്ടേറെ അനുഗ്രഹങ്ങൾ നേരിട്ട് ദൈവം എനിക്ക് തന്നു. എം.എ. ഡിഗ്രി ഞാൻ പ്രൈവറ്റ് ആയി എഴുതിയപ്പോൾ റാങ്ക് കിട്ടിയാണ് പാസ്സായത്. എനിക്ക് ഏറ്റവും പ്രയാസമുണ്ടായിരുന്ന വിഷയം 'ലിങ്ക്വിസ്റ്റിക്സ്' ആയിരുന്നു. അതിൽ, കെമിസ്ട്രിക്ക് ഇക്വേഷൻസ് ഉള്ളതുപോലെ ചില ഇക്വേഷൻസ് പഠിക്കണം. അത് തെറ്റിയാൽ മുഴുവൻ തെറ്റ്, ശരിയായാൽ മുഴുവൻ ശരി.

ഇംഗ്ലീഷിന്റെ ചോദ്യപേപ്പർ കിട്ടി. ആദ്യത്തെ ചോദ്യം പത്തുമാർക്കിന്റെ 'ലിങ്ക്വിസ്റ്റിക്സ്' ആയിരുന്നു. എനിക്ക് ഒന്നും അറിയില്ല. അത് വിട്ടിട്ട് മറ്റെല്ലാം എഴുതി. അവസാനം പത്ത് പതിനഞ്ച് മിനിറ്റ് ബാക്കിയുണ്ട്. ഞാൻ പ്രാർത്ഥിച്ചു: ദൈവമേ, എനിക്ക് ഒന്നും അറിയില്ല. എന്നിട്ട് എഴുതി. നിങ്ങൾക്ക് അത്ഭുതം തോന്നും, പത്തും ശരിയായിരുന്നു. പത്തു മാർക്കും കിട്ടി.

നമ്മെ അതുപോലെ മാനിക്കുന്ന ഒരു ദൈവമുണ്ട്. നമ്മെ ജയിപ്പിക്കുന്ന ഒരു ദൈവമുണ്ട്. അതുകൊണ്ടാണ് ഞാൻ കുട്ടികളോട് പറയാറുള്ളത് ചോദ്യപേപ്പർ കിട്ടുമ്പോൾ പ്രാർത്ഥിക്കണം. പരീക്ഷ കഴിയുമ്പോൾ പ്രാർത്ഥിക്കണം. അദ്ധ്യാപകർ ഉത്തരക്കടലാസ് നോക്കുമ്പോൾ പ്രാർത്ഥിക്കണം.

നമ്മളറിയാതെ തന്നെ നമ്മുടെ കാര്യം നോക്കുന്ന ഒരു ദൈവമുണ്ട്. ഇങ്ങനെ എന്നെ സഹായിച്ച എന്റെ ദൈവത്തെ

എനിക്ക് മറക്കാൻ പറ്റില്ല. ഇത്രയും വലിയ അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നും കിട്ടിയ ഞാൻ അത് മറന്ന് ജീവിച്ചാൽ മറ്റ് ആർക്കും കിട്ടുന്നതിനേക്കാൾ വലിയ തിരിച്ചടി എനിക്ക് കിട്ടും.

കോളേജിൽ പഠിക്കാതെ റാങ്കോടുകൂടി എം.എ. പാസ്സായി. ബി.എഡ്ഡും പാസ്സായി. കോളേജിൽ പഠിക്കാതെ കോളേജിലെ പ്രിൻസിപ്പൽ ആയി. നിസ്സാരമല്ലല്ലോ. അന്ന് എന്നെ നിയമിക്കുമ്പോൾ അന്നത്തെ ചെയർമാൻ Mr. C.P. ഐസക് പറഞ്ഞത് ഇങ്ങനെയാണ്: യോഹന്നാന് കോളേജിൽ പഠിച്ച കുട്ടികളേക്കാൾ മാർക്ക് കൂടുതൽ കിട്ടി. അപ്പോൾ 'അഡീഷണൽ ക്വാളിഫിക്കേഷൻ' ഉണ്ട്. ഇങ്ങനെ പറഞ്ഞാണ് എന്നെ അന്ന് നിയമിച്ചത്.

ഞാനിത് പറയാൻ കാരണം, നിങ്ങൾക്കും ചില അനുഭവ ങ്ങൾ പറയാനുണ്ട്. അതെല്ലാം വച്ചിട്ട് നിങ്ങൾ പറയണം: കർത്താവേ, എന്നെ നീ അനുഗ്രഹിച്ചു. എന്നെ നീ ഉയർത്തി. എനിക്ക് നീ ഇന്ന് ഒരു സ്ഥാനം തന്നു. ഒരു വില തന്നു. നിനക്ക് അപമാനം വരുന്ന ഒന്നും എന്റെ ജീവിതത്തിൽ വരികയില്ല. ഇത് നിങ്ങളുടെ ജീവിതത്തിന്റെ ഒരു പ്രതിഷ്ഠയായിരിക്കണം.

യാക്കോബ് മരിക്കാൻ പോകയാണ്. മക്കളെല്ലാം വന്നി ട്ടുണ്ട്. മരിക്കാൻ നേരത്ത് മക്കളെല്ലാം വന്ന് ചുറ്റും നിൽക്കുന്നു. അതൊരു സന്തോഷമാണ്. അവസാനമായി എല്ലാവരേയും മാറിമാറി നോക്കി. യാക്കോബിന്റെ കണ്ണ് നിറ ഞ്ഞു. മക്കളും മക്കളുടെ മക്കളും എല്ലാം വന്നു നിൽപ്പുണ്ട്. എല്ലാവരും ഉൾപ്പെടെ ഏതാണ്ട് എഴുപത്തിയഞ്ച് പേരുണ്ട്. എല്ലാവരും വന്ന് മുറിയിൽ നിൽക്കുകയാണ്.

യാക്കോബ് ആത്മാവിൽ നിറഞ്ഞു. ഓരോരുത്തരോടും വ്യക്തിപരമായി സംസാരിക്കാൻ തുടങ്ങി. രൂബേൻ, ശിമ യോൻ തുടങ്ങി പന്ത്രണ്ട് മക്കളോടും സംസാരിച്ചു. അതെല്ലാം വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളാണ്. അവസാനം യാക്കോബ് ബെന്യാമീനോടാണ് സംസാരിച്ചത്.

മുഖംനോക്കാതെ, അവരെ മാനുഷികമായി നോക്കാതെയാണ് പറയുന്നത്. അവരുടെ ആത്മാവിന്റെ അവസ്ഥ! ഒരു പ്രവാചകൻ ജനത്തോട് പറയുമ്പോലെ ഓരോരുത്തരോടും വ്യക്തിപരമായി സംസാരിക്കുകയാണ്. മക്കളോട് എല്ലാവരോടും പ്രവചിച്ച് പറഞ്ഞതിന് ശേഷം പറഞ്ഞത്:

*"അവൻ അവരോട് ആജ്ഞാപിച്ച് പറഞ്ഞത്: ഞാൻ എന്റെ ജനത്തോടുചേരുമ്പോൾ നിങ്ങൾ ഹിത്യനായ എഫ്രോന്റെ നിലത്തിലെ ഗുഹയിൽ എന്റെ പിതാക്കന്മാരുടെ അടുക്കൽ എന്നെ അടക്കേണം. കനാൻദേശത്ത് മമ്രേയ്ക്ക് സമീപം, അബ്രാഹാം ഹിത്യനായ എഫ്രോനോട് നിലത്തോടുകൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ മക്പേലാ എന്ന നിലത്തിലെ ഗുഹയിൽ തന്നെ. അവിടെ അവർ അബ്രാഹാമിനെയും അവന്റെ ഭാര്യയായ സാറായെയും യിസ്ഹാക്കിനെയും അവന്റെ ഭാര്യ റിബെക്കയേയും അടക്കി; അവിടെ ഞാൻ ലേയയെയും അടക്കി. ആ നിലവും അതിലെ ഗുഹയും ഹിത്യരോടു വിലയ്ക്ക് വാങ്ങിയതാകുന്നു. യാക്കോബ് തന്റെ പുത്രന്മാരോട് ആജ്ഞാപിച്ചു തീർന്നശേഷം അവൻ കാൽ കട്ടിലിന്മേൽ എടുത്തു വച്ചിട്ട് പ്രാണനെ വിട്ടു തന്റെ ജനത്തോട് ചേർന്നു." ഉല്പത്തി 49 : 29 – 33*

മരിക്കാൻ സമയത്ത് യാക്കോബ് തന്റെ മക്കളോട് എല്ലാം പറഞ്ഞ് ഭരമേൽപ്പിക്കയാണ്. ഇവിടെ ഈ മിസ്രയീമിൽ നിന്നും നമ്മുടെ സ്വന്തനാടായ കനാനിലേക്ക് എന്റെ മൃതശരീരം നിങ്ങൾ കൊണ്ടുപോകണം. അവിടെ എന്റെ അപ്പന്റെ അപ്പൻ അബ്രാഹാം എഫ്രോനോട് വിലയ്ക്ക് വാങ്ങിയ മക്പേലാ ഗുഹയിൽ എന്നെ അടക്കം ചെയ്യണം.

എന്റെ അപ്പന്റെ അപ്പനായ അബ്രാഹാമിനെയും അപ്പന്റെ അമ്മ സാറായെയും എന്റെ അപ്പൻ യിസ്ഹാക്കിനെയും എന്റെ

അമ്മ റിബെക്കയേയും എന്റെ ഭാര്യ ലേയയെയും ആ ഗുഹയിലാകുന്നു അടക്കം ചെയ്തത് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. അവർക്ക് കൊടുക്കാനുള്ള പ്രബോധനങ്ങളും നിർദ്ദേശങ്ങളും താക്കീതുകളും ഉപദേശങ്ങളും വരാനിരിക്കുന്ന അനർത്ഥങ്ങളും എല്ലാം ചൂണ്ടിക്കാണിച്ചുകൊടുത്തു. നല്ല സമാധാനത്തോടെ തന്റെ ജനത്തോടു ചേർന്നു. അനന്തമായ നിത്യതയിലേക്ക് യാക്കോബും ചേർന്നു.

ഒരു ദിവസം ഞാനും കടന്നുപോകും എന്ന സത്യം നാം എപ്പോഴും ഓർക്കണം. ആ ചിന്തയുണ്ടെങ്കിൽ തന്നെ നമുക്ക് അഹങ്കരിക്കാൻ തോന്നുകയില്ല. എപ്പോഴും നമുക്കൊരു എളിമയുണ്ടാകും. എത്ര ചെറിയവനെന്നു നാം കരുതുന്നവരിലും നമ്മേക്കാൾ ശ്രേഷ്ഠമായ ചില നന്മകൾ ഉണ്ടെന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. എല്ലാ കാര്യങ്ങളും ഏറ്റവും ചുമതലാബോധത്തോടെ നല്ല സമർത്ഥമായിട്ട് നാം ചെയ്യണം. നാം ചെയ്യുന്ന ജോലിയിൽ ഒഴപ്പിപ്പോയാൽ ദൈവസന്നിധിയിൽ കുറ്റകരമാണ്.

തലമുറകൾ ഓരോന്ന് കടന്ന് പോകും. തലമുറകൾ കടന്ന് പോയാലും മാറാത്ത ഒരാളുണ്ട്, യേശുക്രിസ്തു!

> *"ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു. നീ അവരെ ഒഴുക്കിക്കളയുന്നു; അവർ ഉറക്കംപോലെ അത്രേ; അവർ രാവിലെ മുളച്ചു വരുന്ന പുല്ലുപോലെ ആകുന്നു. അതു രാവിലെ തഴച്ചു വളരുന്നു; വൈകുന്നേരം അത് അരിഞ്ഞു വാടിപ്പോകുന്നു."* *സങ്കീർത്തനം 90 : 4 – 6*

രാവിലെ മുളച്ച പുല്ല് വൈകുന്നേരം വാടിക്കരിഞ്ഞ് പോകുന്നതുപോലെ നാം ഏതോ സമയത്ത് ഇല്ലാതെയാകുന്നു.

വിദേശത്ത് എവിടെയെങ്കിലും പോയിട്ടുള്ളവർക്ക്

ഇവിടെ ഇരുന്ന് മനസ്സുകൊണ്ട് അവിടെ പോകാൻ സമയം വേണമോ? ഒരു സെക്കന്റ് മതി അവിടെ പോയിക്കഴിഞ്ഞു. ഞാൻ ഇംഗ്ലണ്ടിൽ ചെന്നപ്പോൾ പോയ വീടുകളെല്ലാം ഒരു സെക്കന്റുകൊണ്ട് ഓർക്കാൻ സാധിക്കും. എന്നതുപോലെ അറുതിയില്ലാത്ത അനന്തതയിലേക്ക് പോകാൻ സമയംവേണ്ട. സെക്കന്റുകൾക്കകം അങ്ങ് പറന്ന് പോയ്ക്കഴിഞ്ഞു. ഒരു തുരങ്കത്തിൽക്കൂടി പോകുന്ന അനുഭവമായിരിക്കും.

അങ്ങനെ ചെല്ലുന്ന അനന്തതയിൽ നാം യേശുക്രിസ്തുവിന്റെ സന്നിധിയിൽ എത്തിയില്ലെങ്കിൽ നരകത്തിന്റെ ഭയാനകമായ ഘോരദുരിതത്തിലേക്കാണ് എത്തുന്നത്. എങ്കിൽ എത്ര ഭയാനകമാണ് ആ കാര്യം! പിന്നീട് നേരെയാക്കാൻ പറ്റുമോ? അതുകൊണ്ടാണ് സി. റ്റി. സ്റ്റഡ് പറഞ്ഞത് Just one life, it will soon soon be past, that which is done for Christ alone will last. യേശുക്രിസ്തുവിനുവേണ്ടി ചെയ്യുന്നത് മാത്രമേ നിലനിൽക്കുകയുള്ളൂ. എന്തെല്ലാം നേടിയാലും എല്ലാം വ്യർത്ഥം. ശവക്കുഴി വരെ മാത്രം. എത്ര സുഖിച്ചാലും രസിച്ചാലും ബഹുമാനങ്ങൾ കിട്ടിയാലും എല്ലാം ശവക്കുഴി വരെ മാത്രം. അപ്പുറത്തേക്ക് നമ്മെ സഹായിക്കാൻ ഒന്നിനും ആർക്കും സാധിക്കയില്ല.

യാക്കോബ് കട്ടിലിൽ കാലെടുത്തുവച്ച് പ്രാണനെ വിട്ടു, തന്റെ ജനത്തോടുചേർന്നു. അങ്ങനെ ഒരു ദിവസം നമുക്കും ഉണ്ടാകും. യാക്കോബ് പ്രസന്നതയോടെ കടന്നുപോയി. അബ്രാഹാമും യിസ്ഹാക്കും പ്രസന്നതയോടെ കടന്നുപോയി. പൗലോസ് ശ്ലീഹാ പോകുന്നതിനുമുമ്പ് പറഞ്ഞു: ഞാനിതാ പാനീയയാഗമായി ഒഴിയ്ക്കപ്പെടാൻ പോകുന്നു. എന്റെ നിര്യാണകാലം അടുത്തിരിക്കുന്നു.

സുവിശേഷം പറഞ്ഞു എന്ന ഒറ്റക്കാരണം കൊണ്ടാണ് റോമൻ ജയിലിൽ കഴിയുന്നത്. പക്ഷേ, എനിക്ക് ഒരു കാര്യം പറയാനുണ്ട്: ഞാൻ “നല്ലപോരാട്ടം പോരാടി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചി

രിക്കുന്നു. അത് എനിക്കുമാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ." നീതിയുള്ള ന്യായാധിപതി യായ കർത്താവ് ആ ദിവസത്തിൽ എനിക്ക് അത് നൽകും. എല്ലാവർക്കും കിട്ടും.

അനന്തമായ, വിശാലതയുടെ ഒരംശം മാത്രമാണ് ഞാനെന്ന് എപ്പോഴും നാം ഓർക്കണം. യേശുവേ, നിന്റെ സ്നേഹം എന്നിൽ നിക്ഷേപിച്ചാൽ മതി. കർത്താവേ, നിന്റെ ആളത്വം എനിക്ക് തന്നാൽ മതി. നിന്നിൽ എനിക്ക് അലിഞ്ഞ് ചേർന്നാൽ മതി. യേശുവേ, നീ എന്റെ ഉള്ളത്തിൽ വസിച്ചാൽ മതി. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യത്തിൽ നിങ്ങൾ വളരെ ശക്തമായ തീരുമാനം എടുത്ത് മുന്നോട്ട് പോകുക. ദൈവം നിങ്ങളെ അനുഗ്രഹിയ്ക്കട്ടെ.

## പത്ത്

സത്യവചനം നിരന്തരമായി കേൾക്കാൻ സാധിച്ചാൽ ക്രിസ്തുവിലേക്ക് ആശ്രയം വരും. അതൊരു ശുഭസൂചനയാണ്. ഏതെങ്കിലും വ്യക്തിയിലേക്കോ കൂട്ടായ്മയിലേക്കോ നമ്മുടെ ആശ്രയം പോകുന്നില്ല. നിങ്ങളെ എപ്പോഴും കാണുന്ന ക്രിസ്തുവിലേക്കൊരു പിടുത്തം കിട്ടുന്നു എന്നത് ഏറ്റവും അനുഗ്രഹകരമായ കാര്യമാണ്. യേശുക്രിസ്തു എന്നെ എപ്പോഴും കരുതുന്നു എന്നൊരു ബോധ്യം കിട്ടുന്നത് മഹാഭാഗ്യമാണ്. ജീവിതത്തിൽ അനേകം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കാൻ പറ്റാത്ത പ്രശ്നങ്ങളുമുണ്ട്. എന്നാൽപോലും എനിക്കൊരുടമസ്ഥനുണ്ട്; ഉടയവനുണ്ട്; എനിക്കെന്റെ യേശുവുണ്ട്.

യേശു എന്നിൽ പ്രസാദിക്കണം എന്ന നല്ലൊരു ചിന്ത നിങ്ങൾക്ക് പലർക്കുമുണ്ട്. അത് വലിയൊരു നേട്ടമാണ്. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് എന്ന ഈ കൂട്ടായ്മക്ക് വേറൊരു സ്ഥാപിത താത്പര്യമില്ല. സ്ഥാനമാനങ്ങളില്ല. ഇവിടെ ഏതെങ്കിലും അധികാരങ്ങളില്ല. ഇവിടെ ആരോടും പൈസ പിരിക്കുന്നില്ല.

ഉന്നതമായ കാഴ്ചപ്പാട് ദൈവം തന്നു. സഭമാറണ്ട, സമുദായം മാറണ്ട, അതാത് സഭയിൽ നിന്നാൽ മതി, പൈസ പിരിക്കരുത്, സംഭാവന ചോദിക്കരുത്, പൈസ സമാഹരിച്ചുവയ്ക്കരുത്. എല്ലാം വ്യക്തമായിട്ടുള്ള കാഴ്ചപ്പാട്. അതെല്ലാം ദൈവം തന്ന ഒരു മഹാഭാഗ്യമായി ഞാൻ കണക്കാക്കുന്നു.

മനുഷ്യർ പ്രസാദിക്കണം എന്ന് കരുതിയിരുന്ന ഒരു

കാലമുണ്ടായിരുന്നു. എന്നാൽ അതെല്ലാം മാറി യേശു പ്രസാദിക്കണം എന്ന കാഴ്ചപ്പാട് കിട്ടി. രാവും പകലും ഊണിലും ഉറക്കത്തിലും നടപ്പിലും കിടപ്പിലും എന്നെ കാണുന്ന യേശു എന്നിൽ പ്രസാദിക്കണം. യേശു പ്രസാദിക്കാത്ത എന്തെങ്കിലും എന്നിലുണ്ടോ എന്ന് എപ്പോഴും നാം പരിശോധിക്കണം.

നമ്മുടെ കുടുംബത്തിൽ ഭാര്യയോട്, ഭർത്താവിനോട്, അമ്മയോട്, അപ്പനോട്, മക്കളോട് – നമ്മുടെ പെരുമാറ്റത്തിൽ രഹസ്യങ്ങൾ കാണുന്ന ദൈവം നോക്കുമ്പോൾ ദൈവം പ്രസാദിക്കാത്തത് എന്തെങ്കിലുമുണ്ടോ എന്ന് പരിശോധിക്കണം. അങ്ങനെ വരുമ്പോഴാണ് ജീവിതമാകെ മാറുന്നത്; നമുക്ക് സമാധാനം കിട്ടുന്നത്.

ഇഹത്തിൽ സമാധാനം, പരത്തിൽ സ്വർഗ്ഗം. അതാണല്ലോ നമ്മുടെ ലക്ഷ്യം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ സമാധാനവും സന്തോഷവും സ്വസ്ഥതയുമുള്ള ഒരു ജീവിതം. ഉപജീവനത്തിന് മാർഗ്ഗം വേണം. അതിന് ജോലി ചെയ്യുന്നു. യേശു പ്രസാദിക്കുന്നപോലെ ജോലി ചെയ്യണം. ഏറ്റവും വിശ്വസ്തരായി, കാര്യക്ഷമമായി, സത്യസന്ധരായി എല്ലാ കാര്യങ്ങളും ഏറ്റവും നന്നായി ചെയ്യണം.

ദൈവത്തിന്റെ മക്കൾ ചെയ്യുന്നതെല്ലാം ഏറ്റവും നന്നായി ചെയ്യും. അതിൽ ശത്രു അവകാശം പറയില്ല. പിശാചവകാശം പറയുന്നത് വന്നാൽ നമുക്ക് ദോഷമാണ്. പെട്ടെന്ന് ശിക്ഷ വന്നു എന്ന് വരില്ല. മനുഷ്യൻ തെറ്റ് ചെയ്യുമ്പോൾ മോനേ, മോളേ, ഇത് തെറ്റാണ് എന്ന് പല പ്രാവശ്യം പരിശുദ്ധാത്മാവ് പറഞ്ഞിട്ടും കേൾക്കാതെ വന്നാൽ ഏറെക്കാലം പരിശുദ്ധാത്മാവ് അപമാനിക്കപ്പെട്ട് പോകാൻ ദൈവം അനുവദിക്കയില്ല.

ഒരു അപ്പന്റെ–യാക്കോബിന്റെ–അവസാനത്തെ ആഗ്രഹം – The last request of a father. അതാണ് ഉല്പത്തി 50–ാം അദ്ധ്യായം. എന്തൊരു സംഭവബഹുലമായ ജീവിതമായിരുന്നു യാക്കോബിന്റേത്! അതെല്ലാം ഓർത്തോർത്ത് യാക്കോബ് ചിലപ്പോൾ

പൊട്ടിക്കരയും. ചിലപ്പോൾ പുഞ്ചിരിക്കും. ചിലപ്പോൾ വിഷാദ മഗ്നനായിരിക്കും. പായസം ഉണ്ടാക്കി ജ്യേഷ്ഠൻ ഏശാവ് വന്ന് ചോദിക്കുന്നു. ജ്യേഷ്ഠാവകാശം എനിക്ക് തന്നാൽ പായസം തരാം എന്ന് പറയുന്നു. ജ്യേഷ്ഠാവകാശം മേടിക്കുന്നു. ചേട്ടൻ അതോടുകൂടി ശത്രുവായിത്തീരുന്നു.

അപ്പന്റെ അരികിൽ സൂത്രത്തിൽ ചെന്ന് അനുഗ്രഹം മേടിക്കുന്നു, കളവ് പറയുന്നു. അപ്പനോട് കളവ് പറഞ്ഞു പോയല്ലോ എന്നോർക്കുമ്പോൾ കരച്ചിൽ വരും. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്നെല്ലാം പറഞ്ഞുപോയല്ലോ. ഏശാ വിന് കിട്ടേണ്ട അനുഗ്രഹം യാക്കോബ് കവർന്നെടുക്കുന്നു. ഏശാവ് യാക്കോബിനെ കൊല്ലാതിരിക്കേണ്ടതിന് യാക്കോബി നോട് ഓടിപ്പൊയ്ക്കൊൾവാൻ അമ്മ പറയുന്നു. അറുന്നൂറ് നാഴിക ദൂരത്തേക്കുള്ള യാക്കോബിന്റെ യാത്ര എത്ര ക്ലേശം നിറഞ്ഞതായിരുന്നു! എല്ലാം യാക്കോബ് തിരിഞ്ഞ് ചിന്തിക്കു കയാണ്.

ഞാനൊരിക്കൽ മസ്ക്കറ്റിൽ ചെന്ന് കാറിൽ പോകുമ്പോൾ ചിന്തിച്ചു-ഇതിലൂടെയൊക്കെ ആയിരിക്കുമോ യാക്കോബ് യാത്രചെയ്തത് എന്ന്. ബഹറിനിൽ ചെന്നപ്പോൾ അവിടെ യാക്കോബിന്റെ കിണർ എന്ന ഒരു കിണർ ഉണ്ട്. കിണർ കാണാൻ പോയി. കുറെയേറെ പടിക്കെട്ടുകളുണ്ട്. റിബേക്ക ഇവിടെ നിന്നായിരിക്കുമോ വെള്ളം കോരിക്കൊണ്ടുവന്ന് ഒട്ട കങ്ങൾക്ക് കൊടുത്തത് എന്ന് ചിന്തിച്ചു. ഇന്ന് ആ മരുഭൂമി കാണുമ്പോൾ നാം വിചാരിക്കും എങ്ങനെ യാക്കോബ് ഈ മരുഭൂമിയിലൂടെ നടന്നു എന്ന്. എന്തൊരു കൊടിയ വെയിൽ!

ഇന്ന് നാമും കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞ് ചിന്തി ക്കണം. ഇന്ന് ദൈവം തന്നതല്ലാതെ ഒന്നുമില്ല. എല്ലാം ദൈവം തന്നു. സമാധാനം തന്നു, സന്തോഷം തന്നു; ഇന്ന് ഞാൻ ജീവി ക്കുന്നത് ദൈവത്തിന്റെ കൃപയാണ്. ദൈവം നടത്തിയ ഓരോ വിധങ്ങൾ! അപകടങ്ങളിൽ നിന്നും ദൈവം രക്ഷിച്ചത്! എല്ലാം നാം ഓർത്തെടുക്കണം.

ഒരിക്കൽ പത്തനംതിട്ടയിൽ നിന്നും യോഗം കഴിഞ്ഞ് രാത്രി തിരികെ പോരുകയായിരുന്നു. ഞാൻ ഉറങ്ങുകയായിരുന്നു. പെട്ടെന്ന് ഒരു ശബ്ദം കേട്ട് കണ്ണ് തുറന്നപ്പോൾ ഒരു പാറയിൽ തട്ടി വണ്ടി നിൽക്കുന്നു. താഴെ ആഴത്തിൽ പാടമാണ്. ദൈവം വലിയ അപകടത്തിൽ നിന്നും രക്ഷിച്ചു. രോഗങ്ങൾ കർത്താവ് മാറ്റി. ഓർത്താൽ സന്തോഷിക്കാനും ദൈവത്തെ സ്തുതിക്കാനുമേ ഉള്ളൂ.

യാക്കോബ് പലരുടേയും അരികെ സഹായത്തിന് കൈനീട്ടി നിന്നിട്ട് സഹായം കിട്ടാതെ തിരികെ പോന്നത്. ലാബാനുമായുള്ള മത്സരം, സ്വന്തം അമ്മായിയപ്പന് വേണ്ടി അദ്ധ്വാനിച്ചത് – 14 വർഷം രണ്ട് പെൺമക്കൾക്കുവേണ്ടി, പിന്നെ 6 വർഷം ആടുമാടുകൾക്കുവേണ്ടി. മൊത്തം 20 കൊല്ലത്തെ അദ്ധ്വാനം. അതെല്ലാം പാഴായിപ്പോയല്ലോ എന്ന ചിന്ത-ഏറ്റവും നല്ല ആരോഗ്യമുള്ള കാലമെല്ലാം പാഴാക്കിക്കളഞ്ഞല്ലോ എന്ന ചിന്ത.

ഇങ്ങനെ യാക്കോബ് ചിന്തിച്ച് ചിന്തിച്ച് വന്ന് ഇപ്പോഴിതാ അവസാനം മക്കൾ എല്ലാവരും അപ്പന് ചുറ്റും എത്തിയിരിക്കയാണ്. The last message and the last request. ഉല്പത്തി 48-ാം അദ്ധ്യായം The last blessing, 49-ാം അദ്ധ്യായം The last message, 50-ാം അദ്ധ്യായം The last request.

യാക്കോബ് യൗസേഫിന്റെ മക്കളെ രണ്ടുപേരെയും അനുഗ്രഹിക്കുന്നു. The last blessing.

നാം നമ്മുടെ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങണം. ഒരിക്കലും നഷ്ടപ്പെടുത്തരുത്. അവരെ വേദനിപ്പിക്കരുത്. യാക്കോബിന്റെ അനുഗ്രഹം കിട്ടിയതാണ് എഫ്രയീമിന്റെ വളർച്ചയുടെ രഹസ്യം. എഫ്രയീമിനോട് യുദ്ധം ചെയ്തവർ യുദ്ധ ദിവസം പിന്തിരിഞ്ഞ് പോകേണ്ടി വന്നു.

നമ്മുടെ ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും പൈതൃകമായി നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളാണ്. പിതൃസ്വ

ത്തായി നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളാണ്. പിതൃസ്വത്ത്! അപ്പന്റെ പേരിലുള്ള ഭൂമി നമുക്ക് കിട്ടുന്നു. അപ്പൻ പണിയിച്ച വീട് നമുക്ക് കിട്ടുന്നു. പക്ഷേ, അപ്പന്റെ അനുഗ്രഹം മേടിച്ചു കൊള്ളണം. അത് ഏതെങ്കിലും വിധത്തിൽ നിങ്ങൾക്ക് നഷ്ട മായിട്ടുണ്ടെങ്കിൽ നിങ്ങൾ ചെന്ന് നിരപ്പായിക്കൊള്ളണം. സ്നേഹമാകണം. ഐക്യമാകണം. അപ്പനോട് മാപ്പ് ചോദി ക്കണം.

ഒരു പക്ഷേ, അപ്പൻ മരിച്ചുപോയി എന്നിരിക്കട്ടെ. അങ്ങനെ വരുമ്പോൾ നിങ്ങൾ ദൈവസന്നിധിയിലിരുന്ന് കരഞ്ഞ് ദൈവമേ, എന്റെ മോന് ഈ അകൃത്യം നിലനിൽക്കല്ലേ. ഇതെന്റെ കുഞ്ഞുങ്ങളുടെമേൽ ശാപമായി പോകല്ലേ. എന്റെ മേൽ നിന്നും ഈ ശാപം മാറ്റിത്തരണമേ എന്നു പ്രാർത്ഥിച്ചു കൊള്ളണം. അങ്ങനെ പ്രാർത്ഥിച്ച് നമ്മുടെ ജീവിതത്തിൽ നിന്ന് ശാപങ്ങൾ മാറ്റിക്കൊള്ളണം.

The last blessing കഴിഞ്ഞാണ് The last message. 49-ാം അദ്ധ്യായത്തിൽ ഓരോ മക്കൾക്കുമുള്ള ദൂത്. 50-ാം അദ്ധ്യായ ത്തിൽ The last request.

*"അപ്പോൾ യോസേഫ് തന്റെ അപ്പന്റെ മുഖത്ത് വീണു കരഞ്ഞു അവനെ ചുംബിച്ചു. പിന്നെ തന്റെ അപ്പന് സുഗന്ധവർഗ്ഗം ഇടുവാൻ യോസേഫ് തന്റെ ദാസന്മാരായ വൈദ്യന്മാരോട് കല്പിച്ചു; വൈദ്യന്മാർ യിസ്രായേലിന്നു സുഗന്ധവർഗ്ഗം ഇട്ടു. അങ്ങനെ നാല്പതു ദിവസം കഴിഞ്ഞു; സുഗ ന്ധവർഗ്ഗം ഇടുവാൻ അത്ര ദിവസം വേണ്ടിവരും. മിസ്രയീമ്യർ അവനെക്കുറിച്ച് എഴുപതുദിവസം വിലാപം കഴിച്ചു. അവന്നായുള്ള വിലാപകാലം കഴിഞ്ഞപ്പോൾ യോസേഫ് ഫറവോന്റെ ഗൃഹക്കാരോട് സംസാരിച്ചു: നിങ്ങൾക്കു എന്നോടു ദയ ഉണ്ടെങ്കിൽ നിങ്ങൾ ഫറവോനോട്: എന്റെ അപ്പൻ: ഇതാ, ഞാൻ മരിക്കുന്നു; ഞാൻ*

*കനാൻദേശത്തു എനിക്കുവേണ്ടി വെട്ടിയിരിക്കുന്ന കല്ലറയിൽ തന്നേ നീ എന്നെ അടക്കേണമെന്നു പറഞ്ഞു എന്നെക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുണ്ട്. ആകയാൽ ഞാൻ പോയി എന്റെ അപ്പനെ അടക്കി മടങ്ങിവരുവാൻ അനുവാദത്തിന്നു അപേക്ഷിക്കുന്നു എന്നു ഉണർത്തിപ്പിൻ എന്നു പറഞ്ഞു. നിന്റെ അപ്പൻ നിന്നെക്കൊണ്ട് സത്യം ചെയ്യിച്ചതു പോലെ നീ പോയി അവനെ അടക്കുക എന്നു ഫറവോൻ കല്പിച്ചു." ഉല്പത്തി 50 : 1 – 7*

യോസേഫിനെക്കൊണ്ട് അപ്പൻ സത്യം ചെയ്യിച്ചിരുന്നു. മോനേ, നീ എന്നെ ഇവിടെ നിന്ന് കൊണ്ടുപോകണം. എന്റെ പിതാക്കന്മാരുടെ ദേശത്ത് അബ്രാഹാം പിതാവ് പണിത മക്പേലാ ഗുഹയിൽ എന്നെ അടക്കം ചെയ്യണം. എന്റെ അപ്പന്റെ അപ്പൻ അബ്രാഹാം, എന്റെ അപ്പന്റെ അമ്മ സാറാ, എന്റെ അപ്പൻ യിസ്ഹാക്ക്, എന്റെ അമ്മ റിബേക്ക, എന്റെ ഭാര്യ ലേയ എന്നിവരേയും ആ ഗുഹയിൽ അടക്കം ചെയ്തു. എന്നെയും അവിടെ അടക്കം ചെയ്യണം.

എവിടെ അടക്കം ചെയ്താലും പ്രത്യേകത ഒന്നും ഇല്ല. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെഴുന്നേൽക്കും; ആത്മശരീരമായിരിക്കും. അതിന് എവിടേയും സഞ്ചരിക്കാം. ഉയിർത്തെഴുന്നേൽക്കുന്ന ശരീരം, ഒരിക്കലും അത് നാമായിട്ട് നശിപ്പിച്ച് കളയരുത്. ഞാൻ പറയുന്നത് ഒരു പ്രമാണമായിട്ട് പറയുകയല്ല. ആത്മീയമായിട്ട് പറഞ്ഞാൽ നമ്മുടെ ഈ ശരീരം കണ്ണ്, ഹാർട്ട്, ലിവർ ഇതൊന്നും മറ്റാർക്കും വിട്ടുകൊടുക്കരുത്.

നമ്മുടെ സ്വന്തം ഇഷ്ടപ്രകാരം ആർക്കും കൊടുക്കരുത്. വേറെ പലവിധത്തിലും അവയവങ്ങൾ നഷ്ടപ്പെട്ടെന്ന് വരാം. പക്ഷേ, നാമായിട്ട് നമ്മുടെ അവയവങ്ങൾ ആർക്കും കൊടുക്കരുത്. ഇത് ഉയിർത്തെഴുന്നേൽക്കാനുള്ള ശരീരമാണ്. ഇതൊരു ആത്മീയമായ കാര്യമാണ്. എന്നു കരുതി ആത്മീയരാരും

അങ്ങനെ ചെയ്യരുത് എന്നില്ല. അതെല്ലാം അവരവരുടെ ഇഷ്ടം പോലെ ചെയ്യാവുന്നതാണ്.

Last request എന്നെ അവിടെ കൊണ്ടുപോയി അടക്കണം എന്നാണ്. എന്തൊരു ഭാഗ്യകരമായ മരണമാണത്! എപ്പോൾ ഞാൻ മരിച്ചാലും ഒരു ഭാഗ്യമരണം എനിക്ക് വേണം എന്ന് നിങ്ങൾ തീരുമാനിക്കണം. എങ്ങനെ ഞാൻ മരിച്ചാലും എനിക്ക് ഒരു ഭാഗ്യമരണം വേണം. പെട്ടെന്ന് മരിച്ചാലും ശരി, രോഗം വന്ന് മരിച്ചാലും ശരി ഞാൻ മരിക്കുന്നത് ഒരു ഭാഗ്യമരണമായിരിക്കണം. ക്രിസ്തു പ്രസാദിക്കുന്ന ഒരു ജീവിതം നയിച്ച് ക്രിസ്തു പ്രസാദിക്കുന്നതുപോലെ മരിക്കണം.

ഏത് ജോലിചെയ്യുമ്പോഴും യേശു പ്രസാദിക്കണം എന്ന ചിന്ത എപ്പോഴും ഉണ്ടായിരിക്കണം. എന്റെ പാപങ്ങളെല്ലാം കഴുകിത്തന്ന യേശു പ്രസാദിക്കണം. അപ്പോഴാണ് നമുക്ക് പാപബോധം വരുന്നത്. ഇനി എന്തെല്ലാം പാപങ്ങൾ ഏറ്റു പറവാനുണ്ട്. വാസ്തവമായി ഞാൻ കഴുകൽ പ്രാപിച്ചുവോ? ഇങ്ങനെ നാം ചിന്തിക്കുമ്പോൾ നമുക്ക് കൂടുതൽ പാപബോധം ലഭിക്കും. പാപബോധം ലഭിക്കുന്നത് അപ്പോഴപ്പോൾ ഏറ്റുപറഞ്ഞ് കഴുകൽ കിട്ടുകയും ചെയ്യും. അങ്ങനെ അകം മാറിയ ജീവിതം. ആകമാനം ഒരു പുതിയ ജീവിതം. അതാണ് കർത്താവ് നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്. അതാണ് നമുക്ക് ലഭിക്കേണ്ട ഭാഗ്യം. അങ്ങനെ ജീവിക്കുമ്പോഴാണ് ഭാഗ്യമരണം നമുക്ക് ലഭിക്കുന്നത്.

> *"അവന്റെ പുത്രന്മാർ അവനെ കനാൻദേശത്തേക്ക് കൊണ്ടുപോയി, മമ്രേക്ക് സമീപം അബ്രാഹാം ഹിത്യനായ എഫ്രോനോട് നിലത്തോടുകൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ മക്പേലാ എന്ന നിലത്തിലെ ഗുഹയിൽ അവനെ അടക്കം ചെയ്തു. യോസേഫ് അപ്പനെ അടക്കിയ ശേഷം അവനും സഹോദരന്മാരും അവന്റെ അപ്പനെ അടക്കുവാൻ കൂടെ പോയിരുന്ന എല്ലാവരും മിസ്രയീ*

*മിലേക്കു മടങ്ങിപ്പോന്നു. അപ്പൻ മരിച്ചുപോയി എന്നു യോസേഫിന്റെ സഹോദരന്മാർ കണ്ടിട്ട്: പക്ഷേ യോസേഫ് നമ്മെ ദ്വേഷിച്ചു, നാം അവനോടു ചെയ്ത സകലദോഷത്തിന്നും നമ്മോടു പ്രതികാരം ചെയ്യുമെന്ന് പറഞ്ഞു. അവർ യോസേഫിന്റെ അടുക്കൽ ആളയച്ചു: അപ്പൻ മരിക്കും മുമ്പെ: നിന്റെ സഹോദരന്മാർ നിന്നോടു ദോഷം ചെയ്തു; അവർ ചെയ്ത അതിക്രമവും പാപവും നീ ക്ഷമിക്കേണം എന്നു യോസേഫിനോടു പറവിൻ എന്നു കല്പിച്ചിരിക്കുന്നു. ആകയാൽ അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കേണമേ എന്നു പറയിച്ചു. അവർ യോസേഫിനോടു സംസാരിക്കുമ്പോൾ അവൻ കരഞ്ഞു. അവന്റെ സഹോദരന്മാർ ചെന്നു അവന്റെ മുമ്പാകെ വീണു: ഇതാ, ഞങ്ങൾ നിനക്കു അടിമകൾ എന്നു പറഞ്ഞു." ഉല്പത്തി 50 : 13 – 18*

പിന്നെയും യോസേഫിനോട് അങ്ങനെ പറയേണ്ട കാര്യമില്ല. നിങ്ങൾക്ക് പലർക്കും പറ്റിയിരിക്കുന്ന ഒരു അപകടമാണത്. ഒരിക്കൽ ക്ഷമിച്ചുതന്ന പാപം ക്ഷമിച്ചു കിട്ടിയോ എന്ന് പിന്നെയും ചിന്തിക്കുന്നു. നിങ്ങൾക്ക് ഒരിക്കൽ ക്ഷമിച്ചു തന്നോ? അത് എന്നേക്കുമാണ്. അങ്ങനെയൊരു പാപം വന്നതായിട്ട് കർത്താവ് കണക്കാക്കുകയില്ല.

കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ എന്റെ പാപങ്ങൾ കഴുകപ്പെടണം എന്ന വിശ്വാസത്താൽ നിങ്ങൾ ലജ്ജകൂടാതെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചുവോ? മേലിൽ അവ വരികയില്ല എന്ന് തീരുമാനിച്ചുവോ? ആ തീരുമാനം നിങ്ങൾ പാലിക്കുന്നുണ്ടോ? നിങ്ങൾക്ക് ക്ഷമിച്ചുതന്ന പാപങ്ങളെ ഓർത്ത് പിന്നെ നിരാശപ്പെടേണ്ട കാര്യമില്ല. പാപത്തിന്റെ ആ കുറ്റബോധം നിങ്ങളെ വേട്ടയാടാൻ സമ്മതിക്കരുത്. പലർക്കും പറ്റുന്ന ഒരു അപകടം ക്ഷമിച്ചുകി

ട്ടിയ പാപം പിന്നെയും ക്ഷമിച്ചുകിട്ടിയോ എന്ന് സംശയിക്കുന്നു.

ഉപേക്ഷിച്ച പാപങ്ങൾ തിരികെ എടുത്താൽ പിന്നെ എല്ലാം കൂടെ തിരികെ വന്നു കൂടും. പാപം ഏറ്റുപറഞ്ഞതിന് ശേഷം പിന്നെയും പാപം വന്നാൽ ഒന്നിന്റെ സ്ഥാനത്ത് ഏഴ് എണ്ണം കൂടി കയറിവരും.

യോസേഫിനോട് പിന്നെയും ക്ഷമിക്കണം എന്ന് സഹോദരന്മാർ അപേക്ഷിക്കയാണ്. അവരുടെ അവിശ്വാസം കണ്ടിട്ട് യോസേഫ് കരഞ്ഞു. സഹോദരന്മാർ യോസേഫിന്റെ കാൽക്കൽ വീണുകരഞ്ഞു. അപ്പൻ മരിച്ചുപോയി, ഞങ്ങളെ ഒന്നും ചെയ്യല്ലേ. യോസേഫ് പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾ ദോഷം ചെയ്തെങ്കിലും അതെല്ലാം ദൈവം നന്മയ്ക്കാക്കിത്തീർത്തു. ഞാൻ നിങ്ങളെയും നിങ്ങളുടെ മക്കളെയും പോറ്റി രക്ഷിക്കും എന്ന് പറഞ്ഞ് അവരെ ആശ്വസിപ്പിച്ച് ബലപ്പെടുത്തി.

യേശുക്രിസ്തുവിന്റെ പ്രതീകമാണ് യോസേഫ്. നിങ്ങൾ പാപം ഏറ്റുപറഞ്ഞു. നിങ്ങൾക്ക് പാപം ക്ഷമിച്ചുതന്നു. നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്ന് യോസേഫ് പറഞ്ഞു.

നിങ്ങൾക്കും നിങ്ങളുടെ മക്കളുടെ മക്കൾക്കും അനുഗ്രഹം ലഭിക്കാൻ നിങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്ക. അപ്പോൾ നിങ്ങളുടെ കുഞ്ഞുങ്ങൾ ദേശത്ത് മാന്യന്മാരാകും. അവരിൽക്കൂടി ദൈവം വൻകാര്യങ്ങൾ നടത്തും. അവരെ ദൈവം തന്റെ കൈകളിൽ എടുക്കും. അവരെ ദൈവം ഐശ്വര്യത്തിലേക്ക് നടത്തും. നിങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ പാപം ക്ഷമിക്കപ്പെടും. ഒരുനാൾ നിങ്ങൾ കടന്നുപോകുമ്പോൾ ഇവിടെ കയറി വരുവിൻ എന്ന ശബ്ദം കേട്ടുകൊണ്ട് നിങ്ങൾക്ക് പറന്നു ചെല്ലാം.

അവിടെ കയറിച്ചെല്ലുമ്പോൾ കേൾക്കാം, നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന്. അല്പത്തിൽ വിശ്വസ്തനാ

യവനേ, ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. ഇപ്പോൾ നിങ്ങൾക്കുള്ള ജോലിയിൽ നിങ്ങൾ വിശ്വസ്തരാകുക. നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽനിന്നും ഉയർന്നതലങ്ങളിലേക്ക് ഉയരുക. ദൈവം നിങ്ങളെ അനുഗ്ര ഹിക്കും. എല്ലാ നന്മകളും ദൈവം നിങ്ങൾക്ക് നൽകട്ടെ. ഞാനും മനസ്സോടെ നിങ്ങളെ അനുഗ്രഹിക്കുന്നു. എല്ലാ സമാ ധാനവും ദൈവം നിങ്ങൾക്ക് തരട്ടെ.

# പതിനൊന്ന്

“യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.” അത് എന്റെ അനുഭവമാണ്. നിങ്ങൾ ഓരോരുത്തരുടേയും അനുഭവമാണ്. ദൈവമക്കളായ എല്ലാവരുടേയും അനുഭവമാണ്. ദൈവത്തിങ്കലേക്ക് തിരിഞ്ഞപ്പോൾ നമുക്ക് അഭിവൃദ്ധി കിട്ടിയിട്ടുണ്ട്.

അത് ചിന്തിച്ച് വന്നപ്പോഴാണ് നാം ഉല്പത്തി പുസ്തകത്തിൽ യാക്കോബിന്റെ ജീവിതം കണ്ടത്. യാക്കോബ് നിരാശനായി അവശനായി എല്ലാം എനിക്ക് പ്രതികൂലമാണെന്ന് പറഞ്ഞ്, ഭാരപ്പെട്ടിരുന്നപ്പോൾ ദൈവത്തിന്റെ അത്ഭുതകരം യാക്കോബിനെ താങ്ങുകയും ഉയർത്തുകയും ചെയ്തു. യാക്കോബ് വലിയൊരു സമൂഹത്തിന്റെ തലവനായിത്തീർന്നു. വലിയ ജനസഞ്ചയത്തിന്റെ ആദ്യത്തെ പിതാവായിത്തീർന്നു.

യാക്കോബിന്റെ മക്കളുടെ ഗോത്രപ്പേരുകളിലാണ് യിസ്രായേൽ വംശം നിലനിൽക്കുന്നത്. അങ്ങനെ യാക്കോബ് വളർന്നു. അവസാനം വളരെ പ്രശാന്തമായി, തീർത്തും ആത്മികമായി യാക്കോബ് ഈ ലോകത്തോട് യാത്ര പറയുന്നു. പാരിൽ പരദേശിയായി ജീവിച്ചു. കടന്നുപോകുമ്പോൾ നല്ല പ്രത്യാശയോടെ, നല്ല സമാധാനത്തോടെ കടന്നുപോകാൻ യാക്കോബിന് കഴിഞ്ഞു.

അതിനെ തുടർന്നാണ് യോസേഫിന്റെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചത്. യോസേഫും ദൈവത്തിങ്കലേക്ക് തിരിഞ്ഞു. അപ്പോൾ അഭിവൃദ്ധിപ്പെട്ടു. യാക്കോബിന്റെ ജീവിതത്തിൽ അഭിവൃദ്ധി കിട്ടി. യോസേഫിന്റെ ജീവിതത്തിൽ അഭിവൃദ്ധി

കിട്ടി. മറ്റൊന്ന് ദാവീദാണ്. ദാവീദ് ഒരു ആട്ടിടയനായി ജീവിതം തുടങ്ങി. വളരെ സാധുവായ ഒരു ഗ്രാമീണബാലനായി ജീവിതം തുടങ്ങി, വളർന്നു, രാജാവായി. വലിയൊരു സമൂഹത്തിന്റെ നേതൃസ്ഥാനത്ത് വന്നു.

ബാബിലോണിയൻ സാമ്രാജ്യത്തിലെ നെബൂഖദ്നേസർ രാജാവ് വന്ന് യെരൂശലേമിൽ നിന്ന് പിടിച്ച് കൊണ്ടുപോയ യെഹൂദാബാലന്മാരിൽ ഒരുവനായിരുന്നു ദാനിയേൽ. അടിമയായി കൊണ്ടുപോയി. അടിമ വളർന്ന് ഉടമയായി എന്നു മാത്രമല്ല വളരെ പ്രശസ്തമായ പേർഷ്യൻ സാമ്രാജ്യത്തിൽ ഏറ്റവും സമൃദ്ധമായ കാലയളവിലെ 120 സംസ്ഥാനങ്ങളുടെ 120 ഗവർണ്ണർമാരുടെ മീതെയുള്ള മൂന്ന് പ്രസിഡന്റുമാരിൽ ഒന്നാമതായി. Daniel was first among the three. വളർച്ചയാണ്. “യഹോവയിങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.” യോസേഫിന്റെ ജീവിതത്തിൽ ഒരു സ്വപ്നം ആണ് അവനെ വളർത്തിയത്. ദാവീദിന്റെ ജീവിതത്തിലെ devotion-ഭക്തിയും, ദാനിയേലിന്റെ ജീവിതത്തിലെ ഒരു decision-തീരുമാനവുമാണ് അവരെ വലിയവരാക്കിയത്.

ഈ മൂന്ന് വാക്കുകളിൽ എല്ലാം നിറുത്താം.

1. Dream
2. Devotion
3. Decision

യോസേഫിന്റെ ജീവിതത്തിലെ സ്വപ്നം - dream. അത് നാം നേരത്തെ ചിന്തിച്ച കാര്യമാണ്. സ്വപ്നത്തിൽക്കൂടിയാണ് തുടക്കം. യോസേഫിന്റെ ജീവിതം മുഴുവൻ ആ സ്വപ്നം മനസ്സിൽ കണ്ടുകൊണ്ടാണ്. ദൈവം കൊടുത്ത ഒരു സ്വപ്നം! നമുക്കും വേണം ഒരു സ്വപ്നം. ഭാവിയെക്കുറിച്ച് ഒരു സ്വപ്നം വേണം. ഞാനെന്താകണം? ഭൗതികമായി നിങ്ങൾക്ക് ചിന്തിക്കാം. ഇവിടെയടുത്തെങ്ങും കോളേജില്ലാത്ത കാലത്ത് കോളേജിൽ പഠിച്ചിട്ടില്ലാത്ത ഞാൻ ആഗ്രഹിച്ചു, കോളേജ്

അദ്ധ്യാപകനാവണമെന്ന്. എന്റെ സ്വപ്നങ്ങളെല്ലാം കരിഞ്ഞു. 10-ാം ക്ലാസ്സ് കഴിഞ്ഞപ്പോൾ പഠിത്തം നിറുത്തി. പിന്നെ കോളേജ് അദ്ധ്യാപകനാവുക സാദ്ധ്യമല്ലല്ലോ.

ഞാൻ കോളേജ് കണ്ടിട്ടില്ല. എന്തിന്, 10-ാം ക്ലാസ്സ് കഴിയുമ്പോൾ ഞാൻ എറണാകുളംപോലും കണ്ടിട്ടില്ല. ഞാൻ പുറംലോകം കണ്ടിട്ടില്ലാത്ത ഒരു ഗ്രാമീണ ബാലനായി വളർന്നുവന്നു. ഒരു പരിഷ്ക്കാരവുമില്ല. ചെറിയ ചുറ്റുപാടുകളിൽ ജീവിച്ചു. അപ്പുറം വേറെ ലോകമുള്ളത് ഞാൻ കണ്ടിട്ടില്ല. അന്നും ഞാൻ ആഗ്രഹിച്ചു എനിക്കൊരു കോളേജ് അദ്ധ്യാപകനാവണമെന്ന്.

എന്തുകൊണ്ടാണ് അങ്ങനെ ആഗ്രഹിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഞാൻ ചിന്തിച്ചു. അത് വെറുതെയൊരു ആഗ്രഹമാണല്ലോ. തീർന്നില്ലേ? പിന്നെ പഠിച്ചില്ല. കോളേജിൽ പോകാനുള്ള സാധ്യത ഉണ്ടായിരുന്നില്ല. പക്ഷേ, എന്തൊരത്ഭുതം! എന്റെ മനസ്സിലെ ചെറിയ ആഗ്രഹം, അത് വച്ചുകൊണ്ട് പ്രാർത്ഥിച്ചിട്ടൊന്നുമില്ല. കാരണം, ആ രീതിയിലൊരു സമർപ്പണം എനിക്കന്നുണ്ടായിരുന്നില്ല. അത്ര സജീവമായൊരു ചിന്താവിഷയവും ആയിരുന്നില്ല. ഞാൻ അടച്ചുപൂട്ടിവച്ചിരുന്ന ആഗ്രഹം! അത് കർത്താവ് സാധിപ്പിച്ചു. അതൊരു അത്ഭുതമായിരുന്നു! അത്ഭുതങ്ങളുടെ അത്ഭുതം!

പത്താം ക്ലാസ് കഴിഞ്ഞ്, വേലക്കാരുണ്ടെങ്കിലും വീട്ടിലെ കൃഷികാര്യങ്ങളെല്ലാം നോക്കി കഴിയുകയാണ്. അന്ന് പള്ളിയിൽ വന്ന് പ്രസംഗിച്ച ഒരു സുവിശേഷകന്റെ പ്രസംഗം കേട്ട് ഞാൻ എന്റെ ഹൃദയം ക്രിസ്തുവിന് സമർപ്പിച്ചു. ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. അദ്ദേഹത്തിന്റെ നാവിൽക്കൂടി വന്ന ക്രിസ്തുവിന്റെ വചനം എന്റെ ഹൃദയത്തെ തകർത്തു. അന്ന് ഞാൻ വ്യക്തമായൊരു തീരുമാനമെടുത്തു. ജീവിതം എന്നെന്നും യേശുവിനെന്ന്. ഞാൻ യേശുവിന്റെ വക. മനസ്സറിഞ്ഞ് ഒരു തെറ്റുവരില്ല.

ഒരു ദിവസം വടവുകോട് സ്കൂളിലെ ഹെഡ്മാസ്റ്റർ, അന്ന് കേരളത്തിലെ ഏറ്റവും പ്രശസ്തനായ ഹെഡ്മാസ്റ്റർ മത്തായി സാർ–കേരളത്തിൽ അന്ന് വടവുകോട് സ്കൂളിൽ മാത്രമാണ് 100% വിജയമുള്ളൂ – അവിടെ പഠിക്കുന്ന ഒരു കുട്ടി യോട് പറഞ്ഞുവിട്ടു, എന്നോട് സ്കൂൾ വരെ ഒന്നു വരണമെന്ന്. ഞാൻ ചെന്നു. എനിക്ക് അദ്ധ്യാപകരെ വലിയ ഇഷ്ടമാണ്. അദ്ധ്യാപകർക്ക് എന്നെയും വലിയ ഇഷ്ടമാണ്. അദ്ധ്യാപക രുടെ ഒരു സ്നേഹഭാജനമായാണ് ഞാൻ വളർന്നു വന്നത്. സാർ ചോദിച്ചു: ഇവിടെ ടി.ടി.സി. തുടങ്ങുകയല്ലേ. നിനക്ക തിൽ ചേരരുതോ?

ടി.ടി.സി.ക്ക് ചേർന്നാൽ എനിക്കിപ്പോ ജോലിക്കുപോവാ നുള്ള സാദ്ധ്യതയില്ലല്ലോ. വീട്ടിൽ കൃഷികാര്യങ്ങൾ അന്വേഷി ക്കാൻ വേറെയാരുമില്ല. ഞാൻ പറഞ്ഞു. അതല്ല, നീ ചേര്. ജോലിക്കുപോകണമെന്നുള്ള കാര്യം അന്നേരം ചിന്തിച്ചാൽ മതിയല്ലോ. നീ ആപ്ലിക്കേഷൻ കൊടുക്ക്. സാർ പറഞ്ഞു.

സാർ തന്നെ ആപ്ലിക്കേഷൻ എഴുതി. എന്നെക്കൊണ്ട് ഒപ്പ് ഇടുവിക്കുക മാത്രമേ ചെയ്തുള്ളൂ. സാറിന്റെ പേനാക്ക ത്തികൊണ്ട് കടലാസ് മുറിച്ച് ഒരു കവർ ഉണ്ടാക്കി. പശ വച്ച് ഒട്ടിച്ചു. സാർ തന്നെ അയച്ചു. എന്തുകൊണ്ടാണ് അത് ചെയ്യാൻ തോന്നിയത്. എനിക്കറിഞ്ഞുകൂടാ. അതിന്റെ സെലക്ഷൻ ലിസ്റ്റ് വന്നപ്പോൾ ആദ്യത്തെ പേര് എന്റെയാണ്. കാരണം എനിക്കന്ന് S. S. L. C. ക്ക് വളരെ ഉയർന്ന മാർക്കുണ്ടാ യിരുന്നു. അപ്പോഴും ഞാൻ ചേരണം എന്ന് സാറിന് നിർബ്ബന്ധ മായിരുന്നു. ഞാനിന്ന് അത്ഭുതപ്പെടുകയാണ്. ഇതിന്റെ പിന്നിൽ ദൈവത്തിന്റെ കരമില്ലെങ്കിൽ നടക്കുമോ ഇതെല്ലാം. ഞാൻ ടി.ടി.സി. പഠിച്ചു. റിസൾട്ട് വരുന്നതിനുമുമ്പ് തന്നെ സാർ പറഞ്ഞു: നീ സ്കൂളിൽ വന്ന് ജോലി തുടങ്ങ്.

ഞാൻ സ്കൂളിൽ അദ്ധ്യാപകനായി. അപ്പോഴും ഞാൻ പറഞ്ഞു: എനിക്കദ്ധ്യാപകനായി ജോലി തുടരാനാവില്ല. ഞാൻ ഒരാളല്ലേ വീട്ടിലുള്ളൂ. പെങ്ങളെ കല്യാണം കഴിച്ച് വിടും.

പിന്നെ അമ്മ മാത്രമല്ലേയുള്ളൂ. കാര്യം നോക്കാൻ വേറെ ആരുമില്ല. അതുകൊണ്ട് എനിക്ക് സാധ്യതയില്ല. സാർ പറഞ്ഞു: നീ ജോലി ചെയ്ത് തുടങ്ങ്.

ഞാൻ സ്കൂളിൽ ഏറ്റവും ജൂനിയർ അദ്ധ്യാപകനായി. പഠിപ്പിച്ചുതുടങ്ങിയപ്പോൾ എനിക്കാവേശമായി. പിള്ളേരോട് സംസാരിക്കുന്നതെല്ലാം എനിക്കിഷ്ടമായിത്തീർന്നു. കുട്ടികൾക്ക് എന്റെ ക്ലാസ്സ് ഇഷ്ടമായി. പിള്ളേർക്ക് എന്നെ വലിയ സ്നേഹമായി. എനിക്ക് പിള്ളേരെ വലിയ വാത്സല്യമായി. കൊച്ചു കുട്ടികൾ. ഇന്നത്തെ രീതിയിൽ പറഞ്ഞാൽ 5-ാം ക്ലാസ്സാണ് അന്നത്തെ 6-ാം ക്ലാസ്. അന്ന് മൂന്ന് ക്ലാസ്സിലും ഇംഗ്ലീഷ് ആണ് എനിക്ക് പഠിപ്പിക്കേണ്ടത്. ഫസ്റ്റിലും സെക്കന്റിലും തേർഡിലും, എന്നു വച്ചാൽ 5,6,7 ക്ലാസ്സുകൾ.

ഇംഗ്ലീഷ് എനിക്ക് വളരെ ഇഷ്ടമാണ്. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഞാൻ സാറിനോട് ചോദിച്ചു: ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ എനിക്കു സാധിക്കും. ഞാൻ പഠിപ്പിക്കട്ടെ. സാർ പറഞ്ഞു: നിനക്ക് സാധിക്കുമെന്നെനിക്കറിയാം. എന്നാൽ ബി.എ. ഡിഗ്രി ഇല്ലാതെ ഹൈസ്കൂളിൽ പഠിപ്പിക്കാനാവില്ല. പിന്നെ ഒരു ചിന്തയായി, ഗ്രാജ്വേറ്റ് ആവാൻ എന്താണ് പോംവഴി? പ്രൈവറ്റ് ആയി എഴുതാൻ സാധ്യതയുണ്ട്. അത്ഭുതം ഞാൻ ബി.എ. ചെയ്തു.

അതും ഒരു വലിയ കൃപയായിരുന്നു. ബി.എ. ഡിഗ്രിയ്ക്ക് കേരള യൂണിവേഴ്സിറ്റിയിൽ ഫസ്റ്റ് റാങ്ക് എനിക്ക് കിട്ടി. അത്രയും പഠിച്ച് വന്നപ്പോൾ എനിക്കും ഉത്സാഹമായി. അപ്പോൾ കോലഞ്ചേരി കോളേജ് തുടങ്ങുന്ന കാര്യം ചിന്തിച്ചിട്ടില്ല. എനിക്ക് പഠിക്കണമെന്ന് ആഗ്രഹമായി. പിന്നെ എം.എ. എഴുതാനുള്ള ശ്രമമായി. മഹാരാജാസ് കോളേജിൽ ചേർന്ന് പഠിക്കാൻ എനിക്കാഗ്രഹമായി. സെക്കന്റ് ഇയർ മഹാരാജാസിൽ പഠിക്കാൻ ഞാൻ ചെന്നു. അന്ന് അവിടുത്തെ പ്രിൻസിപ്പൽ ആയിരുന്ന ഡോക്ടർ ചന്ദ്രഹാസൻ പറഞ്ഞു: സെക്കന്റ് ഇയറിലേക്ക് അഡ്മിഷൻ തരില്ല. അത് നടപ്പില്ലല്ലോ.

പിന്നെ മലയാളം ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർ പി.വി. കൃഷ്ണൻ നായർ സാറും പ്രൊഫസർ സി.എൽ. ആന്റണി മാഷും താമസിക്കുന്നിടത്ത് പോയി. പി.വി. കൃഷ്ണൻ നായർ സാറിന്റെ വീട് എറണാകുളത്ത് തന്നെയാണ്. അദ്ദേഹത്തിന്റെ ഭാര്യ മഹാരാജാസിൽ തന്നെ കെമിസ്ട്രി പ്രൊഫസർ ആയിരുന്നു. അവരുടെ വീട്ടിൽ പോയിരുന്ന് എനിക്കറിയാൻ പാടില്ലാത്തതൊക്കെ ചോദിച്ച് മനസ്സിലാക്കി പഠിച്ചു. വളരെ സ്നേഹമുള്ള മനുഷ്യൻ. എന്നെയിരുത്തി, എനിക്ക് ചായയൊക്കെ തന്ന് അവരുടെ ഒരു ശിഷ്യനെപ്പോലെ, കോളേജിൽ പഠിക്കുന്ന ഒരു കുട്ടിയെപ്പോലെ തന്നെ എന്നെ പഠിപ്പിച്ചു.

സി.എൽ. ആന്റണി സാർ താമസിക്കുന്ന ഹോട്ടലിൽ അദ്ദേഹത്തിന്റെ മുറിയിൽ പോയിരുന്ന് ഞാൻ പഠിച്ചു. അദ്ദേഹം എനിക്ക് പറഞ്ഞു തന്നു. അങ്ങനെയാണ് ഞാൻ എം.എ. എഴുതിയത്. പിറ്റെ വർഷം B.Ed.ന് പോയി. ഗവണ്മെന്റ് സെലക്ഷൻ കിട്ടിയതുകൊണ്ട് പോയതാണ്. ശമ്പളത്തോടു കൂടി പോകാം. എം.എ. പാസ്സായ വർഷമാണ് St. Peter's College തുടങ്ങുന്നത്.

ഞാനിതെല്ലാം പറഞ്ഞത് ഒരു കാര്യം പറയാനാണ്. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ഒരു അദൃശ്യശക്തിയുണ്ട്. നമ്മുടെ ജീവിതത്തെ എല്ലായ്പ്പോഴും നിയന്ത്രിച്ച് നമ്മൾ അറിയാതിരിക്കുമ്പോൾ പോലും നമ്മെ നയിക്കുന്ന ഒരു അദൃശ്യശക്തി! ആ അദൃശ്യശക്തി നമ്മൾ അറിയാതിരിക്കുമ്പോൾപോലും നമ്മുടെ സ്വപ്നം സഫലമാക്കിത്തരുന്നു. അത് ഒരു ശക്തിയല്ല, വ്യക്തിയാണ്, കർത്താവായ യേശുക്രിസ്തു! യേശു നമ്മെ കാണുന്നുണ്ട്. നമ്മുടെ അകം കാണുന്നുണ്ട്. നമ്മുടെ ഹൃദയത്തിന്റെ നീറ്റലുകൾ കാണുന്നുണ്ട്. ഉള്ളിന്റെ പൊള്ളുന്ന അനുഭവങ്ങൾ കാണുന്നുണ്ട്.

മനസ്സിന്റെ വിഷാദഭാവങ്ങൾ കാണുന്നുണ്ട്. അതുപോലെതന്നെ നമ്മുടെ പാപങ്ങൾ കാണുന്നുണ്ട്. തിന്മകൾ കാണുന്നുണ്ട്. എല്ലാം കാണുന്ന ദൈവം! നമ്മെക്കുറിച്ച് വലിയ

പ്രതീക്ഷപുലർത്തുന്ന ദൈവം! ഒരപ്പന് മകൻ വളർന്നുവരുമ്പോൾ പ്രതീക്ഷയാണല്ലോ. കുഞ്ഞുങ്ങൾ ഉണ്ടായി അവർ വളർന്നുവരുമ്പോൾ അവരുടെ ഭാവിയാണ് നിങ്ങളുടെ ലക്ഷ്യം എന്നതുപോലെ നമ്മുടെ ഉയർച്ചയും വളർച്ചയും മാത്രം ആഗ്രഹിക്കുന്ന ഒരു ദൈവം. അങ്ങനെയൊരു വ്യക്തിയാണ് ദൈവം. ആ ജീവനുള്ള ദൈവം നമ്മുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചുകൊണ്ട് നമ്മെ നയിക്കുന്നു. ഇത് നിങ്ങൾ മറക്കരുത്. നിങ്ങൾക്ക് ഒരു സ്വപ്നം വേണം.

നിങ്ങളുടെ ജീവിതത്തിൽ സുദൃഢമായ ഒരു സമർപ്പണവും തീരുമാനവും ആഗ്രഹവും വേണം. എനിക്കുയരണം. എല്ലാ രംഗത്തും എനിക്കഭിവൃദ്ധി പ്രാപിക്കണം. ഔദ്യോഗികമായിട്ടുയരണം. അതായിരിക്കണം നിങ്ങളുടെ ലക്ഷ്യം. Ambitious ആയിരിക്കണം. നാം ശുഭകരമായ ആഗ്രഹം ഉള്ളവരായിരിക്കണം. ശുഭകാംക്ഷയുള്ളവരായിരിക്കണം. ഉയർന്നുവരാനുള്ള ആഗ്രഹമുള്ളവരായിരിക്കണം. അങ്ങനെ ഉയരണമെങ്കിൽ, സ്വപ്നം സഫലമാകണമെങ്കിൽ അവിടെ ചില principles (ജീവിത പ്രമാണങ്ങൾ) വയ്ക്കണം.

വെറുതെ ഉയരാനാവില്ല. ജീവിതത്തിൽ ചില ചിട്ടകൾ വേണം. ഭൗതികമായ ചിട്ടകൾ. വാക്ക് പറഞ്ഞാൽ വാക്ക്. അതുറപ്പായിരിക്കണം. ജോലിയോടുള്ള പ്രതിബദ്ധത. എന്നാൽ മാത്രമേ നമ്മുടെ സ്വപ്നം സഫലമാകുകയുള്ളൂ. ഞാനൊരു തത്വാധിഷ്ഠിതയുള്ള ആളാണെന്ന് നമുക്കുതന്നെ തോന്നണം. ചില കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഒരു നുണപറയുന്ന കാര്യമാണോ, നുണപറയില്ല. ഏതെങ്കിലും ഒരു തെറ്റിനു കൂട്ടുകൂടുന്ന കാര്യമാണോ? ഉണ്ടാവില്ല. വേറൊരാൾക്ക് ദോഷം വരുന്ന കാര്യമാണോ, ഉണ്ടാവില്ല. വേറൊരാളെ വേദനിപ്പിക്കുന്ന കാര്യം ഉണ്ടാവില്ല.

ഇങ്ങനെ ചില കാര്യങ്ങളിലുള്ള നിഷ്ഠകൾ നമുക്ക് വേണം. നിഷ്ഠകൾ ഉണ്ടെങ്കിലേ സ്വപ്നം സഫലമാവുകയുള്ളൂ. അതുകൊണ്ട് നമുക്കൊരു സ്വപ്നം വേണം. യോസേ

ഫിന് ഒരു സ്വപ്നം കിട്ടിയിരുന്നു. ആ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി യോസേഫ് മുന്നോട്ടു പോകുന്നു. എല്ലാവരേക്കാളും ഉയരും എന്നുള്ളതാണ് സ്വപ്നം. എന്റെ സഹോദരന്മാരേക്കാളും ഞാൻ ഉയരും. ദൈവം കൊടുത്ത സ്വപ്നം. കറ്റകൾ ഉയർന്ന് നിന്നപ്പോൾ അതിൽ പതിനൊന്നു കറ്റകളും താഴെ നിൽക്കുന്നു. യോസേഫിന്റെ കറ്റ ഉയർന്ന് നിൽക്കുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഈ ഒരു നക്ഷത്രത്തെ ബഹുമാനിക്കുന്നു. അങ്ങനെ സ്വപ്നം കിട്ടി.

യോസേഫിനറിയാം ഞാൻ ഉയരും. ഞാൻ വളരും. കാരണം, ദൈവം എന്നെക്കുറിച്ച് അത് പ്രതീക്ഷിക്കുന്നുണ്ട്. ഈയൊരു സ്വപ്നം കിട്ടിയപ്പോൾ അത് സാക്ഷാത്ക്കരിക്കപ്പെടാൻ പിന്നെ ഓരോ സെക്കന്റും യോസേഫ് അതിലേക്കാണ് നീങ്ങുന്നത്. സഹോദരന്മാർ പൊട്ടക്കിണറ്റിൽ ഇട്ടപ്പോൾ, അവിടെ വിശന്ന് പൊരിഞ്ഞ് കിടന്ന് നിലവിളിച്ചിട്ട് ആരും കേൾക്കാനില്ല. സഹായിക്കാൻ ആരുമില്ല. അപ്പോഴും യോസേഫിന്റെ ജീവിതത്തിൽ പരിഭവമോ പരാതിയോ ഇല്ലാതെ അതിനെ നേരിടാൻ പറ്റിയത് സ്വപ്നം അകത്തുള്ളതുകൊണ്ടാണ്.

ഒരു പരിഭവവും ഇല്ല. സഹോദരന്മാരോടും പരിഭവം ഇല്ല. അതൊക്കെ ഇങ്ങനെ നടന്നുകൊള്ളട്ടെ. എന്നാൽ എന്നെ ഉയർത്താൻ ദൈവമുണ്ട്. ദൈവം എനിക്കൊരു സ്വപ്നം തന്നിട്ടുണ്ട്. അത് ദൈവം നടത്തും. ദൈവം എനിക്കൊരു ലക്ഷ്യം തന്നിട്ടുണ്ട്. അതിലേക്ക് ദൈവം എന്നെ കൊണ്ടുപോകും. ഞാനുയരും. ഞാൻ വളരും. ഇപ്പോൾ എന്നെ തള്ളിയിട്ട സഹോദരന്മാർ എന്റെ മുന്നിൽ വന്ന് മുട്ട് കുത്തും. ആ സ്വപ്നം മനസ്സിൽ പേറി യോസേഫ് പൊട്ടക്കിണറ്റിൽ കിടന്നു. കുറച്ച് കഴിഞ്ഞപ്പോഴേക്കും പിടിച്ചു പൊക്കുന്നു. എന്തൊരത്ഭുതം! ദൈവത്തിന്റെ കരം!

പിശാച് തള്ളിയിടുമ്പോഴും, ശത്രുക്കളെപ്പോലെ സ്വന്ത സഹോദരന്മാർ തള്ളിയിടുമ്പോഴും പൊക്കാൻ ദൈവം കരം

എടുക്കുകയാണ്. അവിടെനിന്ന് പുറത്തുവന്ന് യിശ്മായേല്യ കച്ചവടക്കാരുടെ കൂടെ ഒരു അടിമയെപ്പോലെ പോകുമ്പോഴും യോസേഫിന്റെ മനസ്സിൽ ഒരു സ്വപ്നമുണ്ട്.

ദൈവം എന്നെക്കുറിച്ച് വലിയത് കണ്ടിരിക്കുകയാണ്. ദൈവം എന്നെ ഉയർത്തിയിരിക്കുകയാണ്. ദൈവത്തിന്റെ പദ്ധതി വലുതാണ്. എന്റെ ചിന്താഗതിക്കപ്പുറമുള്ള പദ്ധതി ദൈവത്തിനുണ്ട്. സഹോദരന്മാർ തള്ളിയിട്ടു എങ്കിലും സഹോദരന്മാരല്ല അതിന്റെ പിന്നിൽ പിശാചാണ്.

പിശാച് അവനെ നശിപ്പിക്കാൻ നോക്കി, നടന്നില്ല. മിസ്രയീമിൽ പൊത്തീഫേറിന്റെ വീട്ടിൽ അടിമയായി ചെന്നു. അവിടത്തെ വേലക്കാരൻ, നല്ല സ്വഭാവ മഹിമ, നല്ല ശരീരം, നല്ല ബുദ്ധി, നല്ല സാമർത്ഥ്യം, വിശ്വസ്തൻ. യോസേഫിനെ വീട്ടിലെ മറ്റ് വേലക്കാരുടെമേൽ ഉത്തരവാദിത്തപ്പെട്ട സ്ഥാനത്താക്കി. വീട്ടിൽ പൂർണ്ണ സ്വാതന്ത്ര്യം. പിശാച് അതു മുതലെടുത്തു.

ഉന്നത ഉദ്യോഗസ്ഥനായ പോത്തീഫേറിന്റെ വീട്ടിൽ അകത്തെ ഒരാളായി മാറിയപ്പോൾ പിശാച് അതു മുതലെടുത്തു. പോത്തീഫേറിന്റെ ഭാര്യ അവനെ തിന്മയിലേക്ക് വശീകരിച്ചു. യോസേഫന്ന് യൗവ്വനത്തിന്റെ തികവിൽ. സ്വന്തം സഹോദരന്മാർ വേണ്ടായെന്നു വച്ചു. അമ്മ നേരത്തെ മരിച്ചു.

ആ പ്രായത്തിൽ അന്യദേശത്ത് ഒരു അടിമയായി ജീവിക്കുമ്പോൾ പാപം ചെയ്യാൻ സാഹചര്യം വന്നു. പക്ഷേ, യോസേഫ് അതിൽ വീണില്ല. അതിന് കാരണം, അവന്റെ ജീവിതത്തിൽ ഒരു സ്വപ്നമുണ്ടായിരുന്നു. ഞാൻ ദൈവത്തിന്റെ വകയാണ്. ദൈവത്തിന് എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. ദൈവം എന്നെ ഉയർത്തും, ഉറപ്പാണ്. അതിലേക്ക് ഞാൻ പോകാതിരിക്കത്തക്കവണ്ണം പിശാച് എന്നെ തടുക്കുന്നുണ്ട്. എന്നാൽ പിശാചിന് ഞാൻ ഇടം കൊടുക്കില്ല.

എന്നെ നശിപ്പിക്കാൻ എന്റെ സഹോദരന്മാരിൽ കൂടെ

പിശാച് നോക്കി, അത് നടന്നില്ല. ഇപ്പോൾ എനിക്ക് അഴുക്കുപറ്റാൻ പിശാച് ആ സ്ത്രീയെ ഉപയോഗിച്ചു. ഇല്ല നടപ്പില്ല. യോസേഫ് സ്വപ്നം ഹൃദയത്തിൽ പേറി. നിങ്ങൾ ഓരോരുത്തരെക്കുറിച്ചും കർത്താവിന് വിലപ്പെട്ട ഉദ്ദേശങ്ങളുണ്ട്. വ്യക്തമായ ചില പദ്ധതികളുണ്ട്. ആ പദ്ധതികൾ നിറവേറ്റാൻ കർത്താവ് നോക്കുമ്പോൾ നിങ്ങൾ അതിന് വിലങ്ങുതടിയായി നിൽക്കാൻ ഇടയാവരുത്. പിശാച് നിങ്ങളെ വലിച്ച് മാറ്റാൻ ഇടയാവരുത്.

നിങ്ങളെക്കുറിച്ച് ദൈവം ഉദ്ദേശിക്കുന്ന ഉയർന്ന സ്ഥാനത്ത് എത്താതെ അധഃപതിച്ച നിലവാരത്തിൽ എന്നും നിറുത്താനാണ് പിശാചിന്റെ പരിപാടി. നിങ്ങളെ തകർത്തുകളയാനാണ് പിശാചിന്റെ പരിപാടി. അതിന് നാം ഇടം കൊടുക്കരുത്. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി നമ്മിൽ നിറവേറ്റണം. നമുക്കൊരു സ്വപ്നമുണ്ടാവണം.

യോസേഫ് അവിടെനിന്ന് കാരാഗൃഹത്തിൽ പോകേണ്ടി വന്നു. പതിമൂന്നുകൊല്ലം ജയിലിൽ കിടന്നു. മടുത്ത് പോകാം, തളർന്നു പോകാം, ക്ഷീണിച്ച് പോകാം. എന്നാൽ അവിടെയും യോസേഫ് തളർന്നില്ല. യോസേഫ് സ്വപ്നം ഹൃദയത്തിൽ പേറിക്കൊണ്ടിരുന്നു.

ആ സ്വപ്നം അവന്റെ ഹൃദയത്തിൽ കിടന്നതുകൊണ്ട് ഒരു തെറ്റും പറ്റാതെ അവൻ കാരാഗൃഹത്തിൽ കിടന്നു. അങ്ങനെ കാരാഗൃഹത്തിലുള്ളവർക്കും അവനെ പ്രിയമായി. തിന്മയ്ക്ക് കൂട്ടുകൂടാതെ അവൻ അവിടെ നിന്നു. ആവശ്യമില്ലാത്ത സംഭാഷണങ്ങൾക്ക് കൂട്ടുകൂടിയില്ല. പിന്നീട് നാം കാണുന്നത് അവൻ കാരാഗൃഹത്തിൽ നിന്ന് കൊട്ടാരത്തിലേക്ക് പോകുന്നതാണ്.

From pit to Prison

From prison to Palace

From palace to Paradise

വളർച്ചയാണ്, ഉയർച്ചയാണ്; യോസേഫ് മിസ്രയീമിന്റെ അധിപതിയായി. യോസേഫിന്റെ ബുദ്ധികൊണ്ട്, ക്ഷാമം വരാൻ പോകുന്നത് മുൻകൂട്ടി കണ്ടു. ക്ഷാമം വരുന്ന കാലത്ത് ആഹാരത്തിനുള്ളത് ഏഴുകൊല്ലത്തെ സമൃദ്ധിയുടെ കാലത്ത് സംഭരിച്ച് വച്ചു. ധാന്യപ്പുരകളിൽ നിറയെ ധാന്യം നിറച്ചു. നാടായ നാട്ടിൽ നിന്നെല്ലാം ആളുകൾ വന്ന് ധാന്യം ചോദിച്ച് വാങ്ങുന്നു. ദൈവികപദ്ധതി മുന്നോട്ട് പോവുകയാണ്. മകൻ നഷ്ടപ്പെട്ടല്ലോ എന്നു വിചാരിച്ച് കരഞ്ഞുകൊണ്ടിരുന്ന യാക്കോബ്, മോനെ തിരികെ കിട്ടില്ല എന്നോർത്തിരുന്ന യാക്കോബ്, ഞെട്ടുന്ന പോലെ ഒരത്ഭുതം കേട്ടു, തന്റെ മകൻ ജീവിച്ചിരിക്കുന്നുവെന്ന്!

അവൻ മിസ്രയീമിന്റെ അധിപതിയാണ്. അങ്ങനെ യാക്കോബും മിസ്രയീമിലേക്ക് പോകാനും അവിടെ ഗോശെൻ ദേശത്ത് ചെന്ന് താമസിക്കാനും ഇടയായി. യോസേഫിന്റെ ജീവിതം ധന്യമായി. യാക്കോബ് മരിക്കാൻ നേരത്ത് യോസേഫും മക്കളും ചെന്നു അപ്പന്റെ അനുഗ്രഹം വാങ്ങിച്ചു.

നമ്മുടെ ജീവിതത്തിന് ഒരു സ്വപ്നം വേണം. എനിക്കി വിടെ നിന്നാൽ പോരാ, എനിക്കുയരണം. ഇന്നത്തെ സ്ഥിതി പോരാ, എനിക്കുയരണം; അത് ഭൗതികമായും ആത്മികമായും.

എന്റെ ദൈവത്തിനെന്നെക്കുറിച്ച് വളരെ വ്യക്തമായ ഒരുദ്ദേശമുണ്ട്. വ്യക്തമായ ഒരു പദ്ധതി ഉണ്ട്. അവൻ എന്നെ ഉയർത്തും. യഹോവയിങ്കലേക്ക് തിരിഞ്ഞാൽ ഞാൻ അഭി വൃദ്ധി പ്രാപിക്കും. അത് ഭൗതികമായി മാത്രമല്ല ആത്മീയമായും. ഇന്നത്തെ ആത്മീയനിലവാരം പോരാ. ഇന്നത്തെ ആത്മീയ ചിന്താഗതി പോരാ. ഇന്നത്തെ ആത്മീയതീക്ഷ്ണത പോര. ഇന്നത്തെ ആത്മീയസമർപ്പണം പോരാ. എപ്പോഴും ഇതു മന സ്സിലുണ്ടായിരിക്കണം.

അപ്പോൾ നമ്മൾ പതിയെപ്പതിയെ വളർന്നു വരും.

അപ്പോൾ നമ്മൾ ഉയർന്നു വരും. നിങ്ങൾ മറ്റുള്ളവർക്ക് ആവേശമായി വരണം. ഞാൻ മൂലം മറ്റുള്ളവർ ഉയരണം. എന്നെ കണ്ട് ആളുകൾ പഠിക്കണം. എന്നെ കണ്ട് ഒരു ഉദാഹരണമായി മറ്റുള്ളവർ പഠിക്കണം. ഞാനുയരണം. മറ്റുള്ളവർ ഉയരണം. ഒപ്പം എല്ലാവരും ഉയരണം.

നിങ്ങൾ ഇന്നത്തെ നിലയിൽനിന്ന് ഉയരും. നിങ്ങൾ ഇനിയും വളരും. നിങ്ങളുടെ ജീവിതത്തിൽ ചില തത്വങ്ങൾ കൈവശം വയ്ക്കണം. ഒരു കാരണവശാലും എന്നെ ഒരു തെറ്റിന് കിട്ടുകയില്ല. ഞാൻ മൂലം മറ്റുള്ളവർക്ക് ഉപകാരമല്ലാതെ ഉപദ്രവം ഉണ്ടാകില്ല. അങ്ങനെയാണെങ്കിൽ പ്രതിഫലം തരുന്നത് ഭൂമിയിലല്ല, സ്വർഗ്ഗത്തിൽനിന്നാണ്. കാരണം, ഇത് ദൈവികമായ പദ്ധതിയാണ്, പരിപാടിയാണ്.

ഒരു തീരുമാനം നിങ്ങൾ എടുക്കുക. ആകമാനം ഒരു കഴുകൽ നടക്കണം. കഴിഞ്ഞ കാലങ്ങളിൽ പലതെറ്റുകളും സംഭവിച്ചുപോയി. ഏതായാലും നീയെല്ലാം കണ്ടു. എന്റെ ഹൃദയം നീ കണ്ടു. എന്റെ മനസ്സ് നീ കണ്ടു. മനുഷ്യരാരും കണ്ടില്ലെങ്കിലും യേശുവേ, നീയെല്ലാം കണ്ടു. കർത്താവേ, നിനക്കെന്നെക്കുറിച്ച് നല്ല ആശകൾ ഉണ്ടെന്ന് ഞാനറിയുന്നു. അതിലേക്ക് വരാൻ എന്നെ നിന്റെ കരങ്ങളിൽ തരുന്നു.

ആയിരിക്കുന്ന പ്രകാരം എന്നെ നിന്റെ കൈകളിൽ തരുന്നു. എന്ന്, എങ്ങനെ വേണമെന്നൊന്നും എനിക്കറിയില്ല. പക്ഷേ, ഒരു വാക്ക് നിന്നോട് പറയുന്നു: നീ എന്നെ മുഴുവനായി കഴുകിയാൽ അറിഞ്ഞുകൊണ്ട് ഒരു തെറ്റും വരാതെ ഞാൻ ജീവിച്ചുകൊള്ളാം. തിന്മയിലേക്ക് ഞാൻ പോകില്ല. ഒരക്ഷരത്തിൽപോലും തെറ്റ് പറ്റില്ല. ഒരു ചലനത്തിൽപോലും തെറ്റ് പറ്റില്ല. ഒരാറ്റം പോലും തെറ്റുപറ്റാതെ ഞാൻ നിന്നുകൊള്ളാം. കർത്താവേ, നീ ഇന്ന് മുഴുവനായി എന്നെ കഴുകണം. നീ എന്നെ മുഴുവനായി കഴുകിത്തന്നാൽ ഒരു തെറ്റും വരാതെ ഞാൻ ജീവിക്കുമെന്ന് ഉറപ്പ് തരുന്നു.

ആ തീരുമാനം നിങ്ങൾക്ക് വന്നാൽ നിങ്ങളെ കർത്താവ് മുഴുവനായി കഴുകും. ഏതെല്ലാം തെറ്റുകൾ നിങ്ങൾക്ക് സംഭ വിച്ചാലും, എന്തെല്ലാം ഘോരപാതകങ്ങൾ വന്നെങ്കിലും, മ്ലേച്ഛ പാപങ്ങൾ വന്നെങ്കിലും എല്ലാം കർത്താവ് കഴുകിത്തരും. നിങ്ങളുടെ വാക്കുകളിൽ മറ്റുള്ളവരെ കളിയാക്കിയതോ വേദ നിപ്പിച്ചതോ നാശം വരുത്തിയതോ പ്രവൃത്തികളിലോ ചിന്തക ളിലോ വന്ന വീഴ്ചകളോ എല്ലാം മാറ്റി ഒരു കഴുകൽ തന്ന് കർത്താവ് നിങ്ങളെ എഴുന്നേൽപ്പിക്കും.

യേശുക്രിസ്തുവിന്റെ രക്തം, വിലയേറിയ രക്തം, നിഷ്ക്കളങ്ക രക്തം, നിരപരാധിയുടെ രക്തം, പരിശുദ്ധരക്തം, ആ തിരുരക്തം നമ്മുടെ സകല പാപവും കഴുകും. കർത്താവേ, വ്യക്തമായൊരു തീരുമാനം ഞാൻ നിന്റെ മുമ്പാകെ എടുക്കുകയാണ്. മനസ്സറിഞ്ഞൊരു തെറ്റ് എന്റെ ജീവിതത്തിൽ വരികയില്ല. ഞാൻ ആയിരിക്കുന്ന പ്രകാരം നിന്റെ ആണിപ്പാടുള്ള പാദത്തിൽ എന്നെ സമർപ്പിക്കുന്നു. നിന്റെ മുറിഞ്ഞ കരങ്ങളിൽ എന്നെ ഏൽപ്പിക്കുന്നു.

എന്നെ പിടിച്ചുകൊള്ളണമേ. നീ എന്നെ വളർത്തണമേ. അഭിവൃദ്ധിപ്പെടുത്തപ്പെടുത്തണമേ. നിന്റെ വഴിയിൽക്കൂടി എന്നെ നടത്തണമേ. എന്നെയും എനിക്കുള്ളതിനെയും മുഴു വൻ ഞാൻ നിന്റെ കരങ്ങളിൽ തരുന്നു.

## പന്ത്രണ്ട്

“സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും.” നാം യോസേഫിന്റെ ജീവിതമാണ് ചിന്തിച്ചുകൊണ്ടിരുന്നത്.

From Pit to Prison

From Prison to Palace and

From Palace to Paradise

പൊട്ടക്കിണറ്റിൽനിന്ന് ജയിലിലേക്ക്, ജയിലിൽനിന്ന് കൊട്ടാരത്തിലേക്ക്, കൊട്ടാരത്തിൽനിന്ന് പറുദീസയിലേക്ക്. യോസേഫിന്റെ ജീവിതം അഭിവൃദ്ധിയുടെ ജീവിതമായിരുന്നു. യോസേഫിന്റെ ജീവിതത്തിൽ ഏതെങ്കിലും ഒരു കാര്യത്തിൽ ആർക്കും ഒരു കുറ്റം പറയാൻ ഉണ്ടായിരുന്നില്ല. അപ്പൻ സ്നേഹിക്കുന്ന, അപ്പന്റെ ഓമനപ്പുത്രനായി വളർന്നു വരുന്ന ഒരു മകൻ! യുവത്വത്തിലും ഒരു ആറ്റത്തിൽപ്പോലും തെറ്റ് പറ്റിയില്ല. അവിടെയെല്ലാം വിശ്വസ്തതയോടെ നിന്നു. അതിന് വലിയ വിലയുണ്ട്.

മൂല്യമുള്ള കാര്യമാണ്. ഏത് പ്രായത്തിലും നമ്മുടെ ജീവിതത്തിൽ കറപറ്റാതെ നിൽക്കണം. അതൊരു വിലപ്പെട്ട വസ്തുതയാണ്. പൈസയിൽ ക്രമക്കേട് പാടില്ല. നമ്മുടെ ജീവിതത്തിന്റെ വിശുദ്ധിയിൽ കറപറ്റാൻ പാടില്ല. നമ്മുടെ സംസാരത്തിലോ പെരുമാറ്റത്തിലോ കളങ്കം വരാൻ പാടില്ല. അങ്ങനെ നിന്നാൽ അതിനൊരു വിലയുണ്ട്. തൽക്കാലം ആളുകൾ കളിയാക്കും. ആളുകൾ പരിഹസിക്കും.

എന്നെ എന്തുമാത്രം പരിഹസിച്ചിട്ടുണ്ട്. പക്ഷേ, കളിയാക്കുന്നവരുടെപോലും ഹൃദയത്തിൽ ഒരു ബഹുമാനമുണ്ട്. ഇപ്പോൾ വടകരപ്പള്ളിയിൽ വികാരിയായിരിക്കുന്ന പോൾ തോമസ്സച്ചൻ എന്റെ വിദ്യാർത്ഥി ആയിരുന്നു. അദ്ദേഹം ഒരു രണ്ടാം ശനിയാഴ്ച മീറ്റിങ്ങിന് വന്നപ്പോൾ പറഞ്ഞു: യോഹന്നാൻ സാർ വരാന്തയിലൂടെ പോകുമ്പോൾ ക്ലാസ്സിലിരുന്നുകൊണ്ട് ഞങ്ങൾ സ്തോത്രം സ്തോത്രം എന്നൊക്കെ പറയും.

പക്ഷേ, ഞങ്ങൾ കളിയാക്കുമ്പോഴും പുച്ഛിക്കുമ്പോഴും ഞങ്ങൾക്ക് സാറിനെക്കുറിച്ച് ഉള്ളിൽ വലിയ ബഹുമാനമായിരുന്നു. സാറിന്റെ ക്ലാസ്സുകൾ വളരെ ഇഷ്ടമായിരുന്നു. മറ്റെല്ലാ അദ്ധ്യാപകരേക്കാളും അധികം സാറിനെ ഞങ്ങൾക്ക് ബഹുമാനമായിരുന്നു. ഞാൻ പറഞ്ഞത്, നമ്മെ പരിഹസിക്കുന്നവരുടെ ഉള്ളിൽപോലും ഒരു ബഹുമാനമുണ്ടായിരിക്കും. ഉള്ളിൽ ഒരു വിറയലുണ്ടായിരിക്കും.

കാരണം, വിശുദ്ധിയുടെ മുന്നിൽ ആർക്കും എതിർത്ത് നിൽക്കാൻ പറ്റില്ല. കറതീർന്ന ജീവിതം, അത് നമ്മുടെ ജീവിതത്തിന്റെ ആദർശമായിരിക്കണം. കറപറ്റരുത്. ഒരു കാരണവശാലും ചെളിപറ്റരുത്. ഒരു വാക്കിൽപോലും അഴുക്ക് പറ്റരുത്. കോപം, പരദൂഷണം, മറ്റുള്ളവരുടെ കുറ്റം പറച്ചിൽ, പിന്നിൽ നിന്ന് കുത്തുക, ഞാനോ, നീയോ കേമൻ എന്നുള്ള ചിന്ത വരിക, ഇതെല്ലാം പൈശാചികമായ ഭാവങ്ങളാണ്. അതെല്ലാം നമ്മെ തളർത്തും. നമ്മെ ഒന്നിനും കൊള്ളാത്തവരാക്കിത്തീർക്കും. പ്രയോജനരഹിതരാക്കിത്തീർക്കും.

യോസേഫിന്റെ ജീവിതത്തിൽ നാം കണ്ടത് അതാണ്. ദൈവത്തെ ഭയന്ന് ജീവിച്ചു. ദൈവഭയം! എപ്പോഴും യോസേഫിന് ഒരു ദൈവവിചാരം ഉണ്ടായിരുന്നു. എന്നെ കാണുന്ന ദൈവം! എന്നെ സ്നേഹിക്കുന്ന ദൈവം! എന്നെ കരുതുന്ന ദൈവം! ഈ ഒരു ദൈവഭയമുണ്ടെങ്കിൽ നിങ്ങൾക്ക് തീർച്ചയായിട്ടും വളരാം. തീർച്ചയായിട്ടും അഭിവൃദ്ധിപ്പെടാം. വളർന്ന് വളർന്ന് പോകാം.

നിങ്ങളുടെ വീട്ടിൽ എങ്ങനെയാണ്? നിങ്ങളുടെ കുടുംബത്തിൽ ഉള്ളവരോട്, നിങ്ങളുടെ മാതാപിതാക്കളോട് അല്ലെങ്കിൽ മക്കളോട്, ഭാര്യയോട്, സഹോദരങ്ങളോട് അവിടെയൊക്കെ നിങ്ങൾ എങ്ങനെയാണ്? നിങ്ങളുടെ ജീവിതത്തിൽ കർത്താവ് സന്തോഷിക്കുന്നുണ്ടോ? നിങ്ങൾ കോപിക്കുകയും അലറുകയും ചെയ്യുന്നവരാണോ? ഭാര്യയുള്ളവർ ഭാര്യയെ സ്നേഹിക്കുന്നവരാണോ? ഭാര്യയെ ബഹുമാനിക്കുന്നവരാണോ? ഭാര്യയെ വിലകൽപ്പിക്കുന്നവരാണോ? എപ്പോഴും നമ്മെക്കാൾ കൂടുതൽ നമ്മുടെ ഭാര്യയെ നാം ബഹുമാനിക്കണം. നമ്മുടെ നന്മയെക്കാൾ കൂടുതൽ ഭാര്യയുടെ നന്മ നാം ആഗ്രഹിക്കണം. അങ്ങനെയാണോ?

മാതാപിതാക്കളെ ബഹുമാനിക്കുന്നവരാണോ? മാതാപിതാക്കൾക്ക് കീഴ്പ്പെട്ട് നിൽക്കുന്നവരാണോ? വേദപുസ്തകം വായിക്കുമ്പോൾ നാം കാണുന്നുണ്ട്: മക്കൾക്കുള്ള ഉപദേശം, ഭർത്താവിനുള്ള ഉപദേശം, ഭാര്യയ്ക്കുള്ള ഉപദേശം, വേലക്കാർക്കുള്ള ഉപദേശം എന്നിങ്ങനെ വിവിധതുറകളിലുള്ളവർക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രബോധനങ്ങൾ നൽകുന്നത്.

മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. അത് കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമാകുന്നു. "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത്, വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപ്പനയാകുന്നു."

ഇനി നിങ്ങൾ ചിന്തിക്കൂ. അപ്പൻ ഈ ഭൂമിയിൽ ജീവനോടിരിപ്പുണ്ടെങ്കിൽ, അപ്പനോട് ബഹുമാനമുണ്ടോ? ചിലപ്പോൾ നിങ്ങൾ പറയും, അപ്പൻ ദുശ്ശീലമുള്ളയാളാണ്, മദ്യപിക്കുന്ന ആളാണ്, വഴക്കടിക്കുന്ന ആളാണ്, അമ്മയെ തല്ലുന്ന ആളാണ്, കുടുംബത്തിൽ എന്നും കോപവും അട്ടഹാസവും വഴക്കും പിണക്കവും ഉണ്ടാക്കുന്ന ആളാണ്, നിരാശയുടെ വാക്കുകൾ

പറയുന്ന ആളാണ്. അല്ലെങ്കിൽ ചിലപ്പോൾ മാനസിക രോഗമുള്ളയാളാണ്. കുറ്റം പറയാൻ കാണും.

എന്നാൽപോലും അപ്പന്റെ ബലഹീനതയിൽ സഹതാപം കാണിച്ചുകൊണ്ട് അപ്പന്റെ ബലഹീനത, അപ്പൻ എന്ന ബഹുമാനത്തോടുകൂടി നിങ്ങൾ വഹിക്കുമോ? നിങ്ങൾ അത് ഏറ്റെടുക്കുമോ? ഒരു പക്ഷേ, നിങ്ങളുടെയത്രയും കഴിവ് അപ്പന് കാണില്ലായിരിക്കും. നിങ്ങളുടെയത്രയും വിദ്യാഭ്യാസം കാണില്ലായിരിക്കും. നിങ്ങളുടെയത്രയും പ്രാപ്തി കാണില്ലായിരിക്കും. നിങ്ങൾ കുറച്ചുകൂടി ലോകപരിചയമൊക്കെ ആയി, നിങ്ങൾക്ക് പല കാര്യവും അറിയാം. അപ്പനിന്നും ഒരു അപരിഷ്കൃതനായിരിക്കും. കുഗ്രാമവാസിയായിരിക്കും. എങ്കിൽപ്പോലും അപ്പനാണ്, അമ്മയാണ്. ഇതോർത്തുകൊള്ളണം, മറക്കരുത്.

പാവം യോസേഫിന് അമ്മയെ ആദരിക്കാൻ അവസരം കിട്ടിയില്ല. യോസേഫ് കൊച്ചുകുട്ടിയായിരുന്ന കാലത്ത് തന്നെ അമ്മ മരിച്ചുപോയി. ഒരു ദയനീയ ചിത്രമാണത്. അമ്മയുടെ വാത്സല്യം അനുഭവിക്കാൻ കഴിഞ്ഞില്ല. അമ്മയുടെ ഓമനമകനായി ജനിച്ചു. എന്നാൽ രണ്ടാമത്തെ പ്രസവത്തോടുകൂടി അമ്മ മരിച്ചുപോയി. അനിയനുണ്ട് പക്ഷേ, അമ്മ മരിച്ചു. ദയനീയമല്ലേ യോസേഫിന്റെ ജീവിതം?

അമ്മയുടെ വാത്സല്യം കിട്ടിയില്ല. അമ്മയുടെ ലാളനം കിട്ടിയില്ല. ഇപ്പോഴത്തെ രീതിയിൽ പറയുകയാണെങ്കിൽ അമ്മയുടെ കൈയിൽ പിടിച്ച് ഒന്നു പള്ളിയിൽ പോകാൻ, അമ്മയുടെ കൈയിൽ പിടിച്ച് ഒരു യോഗത്തിനു പോകാൻ, അമ്മ പോകുമ്പോൾ കൂടെ ഒരു shopping-ന് പോകാൻ - അതൊക്കെ ഒരു സുഖമല്ലേ? - അതിനവസരം കിട്ടിയില്ല.

അങ്ങനെയുള്ളവരുണ്ട്. അപ്പനില്ലാത്തവരുണ്ട്. അപ്പന്റെ വാത്സല്യം കിട്ടാത്തവരുണ്ട്. അപ്പന്റെ വാത്സല്യം കിട്ടാൻ പറ്റാത്തവിധത്തിൽ അപ്പൻ കഴിവുകുറഞ്ഞ ഒരാളായി എന്നു വരാം. പ്രാപ്തിയില്ലാത്ത ആളായി എന്നു വരാം.

എങ്കിൽപ്പോലും ഞാൻ പറയട്ടെ - ഒരുപക്ഷേ, അപ്പൻ കടന്നുപോയെങ്കിൽ ഇനി പറഞ്ഞിട്ട് കാര്യമില്ലല്ലോ - അപ്പനുണ്ടെങ്കിൽ നിങ്ങൾ അപ്പന് വിനയപ്പെട്ട്, അമ്മയ്ക്ക് വിനയപ്പെട്ട്, അനുസരിച്ച്, സ്നേഹിച്ച്, ആദരിച്ച് അവരുടെ ബലഹീനത കൂടി വഹിച്ച്, അവരുടെ പോരായ്മകൂടി വഹിച്ച് മുന്നോട്ട് പോയാൽ നിങ്ങൾക്ക് അനുഗ്രഹമായിരിക്കും.

കുടുംബം സ്നേഹത്തിന്റെ നികേതനമാകണം. ഐക്യത്തിന്റെ കേദാരമാകണം. സ്നേഹത്തിന്റെ ഇരിപ്പിടമായി മാറണം. അവിടെ സ്നേഹം മാത്രം. കുടുംബം സ്വർഗ്ഗമാകണം. കുടുംബത്തിൽ നിങ്ങൾ ഒരു സമാധാനപുത്രനായിരിക്കണം. ഭാര്യയെ ബഹുമാനിക്കുക. ഭാര്യയെ സ്നേഹിക്കുക. ഭാര്യയെ കരുതുക.

“സ്ത്രീജനം ബലഹീനപാത്രമെന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ.” ഭാര്യയെ ബഹുമാനിക്കുക. ഭാര്യയെ ഒരു വേലക്കാരിയെപ്പോലെ കരുതുന്നവരുണ്ടോ? അവൾ കഷ്ടപ്പെട്ട് ജോലിചെയ്യേണ്ടവൾ. ഞാൻ സുഖമായിട്ടിരിക്കണം. അവൾ ഞാൻ പറയുന്നതൊക്കെ അനുസരിച്ചുകൊള്ളണം. അനുസരിക്കണം. അത് ഭാര്യയുടെ ഉത്തരവാദിത്വം. ഇങ്ങനെ നാം demanding ആകരുത്. ഭാര്യ അനുസരിച്ചില്ലെങ്കിൽ അതവൾക്ക് ദോഷം. പക്ഷേ, നാം എപ്പോഴും ഭാര്യയെ ബഹുമാനിക്കുക. അവളെ സ്നേഹിക്കുക. കുടുംബം ഐശ്വര്യമാകാനാണ്.

അതുപോലെ തന്നെ നിങ്ങളുടെ മക്കളെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ എന്നാണ് അപ്പൊസ്തലൻ പറയുന്നത്. മക്കൾ വഴിതെറ്റിപ്പോയാൽ ശിക്ഷിക്കണം. വഴിതെറ്റിപ്പോകുന്നുണ്ടോ എന്ന് നോക്കണം. മക്കൾ നേർപാതയിലാണോ പോകുന്നത്? അവർക്കെന്തെങ്കിലും അബദ്ധങ്ങൾ പറ്റുന്നുണ്ടോ? അവർക്കെന്തെങ്കിലും തെറ്റുകൾ സംഭവിക്കുന്നുണ്ടോ?

ഒരപ്പൻ എന്റെ അടുക്കൽ വന്നു. മകൻ എൻജിനീയറിംഗിനു പഠിക്കുകയാണ്. പാവം കരയുകയാണ്. എന്തിനാണ് കരയുന്നത്? ഞാൻ ചോദിച്ചു. എന്റെ മോന്റെ കാര്യം ഓർത്താണ്.

അവനെ ഞാൻ ശ്രദ്ധിക്കാറുണ്ട്. രാത്രി ഒരുപാട് നേരം ഇരുന്ന് ആരോടൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കും. അവന്റെ മുറിയിൽനിന്ന് പയ്യെപ്പയ്യെ ശബ്ദം കേൾക്കാം. എന്തിനാണിങ്ങനെ ഇരിക്കുന്നതെന്ന് ചോദിച്ചാൽ പഠിക്കാനുണ്ടായിരുന്നുവെന്നാണ് പറയുന്നത്. ഇന്നലെ രാത്രി വൈകിയാണ് അവൻ കിടന്നത്. രാത്രി രണ്ടു മണിക്കും രണ്ടരയ്ക്കുമൊക്കെ അവൻ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ രാവിലെ മൊബൈൽ ഫോൺ നോക്കിയപ്പോൾ വാട്ട്സാപ്പിൽ ചാറ്റിംഗ് കണ്ടു. അത് ഒരു ഹിന്ദു പെൺകുട്ടിയോട്.

ഞാൻ അവനോട് ചോദിച്ചു: മോനേ, നീ പഠിക്കാൻ എങ്ങനെയാണ്? Below average ആണ്. Below average ആയ നീ ഈ പ്രേമം കൊണ്ട് നടന്നാൽ പാസ്സാകുമോ? പഠിക്കാൻ ഇപ്പോഴേ മോശം. നീ പഠിക്കാനിരുന്നാൽ ആ പെണ്ണല്ലേ നിന്റെ മുമ്പിൽ വന്ന് നിൽക്കുക? അവളെയല്ലേ നീ കണ്ടുകൊണ്ടിരിക്കുക? വായിക്കുമ്പോഴും അവളാണ് കൺമുൻപിൽ. മണ്ടത്തരമല്ലേ? നിനക്ക് പഠിച്ചുയരണ്ടേ?

അപ്പോഴാണ് അവന് മനസ്സിലാവുന്നത് തെറ്റുപറ്റിയല്ലോ എന്ന്. അതുവരെ തെറ്റുപറ്റിയെന്ന് ബോധ്യമില്ല. ഇവിടെ കൂട്ടായ്മക്ക് വരുന്നവനാണ്. ഞാൻ ലജ്ജയോടുകൂടി പറയുകയാണ്. ഞാൻ പറഞ്ഞു: ഇവിടെ കൂട്ടായ്മയിൽ വരുന്ന ഒരാളിങ്ങനെ ആയി എന്നു പറയുന്നതിൽ എനിക്ക് സങ്കടമുണ്ട്.

നല്ലൊരു ഭാവി നേടേണ്ട ഒരു പയ്യൻ! എത്ര വേണമെങ്കിലും പഠിപ്പിക്കാൻ കഴിവുള്ള അപ്പൻ! അതിന് സൗകര്യമുള്ള കുടുംബം! പക്ഷേ, അവന്റെ ആയുസ്സ് പോയി. ജീവിതം പോയി. പഠിക്കാൻ പറ്റുമോ ഇനി? ഈ ഹൃദയത്തിൽ പറ്റിപ്പിടിച്ചതെല്ലാം മായ്ച്ച് കളയാൻ എളുപ്പമാണോ?

ഓരോ സമയത്തും വായിക്കാനിരിക്കുമ്പോൾ പെട്ടെന്ന് ആ പെണ്ണ് വന്ന് നിൽക്കും. അപ്പോൾ പിന്നെ അവളുടെ കൊഞ്ചിക്കുഴഞ്ഞുള്ള വർത്തമാനവും വശീകരിക്കുന്ന രീതിയിലുള്ള സംഭാഷണവും എല്ലാം വരുന്നു. പിന്നെയതിങ്ങനെ സ്വപ്നം കണ്ടുകൊണ്ടിരിക്കും. ഒന്നും തലയിൽ കയറില്ല. വായന നടക്കും. ഉറക്കിളപ്പ് നടക്കും. ഒന്നും തലയിൽ കയറില്ല. ഓർത്തുകൊൾക. നമ്മുടെ മക്കൾ ശരിയായ രീതിയിലാണോ പോകുന്നതെന്ന് നാം നോക്കണം. മക്കളുടെ പോക്ക് എങ്ങനെയാണ്?

എന്നാൽ ആ അപ്പൻ എന്നോട് പറയുകയാണ്: “ഇവൻ ഇങ്ങനെയാകുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എന്റെ മോനേതായാലും വേറെ വേണ്ടാതനം ഒന്നുമില്ലെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. സാറേ, ആ ചാറ്റിംഗ്സ് ഞാൻ വായിച്ചിട്ട് എനിക്ക് നാണമായിപ്പോയി.”

നമ്മുടെ കുഞ്ഞുങ്ങളെ നാം ബാലശിക്ഷയിൽ വളർത്തിക്കൊള്ളണം. പഥ്യോപദേശത്തിൽ വളർത്തിക്കൊള്ളണം. ആദ്യം അടിക്കുകയല്ല വേണ്ടത്, സ്നേഹത്തിന്റെ ഉപദേശങ്ങൾ കൊടുക്കണം. ബാലശിക്ഷ കൊടുക്കണം. വളർന്നവർ പറയില്ലേ.

“ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കള.”

ചൊല്ലിക്കൊടുക്കണം. ആദ്യം ഉപദേശം കൊടുക്കണം. പിന്നെ തല്ലിക്കൊട്. ശിക്ഷിക്കണം. എന്നിട്ടും പറ്റിയില്ലെങ്കിൽ തള്ളിക്കളയണം. പിന്നെ നോക്കിയിട്ട് കാര്യമില്ല. ഒരു അപ്പനെന്നോട് പറഞ്ഞു: സാറേ, എനിക്ക് ഒരു മോനുണ്ടായിരുന്നു. അവൻ മരിച്ച് പോയെന്ന് ഞാൻ വിചാരിക്കുന്നു. അവൻ അനുസരണത്തിലല്ല നിൽക്കുന്നത്. മോനുണ്ടായിരുന്നു പക്ഷേ, അവൻ മരിച്ചു എന്ന് ഞാൻ വിചാരിക്കും. കാരണം, അവനെക്കൊണ്ട് അപ്പൻ പൊറുതിമുട്ടി.

ഞാൻ കോളേജിൽ ആയിരുന്നപ്പോൾ ഒരപ്പൻ എന്റെ

അടുക്കൽ വന്നു: സാറേ, എന്റെ മോനെ സാറൊന്ന് ഉപദേശിക്കാമോ? എനിക്കവനെ ഉപദേശിക്കാൻ പേടിയാണ്. അവനെന്നെ തല്ലുമോയെന്നാണ് എന്റെ പേടി. ഞാൻ പറഞ്ഞു: ഞാൻ ഉപദേശിക്കാം. അവൻ എന്റെ അടുക്കൽ വളരെ മാന്യമായിട്ടാണ് നിന്നത്. ഉപദേശിക്കുകയൊക്കെ ചെയ്തു. അവൻ പിന്നീട് ഒരച്ചനായി. ഇപ്പോൾ അച്ചൻ ഭൂമിയിലില്ല, മരിച്ചു പോയി.

ഇങ്ങനെ മക്കളെ ഓർത്തുള്ള വേദനയിൽ മാതാപിതാക്കളോ ഗുരുക്കന്മാരോ തീ തിന്നാൻ ഇടവരുത്തരുത്.

> *"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ."* *എബ്രായർ 13 : 7*
>
> *"നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കുബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇത് അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല."*
> *എബ്രായർ 13 :17*

നിങ്ങളോട് ദൈവവചനം പ്രസംഗിച്ചവരെ ഓർത്തു കൊൾവിൻ. നിങ്ങൾക്ക് ബുദ്ധി ഉപദേശിച്ച് തന്നവരെ ഓർത്തു കൊൾവിൻ. അവർ സന്തോഷത്തോടുകൂടെ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ ഇടവരുത്തിയില്ലെങ്കിൽ നന്നല്ല. നമ്മുടെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. കുടുംബത്തിൽ കുഞ്ഞുങ്ങൾ, ഭാര്യ, സഹോദരങ്ങൾ പരസ്പരം സ്നേഹമുള്ളവരായിരിക്കണം. പരസ്പരം ഐക്യമുള്ളവരായിരിക്കണം. നിങ്ങൾ നിങ്ങളുടെ നന്മയേക്കാൾ സഹോദരങ്ങളുടെ നന്മ ആഗ്രഹിക്കണം. സ്വാർത്ഥത

യുള്ള മനുഷ്യന് ഇത് പ്രയാസമാണ്. ഒരു കഥ ഞാൻ വായിച്ചിട്ടുണ്ട്.

അഭിവന്ദ്യ മക്കാറിയോസ് തിരുമേനി പറഞ്ഞ കഥയാണ്. ഒരു ചേട്ടനും അനിയനും ഉണ്ടായിരുന്നു. ഒരുപാട് സ്വത്തുണ്ട്. ചേട്ടന് ഭാര്യയും മക്കളുമുണ്ട്. അനിയന് ഭാര്യയുണ്ട്, മക്കളില്ല. സ്വത്തുണ്ടുതാനും. രണ്ടുപേരുടേയും കൃഷി വിളവെടുത്തു. കൊയ്ത് മെതിച്ച നെല്ല് കളത്തിൽ കൂട്ടിയിട്ടിരിക്കുകയാണ്. അനിയനോർത്തു: എനിക്ക് മക്കളില്ല. ചേട്ടനാണെങ്കിൽ അഞ്ചാറു മക്കളുണ്ട്. ഒരു കാര്യം ചെയ്യാം. ഇതിൽ ഒരു കുട്ട നെല്ല് ചേട്ടനറിയാതെ ചേട്ടന്റെ കളത്തിലിടാം. അറിഞ്ഞാൽ ചേട്ടൻ വാങ്ങില്ല. ചേട്ടനോർത്തു: എനിക്ക് മക്കളൊക്കെ ഉണ്ടല്ലോ. അവന് ആരാണുള്ളത്? ഭാര്യയും അവനും മാത്രം. അവന് വേണ്ടി കരുതാനാരുമില്ലല്ലോ. എന്റെ കളത്തിൽനിന്ന് ഒരു കുട്ട നെല്ല് അവന്റെ കളത്തിൽ കൊണ്ടുപോയി ഇടാം.

ഇവർ രണ്ടു പേരും നെല്ല് ചുമന്നുകൊണ്ട് പോവുകയാണ്. ഒരാൾ അവിടുന്നിങ്ങോട്ടും, മറ്റേയാൾ ഇവിടുന്നങ്ങോട്ടും. നടുക്കു വച്ച് രണ്ടുപേരും കണ്ടുമുട്ടി. നീയെങ്ങോട്ടാണ്? ഞാൻ ചേട്ടന്റെ കളത്തിൽ നെല്ലിടാൻ പോവുകയാണ്. ചേട്ടനെങ്ങോട്ടാണ്? ഞാൻ നിന്റെ കളത്തിൽ നെല്ലിടാൻ പോവുകയാണ്. അവിടെ വച്ച് അവർ കെട്ടിപ്പിടിച്ച് കരഞ്ഞു, സ്നേഹംകൊണ്ട്. ഇതൊരു കഥയാണ്. പക്ഷേ, ഈ സ്നേഹം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാവണം.

ആ സ്നേഹമുള്ളിടത്തേ ദൈവം ഉണ്ടാവുകയുള്ളൂ. ചേട്ടനും അനിയനും തമ്മിലുള്ള ബന്ധത്തിൽ മാത്രമല്ല, കൂടെ ജോലി ചെയ്യുന്നവർ തമ്മിലും ഈ സ്നേഹം വരണം. മറ്റുള്ളവരെ മാനിക്കണം. കൂടെ ജോലി ചെയ്യുന്നവരെ മാനിക്കണം. ഞാനാണ് മിടുക്കൻ എന്ന് വിചാരിക്കരുത്. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കണം. മറ്റുള്ളവരെ ഉയർത്തണം. മറ്റുള്ളവരെ കരുതണം.

ഞാൻ പൊങ്ങച്ചം പറയുകയല്ല. ഞാൻ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ മുപ്പത്തൊന്നു വർഷം Head of the Department ആയിരുന്നു. അന്ന് എന്റെ കൂടെയുള്ള എല്ലാവരേയും ഞാൻ കരുതിയിരുന്നു. അവരെ മാനിച്ചിരുന്നു. എന്റെ ക്രെഡിറ്റ് ഞാൻ നോക്കിയില്ല. അവരുടെ ക്രെഡിറ്റ് ഞാൻ നോക്കി.

അതുകൊണ്ട് അവർക്കെന്നോട് അകത്ത് ആദരവുണ്ടായിരുന്നു. മദ്യപിക്കുന്നവരുണ്ടായിരുന്നു, വഷളായി ജീവിക്കുന്നവരുണ്ടായിരുന്നു. എന്നാൽ അവർക്കെല്ലാം ഉള്ളിന്റെയുള്ളിൽ എന്നോട് ഭയവും ആദരവും ഉണ്ടായിരുന്നു. എപ്പോഴും ഞാൻ അവരെ കരുതിയിരുന്നു. അവരുടെ കാര്യം ഞാൻ നോക്കിയിരുന്നു. അവരെ ഉയർത്താൻ, അവർക്കൊരു സ്ഥാനം കിട്ടാൻ ഞാൻ നോക്കിയിരുന്നു.

ഞാൻ പിറകോട്ട് മാറിയിട്ട് അവരെ മുന്നിൽ നിറുത്താൻ നോക്കിയിരുന്നു. പ്രിൻസിപ്പൽ ആയപ്പോഴും അതുപോലെ തന്നെ. മറ്റുള്ളവരെയെല്ലാം ഞാനാദരിച്ചിട്ടേയുള്ളൂ. ഒരിക്കലും തരംതാഴ്ത്തിയിട്ടില്ല. നിങ്ങളും ജോലി ചെയ്യുന്നവർ പരസ്പരം കൈത്താങ്ങൽ കൊടുക്കുന്നവരായിരിക്കണം. പരസ്പരം സഹായിക്കുന്നവരായിരിക്കണം. പരസ്പരം ബഹുമാനിക്കുന്നവരായിരിക്കണം. എപ്പോഴും പരസ്പരം കീഴടങ്ങിയിരിക്കുക. ഇതെല്ലാം നമ്മുടെ ലക്ഷ്യമാകണം. അങ്ങനെയാണെങ്കിൽ,

From Pit to Prison

From Prison to Palace and

From Palace to Paradise.

എല്ലാ നന്മയുടേയും വിളനിലമായിരുന്നു യോസേഫ്. നാമും നന്മയുള്ളവരായിരിക്കുക. നാമും തിന്മ വിട്ടകലുക. ഏത് ദുരിതം വന്നാലും പരിഭവിക്കാതിരിക്കുക. നിരാശപ്പെടാതിരിക്കുക.

എപ്പോഴും യോസേഫ് ദൈവത്തിൽ ആശ്രയിച്ചു, പൊട്ടക്കിണറ്റിൽ പോലും.

നിങ്ങൾക്കും ജീവിതത്തിൽ പ്രശ്നങ്ങൾ വരും. പ്രശ്നങ്ങളില്ലാത്തതല്ല ജീവിതം. എന്തുമാത്രം പ്രശ്നങ്ങളെ ഞാൻ നേരിട്ടതാണ്! പൈസയുടെ കാര്യത്തിലെല്ലാം ഞാനെന്തുമാത്രം ഞെരുങ്ങിയിട്ടുണ്ട്! കടം വാങ്ങിച്ചാണ് കാര്യങ്ങളെല്ലാം നടത്തിയിരുന്നത്. ശമ്പളം കിട്ടിയപ്പോഴും കടം വാങ്ങിച്ചുകൊണ്ടിരുന്നു. പറമ്പിന്റെ ചുറ്റോടുചുറ്റും വേലിയായിരുന്നു. വേലി മാറ്റി മതിലാക്കി. താഴെയെല്ലാം കുരുമുളക് പിടിപ്പിച്ചു. തെങ്ങ് പിടിപ്പിച്ചു.

ഒരിക്കൽ കോളേജിലെ ചില അദ്ധ്യാപകരിവിടെ എന്റെ വീട്ടിൽ വന്നപ്പോൾ പറഞ്ഞു: യോഹന്നാൻസാറിന്റെ പറമ്പ് കണ്ടാൽ അതിമനോഹരം! തെങ്ങും കവുങ്ങും കുരുമുളകും വിളഞ്ഞ് കിടക്കുന്നുണ്ട്. എന്തു രസമാണ്! ഇപ്പോൾ അതെല്ലാം പോയി. ഞാനതിനൊക്കെ വേണ്ടി രൂപ ചിലവഴിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് രൂപയ്ക്ക് നല്ല ആവശ്യമുണ്ടായിരുന്നു. രൂപയില്ലായിരുന്നു. എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടോ  ഒക്കെ കടം വാങ്ങിച്ചാണ് ചെയ്തിട്ടുള്ളത്.

പാടത്ത് ഭൂമി വിറ്റപ്പോഴാണ് കൈയിൽ കുറച്ച് പണം വന്നത്. നെൽകൃഷി വിറ്റപ്പോഴാണ് കൈയിൽ പൈസ വന്നത്. പ്രശ്നങ്ങളുണ്ട്. ദുരിതങ്ങളുണ്ട്. രോഗങ്ങളുണ്ട്. പക്ഷേ പരിഭവിക്കരുത്. എന്തു വന്നാൽപോലും മനസ്സ് പരിഭവിക്കരുത്. നിരാശപ്പെടരുത്. താഴരുത്, തളരരുത്. നിങ്ങൾ പ്രത്യാശയോടെ ദൈവത്തിങ്കലേക്ക് നോക്കുക.

എന്നെ കാണുന്നവൻ! എന്നെ സ്നേഹിക്കുന്നവൻ! എന്നെ വീണ്ടെടുത്ത കർത്താവായ യേശുക്രിസ്തു! എനിക്കുവേണ്ടി രക്തം ചിന്തിയ യേശുക്രിസ്തു! അവനിന്നും ജീവിക്കുന്നു. അവൻ എന്നെ സഹായിക്കും. യേശു എനിക്ക് മതിയായവനാണ്. ഈ ഉറപ്പ് നിങ്ങൾക്കുണ്ടായിരിക്കണം. യേശുക്രി

സ്തുവിന്റെ കൃപ എനിക്കുണ്ടായിരിക്കും. യേശുക്രിസ്തുവിന്റെ രക്തം എന്റെ പാപങ്ങൾ കഴുകിത്തരും. ഈ പ്രത്യാശയോടുകൂടി നിന്നാൽ നിങ്ങൾക്ക് പൊട്ടക്കിണറ്റിൽ നിന്ന് കരേറാം. ഒരു പക്ഷേ നിങ്ങൾ ദുരിതം പിടിച്ച ജയിലറയിലേക്ക് പോകേണ്ടി വന്നാലും പതിമൂന്ന് കൊല്ലം ജയിലിൽ കിടക്കേണ്ടി വന്നാലും സാരമില്ല, നിങ്ങൾ കൊട്ടാരത്തിലേക്ക് ഉയരും.

"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിയ്ക്കും." സർവ്വകൃപാലുവായ ദൈവം, കരുണാമയനായ ക്രിസ്തു നിങ്ങളെ എല്ലാവരേയും അഭിവൃദ്ധിയിലേയ്ക്കു നടത്തട്ടെ! ആത്മീയമായും ഭൗതികമായും അനുഗ്രഹിക്കട്ടെ! നിത്യതയുടെ സൗഭാഗ്യതീരമണയുവാൻ കൃപ നല്കട്ടെ!

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?

# Prof. M.Y. യോഹന്നാൻ

## സുവിശേഷസന്ദേശം നൽകുന്നു

**രാത്രി 8:30, ഉച്ചയ്ക്ക് 1:30, രാവിലെ 5:30**

**പവർവിഷൻ TV**

SUN DIRECT - 607, VIDEOCON - 646, AIRTEL - 873, KERALA VISION - 510, ASIANET CABLE - 662
IDUKKI VISION - 52, WAYANAD VISION - 510, MALANADU CHANNEL - 57, DEN Cable - 637

**ഓരോ സമയത്തും വ്യത്യസ്തമായ വിഷയം**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**വെള്ളി രാത്രി 9:30, ചൊവ്വ ഉച്ചയ്ക്ക് 2:00**
**ആത്മീയയാത്ര TV**

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ T V പ്രോഗ്രാമുകൾ
തത്സമയം ലഭിക്കുന്നു : www.crfgospel.org

Ph : 9142 30 30 96

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** **യുവാക്കന്മാരുടെ യോഗം** (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |